

# പതിനാറാം കേരളനിയമസഭ

## ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി
## (2026-28)

.....മൂന്നാമത്.... റിപ്പോർട്ട്

(2026 ഒക്ടോബർ മാസം 28-ാം തീയതി സഭയിൽ സമർപ്പിച്ചത്)

**[കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ ഓഫ് ഇന്ത്യയുടെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ സംബന്ധിച്ച 2010 മാർച്ചിൽ അവസാനിച്ച വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിലെ 3-ാം അദ്ധ്യായത്തിലെ ഖണ്ഡിക 3.2 നെ (പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ സാമ്പത്തിക പരിപാലനം) അടിസ്ഥാനമാക്കി തയ്യാറാക്കിയത്]**

കേരളനിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2026

പതിനാറാം കേരളനിയമസഭ

# ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി
## (2026-28)

.....മൂന്നാമത്..... റിപ്പോർട്ട്

(2026 ഒക്ടോബർ മാസം 28-ാം തീയതി സഭയിൽ സമർപ്പിച്ചത്)

[കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ ഓഫ് ഇന്ത്യയുടെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ സംബന്ധിച്ച 2010 മാർച്ചിൽ അവസാനിച്ച വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിലെ 3-ാം അദ്ധ്യായത്തിലെ ഖണ്ഡിക 3.2 നെ (പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ സാമ്പത്തിക പരിപാലനം) അടിസ്ഥാനമാക്കി തയ്യാറാക്കിയത്]

## ഉള്ളടക്കം


| | | പേജ് |
|---|---|---|
| സമിതിയുടെ ഘടന | : | v |
| മുഖവുര | : | vii |
| റിപ്പോർട്ട് | : | 1 |
| അനുബന്ധം I<br>പ്രധാനപ്പെട്ട നിഗമനങ്ങളും /ശിപാർശകളും | : | 62 |
| അനുബന്ധം II<br>ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാരിൽ നിന്ന് ലഭിച്ച മറുപടി | : | 64 |

## ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി
(2026-28)

### ഘടന

**ചെയർപേഴ്സൺ :**

ശ്രീ. അൻവർ സാദത്ത്

**അംഗങ്ങൾ**

ശ്രീ. അപു ജോൺ ജോസഫ്

ശ്രീ. എ. കെ. എം. അഷ്റഫ്

ശ്രീ. വി. ജോയി

ശ്രീ. കെ പി. നൗഷാദ് അലി

ശ്രീ. പി. പ്രസാദ്

ശ്രീ. രാജൻ ജെ. പല്ലൻ

ശ്രീ. സജീവ് ജോസഫ്

ശ്രീ. സജി ചെറിയാൻ

ശ്രീ. പി. എം. എ. സമീർ

ശ്രീ. ടി. ജെ. വിനോദ്

**നിയമസഭാ സെക്രട്ടേറിയറ്റ് :**

ശ്രീ. ഷാജി സി. ബേബി, സെക്രട്ടറി-ഇൻ- ചാർജ്

ശ്രീമതി. രജി. ഡി. ഒ, ഡെപ്യൂട്ടി സെക്രട്ടറി.

ശ്രീമതി. ബിന്ദുരാജ് ഡി, അണ്ടർ സെക്രട്ടറി.

# മുഖവുര

ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ ചെയർപേഴ്സണായ ഞാൻ സമിതിയുടെ നിയോഗാനുസരണം സമിതി (2026-28) യുടെ ...മൂന്നാമത്... ... റിപ്പോർട്ട് സമർപ്പിക്കുന്നു.

കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ ഓഫ് ഇന്ത്യയുടെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ സംബന്ധിച്ച 2010 മാർച്ചിൽ അവസാനിച്ച വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിലെ 3-ാം അദ്ധ്യായത്തിലെ ഖണ്ഡിക 3.2 നെ (പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ സാമ്പത്തിക പരിപാലനം) അടിസ്ഥാനമാക്കി തയ്യാറാക്കിയതാണ് ഈ റിപ്പോർട്ട്.

2026 ഒക്ടോബർ മാസം 26 -ാം തീയതി ചേർന്ന യോഗത്തിൽ സമിതി ഈ റിപ്പോർട്ട് അംഗീകരിച്ചു.

ഓഡിറ്റ് ഖണ്ഡികകളുടെ പരിശോധനയിൽ സമിതിക്ക് ആവശ്യമായ സഹായ സഹകരണങ്ങൾ നൽകിയ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്)നോട് സമിതിക്കുള്ള നന്ദി രേഖപ്പെടുത്തുന്നു.

അൻവർ സാദത്ത്,
ചെയർപേഴ്സൺ,
**ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി.**

തിരുവനന്തപുരം,
2026 ഒക്ടോബർ 28

# റിപ്പോർട്ട്

## കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ ഓഫ് ഇൻഡ്യയുടെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ സംബന്ധിച്ച 2010 മാർച്ചിൽ അവസാനിച്ച വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിലെ 3-ാം അദ്ധ്യായത്തിലെ ഖണ്ഡിക 3.2 (പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ സാമ്പത്തിക പരിപാലനം) അടിസ്ഥാനമാക്കി തയ്യാറാക്കിയത്

## മുഖ്യസാരം

പഞ്ചായത്ത് രാജ് സ്ഥാപനങ്ങൾക്ക് അവരുടെ അധികാര മേഖലകളിൽ വിവിധ പ്രവർത്തനങ്ങൾ ഏറ്റെടുക്കുന്നതിന് മതിയായ സാമ്പത്തിക സഹായം സംസ്ഥാന കേന്ദ്ര സർക്കാരുകൾ നൽകുന്നുണ്ട്. തങ്ങളുടെ അധികാരപരിധിക്കുള്ളിലെ വ്യക്തികളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും കെട്ടിട നികുതി, തൊഴിൽ നികുതി, വിനോദ നികുതി തുടങ്ങിയ തദ്ദേശ നികുതികൾ, വ്യാപാര സ്ഥാപനങ്ങളുടെ മേലുള്ള ലൈസൻസ് ഫീസ്, കെട്ടിട നിർമ്മാണത്തിനുള്ള പെർമിറ്റ് ഫീസ് തുടങ്ങിയവ ചുമത്തുന്നതിനും പിരിച്ചെടുക്കുന്നതിനും ഗ്രാമപഞ്ചായത്തുകളെ അധികാരപ്പെടുത്തിയിരിക്കുന്നു. ഇങ്ങനെ സ്വരൂപിച്ചെടുക്കുന്ന വരുമാനം ആ പ്രദേശത്തിന്റെ വികസന പ്രവർത്തനങ്ങൾക്കും പ്രാദേശിക ഭരണത്തിനുമായി ഉപയോഗിക്കുന്നു. പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ സാമ്പത്തിക പരിപാലനത്തെ കുറിച്ചുള്ള പ്രവർത്തനക്ഷമതാ ഓഡിറ്റ് നൽകുന്നത് ആശാവഹമായ ചിത്രമല്ല. ട്രഷറിയിൽ നിന്നും കിട്ടുന്ന ഇടപാടുകളുടെ സ്റ്റേറ്റ്മെന്റുകൾ ഓഫീസ് രേഖകളുമായി ഒത്തുനോക്കുന്നതിൽ പഞ്ചായത്ത് രാജ് സ്ഥാപനങ്ങൾ വീഴ്ച വരുത്തിയതിനാൽ വികസന ചെലവ് ഫണ്ടിലും പരിപാലന ചെലവ് ഫണ്ടിലും പൊതു ഉദ്ദേശ്യ ഫണ്ടിലും കുറവുണ്ടായി. 2006-07 മുതൽ 2008-09 വരെയുള്ള കാലയളവിൽ വികസന ചെലവ് ഫണ്ടിലും പരിപാലന

ചെലവ് ഫണ്ടിലും ഉപയോഗത്തിൽ കുറവുണ്ടായിരുന്നു. ഇത് 2008-09 മുതൽ 2010-11 വരെയുള്ള കാലയളവിൽ പഞ്ചായത്ത് രാജ് സ്ഥാപനങ്ങൾക്ക് സർക്കാരിന്റെ കുറഞ്ഞ ഫണ്ട് വകയിരുത്തലിന് കാരണമായി . സംയോജിത തരിശുഭൂമി വികസന പദ്ധതിയുടെ മദ്ധ്യകാല വിലയിരുത്തൽ സംസ്ഥാന സർക്കാർ നടത്താതിരുന്നതിനാൽ കൊല്ലം, കോട്ടയം, മലപ്പുറം ജില്ലകളിലെ ഏഴ് ബ്ലോക്കുകൾക്ക് കേന്ദ്ര ഫണ്ടിന്റെ മൂന്നാമത്തേതും തുടർന്നുള്ള ഗഡുക്കളും കിട്ടാതിരിക്കുന്നതിനിടയാക്കി. പഞ്ചായത്ത് രാജ് സ്ഥാപനങ്ങൾ അനധികൃതമായി വികസന ചെലവ് ഫണ്ടും പരിപാലന ചെലവ് ഫണ്ടും ബാങ്ക് അക്കൗണ്ടുകളിൽ സൂക്ഷിച്ചിരുന്നു. ആവശ്യങ്ങൾ കണക്കാക്കാതെ അക്ഷയ ജില്ലാ കോ - ഓർഡിനേറ്റർമാർ, കേരള ജല അതോറിറ്റി തുടങ്ങിയ ഏജൻസികളിൽ നിക്ഷേപിച്ച ഫണ്ടുകൾ ഉപയോഗിക്കപ്പെടാതെ കിടന്നിരുന്നു . ഓരോ വർഷവും മാർച്ച് അവസാനത്തിൽ ബജറ്റ് അവതരിപ്പിക്കുകയും പാസ്സാക്കുകയും ചെയ്യുന്നതിനാൽ പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ബജറ്റ് നിർദ്ദേശങ്ങൾ മതിയാംവണ്ണം ചർച്ച ചെയ്യപ്പെടുകയോ വിശദമായ ചർച്ചകൾക്ക് വിധേയമാക്കപ്പെടുകയോ ചെയ്തിരുന്നില്ല.

**3.2.1 അവതാരിക**

പൊതുപരിപാടികൾക്കും സേവനങ്ങൾക്കും വേണ്ടിയുള്ള പൊതുവായ സ്രോതസ്സുകൾ പഞ്ചായത്ത് രാജ് സ്ഥാപനങ്ങളെ ഏൽപ്പിച്ചിരിക്കുകയാണ് . മിതവ്യയം, കാര്യക്ഷമം, ഫലപ്രദം എന്നിവയ്ക്ക് മതിയായ പ്രാധാന്യം നൽകികൊണ്ട് വിവേകപൂർണ്ണവും കുറ്റരഹിതവുമായി ഈ സ്രോതസ്സുകൾ പരിപാലിക്കാനുള്ള ഉത്തരവാദിത്വവും അവർക്കാണ്. ഈ സ്രോതസ്സുകളുടെ ഉപയോഗത്തെക്കുറിച്ചുള്ള ശരിയായ രീതിയിലുള്ള കണക്കുകളും അവർ സൂക്ഷിക്കേണ്ടതായിട്ടുണ്ട് . പഞ്ചായത്ത് രാജ് സ്ഥാപനങ്ങൾക്ക് ഉത്തരവാദിത്വമുള്ള പ്രധാനപ്പെട്ട സേവനങ്ങളിലും സൗകര്യങ്ങളിലും കുടിവെള്ള വിതരണം , ഗ്രാമീണ ആവാസം, വിദ്യാഭ്യാസം, ദാരിദ്ര്യ നിർമ്മാർജ്ജന പരിപാടികൾ , ഖരമാലിന്യ ശേഖരണവും

നിർമ്മാർജ്ജനവും, ആരോഗ്യവും ശുചിത്വവും, തെരുവ് വിളക്ക് പ്രകാശിപ്പിക്കുക തുടങ്ങിയവ ഉൾപ്പെട്ടിരിക്കുന്നു. പഞ്ചായത്ത് രാജ് സ്ഥാപനങ്ങൾക്ക് അവരുടെ അധികാര പരിധിയിൽ ഇത്തരം പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടത്തുന്നതിന് വലിയൊരളവിലുള്ള സാമ്പത്തിക സഹായവും സംസ്ഥാന സർക്കാരും കേന്ദ്ര സർക്കാരും നൽകുന്നു. ഗ്രാമപഞ്ചായത്തുകളെ അവരുടെ അധികാര പരിധിയിലുള്ളിലെ വ്യക്തികളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും കെട്ടിട നികുതി, തൊഴിൽ നികുതി, വിനോദ നികുതി തുടങ്ങിയ തദ്ദേശ നികുതികൾ, വ്യാപാര സ്ഥാപനങ്ങളുടെ മേലുള്ള ലൈസൻസ് ഫീസ് , കെട്ടിട നിർമ്മാണത്തിനുള്ള പെർമിറ്റ് ഫീസ് എന്നിങ്ങനെയുള്ള ഫീസുകൾ തു ടങ്ങിയവ ചുമത്തുന്നതിനും പിരിച്ചെടുക്കുന്നതിനും അധികാരപ്പെടുത്തിയിരിക്കുന്നു. ഇങ്ങനെ സ്വരൂപിച്ചെടുക്കുന്ന വരുമാനം ഈ പ്രദേശത്തിന്റെ വികസന പ്രവർത്തനങ്ങൾക്കും പ്രാദേശിക ഭരണത്തിനുമായി ഉപയോഗിക്കുന്നു.

**3.2.2 ഘടനാനില**

സംസ്ഥാനത്തിലെ ത്രിതല പഞ്ചായത്ത് രാജ് സംവിധാനത്തിൽ (ജില്ലാ പഞ്ചായത്ത് (ഡിപി), ബ്ളോക്ക് പഞ്ചായത്ത് (ബിപി), ഗ്രാമപഞ്ചായത്ത് (ജിപി)), ഓരോ തലവും സ്വതന്ത്രമായി പ്രവർത്തിക്കുന്നു. 2010 ജൂണിൽ സംസ്ഥാനത്ത് 1,165 പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുണ്ട്. പ്രസിഡന്റ് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ ഭരണ തലവനും 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിൻ (കെപിആർ നിയമം) കീഴിലോ അല്ലെങ്കിൽ നിയമമനുസരിച്ചോ അതാത് പഞ്ചായത്ത് രാജ് സ്ഥാപനങ്ങളിൽ ഏല്പിക്കപ്പെട്ടിട്ടുള്ള ചുമതലകളുടെ പൂർത്തീകരണത്തിന് നേരിട്ടുള്ള ഉത്തരവാദിയുമാകുന്നു. എല്ലാ പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെയും ഭരണ നിയന്ത്രണം സംസ്ഥാന സർക്കാരിന്റെ തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയിൽ നിക്ഷിപ്തമാണ്. പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ പ്രസിഡന്റ് എല്ലാ സ്റ്റാൻഡിംഗ് കമ്മിറ്റികളിലും

അനൗദ്യോഗിക അംഗവും വൈസ് പ്രസിഡന്റ് സാമ്പത്തികകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ അനൗദ്യോഗിക അംഗവും ചെയർമാനുമാകുന്നു . ഓരോ പഞ്ചായത്തിനും ഒരു സെക്രട്ടറിയും മറ്റു സഹജീവനക്കാരുമുണ്ട് . എക്സിക്യൂട്ടീവ് ഓഫീസറായ സെക്രട്ടറി പഞ്ചായത്തിന്റെ തീരുമാനങ്ങൾ നടപ്പിലാക്കുകയും പഞ്ചായത്ത് ഫണ്ടിന്റെ സുരക്ഷിതമായ സൂക്ഷിപ്പിന് ഉത്തരവാദിയുമാകുന്നു.

### 3.2.3 ഓഡിറ്റ് ലക്ഷ്യങ്ങൾ

ഓഡിറ്റിന്റെ ലക്ഷ്യങ്ങൾ താഴെ പറയുന്നവ വിലയിരുത്തുന്നതിനായിരുന്നു.

- ഫണ്ടിന്റെ ഒഴുക്ക് നിയന്ത്രിച്ചിരുന്നത് സർക്കാർ പുറത്തിറക്കിയ മാർഗ്ഗ നിർദ്ദേശങ്ങൾക്കനുസരണമായിരുന്നോ;
- ചെലവ് നിയന്ത്രണ സംവിധാനം ഫലപ്രദമായിരുന്നോ;
- അതാതു നിയമങ്ങളുടേയും ചട്ടങ്ങളുടേയും വ്യവസ്ഥകൾക്ക് അനുസൃതമായാണോ ഗ്രാമപഞ്ചായത്തുകൾ വസ്തു നികുതി , തൊഴിൽ നികുതി, വിനോദ നികുതി എന്നിവ കണക്കാക്കിയിരുന്നതും പിരിച്ചെടുത്തിരുന്നതും;
- ഫണ്ടുകൾ ആസൂത്രണം ചെയ്യുന്നതിനും ചെലവാക്കുന്നതിനുമുള്ള ആന്തരിക നിയന്ത്രണ സംവിധാനം ഫലപ്രദമായിരുന്നോ.

### 3.2.4 ഓഡിറ്റ് മാനദണ്ഡങ്ങൾ

1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ വ്യവസ്ഥകൾ , രണ്ടാമത്തെയും മൂന്നാമത്തെയും സംസ്ഥാന ധനകാര്യ കമ്മീഷനുകളുടെ നിർദ്ദേശങ്ങളും, ആ നിർദ്ദേശങ്ങളുടെ മേലുള്ള നടപടിക്രമങ്ങളും , 1997-ലെ കേരള പഞ്ചായത്ത് രാജ് (പൊതുമരാമത്ത് ജോലികൾ നടപ്പാക്കൽ) ചട്ടങ്ങളിലെ വ്യവസ്ഥകൾ, ബജറ്റുകൾ, പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ കണക്കുകളും , ആസൂത്രണ രേഖകളും/ ഭരണ റിപ്പോർട്ടുകളും, സംസ്ഥാന വികസന കൗൺസിൽ, സംസ്ഥാന ഗ്രാമവികസന ബോർഡ്, സംസ്ഥാന ആസൂത്രണ ബോർഡ്

എന്നിവയുടെ റിപ്പോർട്ടുകൾ ഇവയായിരുന്നു പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ സാമ്പത്തിക പരിപാലനത്തിന്റെ ഫലപ്രാപ്തി അളക്കുന്നതിനായി സ്വീകരിച്ച ഓഡിറ്റ് മാനദണ്ഡങ്ങൾ.

**3.2.5 ഓഡിറ്റിന്റെ പരിധിയും അവലംബിച്ച രീതിയും**

2010 ഏപ്രിൽ മുതൽ 2010 ആഗസ്റ്റ് വരെ നടത്തിയ പ്രവർത്തനക്ഷമതാ ഓഡിറ്റിൽ 2005-06 മുതൽ 2009-10 വരെയുള്ള കാലയളവാണ് പരിഗണിച്ചത്. സംസ്ഥാനത്തെ 14 ജില്ലാപഞ്ചായത്തുകളിൽ നാലെണ്ണം[1] പ്രോബബിലിറ്റി പ്രൊപോർഷണൽ ടു സൈസ് വിത്ത്ഔട്ട് റീപ്ലെയ്സ്മെന്റ് (പിപിഎസ്ഡബ്ള്യുഒആർ) എന്ന സ്റ്റാറ്റിസ്റ്റിക്കൽസാംബ്ളിംഗ് രീതി ഉപയോഗിച്ചാണ് തെരഞ്ഞെടുത്തത്. ഓരോ ജില്ലാ പഞ്ചായത്തുകളിൽ മൂന്ന് ബ്ളോക്ക് പഞ്ചായത്തുകളും[2] ഓരോ ബ്ളോക്ക് പഞ്ചായത്തിൽ നിന്നും ഒരു ഗ്രാമപഞ്ചായത്തും [3] പിപിഎസ്ഡബ്ള്യുഒആർ ഉപയോഗിച്ച് തെരഞ്ഞെടുത്തു. തെരഞ്ഞെടുത്ത പഞ്ചായത്ത് രാജ് സ്ഥാപനങ്ങളിലെ ഫയലുകൾ, രേഖകൾ എന്നിവയുടെ സൂക്ഷ്മ പരിശോധന പഞ്ചായത്ത് രാജ് സ്ഥാപനങ്ങളിലെ ഉദ്യോഗസ്ഥരുമായുള്ള ആശയവിനിമയം , ആസ്തികൾ പരിശോധിക്കുന്നതിനായി പദ്ധതി പ്രദേശങ്ങളിലുള്ള സന്ദർശനം , തെളിവ് ശേഖരണം തുടങ്ങിയവയാണ് ഓഡിറ്റ് അവലംബിച്ച രീതിയിൽ ഉൾപ്പെട്ടിരുന്നത്. 2010 ജൂണിൽ പ്രിൻസിപ്പൽ സെക്രട്ടറി(തദ്ദേശ സ്വയംഭരണ വകുപ്പ്)യുമായി പ്രാരംഭ കൂടിക്കാഴ്ച നടത്തി. ഈ കൂടിക്കാഴ്ചയിൽ ഓഡിറ്റ് രീതി, ഉൾപ്പെട്ടിരിക്കുന്ന കാര്യങ്ങൾ, ഓഡിറ്റിലെ മറ്റു പ്രധാന പ്രത്യേകതകൾ എന്നിവ വിശദീകരിച്ചു . ഓഡിറ്റിന്റെ കണ്ടെത്തലുകളും നിർദ്ദേശങ്ങളും സർക്കാരിന്റെ അഡീഷണൽ ചീഫ് സെക്രട്ടറിയുമായി 2011 ഫെബ്രുവരിയിൽ നടത്തിയ അന്തിമ കൂടിക്കാഴ്ചയിൽ ചർച്ച ചെയ്തു.

1 കൊല്ലം, കോട്ടയം, മലപ്പുറം, കോഴിക്കോട്

2 ഇത്തിക്കര, അഞ്ചൽ, വെട്ടിക്കവല, കടുത്തുരുത്തി, പള്ളം, ഏറ്റുമാനൂർ, കുറ്റിപ്പുറം, പെരിന്തൽമണ്ണ, പെരുമ്പടപ്പ, കോഴിക്കോട്, ചേലന്നൂർ, കൊടുവള്ളി

3 ചാത്തന്നൂർ, മേലില, ഇടമുളയ്ക്കൽ, വെള്ളൂർ, മണർകാട്, അതിരമ്പുഴ, മറക്കര, വെട്ടത്തൂർ, നന്നംമുക്ക്, ഫറോക്ക്, കക്കോടി, കുടരഞ്ഞി

### 3.2.6 സാമ്പത്തികം

കേന്ദ്ര സർക്കാരിൽ (ജിഒഐ) നിന്നും സംസ്ഥാന സർക്കാരിൽ നിന്നും നിർദ്ദിഷ്ട പദ്ധതികൾ നടപ്പിലാക്കുന്നതിനായി ലഭിക്കുന്ന ഫണ്ടുകൾ സർക്കാർ പുറത്തിറക്കിയിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങൾ അനുസരിച്ച് ചെലവാക്കേണ്ടതായിട്ടുണ്ട്. പഞ്ചായത്ത് രാജ് സ്ഥാപനങ്ങൾ ഏറ്റെടുത്ത് നടപ്പിലാക്കുന്ന പദ്ധതികൾ അതാത് പഞ്ചായത്ത് രാജ് സ്ഥാപനങ്ങൾ രൂപീകരിച്ചിട്ടുള്ള മേൽ നിരീക്ഷണ കമ്മിറ്റികൾ മേൽനിരീക്ഷണം നടത്തേണ്ടതായിട്ടുണ്ട്. ജില്ലാതലത്തിൽ പഞ്ചായത്ത്രാജ് സ്ഥാപനങ്ങൾ ഏറ്റെടുത്ത് നടത്തുന്ന കേന്ദ്രാവിഷ്കൃത /സംസ്ഥാനാവിഷ്കൃത പദ്ധതിയുൾപ്പെടെയുള്ള പദ്ധതി നടത്തിപ്പിന്റെ പുരോഗതി ജില്ലാ ആസൂത്രണ കമ്മിറ്റി(ഡിപിസി)യുടെ ചെയർമാന്റെ അദ്ധ്യക്ഷതയിൽ മെമ്പർ സെക്രട്ടറി കൂടിയായ ജില്ലാ കളക്ടറുടെ സാന്നിദ്ധ്യത്തിൽ എല്ലാ മാസവും കൂടുന്ന ഡിപിസിയുടെ മീറ്റിംഗിൽ പുനരവലോകനം നടത്തേണ്ടതായിട്ടുണ്ട്. ജില്ലാകളക്ടർ ഈ മീറ്റിംഗിനെപ്പറ്റി ഒരു വിശദമായ റിപ്പോർട്ട് ചീഫ് സെക്രട്ടറിയ്ക്ക് നൽകേണ്ടതായിട്ടുണ്ട്. വിവിധ മേഖലകളിലുള്ള പദ്ധതികളുടെ പുരോഗതി അതാത് വകുപ്പ് തലവൻമാരും പുനരവലോകനം നടത്തുകയും അതിന്റെ റിപ്പോർട്ട് തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിക്ക് സംസ്ഥാന തലത്തിൽ എല്ലാ മാസവും തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി/ ആസൂത്രണ സാമ്പത്തിക കാര്യ വകുപ്പ് സെക്രട്ടറി വിളിച്ചു ചേർക്കുന്ന യോഗത്തിൽ കൈമാറേണ്ടതാണ്. വിവിധ തലങ്ങളിലുള്ള പുനരവലോകന ചർച്ചകളിൽ തിരിച്ചറിയപ്പെട്ടിട്ടുള്ള പ്രശ്നങ്ങൾ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ എല്ലാമാസവുമുള്ള കൂടിക്കാഴ്ചകളിൽ ചർച്ച ചെയ്യേണ്ടതാണ്. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി/ആസൂത്രണ സാമ്പത്തിക കാര്യ വകുപ്പ് സെക്രട്ടറി പദ്ധതി

നടത്തിപ്പിന്റെ പുരോഗതി മൂന്ന് മാസത്തിലൊരിക്കൽ കൂടുന്ന കൂടിക്കാഴ്ചയിൽ മുഖ്യമന്ത്രിയെ അറിയിക്കേണ്ടതാണ്.

പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ പ്രധാന വരുമാന സ്രോതസ്സ് സംസ്ഥാന ധനകാര്യ കമ്മീഷന്റെ നിർദ്ദേശങ്ങളെ അടിസ്ഥാനമാക്കി സംസ്ഥാന സർക്കാരിൽ നിന്നും കിട്ടുന്ന ഫണ്ടുകൾ (കാറ്റഗറി എ- വികസന ചെലവ് ഫണ്ട്, കാറ്റഗറി സി - പരിപാലന ചെലവ് ഫണ്ട്, കാറ്റഗറി ഡി - പൊതു ഉദ്ദേശ്യ ഫണ്ട്), നിർദ്ദിഷ്ട കാര്യങ്ങൾക്ക് വിവിധ വകുപ്പുകൾ മുഖേന കിട്ടുന്ന ഫണ്ടുകൾ (കാറ്റഗറി ബി), കേന്ദ്രാവിഷ്കൃത പദ്ധതികൾക്കായി ജിഒഐയിൽ നിന്നും കിട്ടുന്ന ഫണ്ടുകൾ (കാറ്റഗറി ഇ), തനത് ഫണ്ടുകൾ, വായ്പകൾ ഇവയാണ്. ലാക്ഷണിക പരിശോധന നടത്തിയ പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ 2005-06 മുതൽ 2009-10 വരെയുള്ള കാലയളവിലെ വരവുകൾ താഴെ പട്ടികയിൽ കാണിച്ചിരിക്കുന്നു.

**ലാക്ഷണിക പരിശോധന നടത്തിയ പഞ്ചായത്ത്രാജ് സ്ഥാപനങ്ങളിൽ 2005-06 മുതൽ 2009-10 വരെയുള്ള വരവുകൾ**

(₹ ലക്ഷത്തിൽ)

| പഞ്ചായത്ത്രാജ് സ്ഥാപനങ്ങളുടെ വരവുകൾ | 2005-06 | 2006-07 | 2007-08 | 2008-09 | 2009-10 | ആകെ |
|---|---|---|---|---|---|---|
| **വികസന ചെലവ് ഫണ്ട് (എ വിഭാഗം)** | | | | | | |
| ഗ്രാമപഞ്ചായത്തുകൾ | 848.75 | 919.11 | 1022.61 | 1099.15 | 1217.21 | 5106.83 |
| ബ്ളോക്ക് പഞ്ചായത്തുകൾ | 1383.01 | 1703.98 | 1891.64 | 2166.35 | 2281.17 | 9426.15 |
| ജില്ലാ പഞ്ചായത്തുകൾ | 4639.50 | 6286.32 | 7000.40 | 7171.60 | 8017.61 | 33115.43 |
| **സംസ്ഥാനാവിഷ്കൃത പദ്ധതികളും കേന്ദ്രാവിഷ്കൃത പദ്ധതികളുടെ സംസ്ഥാന വിഹിതവും (ബി വിഭാഗം)** | | | | | | |
| ഗ്രാമപഞ്ചായത്തുകൾ | 414.30 | 425.62 | 541.13 | 607.84 | 665.08 | 2653.97 |
| ബ്ളോക്ക് പഞ്ചായത്തുകൾ | 56.80 | 41.61 | 58.94 | 76.67 | 38.06 | 272.08 |

| | | | | | | |
|---|---|---|---|---|---|---|
| ജില്ലാ പഞ്ചായത്തുകൾ | 725.54 | 912.14 | 1259.36 | 2478.75 | 2575.50 | 7951.29 |
| **പരിപാലന ചെലവ് ഫണ്ട് (സി വിഭാഗം)** | | | | | | |
| ഗ്രാമപഞ്ചായത്തുകൾ | 240.75 | 257.13 | 289.68 | 282.05 | 295.29 | 1364.90 |
| ബ്ലോക്ക് പഞ്ചായത്തുകൾ | 186.56 | 200.63 | 220.93 | 225.75 | 233.02 | 1066.89 |
| ജില്ലാ പഞ്ചായത്തുകൾ | 1413.96 | 1395.86 | 2093.67 | 1558.22 | 2176.51 | 8638.22 |
| **പൊതു ഉദ്ദേശ്യ ഫണ്ടും (ഡി വിഭാഗം) തനത് ഫണ്ടും (എഫ് വിഭാഗം)** | | | | | | |
| ഗ്രാമപഞ്ചായത്തുകൾ | 944.31 | 919.27 | 943.09 | 1114.66 | 1286.23 | 5207.56 |
| ബ്ലോക്ക് പഞ്ചായത്തുകൾ | 158.48 | 149.30 | 411.49 | 299.87 | 439.41 | 1458.55 |
| ജില്ലാ പഞ്ചായത്തുകൾ | 1366.96 | 1377.33 | 1861.57 | 1550.70 | 1071.18 | 7227.74 |
| **കേന്ദ്രാവിഷ്കൃത പദ്ധതികളുടെ കേന്ദ്രവിഹിതം (ഇ- വിഭാഗം)** | | | | | | |
| ഗ്രാമപഞ്ചായത്തുകൾ | 156.18 | 116.26 | 147.72 | 177.00 | 344.08 | 941.24 |
| ബ്ലോക്ക് പഞ്ചായത്തുകൾ | 966.77 | 1047.23 | 1624.42 | 2525.15 | 3593.77 | 9757.34 |
| ജില്ലാ പഞ്ചായത്തുകൾ | 629.45 | 1233.84 | 2806.37 | 1683.90 | 3047.80 | 9401.36 |
| **ആകെ വരുമാനം** | | | | | | |
| ഗ്രാമപഞ്ചായത്തുകൾ | 2604.29 | 2637.39 | 2944.23 | 3280.70 | 3807.89 | 15274.50 |
| ബ്ലോക്ക് പഞ്ചായത്തുകൾ | 2751.62 | 3142.75 | 4207.42 | 5293.79 | 6585.43 | 21981.01 |
| ജില്ലാ പഞ്ചായത്തുകൾ | 8775.41 | 11205.49 | 15021.37 | 14443.17 | 16888.60 | 66334.04 |

താഴെക്കൊടുത്തിരിക്കുന്ന പട്ടികയിൽ ലാക്ഷണിക പരിശോധന നടത്തിയ പഞ്ചായത്ത് രാജ് സ്ഥാപനങ്ങളിൽ 2005-06 മുതൽ 2009-10 വരെയുള്ള കാലയളവിൽ ഫണ്ടുകളുടെ മേഖലതിരിച്ചുള്ള ഉപയോഗത്തെ കാണിക്കുന്നു.

**(₹ ലക്ഷത്തിൽ)**

| ചെലവ് | 2005-06 | 2006-07 | 2007-08 | 2008-09 | 2009-10 | ആകെ |
|---|---|---|---|---|---|---|
| **ഉത്പാദന മേഖല** | | | | | | |

| | | | | | | |
|---|---|---|---|---|---|---|
| ഗ്രാമപഞ്ചായത്തുകൾ | 312.35 | 327.93 | 380.45 | 307.99 | 381.11 | 1709.83 |
| ബ്ലോക്ക് പഞ്ചായത്തുകൾ | 219.79 | 453.72 | 572.27 | 618.26 | 680.67 | 2544.71 |
| ജില്ലാ പഞ്ചായത്തുകൾ | 586.00 | 1068.16 | 1631.54 | 1665.99 | 2257.47 | 7209.16 |
| **സേവന മേഖല** | | | | | | |
| ഗ്രാമപഞ്ചായത്തുകൾ | 749.48 | 579.10 | 854.82 | 1045.37 | 1121.85 | 4350.62 |
| ബ്ലോക്ക് പഞ്ചായത്തുകൾ | 1350.01 | 1649.79 | 1745.19 | 2243.34 | 2654.15 | 9642.48 |
| ജില്ലാ പഞ്ചായത്തുകൾ | 2292.89 | 3635.38 | 5564.52 | 4790.91 | 7548.56 | 23832.26 |
| **അടിസ്ഥാന സൗകര്യ മേഖല** | | | | | | |
| ഗ്രാമപഞ്ചായത്തുകൾ | 432.22 | 266.09 | 431.20 | 510.19 | 713.75 | 2353.45 |
| ബ്ലോക്ക് പഞ്ചായത്തുകൾ | 359.17 | 423.62 | 367.08 | 383.53 | 419.12 | 1952.52 |
| ജില്ലാ പഞ്ചായത്തുകൾ | 1400.57 | 866.47 | 1425.03 | 1081.11 | 1571.67 | 6344.85 |
| **മറ്റു ചെലവുകൾ** | | | | | | |
| ഗ്രാമപഞ്ചായത്തുകൾ | 864.68 | 980.22 | 934.33 | 1111.94 | 1604.02 | 5495.19 |
| ബ്ലോക്ക് പഞ്ചായത്തുകൾ | 908.32 | 598.86 | 1101.36 | 1222.51 | 2915.69 | 6746.74 |
| ജില്ലാ പഞ്ചായത്തുകൾ | 2513.42 | 3994.77 | 4484.51 | 4648.13 | 5617.35 | 21258.18 |
| **ആകെ ചെലവ്** | | | | | | |
| ഗ്രാമപഞ്ചായത്തുകൾ | 2358.73 | 2153.34 | 2600.80 | 2975.49 | 3820.73 | 13909.09 |
| ബ്ലോക്ക് പഞ്ചായത്തുകൾ | 2837.29 | 3125.99 | 3785.90 | 4467.64 | 6669.63 | 20886.45 |
| ജില്ലാ പഞ്ചായത്തുകൾ | 6792.88 | 9564.78 | 13105.60 | 12186.14 | 16995.05 | 58644.45 |

**ഓഡിറ്റിന്റെ കണ്ടെത്തലുകൾ**

**3.2.7. ഫണ്ട്ഗതിയുടെ പരിപാലനം**

**3.2.7.1 വികസന ചെലവ്/പരിപാലന ചെലവ്/ പൊതു ഉദ്ദേശ്യ ഫണ്ട് എന്നിവയിലെ കുറഞ്ഞ നിക്ഷേപം**

സംസ്ഥാന ബജറ്റിൽ പഞ്ചായത്ത് രാജ് സ്ഥാപനങ്ങൾക്കായി

നീക്കിവച്ചിരിക്കുന്ന ഫണ്ടുകൾ സംസ്ഥാന പബ്ളിക്ക് അക്കൗണ്ടിലെ അക്കൗണ്ട് ശീർഷകങ്ങളിലേക്ക് മാറ്റുന്നത് ധനകാര്യ വകുപ്പ് തിരുവനന്തപുരം ജില്ലാ ട്രഷറിയിൽ ബില്ലുകൾ അവതരിപ്പിച്ച് ഗഡുക്കളായിട്ടാണ്. പഞ്ചായത്ത് രാജ് സ്ഥാപനങ്ങൾക്ക് ഫണ്ടുകൾ വകയിരുത്തുന്നതിന് ഉത്തരവാദപ്പെട്ട നിയന്ത്രണ അധികാരികൾ ലെറ്റർ ഓഫ് അതോറിറ്റിയുടെ ഒരു പകർപ്പ് തിരുവനന്തപുരം ജില്ലാ ട്രഷറി ഓഫീസർക്കും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഇടപാട് നടത്തുന്ന അതാത് ട്രഷറികൾക്കും നൽകുന്നു. ലെറ്റർ ഓഫ് അതോറിറ്റി കിട്ടുമ്പോൾ തിരുവനന്തപുരം ജില്ലാ ട്രഷറി ഓഫീസർ പഞ്ചായത്ത് രാജ് സ്ഥാപനങ്ങൾക്കായി തുറന്നിട്ടുള്ള പബ്ലിക് അക്കൗണ്ടിൽ അക്കൗണ്ട് ശീർഷകത്തിനെതിരെയുള്ള വകയിരുത്തലിൽ ഇതിനനുസൃതമായ കുറവ് വരുത്തുകയും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഇടപാടുകൾ നടത്തുന്ന ട്രഷറി ഓഫീസർമാർ ഇതിനു തത്തുല്യമായ ഫണ്ടുകൾ അതാത് പഞ്ചായത്ത് രാജ് സ്ഥാപനങ്ങൾക്കായുള്ള അക്കൗണ്ട് ശീർഷകങ്ങളിൽ വകയിരുത്തുകയും ചെയ്യുന്നു. 2006 ഏപ്രിലിൽ ഇറക്കിയ സർക്കാർ ഉത്തരവ് നിഷ്കർഷിക്കുന്നത് ട്രഷറി എല്ലാ മാസവും അഞ്ചാം തീയതിയോ അതിനു മുമ്പോ തൊട്ടുമുമ്പിലത്തെ മാസത്തിൽ ഓരോ ഡെപ്പോസിറ്റ് ശീർഷകങ്ങളിലുണ്ടായ ഇടപാടുകളെ കുറിച്ച് കമ്പ്യൂട്ടറിൽ തയ്യാർ ചെയ്ത സ്റ്റേറ്റ്മെന്റ് പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ സെക്രട്ടറിക്ക് നൽകണമെന്നാണ്. സെക്രട്ടറി എല്ലാ മാസവും പത്താം തീയതിയോ അതിനുമുമ്പോ തന്റെ ഓഫീസിലെ രേഖകളുമായി സ്റ്റേറ്റ്മെന്റിന്റെ കൃത്യത പരിശോധിച്ച് അതിനു ശേഷം വ്യത്യാസമുണ്ടെങ്കിൽ അത് ട്രഷറിയെ അറിയിക്കണം. അക്കൗണ്ടിൽ കുറവ് രേഖപ്പെടുത്തിയിട്ടുണ്ടെങ്കിൽ അത് ഈ റിപ്പോർട്ട് കിട്ടുമ്പോൾ ട്രഷറി ക്രമീകരിക്കേണ്ടതാണ്. 2006-07 മുതൽ 2008-09 വരെ നാല് പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ (മലപ്പുറം ഡിപി, അഞ്ചൽ ബിപി, പെരുമ്പടപ്പ ബിപി, ഇടമുളയ്ക്കൽ ജിപി) ഇടപാട് ട്രഷറികൾ പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ അക്കൗണ്ടിൽ

₹1.14 കോടിയുടെ[4] വകയിരുത്തലിനെതിരെ നിക്ഷേപം നടത്തിയിട്ടില്ലായിരുന്നു. പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ സെക്രട്ടറിമാർ ഈ വീഴ്ചകൾ ട്രഷറി ഓഫീസർമാരെ അനുവദിച്ച സമയത്തിനുള്ളിൽ അറിയിച്ചിട്ടില്ലായിരുന്നു. കണക്കിൽ കുറഞ്ഞ നിക്ഷേപം കണ്ടുപിടിക്കുന്നതിന് സമയോചിതമായ നടപടി എടുക്കുന്നതിൽ പഞ്ചായത്ത് രാജ് സ്ഥാപനങ്ങൾക്കുണ്ടായ വീഴ്ച സംസ്ഥാന സർക്കാർ നീക്കിവച്ച ₹1.14 കോടി കിട്ടാതിരിക്കുന്നതിനിടയായി. അഞ്ചൽ ബിപി ഫണ്ട് കിട്ടിയില്ല എന്ന വസ്തുത 2009 ജൂണിൽ നിയന്ത്രണ അധികാരിയെ അറിയിച്ചിരുന്നെങ്കിലും അവരുടെ അക്കൗണ്ടിൽ തുക ഇതുവരെ നിക്ഷേപിച്ചിട്ടില്ല (2010 ജൂൺ). പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഭാഗത്ത് കണക്കുകൾ ഒത്ത് നോക്കുന്നതിൽ വീഴ്ചയുണ്ടായിട്ടുണ്ടെന്ന് സർക്കാർ പ്രസ്താവിച്ചു (2011 ഫെബ്രുവരി). കുറഞ്ഞ നിക്ഷേപം നടത്തിയ തുക സംസ്ഥാനത്തിന്റെ പബ്ലിക്ക് അക്കൗണ്ടിൽ കിടക്കുന്നുണ്ടെന്നും സർക്കാരിന്റെ അനുവാദത്തോടെ പഞ്ചായത്ത് രാജ് സ്ഥാപനങ്ങൾക്ക് ഈ തുക നൽകാവുന്നതാണെന്നും സർക്കാർ കൂട്ടിചേർത്തു.

**3.2.7.2 ഐഡബ്ല്യുഡിപി പദ്ധതിയുടെ നടത്തിപ്പിലുണ്ടായ നിഷ്ക്രിയത്വം കേന്ദ്ര സഹായം കിട്ടാതിരിക്കുന്നതിന് കാരണമായി**

കൊല്ലം, കോട്ടയം, മലപ്പുറം, കോഴിക്കോട് ജില്ലകളിലെ എട്ട് ബ്ലോക്കുകളിൽ നടപ്പിലാക്കുന്നതിനായി സംയോജിത തരിശുഭൂമി വികസന പരിപാടി (ഐഡബ്ല്യുഡിപി)-യിൻ കീഴിൽ എട്ട് പദ്ധതികൾക്ക് (പദ്ധതി ചെലവ് : ₹25.11 കോടി) ഭാരത സർക്കാരിന്റെ ഗ്രാമവികസന മന്ത്രാലയം (എംഒആർഡി) അനുമതി നൽകിയിരുന്നു (2005-ലും 2006-ലും). ഈ പദ്ധതികൾ ഹരിയാലി മാർഗ്ഗ നിർദ്ദേശങ്ങൾ അനുസരിച്ച് ജില്ലാപഞ്ചായത്തുകളുടെ ദാരിദ്ര്യ നിർമ്മാർജ്ജന യൂണിറ്റുകളിലൂടെ (പിഎയു) നടപ്പാക്കണമായിരുന്നു. കേന്ദ്ര സംസ്ഥാന വിഹിതങ്ങൾ യഥാക്രമം ഒരു ഹെക്ടറിന് ₹5500-ഉം ₹500-ഉം ആയിരുന്നു. പദ്ധതി നടത്തിപ്പുതുക ഓരോ

4 മലപ്പുറം ഡിപി: ₹ 70.98 ലക്ഷം, അഞ്ചൽ ബിപി: ₹ 25.68 ലക്ഷം, പെരിമ്പടപ്പ ബിപി : ₹ 14.33 രൂപ ലക്ഷം, ഇടമുളയ്ക്കൽ ജിപി: ₹ 2.98 ലക്ഷം

പദ്ധതിയ്ക്കും അനുമതി ലഭിച്ച തീയതി മുതൽ അഞ്ച് വർഷക്കാലയളവിൽ ചെലവാക്കേണ്ടതായിരുന്നു. കേന്ദ്ര ഫണ്ടിന്റെ ആദ്യ ഗഡു നിബന്ധനകൾ ഒന്നുമില്ലാതെ പദ്ധതി അനുമതിയ്ക്കൊപ്പം നൽകണമായിരുന്നെങ്കിലും തുടർന്നുള്ള ഗഡുക്കൾ മുൻ ഗഡുക്കളിലുള്ള ഉപയോഗിക്കാത്ത തുക 50 ശതമാനത്തിൽ ഏറെയല്ലെങ്കിൽ മാത്രമേ നൽകിയിരുന്നുള്ളൂ. ഹരിയാലി മാർഗ്ഗനിർദ്ദേശങ്ങൾ അനുസരിച്ച് തദ്ദേശ സ്വയം ഭരണ വകുപ്പ് സെക്രട്ടറി പദ്ധതിയുടെ ക്രമമായ മേൽ നിരീക്ഷണത്തിന് ഉത്തരവാദിയും പദ്ധതി ഫണ്ടിന്റെ 45 ശതമാനം ലഭിച്ച ശേഷം ഗ്രാമവികസന മന്ത്രാലയത്തിലെ ഭൂപരിഷ്കരണ വകുപ്പിന്റെ അനുമതിയോടെ സ്വതന്ത്ര വിലയിരുത്തലുകാർ മുഖേന പദ്ധതിയുടെ മദ്ധ്യകാല വിലയിരുത്തൽ നടത്തുകയും ചെയ്യണം. മൂന്നാമത്തേതും തുടർന്നുമുള്ള ഗഡുക്കൾ പദ്ധതികളുടെ തൃപ്തികരമായ മദ്ധ്യകാല വിലയിരുത്തലുകൾ സമർപ്പിച്ചതിനുശേഷം മാത്രമേ നൽകാമായിരുന്നുള്ളൂ.

₹10.33 കോടിയുടെ കേന്ദ്രസംസ്ഥാന വിഹിതങ്ങൾ അതാത് ദാരിദ്ര്യ നിർമ്മാർജ്ജന യൂണിറ്റുകൾക്ക് ആദ്യത്തേതും രണ്ടാമത്തേതും ഗഡുക്കളായി നൽകുകയുണ്ടായി (2005 ജൂലൈ മുതൽ 2010 മാർച്ച് വരെ). 2010 മാർച്ച് വരെ ഈ പദ്ധതികൾക്ക് ₹5.30 കോടി ചെലവായി. പുരോഗതി റിപ്പോർട്ട്/ ഉപയോഗപ്രമാണപത്രം സംസ്ഥാന സർക്കാർ മുഖേന ഭൂപരിഷ്കരണ വകുപ്പിന് നൽകികൊണ്ടിരിക്കുകയായിരുന്നു. ഹരിയാലി മാർഗ്ഗനിർദ്ദേശങ്ങളിൽ നിഷ്കർഷിച്ചിരിക്കുന്നതു പോലെ ആസൂത്രണം ചെയ്ത പദ്ധതികൾ അഞ്ച് വർഷകാലയളവിനുള്ളിൽ നടപ്പാക്കുന്നതിൽ ബ്ളോക്ക് പഞ്ചായത്തുകൾ പരാജയപ്പെട്ടതായി ഓഡിറ്റിൽ കാണാൻ കഴിഞ്ഞു. മൂന്ന് പദ്ധതികളുടെ പദ്ധതി കാലയളവ് 2010 ജൂലൈയോടെ തീരുകയും ബാക്കിയുള്ള പദ്ധതികളുടെ കാലയളവ് 2010 നവംബറിനും 2011 ജൂലൈയ്ക്കും ഇടയിൽ തീരുകയും ചെയ്യുന്നു. ഇതുകൂടാതെ 2007 ഡിസംബറിനും 2009 ഏപ്രിലിനും ഇടയിൽ ഏഴ് ബ്ളോക്ക് പഞ്ചായത്തുകൾക്ക് പദ്ധതി ഫണ്ടിന്റെ 45 ശതമാനം കിട്ടിയിരുന്നെങ്കിലും,

സംസ്ഥാന സർക്കാർ മദ്ധ്യകാല വിലയിരുത്തൽ നടത്തുന്നതിനുള്ള നടപടികളൊന്നും ആരംഭിച്ചിരുന്നില്ല. 45 ശതമാനം ഫണ്ട് ലഭിക്കുകയും അതിൽ 50 ശതമാനം ഉപയോഗിക്കുകയും ചെയ്തതിന് ശേഷവും മദ്ധ്യകാല വിലയിരുത്തൽ നടത്തുന്നതിൽ സംസ്ഥാന സർക്കാർ കാണിച്ച നിഷ്ക്രിയത്വം 42000 ഹെക്ടർ തരിശ് ഭൂമിയുടെ സംയോജിത വികസനത്തിനായി ബാക്കിയുണ്ടായിരുന്ന ₹11.92 കോടിയുടെ കേന്ദ്ര ധനസഹായം ലഭിക്കാതിരിക്കുന്നതിനിടയാക്കി . ഏറ്റെടുത്ത പദ്ധതികൾ, ഇതുവരെ ലഭിച്ച ഫണ്ടുകൾ , പദ്ധതി നടപ്പാക്കലിന്റെ തലങ്ങൾ , കിട്ടാതിരുന്ന തുകകൾ എന്നിവയുടെ വിശദ വിവരങ്ങൾ താഴെ പട്ടികയിൽ കൊടുത്തിരിക്കുന്നു. 2012 ജൂണോടെ എല്ലാ പദ്ധതികളും പൂർത്തിയാക്കുന്നതിനുള്ള നടപടികൾ എടുത്തിട്ടുണ്ടെന്ന് സർക്കാർ പ്രസ്താവിച്ചു(2011 ഫെബ്രുവരി).

**ഐഡബ്ല്യുഡിപി ഫണ്ടിന്റെ ലഭിക്കാതിരുന്ന കേന്ദ്ര വിഹിതത്തിന്റെ വിശദാംശങ്ങൾ**
**(₹ലക്ഷത്തിൽ)**

| ജില്ല/ ബ്ലോക്ക്/ വിസ്തീർണ്ണം | പ്രോജക്ടിന്റെ പ്രതീക്ഷിത ചെലവ് (കേന്ദ്ര വിഹിതം ബ്രാക്കറ്റിൽ കൊടുത്തിരിക്കുന്നു) | ലഭ്യമാക്കിയ ഫണ്ടുകൾ | | | | ആകെ | പ്രോജക്ട് കാലാവധി അവസാനിക്കുന്ന മാസം | കേന്ദ്ര വിഹിതത്തിന്റെ ലഭിക്കാനുള്ള ബാക്കി തുക |
|---|---|---|---|---|---|---|---|---|
| | | മാസം | ഗഡു | കേന്ദ്രവിഹിതം | സംസ്ഥാന വിഹിതം | | | |
| കൊല്ലം<br>1.അഞ്ചൽ ബ്ലോക്ക്/ 3047 ഹെക്ടർ | 182.82<br>(167.59) | 2005 ജൂലൈ<br>2009 ഫെബ്രുവരി | 1<br>2 | 25.14<br>47.75 | 2.29 | 27.43<br>47.75 | 2010 ജൂലൈ | 94.70 |
| 2. കൊട്ടാരക്കര ബ്ലോക്ക്/ 2218 ഹെക്ടർ | 133.08<br>(121.99) | 2006 മാർച്ച് | 1<br>2 | 18.30<br>35.55 | 1.66<br>3.23 | 19.96<br>38.78 | 2011 മാർച്ച് | 68.14 |
| | 473.94<br>(434.45) | 2006 ജൂലൈ | 1<br>2 | 65.17<br>129.22 | 5.92 | 71.09<br>129.22 | 2011 ജൂലൈ | 240.06 |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| 3. ചടയമംഗലം ബ്ലോക്ക്/ 7899 ഹെക്ടർ | | | | | | | | |
| **കോട്ടയം**<br>1. ലാലം ബ്ലോക്ക്/5000 ഹെക്ടർ | 300.00<br>(275.00) | 2005 ജൂലൈ<br>2010 ജൂലൈ | 1<br>2 | 41.25<br>81.03 | 3.75<br>7.50 | 45.00<br>88.53 | 2010 ജൂലൈ | 152.72 |
| 2. മാടപ്പള്ളി ഈസ്റ്റ്/ 5000 ഹെക്ടർ | 300.00<br>(275.00) | 2005 ജൂലൈ<br>2009 മാർച്ച് | 1<br>2 | 41.25<br>81.15 | 3.75<br>7.50 | 45.00<br>88.65 | 2010 ജൂലൈ | 152.60 |
| 3. മാടപ്പള്ളി വെസ്റ്റ്/10815 ഹെക്ടർ | 648.90<br>(594.83) | 2006 മാർച്ച്<br>2010 മാർച്ച് | 1<br>2 | 89.22<br>174.25 | 8.11 | 97.33<br>174.25 | 2011 മാർച്ച് | 331.36 |
| **മലപ്പുറം** തിരുരങ്ങാടി/ 5000 ഹെക്ടർ | 300.00<br>(275.00) | 2005 നവംബർ<br>2007 ഡിസംബർ | 1<br>2 | 41.25<br>81.30 | 3.75<br>7.39 | 45.00<br>88.69 | 2010 നവംബർ | 152.45 |
| **ആകെ** | **2338.74**<br>**(2143.86)** | | | **951.83** | **54.85** | **1006.68** | | **1192.03** |

### 3.2.7.3 പഞ്ചായത്ത് ഫണ്ട്/ബാങ്ക് അക്കൗണ്ടിൽ വികസന ചെലവിനുള്ള ഫണ്ടിന്റെ അനധികൃത നിലനിർത്തൽ

(1) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ഫണ്ട് പിൻവലിക്കുന്നതിനുള്ള പുതുക്കിയ മാർഗ്ഗ നിർദ്ദേശങ്ങൾക്കായുള്ള സർക്കാർ ഉത്തരവനുസരിച്ച് (2006 ഏപ്രിൽ) ആവശ്യത്തിലും അധികമായി പിൻവലിച്ച/പിൻവലിച്ച ശേഷം മുൻ വർഷത്തിൽ ഉപയോഗിക്കാതെ കിടക്കുന്ന വികസന ചെലവിനായുള്ള ഫണ്ടുകൾ സർക്കാരിന്റെ സഞ്ചിത നിധിയിലേക്ക് തിരിച്ചടക്കേണ്ടതാണ്. മുൻ വർഷത്തിൽ പിൻവലിക്കുകയും എന്നാൽ ഉപയോഗിക്കാതിരിക്കുകയും ചെയ്തുകയായ ₹ 26.97 ലക്ഷത്തിന്റെ വികസന ചെലവ് ഫണ്ട് നാല് പഞ്ചായത്ത് രാജ് സ്ഥാപനങ്ങൾ[5] സഞ്ചിത നിധിയിലേക്ക് തിരിച്ചടയ്ക്കുന്നതിന് പകരം പഞ്ചായത്ത് ഫണ്ടിൽ നിലനിർത്തിയതായി ഓഡിറ്റിൽ കാണപ്പെട്ടു. സഞ്ചിത നിധിയിലേക്ക്

5 മലപ്പുറം ഡിപി: (₹ 23.12 ലക്ഷം), ഫറോക്ക് ജിപി: (₹ 0.84 ലക്ഷം), മേലില ജിപി: (₹ 0.61 ലക്ഷം), നന്നംമുക്ക് ജിപി (₹ 2.40 ലക്ഷം)

തിരിച്ചടക്കുന്നതിന് പഞ്ചായത്ത് രാജ് സ്ഥാപനങ്ങൾക്ക് നിർദ്ദേശം നൽകുന്നതാണെന്ന് സർക്കാർ പ്രസ്താവിച്ചു (2011 ഫെബ്രുവരി).

(2) നോൺ ബാങ്കിംഗ് ട്രഷറികളിൽ നിന്നും ഫണ്ട് പിൻവലിക്കുന്ന പഞ്ചായത്ത് രാജ് സ്ഥാപനങ്ങളെ ഒരു ബാങ്ക് അക്കൗണ്ട് തുറന്ന് വികസന ചെലവ്/പരിപാലന ചെലവ് ഫണ്ടുകൾ നിക്ഷേപിക്കുന്നതിനും ₹1,000-ന് മുകളിലുള്ള ചെലവുകൾ ഡിമാന്റ് ഡ്രാഫ്റ്റ് ആയി നൽകുന്നതിനും നിക്ഷേപ തീയതി മുതൽ 30 ദിവസത്തിനുമേൽ ഉപയോഗിക്കാതെ ബാക്കി നിൽക്കുന്ന തുകകൾ ട്രഷറികളിൽ തിരിച്ചടക്കേണ്ടതുണ്ട് എന്ന വ്യവസ്ഥയിൻമേൽ സർക്കാർ അനുവദിച്ചിരുന്നു (2006 ഏപ്രിൽ).

യഥാക്രമം വളാഞ്ചേരി, ചങ്ങരംകുളം എന്നീ നോൺ ബാങ്കിംഗ് സബ് ട്രഷറികളിൽ ഇടപാട് നടത്തുന്ന മറക്കര, നന്നംമുക്ക് ഗ്രാമപഞ്ചായത്തുകൾ ₹1,000-ൽ കൂടുതലുള്ള ചെലവുകൾ ഡിമാന്റ് ഡ്രാഫ്റ്റായി നടത്തുന്നതിന് വേണ്ടി മൂന്ന് ബാങ്ക് അക്കൗണ്ടുകൾ പ്രവർത്തിപ്പിച്ചിരുന്നു. മറക്കര ഗ്രാമപഞ്ചായത്ത് പ്രവർത്തിപ്പിച്ചിരുന്ന രണ്ട് അക്കൗണ്ടുകളിൽ ₹7.79 ലക്ഷവും നന്നംമുക്ക് ഗ്രാമപഞ്ചായത്ത് പ്രവർത്തിപ്പിച്ചിരുന്ന ഒരു ബാങ്ക് അക്കൗണ്ടിൽ ₹2.78 ലക്ഷവും 2010 ഏപ്രിൽ വരെ നീക്കിയിരിപ്പായിട്ടുണ്ടായിരുന്നു. 2009 ഒക്ടോബർ മുതൽ രണ്ട് ട്രഷറികളും ബാങ്കിംഗ് ട്രഷറികളായി പ്രവർത്തിച്ചുവരുന്നു. എന്നാൽ രണ്ട് ഗ്രാമപഞ്ചായത്തുകളും അക്കൗണ്ടുകൾ നിർത്തലാക്കി അവയിലുള്ള നീക്കിയിരിപ്പ് തുകകൾ സഞ്ചിത നിധിയിലേക്ക് തിരിച്ചടച്ചിട്ടില്ല (2010 ഏപ്രിൽ).

(3) സർക്കാർ പുറത്തിറക്കിയ നിർദ്ദേശങ്ങൾ അനുസരിച്ച്, സംയുക്ത സംരംഭങ്ങൾക്കായി മറ്റു പഞ്ചായത്തുകളിൽ നിന്നും ലഭിക്കുന്ന സംഭാവനകൾ ട്രഷറിയിലെ പബ്ളിക്ക് അക്കൗണ്ടിൽ നിക്ഷേപിക്കേണ്ടതായിട്ടുണ്ട് . എട്ടു പഞ്ചായത്ത് രാജ് സ്ഥാപനങ്ങൾക്ക്[6] മറ്റു പഞ്ചായത്തുകളിൽ നിന്നും 2007-08

6 കോട്ടയം ഡിപി: (₹ 23.92 ലക്ഷം), വെള്ളൂർ ജിപി: (₹ 11.07 ലക്ഷം), ചേലന്നൂർ ബിപി: (₹27.25 ലക്ഷം), കുടരഞ്ഞി ജിപി: (₹ 3.35 ലക്ഷം), ഇടമുളയ്യൽ ജിപി: (₹ ഒരു ലക്ഷം), ഫറോക്ക് ജിപി: (₹ 7.68 ലക്ഷം), കുറ്റിപ്പുറം ജിപി: (₹ ഒരു ലക്ഷം), മലപ്പുറം ഡിപി: (₹ 14.20 ലക്ഷം)

മുതൽ 2009-10 വരെയുള്ള കാലയളവിൽ സംയുക്ത സംരംഭങ്ങൾക്ക് സംഭാവനയായി ലഭിച്ച ₹2.12 കോടിയിൽ ₹1.23 കോടി മാത്രമാണ് ഉപയോഗിച്ചതെന്ന് ഓഡിറ്റിൽ കാണപ്പെട്ടു. ബാക്കി തുക (₹89.47 ലക്ഷം) പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ സ്വന്തം ഫണ്ടുകളിൽ നിലനിർത്തിയിരിക്കുകയാണ്

**3.2.7.4 പഞ്ചായത്ത് രാജ് സ്ഥാപനങ്ങളിലും മറ്റ് ഏജൻസികളിലും വെറുതെ കിടക്കുന്ന വികസന ചെലവ്/ പരിപാലന ചെലവ് ഫണ്ട്**

2006 ഏപ്രിലിലെ സർക്കാർ ഉത്തരവ് നിഷ്കർഷിക്കുന്നതെന്തെന്നാൽ വികസന ചെലവ് ഫണ്ടിലും പരിപാലന ചെലവ് ഫണ്ടിലും ഉപയോഗിക്കാത്ത മിച്ചം 2006-07 മുതൽ 2009-10 വരെയുള്ള വർഷങ്ങളിൽ അനുവദിച്ച ഫണ്ടിന്റെ 20 ശതമാനത്തിൽ കൂടുതലാണെങ്കിൽ (2007-08 വർഷത്തിൽ ഈ പരിധി 30 ശതമാനമായിരുന്നു) തുടർന്നുള്ള വർഷങ്ങളിൽ അനുവദിക്കുന്ന തുകയിൽ നിന്ന് നിർദ്ദിഷ്ട പരിധി കവിയുന്ന തുക കുറയ്ക്കുന്നതായിരിക്കും.

ഈ സർക്കാർ ഉത്തരവ് മറികടക്കുന്നതിനായി പഞ്ചായത്ത് രാജ് സ്ഥാപനങ്ങൾ യഥാർത്ഥ ആവശ്യത്തിലധികം / ആവശ്യത്തിനും വളരെ മുമ്പെ ഫണ്ട് പ്രോജക്ട് കോ-ഓർഡിനേറ്റർമാർക്ക്/മറ്റ് ഏജൻസികൾക്ക് കൈമാറുകയും ഈ ഫണ്ടുകൾ അവരുടെ പക്കൽ വെറുതെ കിടക്കുകയും ചെയ്യുന്നു . ഇത്തരം സംഭവങ്ങളുടെ വിശദവിവരം താഴെ കൊടുക്കുന്നു:

**(1) അക്ഷയ ജില്ലാ പ്രോജക്ട് കോ-ഓർഡിനേറ്റർമാരുടെ പക്കൽ ഉപയോഗിക്കാതെ കിടക്കുന്ന വികസന ചെലവ് ഫണ്ട്**

2002-ൽ സംസ്ഥാന സർക്കാർ അക്ഷയ എന്ന പേരിൽ ഒരു കമ്പ്യൂട്ടർ സാക്ഷരതാ പരിപാടി ആരംഭിച്ചു. ഒരു കുടുംബത്തിലെ ഒരാൾക്കെങ്കിലും കമ്പ്യൂട്ടർ സാക്ഷരതാ പരിശീലനം നൽകുന്ന ഈ പദ്ധതി ഗ്രാമപഞ്ചായത്തുകളാണ് നടപ്പാക്കിവരുന്നത്. ഗ്രാമപ്രദേശങ്ങളിലെ ഗുണഭോക്താക്കളുടെ പരിശീലന ചെലവായ ₹120 ഗ്രാമപഞ്ചായത്ത്, ബ്ലോക്ക് പഞ്ചായത്ത്, ജില്ലാപഞ്ചായത്ത്,

ഗുണഭോക്താക്കൾ എന്നിവർ പങ്കിടണം. സർക്കാർ പുറപ്പെടുവിച്ച (2004 ജൂൺ) നിർദ്ദേശങ്ങളനുസരിച്ച്, പഞ്ചായത്ത് രാജ് സ്ഥാപനങ്ങൾ അക്ഷയ പദ്ധതിയുടെ ജില്ലാ പ്രോജക്ട് കോ-ഓർഡിനേറ്റർ കൂടിയായ ജില്ലാ ആസൂത്രണ സമിതിയുടെ മെമ്പർ സെക്രട്ടറിയുടെ പേരിൽ ഈ ആവശ്യത്തിനായി തുറന്ന ട്രഷറി സേവിംഗ്സ് ബാങ്ക് (ടിഎസ്ബി) അക്കൗണ്ടിൽ ആവശ്യമായ ഫണ്ട് നിക്ഷേപിക്കണം.

2004-05 മുതൽ 2009-10 വരെ, 21 പഞ്ചായത്ത് രാജ് സ്ഥാപനങ്ങൾ കമ്പ്യൂട്ടർ പരിശീലനം ആവശ്യമുള്ള ആളുകളുടെ യഥാർത്ഥ എണ്ണത്തിനു പകരം 2001-ലെ കാനേഷുമാരിയനുസരിച്ചുള്ള ആകെയുള്ള കുടുംബങ്ങളുടെ എണ്ണം അടിസ്ഥാനമാക്കി പ്രത്യേക ടിഎസ്ബി അക്കൗണ്ടിൽ ₹2.55 കോടി നിക്ഷേപിച്ചു. ജില്ലാ പ്രോജക്ട് കോ-ഓർഡിനേറ്റർ ₹86.23 ലക്ഷം മാത്രം വിനിയോഗിക്കുകയും ഉപയോഗിക്കാതെ മിച്ചമായ ₹1.69 കോടി കൈവശം വയ്ക്കുകയും ചെയ്തു. പഞ്ചായത്ത് രാജ് സ്ഥാപനങ്ങൾ യഥാർത്ഥത്തിൽ വികസന ചെലവ് ഫണ്ടിൽ നിന്നും പിൻവലിച്ച തുകയായതിനാൽ തുക തിരിച്ചു വാങ്ങാനും സർക്കാരിലേക്ക് തിരിച്ചടക്കുന്നതിനുമുള്ള നടപടികൾ പഞ്ചായത്ത്രാജ് സ്ഥാപനങ്ങൾ കൈക്കൊണ്ടിട്ടില്ല. പഞ്ചായത്ത് രാജ് സ്ഥാപനങ്ങൾ നിക്ഷേപിച്ച തുകയുടെയും അക്ഷയ കമ്പ്യൂട്ടർ സാക്ഷരതാ പരിപാടിയ്ക്ക് വിനിയോഗിച്ച തുകയുടെയും വിശദ വിവരങ്ങൾ താഴെ പട്ടികയിൽ നൽകിയിരിക്കുന്നു. പഞ്ചായത്ത് രാജ് സ്ഥാപനങ്ങൾ ആകെയുള്ള കുടുംബങ്ങളുടെ എണ്ണത്തിനു പകരം കമ്പ്യൂട്ടർ സാക്ഷരതയില്ലാത്ത കുടുംബങ്ങളുടെ എണ്ണത്തെ അടിസ്ഥാനമാക്കി ഫണ്ട് നിക്ഷേപിച്ചിരുന്നെങ്കിൽ അക്ഷയ ജില്ലാ പ്രോജക്ട് കോ-ഓർഡിനേറ്റർമാരുടെ പക്കൽ തടയപ്പെട്ടുകിടന്നിരുന്ന ₹1.69 കോടി മറ്റ് വികസന പ്രവർത്തനങ്ങൾക്ക്

വിനിയോഗിക്കാമായിരുന്നു. വിനിയോഗിക്കാത്ത തുക അതാത് പഞ്ചായത്ത് രാജ് സ്ഥാപനങ്ങൾക്ക് തിരിച്ചു നൽകാൻ അക്ഷയ ജില്ലാ പ്രോജക്ട് ഓഫീസർമാർക്ക് നിർദ്ദേശം നൽകിയതായി സർക്കാർ പ്രസ്താവിച്ചു (2011 ഫെബ്രുവരി).

**അക്ഷയ കമ്പ്യൂട്ടർ സാക്ഷരതാ പദ്ധതിയ്ക്ക് വേണ്ടിയുള്ള ഫണ്ട് വിനിയോഗം**

( ₹ലക്ഷത്തിൽ)

| ക്രമ നമ്പർ | പി.ആർ.ഐ-യുടെ പേര് | അക്ഷയ കമ്പ്യൂട്ടർ സാക്ഷരതാ പദ്ധതിയ്ക്ക വേണ്ടി പി.ആർ.ഐ. നിക്ഷേപിച്ച തുക | അക്ഷയ കമ്പ്യൂട്ടർ സാക്ഷരതാ പദ്ധതിയ്ക്ക വേണ്ടി ബന്ധപ്പെട്ട അക്ഷയ ജില്ലാ പ്രോജക്ട് ഓഫീസ് വിനിയോഗിച്ച തുക | ബന്ധപ്പെട്ട അക്ഷയ ജില്ലാ പ്രോജക്ട് ഓഫീസ് വശമുള്ള ഫണ്ട് ബാക്കി |
|---|---|---|---|---|
| 1 | ജില്ലാ പഞ്ചായത്ത്, കൊല്ലം | 55.59 | 11.68 | 43.91 |
| 2 | ജില്ലാ പഞ്ചായത്ത്, കോട്ടയം | 44.65 | 3.03 | 41.62 |
| 3 | ജില്ലാ പഞ്ചായത്ത്, കോഴിക്കോട് | 64.90 | 34.78 | 30.12 |
| 4 | ബ്ലോക്ക് പഞ്ചായത്ത്, അഞ്ചൽ | 5.98 | 1.73 | 4.25 |
| 5 | ബ്ലോക്ക് പഞ്ചായത്ത്, ഇത്തിക്കര | 5.00 | 2.25 | 2.75 |
| 6 | ബ്ലോക്ക് പഞ്ചായത്ത്,വെട്ടിക്കവല | 9.21 | 2.12 | 7.09 |
| 7 | ബ്ലോക്ക് പഞ്ചായത്ത്, ഏറ്റുമാനൂർ | 4.79 | 0.36 | 4.43 |
| 8 | ബ്ലോക്ക് പഞ്ചായത്ത്, കടത്തുരുത്തി | 3.98 | 0.17 | 3.81 |
| 9 | ബ്ലോക്ക് പഞ്ചായത്ത്, പള്ളം | 3.60 | 0.34 | 3.26 |
| 10 | ബ്ലോക്ക് പഞ്ചായത്ത്, ചേലന്നൂർ | 4.30 | 3.72 | 0.58 |
| 11 | ബ്ലോക്ക് പഞ്ചായത്ത്, കൊടുവള്ളി | 5.38 | 4.65 | 0.73 |
| 12 | ബ്ലോക്ക് പഞ്ചായത്ത്, കോഴിക്കോട് | 5.32 | 3.90 | 1.42 |
| 13 | ഗ്രാമപഞ്ചായത്ത്, ചാത്തന്നൂർ | 7.12 | 3.81 | 3.31 |
| 14 | ഗ്രാമപഞ്ചായത്ത്, ഇടമുളയ്ക്കൽ | 5.74 | 1.80 | 3.94 |
| 15 | ഗ്രാമപഞ്ചായത്ത്, മേലില | 3.20 | 1.88 | 1.32 |

| | | | | |
|---|---|---|---|---|
| 16 | ഗ്രാമപഞ്ചായത്ത്, അതിരമ്പുഴ | 6.70 | 0.48 | 6.22 |
| 17 | ഗ്രാമപഞ്ചായത്ത്, മണർകാട് | 3.85 | 0.38 | 3.47 |
| 18 | ഗ്രാമപഞ്ചായത്ത്, വെള്ളൂർ | 3.38 | 0.00 | 3.38 |
| 19 | ഗ്രാമപഞ്ചായത്ത്, ഫറോക്ക് | 5.34 | 4.74 | 0.60 |
| 20 | ഗ്രാമപഞ്ചായത്ത്, കക്കോടി | 4.44 | 2.82 | 1.62 |
| 21 | ഗ്രാമപഞ്ചായത്ത്, കൂടരഞ്ഞി | 2.50 | 1.59 | 0.91 |
| **ആകെ** | | **254.97** | **86.23** | **168.74** |

**(2) വികസന ചെലവ് ഫണ്ടിൽ നിന്നും ആശ്രയ പദ്ധതിയ്ക്കായി പിൻവലിച്ച തുക ബാങ്ക് അക്കൗണ്ടിൽ ഉപയോഗിക്കാതെ കിടക്കുന്നു**

നന്നംമുക്കു ഗ്രാമപഞ്ചായത്ത് 2007-08-ലും 2008-09-ലും ഏറ്റെടുത്ത രണ്ട് ആശ്രയ പദ്ധതികൾ നടപ്പാക്കുന്നതിനു വേണ്ടി വികസന ചെലവ് ഫണ്ടിൽ നിന്നും ₹6 ലക്ഷം പിൻവലിക്കുകയും (2008 മാർച്ച്/2009 മാർച്ച്) ആ തുക സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂറിന്റെ ഒരു പ്രത്യേക ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിക്കുകയും ചെയ്തു. നടപ്പാക്കേണ്ട പദ്ധതികളുടെ വിശദവിവരങ്ങൾ ഗ്രാമപഞ്ചായത്ത് തയ്യാറാക്കാത്തതിനാൽ ഈ തുക വിനിയോഗിക്കാതെ ബാങ്കിൽ കിടക്കുകയാണ്. ഉപയോഗം മുൻകൂട്ടി കാണാതെ വികസന ചെലവ് ഫണ്ട് പിൻവലിക്കുന്നത് ഉത്തമ സാമ്പത്തിക പരിപാലന തത്വങ്ങൾക്കെതിരാണ്.

**(3) ഗുണഭോക്താക്കളെ തിരിച്ചറിയുന്നതിനുമുമ്പ് ഐടി മിഷന് മുൻകൂർ നൽകിയത്**

യോഗ്യരായ ബിപിഎൽ ഗുണഭോക്താക്കൾക്ക് അക്ഷയ കേന്ദ്രങ്ങൾ നടത്തുന്ന കമ്പ്യൂട്ടർ പരിശീലന കോഴ്സ് (ഇ-വിദ്യ) നടപ്പാക്കുന്നതിന് പഞ്ചായത്ത് രാജ് സ്ഥാപനങ്ങളെ സർക്കാർ അനുവദിച്ചു (ജൂലൈ 2005). 2007-08-ലും 2008-09-ലുമായി അഞ്ച് പഞ്ചായത്ത് രാജ് സ്ഥാപനങ്ങൾ[7] ഇ-വിദ്യാ കോഴ്സിനായുള്ള പദ്ധതി ഏറ്റെടുക്കുകയും അതാത് അക്ഷയ ജില്ലാ പ്രോജക്ട് കോ-ഓർഡിനേറ്റർമാർക്ക് ₹12.61 ലക്ഷം മുൻകൂറായി നൽകുകയും ചെയ്തു. പഞ്ചായത്ത്

7 കോഴിക്കോട് ഡിപി (2007-08 : ₹ 10 ലക്ഷം), ഫറോക്ക് ജിപി (2008-09 : ₹ ഒരു ലക്ഷം), കക്കോടി ജിപി (2007-08 : ₹ 0.48 ലക്ഷം), കൂടരഞ്ഞി ജിപി (2007-08 : ₹ 0.50 ലക്ഷം), മേലില ജിപി (2007-08: ₹0.63 ലക്ഷം)

രാജ് സ്ഥാപനങ്ങൾ കോഴ്സിനു വേണ്ടിയുള്ള ഗുണഭോക്താക്കളുടെ ലിസ്റ്റ് തയ്യാറാക്കേണ്ടിയിരുന്നെങ്കിലും 2010 മേയ് വരെയും അത് തയ്യാറാക്കിയിരുന്നില്ല. ഗുണഭോക്താക്കളെ തീരുമാനിക്കുന്നതിനുമുമ്പ് അക്ഷയ പ്രോജക്ട് ഓഫീസർമാരുടെ പക്കൽ വികസന ചെലവ് ഫണ്ട് നിക്ഷേപിച്ചത് ശരിയായിരുന്നില്ല.

**(4) അക്ഷയ കമ്പ്യൂട്ടർ സാക്ഷരതാ പരിപാടിക്കുവേണ്ടി അധിക നിക്ഷേപം**

അക്ഷയ കമ്പ്യൂട്ടർ സാക്ഷരതാ പരിപാടി നടപ്പിലാക്കുന്നതിനായി വെട്ടിക്കവല ബ്ലോക്ക് പഞ്ചായത്തും അതിരമ്പുഴ ഗ്രാമപഞ്ചായത്തും 2004-05 മുതൽ 2008-09 വരെ വികസന ചെലവ് ഫണ്ടിൽ നിന്നും ആകെ ₹15.91 ലക്ഷം പിൻവലിച്ച് അക്ഷയ ജില്ലാ പ്രോജക്ട് ഓഫീസിൽ നിക്ഷേപിച്ചു. പരിപാടി നടപ്പിലാക്കുന്നതിനുള്ള ഓരോ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും വിഹിതം സർക്കാർ നിശ്ചയിച്ചിരുന്നു. വെട്ടിക്കവല ബ്ലോക്ക് പഞ്ചായത്തും അതിരമ്പുഴ ഗ്രാമപഞ്ചായത്തും സർക്കാർ നിശ്ചയിച്ചിരുന്നതിൽ നിന്നും അധികമായി ₹5.04[8] ലക്ഷം നിക്ഷേപിച്ചതായി ഓഡിറ്റിൽ കണ്ടു. അക്ഷയ ജില്ലാ പ്രോജക്ട് ഓഫീസിൽ അധികമായി നിക്ഷേപിച്ച ₹5.04 ലക്ഷം തിരിച്ചു വാങ്ങി സഞ്ചിത നിധിയിലേക്ക് തിരിച്ച് അടച്ചിട്ടില്ല.

**(5) ഗുണഭോക്താക്കൾക്ക് പ്രയോജനമൊന്നും ഉണ്ടാക്കാതെ കേരള ജല അതോറിറ്റിയിലുള്ള നിക്ഷേപം**

പഞ്ചായത്ത് രാജ് സ്ഥാപനങ്ങൾ അവരുടെ കുടിവെള്ള വിതരണ പദ്ധതികളുടെ ഭൂരിഭാഗവും കേരള ജല അതോറിറ്റിയെ ഏൽപ്പിക്കുകയും ഇതിനായി അവർ വികസന ചെലവ് ഫണ്ടിൽ നിന്നും കേരള ജല അതോറിറ്റിയുടെ പക്കൽ ഫണ്ട് നിക്ഷേപിക്കുകയും ചെയ്യുന്നു. കേരള ജല അതോറിറ്റി ജോലികൾ നിർവ്വഹിക്കുകയും പഞ്ചായത്ത് രാജ് സ്ഥാപനങ്ങൾക്ക് ഇത് സംബന്ധിച്ച റിപ്പോർട്ട് നൽകുകയും ചെയ്യുന്നു. അങ്ങനെ വികസന ചെലവ് ഫണ്ടിൽ നിന്നുള്ള ചെലവിന്റെ പ്രയോജനം ഗുണഭോക്താക്കൾക്ക് ലഭ്യമാക്കപ്പെടുന്നു. മലപ്പുറം

8 വെട്ടിക്കവല ബിപി (₹ 3.34 ലക്ഷം), അതിരമ്പുഴ ജിപി (₹ 1.70 ലക്ഷം)

ജില്ലാപഞ്ചായത്ത് നിക്ഷേപിച്ചതിൽ വലിയൊരു തുക താഴെ പറയുന്ന പ്രകാരം കേരള ജല അതോറിറ്റിയിൽ തടയപ്പെട്ട് കിടക്കുന്നതായി ഓഡിറ്റിൽ കണ്ടു.

മലപ്പുറം ജില്ലാപഞ്ചായത്ത് 147 ജല വിതരണ പദ്ധതികൾ നടപ്പാക്കുന്നതിനു വേണ്ടി ₹9.26 കോടി കേരള ജല അതോറിറ്റിയിൽ നിക്ഷേപിച്ചു (2008 മാർച്ച്, 2009 മാർച്ച്, 2010 മാർച്ച്). 69 പദ്ധതികൾ നിർവ്വഹിക്കുന്നതിനായി കേരള ജല അതോറിറ്റി ₹1.82 കോടി മാത്രം വിനിയോഗിക്കുകയും, ഇതിൽ 28 പദ്ധതികൾ മാത്രം പൂർത്തിയാക്കുകയും ചെയ്തു. ബാക്കിയുള്ള 78 പദ്ധതികളുടെ ജോലികൾ എസ്റ്റിമേറ്റുകൾ തയ്യാറാക്കാതിരിക്കുക, ദർഘാസുകൾക്ക് പ്രതികരണം ലഭിക്കാതിരിക്കുക, അടങ്കലുകൾ പുതുക്കുക, വെള്ളത്തിന്റെ ലഭ്യതയില്ലായ്മ, ശരിയായ സ്ഥലം കണ്ടുപിടിക്കാതിരിക്കുക തുടങ്ങിയ കാരണങ്ങളാൽ തുടങ്ങാതിരിക്കുകയോ ഉപേക്ഷിക്കുകയോ ചെയ്തു. ഉപേക്ഷിച്ച പദ്ധതികൾക്കായി നിക്ഷേപിച്ച തുക (₹1.29 കോടി) കേരള ജല അതോറിറ്റിയിൽ നിന്നും തിരിച്ചു വാങ്ങി മറ്റു വികസന പ്രവർത്തനങ്ങൾക്ക് ഉപയോഗിക്കേണ്ടതായിരുന്നു. കേരള ജല അതോറിറ്റിയെ ഏൽപ്പിച്ച ജോലികൾ പൂർത്തിയാക്കുന്നതിൽ ക്രമാതീതമായ കാലതാമസമുണ്ടായിരുന്നുവെന്ന് സർക്കാർ പ്രസ്താവിച്ചു (2011 ഫെബ്രുവരി).

**(6) ഗ്രാമപഞ്ചായത്തിൽ വെറുതെ കിടക്കുന്ന ജില്ലാപഞ്ചായത്തിന്റെ വികസന ചെലവ് ഫണ്ട്**

തീവ്ര കന്നുകാലി വികസന പരിപാടിക്കു വേണ്ടി നിർദ്ദേശങ്ങൾ സമർപ്പിക്കുന്ന അഞ്ചു ഗ്രാമപഞ്ചായത്തുകൾക്ക് ₹5 ലക്ഷം വീതം സഹായം വിതരണം ചെയ്യാൻ കോഴിക്കോട് ജില്ലാപഞ്ചായത്ത് ഉദ്ദേശിച്ചു(2008-09). തിരുവള്ളൂർ ഗ്രാമപഞ്ചായത്തൊഴിച്ച് മറ്റ് ഗ്രാമപഞ്ചായത്തുകളൊന്നും ഈ പരിപാടിക്കു വേണ്ടി നിർദ്ദേശങ്ങൾ സമർപ്പിച്ചില്ല. ജില്ലാ പഞ്ചായത്ത് 2009 മാർച്ചിൽ ₹25 ലക്ഷം പിൻവലിക്കുകയും മുഴുവൻ തുകയും തിരുവള്ളൂർ ഗ്രാമപഞ്ചായത്തിന് നൽകുകയും ചെയ്തു. തിരുവള്ളൂർ ഗ്രാമപഞ്ചായത്തിനും

പദ്ധതിക്കു വേണ്ടി 2010 ജൂൺ വരെ ഗുണഭോക്താക്കളെ കണ്ടുപിടിക്കാൻ സാധിച്ചില്ല. ഒരു പഞ്ചായത്തിന് ₹25 ലക്ഷം നൽകിയത് അംഗീകരിച്ച പദ്ധതിക്ക് അനുസൃതമായിരുന്നില്ല.

**3.2.7.5 അനുബന്ധ പോഷകാഹാര പരിപാടിയുടെ ചെലവിനത്തിൽ തിരികെ ലഭിച്ച തുക വിനിയോഗിച്ചില്ല**

ആസൂത്രണ പ്രക്രിയയുടെ വികേന്ദ്രീകരണത്തെ തുടർന്ന് ഗ്രാമപഞ്ചായത്തുകൾ അവരുടെ വികസന ചെലവ് ഫണ്ട്, തനത് ഫണ്ട്, അതാത് ബ്ളോക്ക് പഞ്ചായത്തുകളുടെ വികസന ചെലവ് ഫണ്ടിൽ നിന്നുമുള്ള സംഭാവന തുടങ്ങിയവ അംഗൻവാടികളിൽ അനുബന്ധ പോഷകാഹാര പരിപാടി (എസ്എൻപി) നടപ്പിലാക്കുന്നതിന് ഉപയോഗിച്ചിരുന്നു. സംസ്ഥാന സർക്കാർ സമർപ്പിക്കുന്ന കണക്കുകളുടെ അടിസ്ഥാനത്തിൽ 2005-06 മുതൽ അനുവദനീയമായ ചെലവുകളുടെ 50 ശതമാനം തിരിച്ച് നൽകാൻ ഭാരത സർക്കാർ സമ്മതിച്ചിരുന്നു. ഓരോ വർഷവും കേന്ദ്രസർക്കാർ തിരിച്ചുനൽകിയ തുകകൾ പഞ്ചായത്ത് രാജ് സ്ഥാപനങ്ങൾ അവരുടെ തനത് ഫണ്ട് / പ്രത്യേക ബാങ്ക് അക്കൗണ്ടിൽ സൂക്ഷിക്കുകയും അടുത്ത വർഷങ്ങളിൽ പരിപാടി നടത്തുന്നതിനുവേണ്ടി ഇതിലൊരുഭാഗം ചെലവാക്കുകയും ചെയ്തതായി 12 ഗ്രാമപഞ്ചായത്തുകളുടെയും 12 ബ്ലോക്ക് പഞ്ചായത്തുകളുടെയും കണക്കുകൾ ലാക്ഷണിക പരിശോധന നടത്തിയതിൽ നിന്നും വെളിവാക്കപ്പെട്ടു. 2007-08 മുതൽ 2009-10 വരെയുള്ള കാലയളവിൽ ഭാരത സർക്കാർ തിരിച്ചു നൽകിയ 2005-06 മുതലുള്ള തുകകൾ ബാങ്ക് അക്കൗണ്ട്/ തനത് ഫണ്ടിൽ സൂക്ഷിച്ചത് ₹5.94 കോടി ഉണ്ടായിരുന്നു. ഇതിൽ നിന്നും പഞ്ചായത്ത് രാജ് സ്ഥാപനങ്ങൾ ₹2.86 കോടി മാത്രം അടുത്ത വർഷങ്ങളിൽ എസ്എൻപി നടപ്പിലാക്കാൻ വിനിയോഗിക്കുകയും ബാക്കി ₹ 3.08[9]

9 ജിപികൾ: വെള്ളൂർ(₹10.79 ലക്ഷം), മേലില (₹ 4.12 ലക്ഷം), അതിരമ്പുഴ (₹ 7.84 ലക്ഷം), മറക്കര (₹8.66 ലക്ഷം), ഫറോക്ക് (₹ 21.57 ലക്ഷം), കുടരഞ്ഞി (₹ 2.89 ലക്ഷം), വെട്ടത്തൂർ (₹ 5.27 ലക്ഷം), ഇടമുളയ്ക്കൽ (₹13.11 ലക്ഷം), ചാത്തന്നൂർ (₹7.03 ലക്ഷം), മണർക്കാട് (₹5.15 ലക്ഷം), കക്കോടി (₹2.16 ലക്ഷം), നന്നംമുക്ക് (₹2.94 ലക്ഷം); ബിപികൾ: വെട്ടിക്കവല (₹ 16.66 ലക്ഷം), കടുത്തുരുത്തി (₹10.08 ലക്ഷം), ഇത്തിക്കര (₹ 34.62 ലക്ഷം),

കോടി കൈവശം വയ്ക്കുകയും ചെയ്തു. അക്കൗണ്ടിൽ നിലനിർത്തിയ ബാക്കി ₹3.08 കോടിയിൽ ₹3.06 കോടി (തനത് ഫണ്ട് ഉപയോഗിച്ച നാലു ഗ്രാമപഞ്ചായത്തുകളുമായി ബന്ധപ്പെട്ട ₹2.03 ലക്ഷം കൂടാതെ) പഞ്ചായത്ത് രാജ് സ്ഥാപനങ്ങൾ ആദ്യം തന്നെ വികസന ചെലവ് ഫണ്ട് അക്കൗണ്ടിൽ നിന്നും പിൻവലിച്ചതായിരുന്നു. എസ്എൻപി നടപ്പാക്കിയതിലുള്ള ചെലവിന്റെ 50 ശതമാനം ഭാരത സർക്കാരിൽ നിന്നും തിരിച്ചുകിട്ടുന്നത് അതാത് കണക്കുകളിൽ വരവായി കാണിക്കേണ്ടതും വികസന പദ്ധതികൾക്ക്ഉപയോഗിക്കേണ്ടതുമായിരുന്നു. എസ്എൻപി ചെലവ് തിരിച്ചുകിട്ടുന്ന വകയിലുള്ള തുക എങ്ങനെ വകകൊള്ളിക്കണമെന്നുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പുറത്തിറക്കിയിട്ടില്ലെന്ന് സർക്കാർ പ്രസ്താവിച്ചു (2011 ഫെബ്രുവരി).

**3.2.7.6 സ്വയം സഹായ സംഘങ്ങൾക്ക് അധികമായി നൽകിയ സബ്സിഡി**

സ്വയം സഹായ സംഘങ്ങളുണ്ടാക്കി (എസ്എച്ച്ജികൾ) പാവപ്പെട്ട ഗ്രാമീണരുടെ വ്യവസായ സംരംഭങ്ങളെ പ്രോത്സാഹിപ്പിച്ചുകൊണ്ട് അവരുടെ ശാക്തീകരണം ലക്ഷ്യം വച്ചിട്ടുള്ള ഒരു കേന്ദ്രാവിഷ്കൃത പദ്ധതിയാണ് സ്വർണ്ണജയന്തി ഗ്രാം സ്വറോസ്ഗാർ യോജന (എസ്ജിഎസ്വൈ). എസ്ജിഎസ് വൈ മാർഗ്ഗ നിർദ്ദേശങ്ങളനുസരിച്ച് പദ്ധതി ചെലവിനുള്ള മുഴുവൻ തുകയും എസ്എച്ച്ജികൾക്ക് ബാങ്കുകൾ വായ്പയായി അനുവദിക്കേണ്ടതും ഓരോ എസ്എച്ച്ജിയ്ക്കും പദ്ധതി ചെലവിന്റെ 50 ശതമാനം (അതായത് ബാങ്കുകൾ അനുവദിച്ച വായ്പയുടെ 50 ശതമാനം) അല്ലെങ്കിൽ ₹1.25 ലക്ഷം ഏതാണോ കുറവ് അതിൽ പരിമിതപ്പെടുത്തി ഭാരത സർക്കാർ സബ്സിഡിയും നൽകുന്നു. സബ്സിഡി ബാങ്കുകൾക്ക് നൽകുന്നതും വായ്പയുടെ അവസാന ഗഡുവിന്റെ തിരിച്ചടവിനെ ക്രമപ്പെടുത്തുന്നതിനായി ബാങ്ക് സബ്സിഡി തുക ഒരു പ്രത്യേക റിസർവ് അക്കൗണ്ടിൽ സൂക്ഷിക്കേണ്ടതുമാണ്. എല്ലാ മാസവും വിവിധ

പെരിന്തൽമണ്ണ (₹5.30 ലക്ഷം), കോഴിക്കോട് (₹21.05 ലക്ഷം), ചേലന്നൂർ (₹12.81 ലക്ഷം), കുറ്റിപ്പുറം(₹12.76 ലക്ഷം), കൊടുവള്ളി (₹21.12 ലക്ഷം), പള്ളം(₹23.55 ലക്ഷം), അഞ്ചൽ (₹46.72 ലക്ഷം), ഏറ്റുമാനൂർ (₹ 6.52 ലക്ഷം), പെരുമ്പടപ്പ്(₹5.69 ലക്ഷം)

സ്വയംതൊഴിൽ സംരംഭങ്ങളെ ബ്ലോക്ക് എസ്ജിഎസ്വൈ സമിതി മേൽനിരീക്ഷണം നടത്തേണ്ടതാണ്.

കോഴിക്കോട് ബ്ലോക്ക് പഞ്ചായത്തിലെ ആറു എസ്എച്ച്ജികൾ [10] തയ്യൽ, നേരിട്ടുള്ള വിപണനം, ഭക്ഷണ വിതരണം തുടങ്ങിയ വിവിധ പരിപാടികൾ ₹10.50 ലക്ഷത്തിന്റെ മൊത്തം പദ്ധതി ചെലവിൽ ഏറ്റെടുത്തു. 2010 മാർച്ചിൽ ബാങ്ക് ₹5.50 ലക്ഷം വായ്പയായി എസ്എച്ച്ജികൾക്ക് അനുവദിച്ചു. പദ്ധതി ചെലവിന്റെ ബാക്കി തുകയായ ₹ 5 ലക്ഷം ബാങ്ക് നൽകിയിട്ടില്ല. മുഴുവൻ പദ്ധതി ചെലവിന്റെ തുക വായ്പയായി നൽകാതിരുന്നതിന്റെ കാരണം ബാങ്കിൽ നിന്നും അറിയാൻ ബ്ലോക്ക് പഞ്ചായത്ത് ശ്രമിച്ചില്ല. എസ്ജിഎസ്വൈയുടെ മാർഗ്ഗ നിർദ്ദേശമനുസരിച്ച് ₹2.75 ലക്ഷം (വായ്പ അനുവദിച്ചതിന്റെ 50 ശതമാനം) ആണ് സബ്സിഡിയായി അനുവദനീയമായിരുന്നത്. ഇതിനെതിരെ കോഴിക്കോട് ദാരിദ്ര്യ നിർമ്മാർജ്ജന യൂണിറ്റ് സ്റ്റേറ്റ് ബാങ്ക് ഓഫ് ഇൻഡ്യയുടെ ബേപ്പൂർ ശാഖയ്ക്ക് അഞ്ച് ലക്ഷം നൽകി. അധിക സബ്സിഡി നൽകിയത് ₹2.25 ലക്ഷമായിരുന്നു. ബ്ലോക്ക് പഞ്ചായത്തിന് ബാങ്കിൽ നിന്നും അധിക സബ്സിഡി തിരിച്ചു കിട്ടുകയോ പദ്ധതി ചെലവിന്റെ ബാക്കി തുക അനുവദിക്കുന്നതിന് ബാങ്കുമായി ഈ കാര്യം ഏറ്റെടുക്കുകയോ ചെയ്തിട്ടില്ല.

### 3.2.8 ചെലവിന്മേലുള്ള നിയന്ത്രണ സംവിധാനം

#### 3.2.8.1 വികസന ചെലവ് ഫണ്ടിന്റെയും പരിപാലന ചെലവ് ഫണ്ടിന്റെയും കുറഞ്ഞ ഉപയോഗം

പഞ്ചായത്ത് രാജ് സ്ഥാപനങ്ങൾ വികസന ചെലവ് ഫണ്ടിനും പരിപാലന ചെലവ് ഫണ്ടിനും കീഴിലുള്ള വകയിരുത്തലുകൾ അവ ലഭിക്കുന്ന വർഷത്തിൽ തന്നെ ഏതു കാര്യത്തിനാണോ നൽകിയത് അതിനുവേണ്ടി ഉപയോഗിക്കേണ്ടതായിട്ടുണ്ട്.

ലാക്ഷണിക പരിശോധന നടത്തിയ 28 പഞ്ചായത്ത് രാജ് സ്ഥാപനങ്ങളിൽ

10 തൃപ്തി, മരട് (₹ 0.50 ലക്ഷം), തങ്കം, മരട് (₹ 0.375 ലക്ഷം), കാരുണ്യം, മരട് (₹ 0.25 ലക്ഷം), ശക്തി, ബേപ്പൂർ (₹ 0.25 ലക്ഷം), തൗഫീഖ്, ബേപ്പൂർ (₹ 0.50 ലക്ഷം), അഭയം, മരട് (₹0.375 ലക്ഷം)

12 എണ്ണത്തിൽ വികസന ചെലവ് ഫണ്ടിനു കീഴിൽ 2006-07 മുതൽ 2009-10 വരെയുള്ള വർഷങ്ങളിൽ ലഭ്യമായിരുന്ന ₹164.90 കോടിയിൽ ₹93.61 കോടി മാത്രമേ വിനിയോഗിച്ചിരുന്നുള്ളൂ . 2006-07 മുതൽ 2008-09[11] വരെയുള്ള വർഷങ്ങളിലെ ഫണ്ടിന്റെ കുറഞ്ഞ ഉപയോഗത്താൽ 2008-09 മുതൽ 2010-11 വരെയുള്ള വർഷങ്ങളിൽ ബജറ്റ് വകയിരുത്തലിൽ ₹14.23 കോടി കുറവ് ചെയ്തു. വിശദവിവരങ്ങൾ താഴെ പട്ടികയിൽ കൊടുത്തിരിക്കുന്നു . ഇതിൽ തന്നെ ഏഴ്[12] പഞ്ചായത്ത് രാജ് സ്ഥാപനങ്ങളിൽ 2007-08 മുതൽ 2009-10 വരെയുള്ള വർഷങ്ങളിൽ ഫണ്ടിന്റെ കുറഞ്ഞ ഉപയോഗം വികസന ചെലവ് ഫണ്ടിന്റെ കീഴിലുള്ള വകയിരുത്തലിന്റെ 40 ശതമാനത്തിൽ കൂടുതലായിരുന്നു.

**വികസന ചെലവ് ഫണ്ട് പൂർണ്ണമായി വിനിയോഗിക്കാത്തതിന്റെ വിശദാംശങ്ങൾ**

**(₹ ലക്ഷത്തിൽ)**

| പിആർഐയുടെ പേര് | വർഷം | ഈ വർഷത്തേയ്ക്ക് അനുവദിച്ച തുക | മുൻ വർഷങ്ങളിൽ നിന്നും എടുത്തെഴുതപ്പെട്ട ബാക്കി | ആകെ | വിനിയോഗിച്ച തുക | വിനിയോഗശതമാനം | വെട്ടിക്കുറച്ചത് |
|---|---|---|---|---|---|---|---|
| കോട്ടയം ജില്ലാ പഞ്ചായത്ത് | 2008-09 | 1495.60 | 443.94 | 1939.54 | 797.46 | 41.12 | 460.70 |
| | 2009-10 | 1645.16 | 1142.08 | 2787.24 | 1582.94 | 57.00 | - |
| മലപ്പുറം ജില്ലാ പഞ്ചായത്ത് | 2006-07 | 2023.64 | - | 2023.64 | 1234.49 | 61.00 | 384.42 |
| | 2007-08 | 2226.01 | 789.15 | 3015.16 | 1703.03 | 56.48 | 413.54 |
| | 2009-10 | 2279.94 | 1135.11 | 3415.05 | 1873.21 | 55.00 | - |
| ഏറ്റുമാനൂർ ബ്ലോക്ക് പഞ്ചായത്ത് | 2008-09 | 132.23 | 28.91 | 161.14 | 104.86 | 65.08 | 5.03 |
| | 2009-10 | 145.49 | 56.28 | 201.77 | 155.91 | 77.27 | - |
| കോഴിക്കോട് ബ്ലോക്ക് | 2006-07 | 144.42 | - | 144.42 | 88.62 | 61.36 | 26.96 |
| | 2008-09 | 147.62 | 44.02 | 191.64 | 105.67 | 55.14 | 31.72 |

11 2009-10 വർഷത്തെ ഫണ്ടിന്റെ കുറഞ്ഞ വിനിയോഗത്തിനുള്ള കുറവ് ചെയ്യൽ 2011-12 വർഷത്തിലെ ബജറ്റ് വകയിരുത്തലിൽ നിന്നുമാണ് നടത്തേണ്ടത്

12 കോട്ടയം ഡി.പി, മലപ്പുറം ഡിപി, കോഴിക്കോട് ബിപി, വെള്ളൂർ ജിപി, മണർക്കാട് ജിപി, വെട്ടത്തൂർ ജിപി, ഫറോക്ക് ജിപി

| | | | | | | | |
|---|---|---|---|---|---|---|---|
| പഞ്ചായത്ത് | 2009-10 | 192.08 | 85.98 | 278.06 | 195.21 | 70.20 | - |
| മേലില | 2006-07 | 65.42 | - | 65.42 | 48.49 | 74.12 | 4.88 |
| ഗ്രാമപഞ്ചായത്ത് | 2009-10 | 87.14 | 27.37 | 114.51 | 94.45 | 82.48 | - |
| ചാത്തന്നൂർ | 2006-07 | 76.85 | - | 76.85 | 58.05 | 75.54 | 3.43 |
| ഗ്രാമപഞ്ചായത്ത് | 2008-09 | 89.60 | 26.70 | 116.30 | 70.11 | 60.28 | 5.49 |
| | 2009-10 | 102.35 | 46.20 | 148.55 | 133.14 | 89.63 | - |
| വെള്ളൂർ | 2006-07 | 65.23 | - | 65.23 | 43.18 | 66.20 | 9.01 |
| ഗ്രാമപഞ്ചായത്ത് | 2007-08 | 71.77 | 22.05 | 93.82 | 52.44 | 55.90 | 15.33 |
| | 2008-09 | 69.96 | 41.38 | 111.34 | 42.29 | 37.99 | 35.02 |
| | 2009-10 | 71.55 | 69.04 | 140.59 | 92.08 | 65.50 | - |
| മണർകാട് | 2008-09 | 69.26 | 16.56 | 85.82 | 49.87 | 58.12 | 5.91 |
| ഗ്രാമപഞ്ചായത്ത് | 2009-10 | 76.20 | 35.94 | 112.14 | 63.66 | 57.00 | - |
| വെട്ടത്തൂർ | 2006-07 | 77.92 | - | 77.92 | 59.65 | 76.55 | 2.21 |
| ഗ്രാമപഞ്ചായത്ത് | 2008-09 | 92.11 | 25.41 | 117.52 | 69.71 | 59.32 | 4.75 |
| | 2009-10 | 103.78 | 47.81 | 151.59 | 78.59 | 51.84 | - |
| മറക്കര | 2007-08 | 85.26 | 6.09 | 91.35 | 69.71 | 76.31 | 3.99 |
| ഗ്രാമപഞ്ചായത്ത് | 2009-10 | 99.24 | 26.01 | 125.25 | 77.59 | 61.95 | - |
| നന്നംമുക്ക് | 2006-07 | 71.48 | - | 71.48 | 43.80 | 61.28 | 7.67 |
| ഗ്രാമപഞ്ചായത്ത് | 2008-09 | 78.87 | 3.49 | 82.36 | 72.93 | 88.55 | 1.01 |
| | 2009-10 | 95.21 | 40.82 | 136.03 | 95.53 | 70.00 | - |
| ഫറോക്ക് | 2006-07 | 111.67 | - | 111.67 | 87.23 | 78.11 | 2.10 |
| ഗ്രാമപഞ്ചായത്ത് | 2009-10 | 148.74 | 56.81 | 205.55 | 116.78 | 57.00 | - |
| **ആകെ** | | **12241.80** | **4217.15** | **16458.95** | **9360.68** | **56.87** | **1423.17** |

25 പഞ്ചായത്ത് രാജ് സ്ഥാപനങ്ങളിൽ 2006-07 മുതൽ 2009-10 വരെയുള്ള കാലയളവിൽ പരിപാലന ചെലവ് ഫണ്ടിന്റെ കീഴിൽ ലഭ്യമായിരുന്ന ₹100.08 കോടിയുടെ ആകെ ഫണ്ടിൽ ഉപയോഗിച്ച തുക ₹62.91 കോടി മാത്രമായിരുന്നു; ഉപയോഗം 62.88 ശതമാനം. ഫണ്ടിന്റെ കുറഞ്ഞ ഉപയോഗത്താൽ 2008-09 മുതൽ 2010-11 വരെയുള്ള വർഷങ്ങളിൽ വകയിരുത്തലിൽ നിന്നും കുറച്ച ആകെ തുക ₹11.06 കോടിയായിരുന്നു (താഴെ പട്ടിക പ്രകാരം). ഇതിൽ 14 പഞ്ചായത്ത്

രാജ് സ്ഥാപനങ്ങളിൽ[13] 2007-08 മുതൽ 2009-10 വരെയുള്ള വർഷങ്ങളിൽ വിനിയോഗത്തിലുള്ള കുറവ് 50 ശതമാനത്തിൽ കൂടുതലായിരുന്നു.

**പരിപാലന ചെലവ് ഫണ്ട് പൂർണ്ണമായി വിനിയോഗിക്കാത്തതിന്റെ വിശദാംശങ്ങൾ**

**(₹ ലക്ഷത്തിൽ)**

| പിആർഐയുടെ പേര് | വർഷം | അനുവദിച്ചത് | മുൻ വർഷങ്ങളുടെ വിനിയോഗിക്കാത്ത ബാക്കി | ആകെ ഫണ്ട് | വിനിയോഗിച്ച തുക | വിനിയോഗ ശതമാനം | വെട്ടിക്കുറച്ചത് |
|---|---|---|---|---|---|---|---|
| കോട്ടയം ജില്ലാ പഞ്ചായത്ത് | 2006-07 | 257.66 | - | 257.66 | 211.70 | 82.16 | 0.12 |
| | 2007-08 | 332.79 | 45.96 | 378.75 | 184.97 | 48.84 | 84.15 |
| | 2008-09 | 311.65 | 193.78 | 505.43 | 127.85 | 25.29 | 274.12 |
| | 2009-10 | 258.80 | 377.58 | 636.38 | 287.28 | 45.14 | - |
| മലപ്പുറം ജില്ലാ പഞ്ചായത്ത് | 2006-07 | 428.44 | - | 428.44 | 274.85 | 64.15 | 67.90 |
| | 2007-08 | 598.88 | 153.60 | 752.48 | 476.33 | 63.30 | 49.15 |
| | 2008-09 | 450.50 | 276.15 | 726.65 | 441.55 | 60.77 | 149.19 |
| | 2009-10 | 521.10 | 285.10 | 806.20 | 600.43 | 74.48 | - |
| കോഴിക്കോട് ജില്ലാ പഞ്ചായത്ത് | 2008-09 | 480.95 | 71.57 | 552.52 | 441.39 | 79.89 | 21.75 |
| | 2009-10 | 778.48 | 111.14 | 889.62 | 698.65 | 79.00 | - |
| കൊല്ലം ജില്ലാ പഞ്ചായത്ത് | 2006-07 | 312.29 | - | 312.29 | 217.48 | 69.64 | 44.22 |
| | 2007-08 | 446.60 | 114.16 | 560.76 | 383.60 | 68.41 | 45.90 |
| | 2008-09 | 333.66 | 177.16 | 510.82 | 310.45 | 60.78 | 64.56 |
| | 2009-10 | 369.76 | 200.37 | 570.13 | 425.14 | 74.57 | - |
| വെട്ടിക്കവല ബ്ലോക്ക് പഞ്ചായത്ത് | 2006-07 | 15.52 | - | 15.52 | * | - | 3.38 |
| | 2007-08 | 17.08 | 6.55 | 23.63 | 12.18 | 51.54 | 4.24 |
| | 2009-10 | 16.42 | 4.97 | 21.39 | 4.69 | 22.00 | - |
| അഞ്ചൽ ബ്ലോക്ക് പഞ്ചായത്ത് | 2007-08 | 27.46 | 3.97 | 31.43 | 17.65 | 56.16 | 3.52 |
| | 2008-09 | 30.21 | 13.77 | 43.98 | 22.12 | 50.30 | 12.41 |
| | 2009-10 | 29.71 | 21.86 | 51.57 | 27.02 | 52.39 | - |
| കടുത്തുരുത്തി | 2007-08 | 15.52 | 1.41 | 16.93 | 6.89 | 40.70 | 4.07 |

13 കോട്ടയം ഡിപി, വെട്ടിക്കവല ബിപി, ഏറ്റുമാനൂർ ബിപി, പെരിന്തൽമണ്ണ ബിപി, കറ്റിപ്പുറം ബിപി, പെരുമ്പടപ്പ ബിപി, കോഴിക്കോട് ബിപി, ചാത്തന്നൂർ ജിപി, വെള്ളൂർ ജിപി, വെട്ടത്തൂർ ജിപി, മറക്കര ജിപി, നന്നം മുക്ക് ജിപി, ഫറോക്ക് ജിപി

| | | | | | | | |
|---|---|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2008-09 | 17.07 | 8.77 | 25.84 | 17.73 | 68.61 | 2.94 |
| | 2009-10 | 14.70 | 8.11 | 22.81 | 16.31 | 71.50 | - |
| ഏറ്റുമാനൂർ ബ്ലോക്ക് പഞ്ചായത്ത് | 2006-07 | 15.32 | - | 15.32 | 10.46 | 68.28 | 1.80 |
| | 2007-08 | 16.85 | 4.86 | 21.71 | 6.84 | 31.51 | 7.63 |
| | 2008-09 | 16.74 | 14.87 | 31.61 | 9.75 | 30.84 | 14.96 |
| | 2009-10 | 12.76 | 21.85 | 34.61 | 26.28 | 75.93 | - |
| പള്ളം ബ്ലോക്ക് പഞ്ചായത്ത് | 2008-09 | 23.71 | 5.91 | 29.62 | 16.09 | 54.32 | 7.61 |
| | 2009-10 | 26.08 | 13.54 | 39.62 | 28.04 | 70.77 | - |
| പെരിന്തൽമണ്ണ ബ്ലോക്ക് പഞ്ചായത്ത് | 2008-09 | 18.89 | 11.76 | 30.65 | 3.34 | 10.90 | 15.73 |
| | 2009-10 | 20.78 | 27.31 | 48.09 | 18.04 | 37.51 | - |
| കുറ്റിപ്പുറം ബ്ലോക്ക് പഞ്ചായത്ത് | 2007-08 | 15.48 | 1.66 | 17.14 | 9.31 | 54.32 | 2.68 |
| | 2008-09 | 17.03 | 7.83 | 24.86 | 9.66 | 38.86 | 7.75 |
| | 2009-10 | 16.05 | 15.20 | 31.25 | 12.54 | 40.13 | - |
| പെരുമ്പടപ്പ ബ്ലോക്ക് പഞ്ചായത്ത് | 2006-07 | 11.34 | - | 11.34 | * | - | 5.43 |
| | 2007-08 | 12.48 | 7.70 | 20.18 | 2.24 | 11.10 | 11.89 |
| | 2008-09 | 8.30 | 17.94 | 26.24 | 12.37 | 47.14 | 8.62 |
| | 2009-10 | 3.21 | 13.87 | 17.08 | 13.13 | 76.87 | - |
| ചേലന്നൂർ ബ്ലോക്ക് പഞ്ചായത്ത് | 2006-07 | 15.15 | - | 15.15 | * | - | 1.01 |
| | 2008-09 | 17.32 | 5.15 | 22.47 | 17.92 | 79.75 | 0.06 |
| | 2009-10 | 20.16 | 4.56 | 24.72 | 15.24 | 61.65 | - |
| കോഴിക്കോട് ബ്ലോക്ക് പഞ്ചായത്ത് | 2006-07 | 17.89 | - | 17.89 | 8.89 | 49.69 | 5.42 |
| | 2008-09 | 16.22 | 7.14 | 23.36 | 10.88 | 46.57 | 7.81 |
| | 2009-10 | 23.81 | 12.48 | 36.29 | 20.29 | 55.91 | - |
| മേലില ഗ്രാമപഞ്ചായത്ത് | 2006-07 | 21.37 | - | 21.37 | 15.08 | 70.57 | 2.71 |
| | 2007-08 | 23.50 | 6.28 | 29.78 | 17.73 | 59.54 | 5.31 |
| | 2008-09 | 23.15 | 12.05 | 35.20 | 26.60 | 75.57 | 3.32 |
| | 2009-10 | 23.13 | 8.60 | 31.73 | 26.45 | 83.36 | - |
| ഇടമുളയ്ക്കൽ ഗ്രാമപഞ്ചായത്ത് | 2006-07 | 23.93 | - | 23.93 | 12.91 | 53.95 | 6.43 |
| | 2007-08 | 26.32 | 11.02 | 37.34 | 23.51 | 62.96 | 2.99 |
| | 2008-09 | 22.52 | 13.82 | 36.34 | 25.40 | 69.90 | 3.57 |
| | 2009-10 | 28.86 | 10.94 | 39.80 | 35.11 | 88.22 | - |

| | | | | | | | |
|---|---|---|---|---|---|---|---|
| ചാത്തന്നൂർ ഗ്രാമപഞ്ചായത്ത് | 2006-07 | 31.96 | - | 31.96 | 12.11 | 37.89 | 2.65 |
| | 2008-09 | 19.65 | 6.57 | 26.22 | 19.34 | 73.76 | 6.88 |
| | 2009-10 | 24.53 | 6.87 | 31.40 | 26.65 | 84.87 | - |
| വെളളൂർ ഗ്രാമപഞ്ചായത്ത് | 2006-07 | 20.38 | - | 20.38 | 9.01 | 44.21 | 7.29 |
| | 2007-08 | 22.42 | 11.37 | 33.79 | 18.07 | 53.48 | 5.58 |
| | 2008-09 | 17.37 | 15.72 | 33.09 | 7.32 | 22.12 | 19.15 |
| | 2009-10 | 21.54 | 25.78 | 47.32 | 24.78 | 52.37 | - |
| അതിരമ്പുഴ ഗ്രാമപഞ്ചായത്ത് | 2006-07 | 26.76 | - | 26.76 | 21.69 | 81.05 | 1.35 |
| | 2007-08 | 29.43 | 5.08 | 34.51 | 24.92 | 72.21 | 1.68 |
| | 2008-09 | 31.03 | 9.59 | 40.62 | 33.30 | 81.98 | 0.80 |
| | 2009-10 | 33.94 | 7.32 | 41.26 | 33.62 | 81.48 | - |
| മണർകാട് ഗ്രാമപഞ്ചായത്ത് | 2007-08 | 22.09 | 0.82 | 22.91 | 12.96 | 56.57 | 3.33 |
| | 2008-09 | 24.30 | 9.94 | 34.24 | 24.82 | 72.49 | 4.95 |
| | 2009-10 | 23.39 | 9.42 | 32.81 | 32.34 | 98.57 | - |
| വെട്ടത്തൂർ ഗ്രാമപഞ്ചായത്ത് | 2006-07 | 17.21 | - | 17.21 | 11.46 | 66.59 | 2.41 |
| | 2007-08 | 18.93 | 5.75 | 24.68 | 9.98 | 40.44 | 7.30 |
| | 2008-09 | 18.42 | 14.70 | 33.12 | 23.14 | 69.87 | 4.21 |
| | 2009-10 | 15.61 | 9.98 | 25.59 | 12.70 | 49.63 | - |
| മറക്കര ഗ്രാമപഞ്ചായത്ത് | 2007-08 | 27.26 | 1.36 | 28.62 | 6.87 | 24.00 | 13.16 |
| | 2008-09 | 29.99 | 21.75 | 51.74 | 29.40 | 56.82 | 12.03 |
| | 2009-10 | 19.83 | 22.34 | 42.17 | 24.77 | 58.74 | - |
| നന്നംമുക്ക് ഗ്രാമപഞ്ചായത്ത് | 2006-07 | 20.52 | - | 20.52 | 4.43 | 21.59 | 9.90 |
| | 2007-08 | 22.65 | 16.15 | 38.80 | 11.22 | 28.92 | 13.94 |
| | 2008-09 | 15.01 | 27.58 | 42.59 | 17.55 | 41.21 | 15.53 |
| | 2009-10 | 13.46 | 25.05 | 38.51 | 21.02 | 54.58 | - |
| കക്കോടി ഗ്രാമപഞ്ചായത്ത് | 2006-07 | 20.80 | - | 20.80 | 15.55 | 74.76 | 2.17 |
| | 2007-08 | 22.88 | 5.25 | 28.13 | 21.31 | 75.75 | 0.89 |
| | 2008-09 | 23.00 | 6.82 | 29.82 | 26.05 | 87.36 | 0.23 |
| | 2009-10 | 26.80 | 3.77 | 30.57 | 27.28 | 89.24 | - |
| ഫറോക്ക് ഗ്രാമപഞ്ചായത്ത് | 2006-07 | 24.03 | - | 24.03 | 18.86 | 78.49 | 1.70 |
| | 2007-08 | 26.40 | 5.14 | 31.54 | 23.25 | 73.71 | 1.02 |

| | | | | | | | |
|---|---|---|---|---|---|---|---|
| | 2008-09 | 27.34 | 8.29 | 35.63 | 15.46 | 43.39 | 13.05 |
| | 2009-10 | 30.92 | 20.17 | 51.09 | 29.74 | 58.21 | - |
| **ആകെ** | | **7373.45** | **2634.90** | **10008.35** | **6291.33** | **62.86** | **1105.55** |

1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം നിഷ്കർഷിക്കുന്നത് എല്ലാ തലത്തിലുമുള്ള പഞ്ചായത്തുകൾ ഒരു സാമ്പത്തിക വർഷമാരംഭിക്കുന്നതിന് മുമ്പ് തന്നെ ഓരോ സാമ്പത്തിക വർഷത്തേക്കുമുള്ള വികസന പദ്ധതി തയ്യാറാക്കണമെന്നാണ്. എന്നാൽ പഞ്ചായത്ത് രാജ് സ്ഥാപനങ്ങൾ 2005-06 മുതൽ 2009-10 വരെയുള്ള വർഷങ്ങളിലെ അവരുടെ വാർഷിക പദ്ധതികൾ തയ്യാറാക്കുകയോ സാമ്പത്തിക വർഷാരംഭത്തിനു മുമ്പ് ഡിപിസിയുടെ അംഗീകാരം നേടിയെടുക്കുകയോ ചെയ്തിട്ടില്ല.

**3.2.8.2 ബജറ്റിന്മേലുള്ള നിയന്ത്രണം**

1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ ഭാഗം 214 (1എ) നിഷ്കർഷിക്കുന്നത് വരും വർഷത്തേക്ക് പ്രതീക്ഷിക്കുന്ന വരവുകളുടെയും ചെലവുകളുടെയും വിശദമായ എസ്റ്റിമേറ്റ് ഉൾക്കൊള്ളുന്ന ബജറ്റ് നിർദ്ദേശങ്ങൾ ഓരോ വർഷവും ജനുവരി 15-നു മുമ്പായി അതാത് സ്റ്റാൻഡിംഗ് കമ്മിറ്റികൾ തയ്യാറാക്കുകയും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി (എസ്സിഎഫ്)-യ്ക്ക് മുമ്പാകെ അവതരിപ്പിക്കുകയും ചെയ്യണമെന്നാണ്. നിർദ്ദേശങ്ങൾ പരിഗണിച്ച ശേഷം, വരും വർഷത്തേക്കുള്ള പഞ്ചായത്തിന്റെ വരുമാനവും ചെലവും കാണിക്കുന്ന ബജറ്റ് എസ്സിഎഫ് തയ്യാറാക്കേണ്ടതും എസ്സിഎഫിന്റെ ചെയർമാൻ ബജറ്റ് അംഗീകരിക്കുന്നതിനായി മാർച്ച് മാസത്തെ ആദ്യ ആഴ്ച കഴിയുന്നതിന് മുമ്പായി പ്രത്യേകം വിളിച്ചു ചേർക്കുന്ന പഞ്ചായത്തിന്റെ യോഗത്തിൽ അവതരിപ്പിക്കേണ്ടതുമാണ് പഞ്ചായത്ത് ബന്ധപ്പെട്ട വർഷത്തിന്റെ ആരംഭത്തിനു മുമ്പായി ബജറ്റ് പാസ്സാക്കേണ്ടതാണ്.

**(1) ബജറ്റ് തയ്യാറാക്കുന്നതിലെ കാലതാമസം**

ലാക്ഷണിക പരിശോധന നടത്തിയ എല്ലാ പഞ്ചായത്ത് രാജ്

സ്ഥാപനങ്ങളിലും എല്ലാവർഷവും മാർച്ച് മാസത്തിന്റെ അവസാനത്തിൽ മാത്രമാണ് ബജറ്റ് അവതരിപ്പിച്ചതും പാസ്സാക്കിയതും. ഈ കാരണത്താൽ, പഞ്ചായത്ത് രാജ് സ്ഥാപനങ്ങൾക്ക് ബജറ്റ് നിർദ്ദേശങ്ങൾ ചർച്ച ചെയ്യുന്നതിനും പഞ്ചായത്തുകളിൽ വിശദമായ കൂടിയാലോചന നടത്തുന്നതിനും മതിയായ സമയം ലഭ്യമായിരുന്നില്ല. ഇത് നിർദ്ദേശങ്ങളുടെ വിശദമായ പരിശോധനയ്ക്ക് ബുദ്ധിമുട്ട് ഉണ്ടാക്കി.

**(2) ബജറ്റ് കണക്കുകളിൽ നിന്നും യഥാർത്ഥ വരവിലും ചെലവിലുമുള്ള വ്യത്യാസം**

ബജറ്റിൽ ഉൾക്കൊള്ളിച്ചിരിക്കുന്ന പ്രതീക്ഷിക്കുന്ന വരവും ചെലവും സാദ്ധ്യമാകും വണ്ണം കൃത്യമായിരിക്കണം. 2005-06 മുതൽ 2009-10 വരെ വരവിലും ചെലവിലും ബജറ്റ് കണക്കുകളും യഥാർത്ഥത്തിലുള്ളതുമായി വലിയ വ്യത്യാസം കാണുകയുണ്ടായി. 2005-06 മുതൽ 2009-10 വരെയുള്ള വർഷങ്ങളിൽ പാസ്സാക്കിയ 140 ബജറ്റുകളിൽ, 27 പഞ്ചായത്ത് രാജ് സ്ഥാപനങ്ങൾ പാസാക്കിയ 75 ബജറ്റുകളിൽ പ്രതീക്ഷിച്ച വരവും യഥാർത്ഥ വരവും തമ്മിൽ 25 മുതൽ 158 ശതമാനം വരെ വ്യത്യാസമുണ്ടായിരുന്നു. ഈ വ്യത്യാസം 35 കേസുകളിൽ 50 ശതമാനത്തിന് മുകളിലായിരുന്നു. അതുപോലെ തന്നെ 27 പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ 107 ബജറ്റുകളിൽ പ്രതീക്ഷിച്ച ചെലവിന് യഥാർത്ഥ ചെലവിൽ നിന്നുള്ള വ്യത്യാസം 25 ശതമാനം മുതൽ 113 ശതമാനം വരെയായിരുന്നു. ഇതിൽത്തന്നെ 57 കേസുകളിൽ വ്യത്യാസം 50 ശതമാനത്തിന് മുകളിലായിരുന്നു.

**(3) സാമ്പത്തിക വർഷത്തിന്റെ അവസാനമാസത്രയത്തിലുള്ള ചെലവിന്റെ തിടുക്കം**

സാമ്പത്തിക വർഷത്തിന്റെ അവസാനമാസത്തിലുള്ള ചെലവിന്റെ തിടുക്കം ഒഴിവാക്കണമെന്ന് സാമ്പത്തിക ചട്ടങ്ങൾ നിഷ്കർഷിക്കുന്നു. സർക്കാർ പഞ്ചായത്ത് രാജ് സ്ഥാപനങ്ങൾക്ക് വികസന ചെലവ് ഫണ്ടും പരിപാലന ചെലവ് ഫണ്ടും 10 തുല്യ മാസ ഗഡുക്കളായി നൽകുന്നത് അവർ ശുപവത്കരിച്ച പദ്ധതികൾ

ചിട്ടയോടും ഉചിതമായ ഗതിയിലും നടപ്പാക്കാൻ സഹായിക്കുന്നതിന് വേണ്ടിയാണ്. ലാക്ഷണിക പരിശോധന നടത്തിയ എല്ലാ പഞ്ചായത്ത് രാജ് സ്ഥാപനങ്ങളിലും 2005-10 വരെയുള്ള അഞ്ചുവർഷക്കാലയളവിൽ ചെലവിന്റെ 50 മുതൽ 100 ശതമാനം വരെ സാമ്പത്തിക വർഷത്തിന്റെ അവസാന മാസത്രയത്തിലാണ് നടത്തിയതെന്ന് കാണാൻ കഴിഞ്ഞു. ഇത് അപര്യാപ്തമായ സാമ്പത്തിക പരിപാലനത്തെ സൂചിപ്പിക്കുന്നു. സർക്കാരിന് വികസന ചെലവ് ഫണ്ടിന്റെയും പരിപാലന ചെലവ് ഫണ്ടിന്റെയും ചെലവിന്റെ മാസപുരോഗതി നിരീക്ഷിക്കാൻ സംവിധാനം നിലവിലുണ്ടെങ്കിലും, ഫണ്ടുകൾ പാഴായി പോകുന്നതൊഴിവാക്കാൻ വേണ്ടി സാമ്പത്തിക വർഷത്തിന്റെ അവസാനത്തിലുള്ള ചെലവിന്റെ അനാവശ്യതിടുക്കം സർക്കാരിന്റെ നിലവിലുള്ള അപര്യാപ്തമായ സാമ്പത്തിക നിയന്ത്രണ സംവിധാനത്തെ സൂചിപ്പിക്കുന്നു. വർഷാന്ത്യത്തിൽ ഉണ്ടാക്കുന്ന ചെലവിന്റെ തിടുക്കം ഒഴിവാക്കുന്നതിനായി മാസത്രയ ചെലവിന്റെ ലക്ഷ്യം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ അറിയിക്കുന്നതാണെന്ന് സർക്കാർ പ്രസ്താവിച്ചു( 2011 ഫെബ്രുവരി).

### 3.2.8.3 ദൈനംദിന ചെലവുകളിലുള്ള അധിക ചെലവ്

ഗ്രാമപഞ്ചായത്തുകൾ അവരുടെ ദൈനംദിന ചെലവുകൾ കണ്ടെത്തുന്നത് പൊതു ഉദ്ദേശ്യ ഫണ്ട് / തനത് ഫണ്ടിൽ നിന്നുമാണ്. ദൈനംദിന ചെലവുകളായ വൈദ്യുതി ചാർജ്, വാട്ടർ ചാർജ്, വാടക, മരുന്ന് വാങ്ങൽ, സ്കൂളുകൾക്ക് ഫർണിച്ചർ വാങ്ങൽ തുടങ്ങിയവയ്ക്കായി പരിപാലന ചെലവ് ഫണ്ടിൽ (റോഡും റോഡിതരവും) കീഴിലുള്ള ആകെ വകയിരുത്തലിന്റെ 10 ശതമാനമെന്ന പരമാവധി പരിധിക്ക് വിധേയമായി പരിപാലന ചെലവ് ഫണ്ടിൽ നിന്ന് ഉപയോഗിക്കാൻ സർക്കാർ അനുവദിച്ചിട്ടുണ്ട്(2004 ഡിസംബർ). 2006-07 മുതൽ 2009-10 വരെ ലാക്ഷണിക പരിശോധന നടത്തിയ 12 ഗ്രാമപഞ്ചായത്തുകളിൽ ഒൻപത് [14] എണ്ണത്തിലും

14 വെള്ളൂർ ജിപി (₹ 2.22 ലക്ഷം), മേലില ജിപി (₹ 3 ലക്ഷം), മണർക്കാട് ജിപി (₹ 9.54 ലക്ഷം), നന്നംമുക്ക് ജിപി (₹2.71 ലക്ഷം), അതിരമ്പുഴ ജിപി(₹7.65 ലക്ഷം), ഫറോക്ക് ജിപി (₹3.82 ലക്ഷം), വെട്ടത്തൂർ ജിപി (₹ 1.62 ലക്ഷം), ചാത്തന്നൂർ ജിപി (₹0.90 ലക്ഷം), കക്കോടി ജിപി (₹ 3.18 ലക്ഷം)

ഗണ്യമായ തുകയിൽ ഈ പരിധി മറികടന്നിരുന്നു . ഗ്രാമപഞ്ചായത്തുകളുടെ സെക്രട്ടറിമാരും ഡിപിസിയും പദ്ധതികൾ രൂപവത്കരിക്കുമ്പോൾ/ അംഗീകരിക്കുമ്പോൾ സർക്കാർ പുറത്തിറക്കിയ നിർദ്ദേശങ്ങൾ മാനിച്ചില്ല. നിത്യേനയുള്ള ചെലവുകൾക്കുവേണ്ടി പരിപാലന ധനസഹായം അധികമായി ഉപയോഗിച്ചതിന്റെ ശതമാനം 27-നും 267-നും ഇടയിലായിരുന്നു. അധികമായി ഉപയോഗിച്ച തുക പൊതുഉദ്ദേശ്യ ഫണ്ടിൽ നിന്നും പരിപാലന ഫണ്ട് കണക്കിലേക്ക് മാറ്റുന്നതിന് പഞ്ചായത്ത് രാജ് സ്ഥാപനങ്ങൾക്ക് നിർദ്ദേശങ്ങൾ നൽകുകയാണെന്ന് സർക്കാർ പ്രസ്താവിച്ചു (2011 ഫെബ്രുവരി).

**3.2.9 ലഭ്യമായതും ലഭിക്കേണ്ടതുമായ വരവുകളുടെ പരിപാലനം**

**3.2.9.1 തൊഴിൽ നികുതി തിട്ടപ്പെടുത്താതിരിക്കൽ**

പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ പരിധിക്കുള്ളിൽ 60 ദിവസത്തിൽ കുറയാതെ വ്യാപാരം നടത്തുകയോ അല്ലെങ്കിൽ തൊഴിലിൽ ഏർപ്പെടുകയോ ചെയ്യുന്ന എല്ലാ കമ്പനികൾ /വ്യക്തികളിൽ നിന്നും തൊഴിൽ നികുതി പിരിക്കേണ്ടത് നിയമത്തിലും അതിന്റെ കീഴിലുള്ള ചട്ടങ്ങളിലും നിഷ്കർഷിച്ചിരിക്കുന്നത് അനുസരിച്ച് വരുമാനത്തെ/ആദായത്തെ അടിസ്ഥാനപ്പെടുത്തിയാണ്. നിയമപ്രകാരം തൊഴിൽ നികുതി അടയ്ക്കേണ്ടതായിട്ടുള്ള എല്ലാവരെയും തൊഴിൽ നികുതി വലയത്തിൽ കൊണ്ടുവരുന്നതിനായി യോഗ്യരായ എല്ലാ നികുതിദായകരുടെയും ഒരു ഡാറ്റ ബേസ് ഗ്രാമപഞ്ചായത്ത് സൂക്ഷിക്കേണ്ടതായിട്ടുണ്ട് . നികുതിദായകർ തൊഴിൽ നികുതി അടയ്ക്കുന്നതിൽ നിന്നും രക്ഷപ്പെടുവാനുള്ള സാധ്യത ഇല്ലാതാക്കാൻ നിയമത്തിൽ നിഷ്കർഷിക്കുന്ന ആന്തരിക നിയന്ത്രണ സംവിധാനം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ പാലിക്കുന്നില്ലെന്ന് ഇൻഡ്യയുടെ കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറലിന്റെ 2006 മാർച്ച് 31-ന് അവസാനിച്ച വർഷത്തെ റിപ്പോർട്ടിലെ ഖണ്ഡിക 3.2-ൽ സൂചിപ്പിക്കുന്നുണ്ട്. ലാക്ഷണിക പരിശോധന

നടത്തിയ മിക്ക പഞ്ചായത്ത് രാജ് സ്ഥാപനങ്ങളിലും ഇത്തരം വീഴ്ചകൾ ഇപ്പോഴും നിലനിൽക്കുന്നുവെന്ന് ഓഡിറ്റിൽ കാണപ്പെട്ടു. ലാക്ഷണിക പരിശോധന നടത്തിയ 12 പഞ്ചായത്ത് രാജ് സ്ഥാപനങ്ങളിൽ ഒൻപത് എണ്ണത്തിൽ 2005-06 മുതൽ 2009-10 വരെയുള്ള കാലയളവിൽ 53 സ്ഥാപനങ്ങളിലെ ജീവനക്കാരുടെ നികുതി കണക്കാക്കിയിരുന്നെങ്കിലും ഈ സ്ഥാപനങ്ങളുടെ തൊഴിൽ കണക്കാക്കിയിരുന്നില്ല. ഈ സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി പിരിച്ചെടുക്കുന്നതിലുണ്ടായ കുറവ് താഴെ പട്ടികയിൽ വിവരിച്ചിരിക്കുന്നത് പോലെ ₹ 5.45 ലക്ഷമായിരുന്നു.

**സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നതിലുണ്ടായ കുറവ്**

| പഞ്ചായത്തിന്റെ പേര് | സ്ഥാപനത്തിന്റെ പേര് | തൊഴിൽ നികുതി കുടിശ്ശിക തുടങ്ങുന്നത് | 2010 മാർച്ച് 31 വരെയുള്ള നികുതി കുടിശ്ശിക |
|---|---|---|---|
| കക്കോടി (കോഴിക്കോട് ജില്ല) | (i) ബിഎസ്എൻഎൽ<br>(ii) മാവേലി സ്റ്റോർ<br>(iii) കെഎസ്ഇബി<br>(iv) മുത്തൂറ്റ് മെർക്കന്റൈൽ<br>(v) സ്റ്റാർ വീവേഴ്സ് വർക്ക്ഷോപ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി | 2005 ഏപ്രിൽ 1 | 62500 |
| കൂടരഞ്ഞി (കോഴിക്കോട് ജില്ല) | (i) കൂടരഞ്ഞി ക്ഷീരോല്പാദക സഹകരണ സംഘം (നികുതി ചുമത്തിയത് 2007 ഏപ്രിൽ 1-ാം തീയതി മുതൽ),<br>(ii) കക്കടാംപൊയിൽ ക്ഷീരോല്പാദക സഹകരണ സംഘം (നികുതി ചുമത്തിയത് ഏപ്രിൽ 1-ാം തീയതി മുതൽ),<br>(iii) കൂടരഞ്ഞി കോ-ഓപ്പറേറ്റീവ് റൂറൽ ഹൗസിംഗ് സൊസൈറ്റി (നികുതി ചുമത്തിയത് 2007 ഏപ്രിൽ 1-ാം തീയതി മുതൽ),<br>(iv) മാവേലി സ്റ്റോർ, കൂടരഞ്ഞി,<br>(v) ബിഎസ്എൻഎൽ, കുമാറ,<br>(vi) കെഎസ്ഇബി, ഉറുണി,<br>(vii) സ്റ്റെല്ലാ മേരി ഇംഗ്ലീഷ് മീഡിയം സ്കൂൾ | 2005 ഏപ്രിൽ 1 | 65000 |

| | | | |
|---|---|---|---|
| മറക്കര (മലപ്പുറം ജില്ല) | (i) പിഎംഎസ്എ, എച്ച്എസ്എസ്, പിലാത്തറ, (ii) അൽ ഹുദാ ഇംഗ്ലീഷ് സ്കൂൾ, കാടാമ്പുഴ, (iii) എംഇഎസ് സ്കൂൾ, പൂവൻചിറ (നികുതി ചുമത്തിയത് 2009 ഏപ്രിൽ 1-ാം തീയതി മുതൽ), (iv) നസറത്ത് സ്കൂൾ, രണ്ടത്താണി, (v) കേരള സംസ്ഥാന പൊതുവിതരണ കോർപ്പറേഷൻ, തിരൂർ, ശാഖ:മറക്കര, (vi)എക്സിക്യൂട്ടീവ് എൻജിനീയർ, ഇലക്ട്രിക്കൽ ഡിവിഷൻ, തിരൂർ, ശാഖ:മറക്കര, (vii) ബി.എസ്.എൻ.എൽ. | 2005 ഏപ്രിൽ 1 | 85000 |
| വെള്ളൂർ (കോട്ടയം ജില്ല) | (i) മാവേലി സ്റ്റോർ, വെള്ളൂർ, (ii) ഭവൻസ് ന്യൂസ് പ്രിന്റ്, വെള്ളൂർ, (iii) ബിഎസ്എൻഎൽ, വെള്ളൂർ | 2005 ഏപ്രിൽ 1 | 37500 |
| മണർക്കാട് (കോട്ടയം ജില്ല) | (i) ബിഎസ്എൻഎൽ, (ii) കെഡബ്ല്യുഎ, (iii) മാവേലി സ്റ്റോർ, (iv) സെന്റ് മേരീസ് ഐറ്റിസി, (v) സെന്റ് മേരീസ് ഇംഗ്ലീഷ് മീഡിയം സ്കൂൾ | 2005 ഏപ്രിൽ 1 | 62500 |
| അതിരമ്പുഴ (കോട്ടയം ജില്ല) | (i) കെഎസ്ഇബി, (ii)ബിഎസ്എൻഎൽ, (iii) മാവേലി സ്റ്റോർ, (iv) കെഇഇഎച്ച്എസ്എസ്, മാന്നാനം, (v) ഏറ്റുമാനൂരപ്പൻ കോളേജ് | 2005 ഏപ്രിൽ 1 | 62500 |
| ഇടമുളയ്ക്കൽ (കൊല്ലം ജില്ല) | (i) ബിഎസ്എൻഎൽ, ആയൂർ, (ii), ശബരി സൂപ്പർ മാർക്കറ്റ്, ആയൂർ, (iii) ആയൂർ ക്ഷീരവ്യവസായ കോ-ഓപ്പറേറ്റീവ് സൊസൈറ്റി, (iv) സെന്റ് ആൻസ് സ്കൂൾ, ആയൂർ, (v) ചെറുപുഷ്പ സെൻട്രൽ സ്കൂൾ, ആയൂർ | 2005 ഏപ്രിൽ 1 | 62500 |
| ചാത്തന്നൂർ (കൊല്ലം ജില്ല) | (i) ബിഎസ്എൻഎൽ, (ii), കെഎസ്ആർടിസി, ചാത്തന്നൂർ, (iii) വിമല സെൻട്രൽ സ്കൂൾ , (iv) ശ്രീനാരായണ സെൻട്രൽ സ്കൂൾ , (v) ശ്രീനികേതൻ സെൻട്രൽ സ്കൂൾ, (vi) ക്രിസ്റ്റോസ് മാർത്തോമ പബ്ലിക്ക് സ്കൂൾ, (vii) ലാഭം മാർക്കറ്റ്, ചാത്തന്നൂർ, (viii) കെഡബ്ല്യുഎ, (ix) കെഎസ്ബിസി, (x) എംഇഎസ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി | 2005 ഏപ്രിൽ 1<br>2008 ഏപ്രിൽ 1<br>2006 ഏപ്രിൽ 1<br>2008 ഒക്ടോബർ 1<br>2009 ഒക്ടോബർ 1 | 12500<br>5000<br>10000<br>3750<br>1250 |
| മേലില (കൊല്ലം ജില്ല) | (i) കെഎസ്ഇബി, ചെങ്ങമനാട്,(ii) ബിഎസ്എൻഎൽ, (iii) മാവേലി സ്റ്റോർ, (iv) എംപിഎം ഐറ്റിസി, (v) വിജയാ സ്കൂൾ ഓഫ് പാരാമെഡിക്കൽ സയൻസ്, (vi) ബിആർഎം സെൻട്രൽ സ്കൂൾ ചെറ്റാടി | -- | 75000 |
| **ആകെ** | **53** | | **545000** |

നികുതി അടയ്ക്കാൻ ബാദ്ധ്യതയുള്ള എല്ലാ ജീവനക്കാരുടെയും പേരും അവരുടെ ശമ്പളമോ അല്ലെങ്കിൽ വരുമാനമോ കാണിക്കുന്ന സ്റ്റേറ്റ്മെന്റും നൽകണമെന്നുള്ള നോട്ടീസ് അതിരമ്പുഴ , കുടരഞ്ഞി, മറക്കര എന്നീ ഗ്രാമപഞ്ചായത്തുകൾ 26 തൊഴിലുടമകൾക്ക് നൽകിയിട്ടില്ലെന്ന് ശ്രദ്ധയിൽപ്പെട്ടു. ഈ കാരണത്താൽ ഈ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ നികുതി കണക്കാക്കിയിരുന്നില്ല.

**3.2.9.2 കൊയ്ത്ത് യന്ത്രത്തിന്റെ വാടകയിനത്തിലുള്ള വരുമാനം തനത് ഫണ്ട് കണക്കിൽ ഉൾകൊള്ളിക്കാതിരുന്നത്**

വെള്ളർ ഗ്രാമപഞ്ചായത്ത്, പഞ്ചായത്ത് പരിധിയിലുള്ള കർഷകർക്ക് വാടകയ്ക്ക് നൽകുന്നതിനായി ₹18.57 ലക്ഷത്തിന്റെ ഒരു സംയുക്ത കൊയ്ത്ത് യന്ത്രം 2010 ജനുവരിയിൽ വാങ്ങി. 2010 മേയ് വരെയുള്ള കാലയളവിൽ വാടകയിനത്തിലുള്ള വരുമാനം ₹3.05 ലക്ഷവും ഡീസലിനും മറ്റ് നടത്തിപ്പ് ചെലവുകൾക്കുമായി ₹1.43 ലക്ഷവും ചെലവായി. കൊയ്ത്ത് യന്ത്രത്തിന്റെ വാടകയിനത്തിലുള്ള വരുമാനത്തിന്റെയും ചെലവിന്റെയും കണക്ക് പഞ്ചായത്ത് പ്രസിഡന്റിന്റെയും കൃഷി ഓഫീസറുടെയും പേരിൽ തുറന്ന ഒരു പ്രത്യേക സംയുക്ത ബാങ്ക് അക്കൗണ്ടിലൂടെ നടത്തിയിരുന്നെങ്കിലും പഞ്ചായത്തിന്റെ തനത് ഫണ്ട് കണക്കിൽ ഉൾക്കൊള്ളിച്ചിരുന്നില്ല . ഇത് 1965-ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 30-ന് വിരുദ്ധമാണ്. അതിൽ നിഷ്കർഷിച്ചിരിക്കുന്നതെന്തെന്നാൽ പഞ്ചായത്തിനു ലഭിക്കുന്ന ഒരു പണവും ആദ്യം തന്നെ പഞ്ചായത്തിന്റെ കണക്കുകളുടെ ഭാഗമായി കൊണ്ടുവരാതെയോ പഞ്ചായത്ത് ഫണ്ട് നിക്ഷേപിച്ചിരിക്കുന്ന ട്രഷറിയിലോ ബാങ്കിലോ നിക്ഷേപിക്കാതെയോ ചെലവാക്കാൻ പാടുള്ളതല്ല. ഇത്തരത്തിൽ കൊയ്ത്ത് യന്ത്രം വാടകയ്ക്ക് നൽകുന്നതുമായി ബന്ധപ്പെട്ട ₹3.13 ലക്ഷത്തിന്റെ വരുമാനവും ഓടിക്കുന്നതിനും പരിപാലനത്തിനും ചെലവായ ₹1.73 ലക്ഷവും 2008 ഒക്ടോബർ 11

മുതൽ കടുത്തുരുത്തി ബ്ലോക്ക് പഞ്ചായത്തിന്റെ കണക്കുകളിൽ ഉൾക്കൊള്ളിച്ചിരുന്നില്ല.

**3.2.10 ആന്തരിക നിയന്ത്രണം**

ആന്തരിക നിയന്ത്രണ സംവിധാനത്തിന്റെ പ്രധാന ലക്ഷ്യം സ്ഥാപനത്തിലെ മേൽ നിരീക്ഷണ നിയന്ത്രണങ്ങളും പരിപാലന സംവിധാനങ്ങളും വർദ്ധിപ്പിക്കുകയും അതുവഴി സാമ്പത്തിക ക്രമക്കേടുകൾ, തട്ടിപ്പ് ഇവ കുറയ്ക്കുന്നതിനും വിവിധ പരിപാടികൾ നടപ്പിലാക്കുന്നതിൽ ശരിയായ നിയന്ത്രണം കൊണ്ടുവരുന്നതിനുമാണ്. വ്യവസ്ഥയിലുള്ളതും മറ്റ് പോരായ്മകളും ചൂണ്ടികാണിക്കുന്നതിനുള്ള ചിട്ടയായുള്ള അക്കൗണ്ടിംഗ് , ആന്തരിക ഓഡിറ്റ്, നിയമാനുസൃത ഓഡിറ്റ് എന്നിവ ഫലപ്രദമായ ആന്തരിക നിയന്ത്രണ ഉപകരണങ്ങളാണ്.

**3.2.10.1 കണക്ക് സൂക്ഷിപ്പ്**

2004 ഏപ്രിൽ മുതൽ പുതുക്കിയ കണക്ക് സൂക്ഷിപ്പ് രീതികൾ സർക്കാർ നിഷ്കർഷിച്ചിട്ടുണ്ട്. കാഷ് ബുക്ക് സൂക്ഷിക്കുന്ന രീതിയും അത് പോലെ തന്നെ സർക്കാർ ഉത്തരവിൽ (2003 ജൂൺ) പറഞ്ഞിരിക്കുന്ന മറ്റു പല നിർദ്ദേശങ്ങളും ലാക്ഷണിക പരിശോധന നടത്തിയ അനവധി പഞ്ചായത്ത് രാജ് സ്ഥാപനങ്ങൾ കൃത്യമായി പാലിച്ചിരുന്നില്ല. രേഖകൾ സൂക്ഷിക്കുന്നതിൽ താഴെ പറയുന്ന പോരായ്മകൾ ശ്രദ്ധയിൽപ്പെട്ടു.

- കാഷ് ബുക്കിന്റെ ഉത്തരവാദിത്വമുള്ള ഓഫീസറുടെ കൈയൊപ്പിൽ എല്ലാ ദിവസവും കാഷ് ബുക്ക് ക്ലോസ് ചെയ്യേണ്ടതായിട്ടുണ്ട്. കാഷ് ബുക്കിലെ രേഖപ്പെടുത്തലുകൾ കൂട്ടുന്നതിലെ കൃത്യത അദ്ദേഹം ഉറപ്പുവരുത്തുകയോ അല്ലെങ്കിൽ കാഷ് ബുക്ക് എഴുതിയ ആൾ അല്ലാതൊരാളെക്കൊണ്ട് ഇത് ഉറപ്പാക്കുകയും അതിനുശേഷം ശരിയെന്ന് സാക്ഷ്യപ്പെടുത്തുകയും വേണം. വെട്ടിക്കവല ബ്ലോക്ക് പഞ്ചായത്തിൽ 2005-06 മുതൽ 2008-09 വരെയുള്ള

കാലയളവിൽ കാഷ് ബുക്ക് ദിവസേന ക്ലോസ് ചെയ്തിരുന്നില്ല. ചാത്തന്നൂർ ഗ്രാമപഞ്ചായത്തിൽ 2005-06 മുതൽ 2009-10 വരെയുള്ള കാലയളവിൽ കാഷ് ബുക്കിന്റെ ദിവസേനയുള്ള ക്ലോസിംഗ് സെക്രട്ടറി ഒപ്പു വച്ചിട്ടില്ലായിരുന്നു. മേലില ഗ്രാമപഞ്ചായത്തിൽ ഒരു മാസത്തെ അവസാന ദിവസത്തെ ക്ലോസിംഗ് മാത്രമേ സെക്രട്ടറി ഒപ്പുവച്ചിരുന്നുള്ളൂ . കൊല്ലം ജില്ലാ പഞ്ചായത്ത്, കടുത്തുരുത്തി ബ്ലോക്ക് പഞ്ചായത്ത്, വെള്ളൂർ ഗ്രാമപഞ്ചായത്ത് എന്നിവിടങ്ങളിൽ കാഷ് ബുക്കുകളുടെ ദിവസേനയുള്ള ക്ലോസിംഗ് യഥാക്രമം 2009 ഒക്ടോബർ 31, 2010 ജനുവരി 14, 2010 ജനുവരി 1 എന്നീ ദിവസങ്ങൾ വരെ മാത്രമേ ഉത്തരവാദപ്പെട്ട ഓഫീസർമാർ ഒപ്പുവച്ചിരുന്നുള്ളൂ.

- എല്ലാ മാസാവസാനത്തിലും അന്തിമ നീക്കിയിരുപ്പിന്റെ വിശകലനം കാഷ് ബുക്കിന്റെ ഉത്തരവാദിത്വമുള്ള ഓഫീസറുടെ കൈയൊപ്പിൽ രേഖപ്പെടുത്തേണ്ടതായിട്ടുണ്ട്. കൊല്ലം[15] ജില്ലാപഞ്ചായത്ത്, ഏറ്റുമാനൂർ ബ്ലോക്ക് പഞ്ചായത്ത്, അഞ്ചൽ ബ്ലോക്ക് പഞ്ചായത്ത്, ചാത്തന്നൂർ ഗ്രാമപഞ്ചായത്ത് എന്നിവിടങ്ങളിൽ 2005-06 മുതൽ 2009-10 വരെയുള്ള കാലയളവിൽ ഒരു മാസവും പണത്തിന്റെ നീക്കിയിരിപ്പിന്റെ വിശകലനം കാഷ് ബുക്കിൽ രേഖപ്പെടുത്തിയിട്ടില്ലായിരുന്നു. വെള്ളൂർ ഗ്രാമപഞ്ചായത്ത് 2009 ജൂലൈ മുതൽ 2010 മാർച്ച് വരെ മാസം തോറുമുള്ള കാഷ് നീക്കിയിരിപ്പിന്റെ വിശകലനം രേഖപ്പെടുത്തിയിട്ടില്ല.
- അഞ്ച്[16] പഞ്ചായത്ത് രാജ് സ്ഥാപനങ്ങളിൽ 2010 മാർച്ച് 31- ന്/ കാഷ് ബുക്ക് ക്ലോസ് ചെയ്ത ദിവസം വരെ / ചെക്ക് ഇഷ്യൂ രജിസ്റ്റർ എഴുതിയ ദിവസം വരെ, കാഷ് ബുക്ക് ബാലൻസും ചെക്ക് ഇഷ്യൂ രജിസ്റ്റർ ബാലൻസും തമ്മിലുള്ള വ്യത്യാസം ₹16.07 കോടിയായിരുന്നു.

15 2009 ജനുവരി മുതൽ 2010 ജൂൺ വരെയുള്ള കാലയളവ് ഒഴികെ

16 അഞ്ചൽ ബിഹി(₹0.30 കോടി), ഏറ്റുമാനൂർ ബിഹി (₹2.24 കോടി), പള്ളം ബിഹി (₹1.62 കോടി), കടുത്തുരുത്തി ബിഹി (₹11.89 കോടി), വെള്ളൂർ ജിഹി (₹0.02 കോടി)

- എല്ലാ മാസാവസാനവും കാഷ് ബുക്കിന്റെ ഉത്തരവാദിത്വമുള്ള ഓഫീസർ പണത്തിന്റെ നീക്കിയിരിപ്പ് പരിശോധിക്കുകയും പരിശോധിച്ചതിന്റെ അടയാളമായി അദ്ദേഹത്തിന്റെ തീയതിയോടു കൂടിയ കയ്യൊപ്പ് രേഖപ്പെടുത്തുകയും വേണം. 2005-06 മുതൽ 2009-10 വരെയുള്ള കാലയളവിൽ കൊല്ലം ജില്ലാപഞ്ചായത്ത്, കടുത്തുരുത്തി ബ്ലോക്ക് പഞ്ചായത്ത് എന്നിവിടങ്ങളിലെ സെക്രട്ടറിമാർ ഒരുമാസവും പണത്തിന്റെ നീക്കിയിരിപ്പിന്റെ ഭൗതിക പരിശോധന നടത്തി ഇതുമായി ബന്ധപ്പെട്ട സാക്ഷ്യപത്രം രേഖപ്പെടുത്തിയിരുന്നില്ല.

- എല്ലാ മാസാവസാനവും കാഷ് ബുക്കിലെ നീക്കിയിരിപ്പ് പാസ് ബുക്കിലേയും/ട്രഷറി രേഖകളിലേയും/ ബാങ്ക് അക്കൗണ്ടുകളിലേയും നീക്കിയിരുപ്പുമായി പൊരുത്തപ്പെടുത്തണം. ഒൻപത്[17] പഞ്ചായത്ത് രാജ് സ്ഥാപനങ്ങളിൽ 2005-06 മുതൽ 2009-10 വരെയുള്ള കാലയളവിൽ ഓരോ മാസാവസാനവും കാഷ് ബുക്കിലെ നീക്കിയിരിപ്പ് പാസ്സ് ബുക്കിലേയോ അല്ലെങ്കിൽ ട്രഷറി സ്ക്രോളുകളിലെയോ/ബാങ്ക് അക്കൗണ്ടിലെയോ നീക്കിയിരിപ്പുമായി പൊരുത്തപ്പെടുത്തൽ നടത്തിയിരുന്നില്ല. മറക്കര, വെള്ളർ ഗ്രാമപഞ്ചായത്തുകളിൽ യഥാക്രമം 2005-06 മുതൽ 2009 നവംബർ വരെയും 2009 ആഗസ്റ്റ് മുതൽ 2010 മാർച്ച് വരെയും പൊരുത്തപ്പെടുത്തൽ നടത്തിയില്ല. ഇതിൽ 2010 മാർച്ച് 31 വരെ പൊരുത്തപ്പെടുത്തൽ നടത്താത്ത തുക മൂന്ന്[18] പഞ്ചായത്ത് രാജ് സ്ഥാപനങ്ങളിൽ ₹8.35 കോടിയായിരുന്നു.

- പഞ്ചായത്ത് രാജ് സ്ഥാപനങ്ങൾ കരാറുകാർ, സാധനങ്ങൾ വിതരണം ചെയ്യുന്നവർ, ജീവനക്കാർ തുടങ്ങിയവർക്കു നൽകുന്ന മുൻകൂർ ക്രമപ്പെടുത്തുന്നത് നിരീക്ഷിക്കുന്നതിന് മുൻകൂർ രജിസ്റ്റർ വയ്ക്കേണ്ടതാണ്.

17 ഡിപി കൊല്ലം; ബിപികൾ: ഏറ്റുമാനൂർ, വെട്ടിക്കവല, പള്ളം, കടുത്തുരുത്തി, കൊടുവള്ളി, അഞ്ചൽ; ജിപികൾ: ചാത്തന്നൂർ, നന്നംമുക്ക്

18 ഏറ്റുമാനൂർ ബിപി (₹2.17 കോടി), പള്ളം ബിപി (₹ 1.60 കോടി), കൊല്ലം ഡിപി (₹4.58 കോടി)

ആറ്[19] പഞ്ചായത്ത് രാജ് സ്ഥാപനങ്ങൾ 2005-06 മുതൽ 2009-10 വരെയുള്ള കാലയളവിൽ മുൻക്കൂർ രജിസ്റ്റർ സൂക്ഷിച്ചിരുന്നില്ല. പള്ളം ബ്ലോക്ക് പഞ്ചായത്ത്, മേലില, വെള്ളൂർ ഗ്രാമപഞ്ചായത്തുകൾ എന്നിവിടങ്ങളിൽ സൂക്ഷിച്ചിരുന്ന രജിസ്റ്ററിൽ ജോലികളുടെ കൺവീനർമാർക്കുള്ള മൊബിലൈസേഷൻ മുൻക്കൂർ, നടപ്പാക്കൽ ഏജൻസികൾക്കുള്ള മുൻക്കൂർ തുടങ്ങിയവയുടെ വിശദവിവരങ്ങൾ ഉൾക്കൊള്ളിച്ചിരുന്നില്ല.

- പഞ്ചായത്ത് രാജ് സ്ഥാപനങ്ങൾ നിക്ഷേപങ്ങൾ ലഭിച്ചതും അവയുടെ തിരിച്ചു നൽകൽ /ക്രമപ്പെടുത്തൽ എന്നിവയും രേഖപ്പെടുത്തുന്നതിന് നിക്ഷേപ രജിസ്റ്റർ സൂക്ഷിക്കേണ്ടതുണ്ട്. കൊല്ലം ജില്ലാപഞ്ചായത്ത്, അഞ്ചൽ, പള്ളം, വെട്ടിക്കവല ബ്ലോക്ക് പഞ്ചായത്തുകൾ, നന്നംമുക്ക് ഗ്രാമപഞ്ചായത്ത് എന്നിവ 2005-06 മുതൽ 2009-10 വരെ നിക്ഷേപ രജിസ്റ്റർ സൂക്ഷിച്ചിരുന്നില്ല. ചാത്തന്നൂർ, മേലില, വെള്ളൂർ ഗ്രാമപഞ്ചായത്തുകൾ സൂക്ഷിച്ചിരുന്ന രജിസ്റ്ററുകളിൽ ലൈബ്രറി സെസ്സ്, വർക്ക് ബില്ലിൽ നിന്നുള്ള തിരിച്ചുപിടുത്തം ശമ്പള ബില്ലിൽ നിന്നുള്ള തിരിച്ചു പിടുത്തം തുടങ്ങിയവ ഉൾപ്പെട്ടിരുന്നില്ല.

**3.2.10.2 സർക്കാർ അക്കൗണ്ടിന് പുറത്ത് സൂക്ഷിച്ച സർക്കാർ ഫണ്ട്**

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ സംസ്ഥാനത്തിന്റെ സഞ്ചിത നിധിയിൽ നിന്നും പബ്ലിക്ക് അക്കൗണ്ടിൽ നിന്നും ഫണ്ട് പിൻവലിക്കുന്നതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ അനുസരിച്ച് ഓരോ മാസത്തിന്റെ അവസാനവും, പിൻവലിച്ച തീയതി മുതൽ 30 ദിവസത്തിൽ കൂടുതൽ വിതരണം ചെയ്യാതിരിക്കുന്ന ഡിമാന്റ് ഡ്രാഫ്റ്റുകൾ ചെലാൻ ഉപയോഗിച്ച് ട്രഷറിയിലേക്ക് തിരിച്ചടക്കണം. എന്നാൽ ട്രഷറിയിൽ നിന്നും കിട്ടിയ എല്ലാ ഡിമാന്റ് ഡ്രാഫ്റ്റുകളുടെയും സമയനിഷ്ഠയോടെയുള്ള വിതരണം നിരീക്ഷിക്കുന്നതിന് സർക്കാർ രജിസ്റ്ററുകളൊന്നും നിഷ്കർഷിച്ചിട്ടില്ല. ഉചിതമായ രജിസ്റ്ററുകളിലൂടെ ഡിമാന്റ്

19 കൊല്ലം ഡിപി, അഞ്ചൽ, കൊട്ടവള്ളി, വെട്ടിക്കവല ബിപികൾ, ചാത്തന്നൂർ, നന്നംമുക്ക് ജിപികൾ

ഡ്രാഫ്റ്റുകളുടെ കൃത്യമായ വിതരണം ഉറപ്പാക്കുന്നതിൽ കോഴിക്കോട് ജില്ലാപഞ്ചായത്ത് സെക്രട്ടറിയുടെ ഭാഗത്തുണ്ടായ വീഴ്ച രണ്ടുമുതൽ മൂന്നുവർഷം വരെ ₹62.68 ലക്ഷത്തിന്റെ പദ്ധതി ഫണ്ട് സർക്കാർ കണക്കിനു പുറത്ത് നിലനിർത്തുന്നതിനിടയാക്കുകയും ഇതിനെ തുടർന്ന് ₹14.13 ലക്ഷം പലിശ നഷ്ടം വരികയും ചെയ്തു. വിശദവിവരങ്ങൾ താഴെ കൊടുത്തിരിക്കുന്നു.

(i) 'ചക്കിട്ടപ്പാറ പഞ്ചായത്തിലെ മുതുകാട് 4-ാം ബ്ലോക്ക് കോളനിയിലെ വൈദ്യുതീകരണം' എന്ന പദ്ധതി നടപ്പിലാക്കാൻ വേണ്ടി പേരാമ്പ്ര കെഎസ്ഇബി എക്സിക്യൂട്ടീവ് എൻജിനീയറുടെ പേരിൽ ₹25.37 ലക്ഷം ഡിമാന്റ് ഡ്രാഫ്റ്റായി പദ്ധതി ഫണ്ടിൽ നിന്നും കോഴിക്കോട് ജില്ലാ പഞ്ചായത്ത് പിൻവലിച്ചു (2006 നവംബർ). എന്നാൽ മറ്റു സ്രോതസ്സുകൾ ഉപയോഗിച്ചു നേരത്തെ തന്നെ പദ്ധതി നടപ്പിലാക്കിയതിനാൽ ഈ ഡിമാന്റ് ഡ്രാഫ്റ്റ് പേരാമ്പ്ര കെഎസ്ഇബി എക്സിക്യൂട്ടീവ് എൻജിനീയർക്ക് നൽകുകയുണ്ടായില്ല. ജില്ലാപഞ്ചായത്ത് ഈ ഡിമാന്റ് ഡ്രാഫ്റ്റ് രണ്ടര വർഷത്തിൽ കൂടുതൽ കൈവശം വച്ചിരുന്നു. 2009 മാർച്ചിൽ മാത്രമാണ് ഡിമാന്റ് ഡ്രാഫ്റ്റ് റദ്ദ് ചെയ്തതും ഇതിൽ നിന്നുള്ള വരുമാനം സർക്കാരിലേക്ക് തിരിച്ചടച്ചതും. അങ്ങനെ വികസന പ്രവർത്തനങ്ങൾക്ക് ഉപയോഗിക്കാമായിരുന്ന ₹25.37 ലക്ഷത്തിന്റെ പദ്ധതി ഫണ്ട് ഒരു പ്രത്യേക ഉദ്ദേശ്യവുമില്ലാതെ രണ്ടര വർഷത്തിൽ കൂടുതൽ സർക്കാർ അക്കൗണ്ടിന് പുറത്ത് നിലനിർത്തി. ജില്ലാപഞ്ചായത്തിന് ഈ തുകയ്ക്ക് മേൽ പലിശയിനത്തിൽ വന്ന നഷ്ടം ₹6.27 ലക്ഷമാണ് (വർഷം 11 ശതമാനം എന്ന നിരക്കിൽ കണക്കാക്കിയത്).

(ii) അക്ഷയ കമ്പ്യൂട്ടർ സാക്ഷരതാ പരിപാടി നടപ്പിലാക്കുന്നതിനായി കോഴിക്കോട് ജില്ലാപഞ്ചായത്ത് 2007 മാർച്ചിൽ ആകെ ₹37.31 ലക്ഷം പദ്ധതി ഫണ്ടിൽ നിന്നും നാല് ഡിമാന്റ് ഡ്രാഫ്റ്റുകളായി പിൻവലിച്ച് അക്ഷയ ജില്ലാ പ്രോജക്ട് ഓഫീസർക്ക് നൽകി. ഈ തുക കണക്കുകളിൽ ചെലവായി രേഖപ്പെടുത്തിയിരുന്നെങ്കിലും ജില്ലാ പഞ്ചായത്ത് 2006-07 സാമ്പത്തിക വർഷത്തിൽ അക്ഷയ ജില്ലാ പ്രോജക്ട് ഓഫീസർക്ക് ഡിമാന്റ് ഡ്രാഫ്റ്റുകൾ

നൽകിയില്ല. രണ്ടു വർഷത്തിനു ശേഷം , ജില്ലാപഞ്ചായത്ത് ഈ ഡിമാന്റ് ഡ്രാഫ്റ്റുകൾ റദ്ദു ചെയ്യുകയും 2009 മാർച്ചിൽ ഈ തുകയ്ക്ക് പുതിയ ഡിമാന്റ് ഡ്രാഫ്റ്റ് എടുത്ത്, ജില്ലാ പ്രോജക്ട് ഓഫീസർക്ക് നൽകുകയും ചെയ്തു. അപക്വമായി കാശ് കൈകാര്യം ചെയ്തത് വഴി പ്രോജക്ട് ഓഫീസർക്ക് കാശ് നൽകുന്നതിൽ കാലതാമസം ഉണ്ടായെന്ന് മാത്രമല്ല, രണ്ടു വർഷക്കാലം സർക്കാർ ഫണ്ട് സർക്കാർ അക്കൗണ്ടുകൾക്ക് പുറത്ത് നിർത്തുന്നതിനിടയാക്കുകയും ചെയ്തു. ഇതിന്റെ ഫലമായി പലിശ നഷ്ടം 11 ശതമാന നിരക്കിൽ കണക്കുകൂട്ടിയാൽ ₹7.86 ലക്ഷമാണ്. ജില്ലാപഞ്ചായത്തിലെ ജീവനക്കാരുടെ ഭാഗത്തുണ്ടായ വീഴ്ചയാണ് ഇതിനിടയാക്കിയതെന്നും ഉചിതമായ നടപടിയെടുക്കുന്നതിന് ഈ കാര്യം പരിശോധിച്ചുവരികയാണെന്നും സർക്കാർ പ്രസ്താവിച്ചു (2011 ഫെബ്രുവരി).

**3.2.10.3 ആന്തരിക ഓഡിറ്റ്**

പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ആന്തരിക ഓഡിറ്റ് സംസ്ഥാനത്തെ പ്രവർത്തനക്ഷമതാ ഓഡിറ്റ് വിഭാഗമാണ് നടത്തുന്നത്. തദ്ദേശ സ്വയംഭരണ വകുപ്പിന്റെ അധികാരമുള്ള പ്രിൻസിപ്പൽ സെക്രട്ടറിയെ സംസ്ഥാന പ്രവർത്തനക്ഷമതാ ഓഡിറ്റ് അതോറിറ്റിയായി നിയുക്തനാക്കുകയും അതിന് ഒരു സംസ്ഥാന പ്രവർത്തനക്ഷമതാ ഓഡിറ്റ് ഓഫീസും ഉണ്ട്. 1997-ലെ കേരള പഞ്ചായത്ത്രാജ് (പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളനുസരിച്ച് എല്ലാ പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെയും പ്രവർത്തനക്ഷമതാ ഓഡിറ്റ് മൂന്ന് മാസത്തിലൊരിക്കൽ നടത്തുകയും വാർഷിക റിപ്പോർട്ടുകൾ തയ്യാറാക്കി സർക്കാരിന് സമർപ്പിക്കുകയും ചെയ്യേണ്ടതാണ്. തട്ടിപ്പുകളും തെറ്റുകളും തടയുന്നതിലേക്കായി സംഘടനാ സംവിധാനവും പ്രവർത്തനങ്ങളും തിട്ടപ്പെടുത്തുന്നതിനും കൂടാതെ പ്രശ്നങ്ങൾ ഉണ്ടാവുമ്പോൾ തന്നെ അവ കണ്ടുപിടിക്കുന്നതിനും പരിഹരിക്കുന്നതിനും പ്രവർത്തനക്ഷമതാ ഓഡിറ്റ് സഹായിക്കുന്നു. നിലവിൽ, പ്രവർത്തനക്ഷമതാ ഓഡിറ്റ് ഗ്രാമപഞ്ചായത്തുകളിൽ മാത്രം മൂന്ന് മാസത്തിലൊരിക്കൽ നടത്തുന്നു. ബ്ലോക്ക് പഞ്ചായത്തുകളിലും ജില്ലാപഞ്ചായത്തുകളിലും അർദ്ധവാർഷികമായും വാർഷികമായും മാത്രമാണ്

പ്രവർത്തനക്ഷമതാ ഓഡിറ്റ് നടത്തുന്നത്. നിഷ്കർഷിച്ചിരിക്കുന്ന ഇടവേളകളിൽ പ്രവർത്തനക്ഷമതാ ഓഡിറ്റ് നടത്തുന്നില്ലെന്നുള്ള വസ്തുത ബ്ലോക്ക് പഞ്ചായത്തുകളിലും ജില്ലാ പഞ്ചായത്തുകളിലും പ്രശ്നങ്ങൾ സമയോചിതമായി കണ്ടെത്താതിരിക്കുക വഴിയുള്ള അപകടം വർദ്ധിപ്പിക്കുന്നു.

**3.2.11 നിഗമനം**

ഓഫീസ് രേഖകളുമായി ട്രഷറിയിൽ നിന്നും കിട്ടുന്ന ഇടപാടുകളുടെ സ്റ്റേറ്റ്മെന്റ് ഒത്തുനോക്കുന്നതിൽ പഞ്ചായത്ത് രാജ് സ്ഥാപനങ്ങൾ വീഴ്ചവരുത്തിയത് ഫണ്ടുകളുടെ കുറഞ്ഞ നിക്ഷേപത്തിന് ഇടയാക്കി . സംസ്ഥാന സർക്കാർ പദ്ധതിയുടെ മദ്ധ്യകാല വിലയിരുത്തൽ നടത്താതിരുന്നതിനാൽ കൊല്ലം , കോട്ടയം, മലപ്പുറം ജില്ലകളിൽ സംയോജിത തരിശുഭൂമി വികസന പരിപാടി നടപ്പാക്കുന്നതിന് വകയിരുത്തിയ ₹11.92 കോടിയുടെ കേന്ദ്ര ധനസഹായം ലഭ്യമാക്കിയില്ല. 2006-07 മുതൽ 2008-09 വരെയുള്ള കാലയളവിൽ വികസന ചെലവ് ഫണ്ടിലും പരിപാലന ചെലവ് ഫണ്ടിലും ഉപയോഗത്തിലുണ്ടായ കുറവ് 25 പഞ്ചായത്ത് രാജ് സ്ഥാപനങ്ങൾക്ക് 2008-09 മുതൽ 2010-11 വരെയുള്ള ഫണ്ടുകളുടെ വകയിരുത്തലിൽ ₹25.29 കോടി കുറയുന്നതിനിടയാക്കി. പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ബജറ്റ് നിയന്ത്രണങ്ങൾ ഫലപ്രദമായിരുന്നില്ല. പഞ്ചായത്ത് രാജ് സ്ഥാപനങ്ങൾ എല്ലാ വർഷവും മാർച്ച് മാസം അവസാനത്തിൽ ബജറ്റ് അവതരിപ്പിച്ചിരുന്നതിനാൽ അവ മതിയാംവണ്ണം ചർച്ചചെയ്യപ്പെടുകയോ പഞ്ചായത്തുകളിൽ വിശദമായ ചർച്ചയ്ക്ക് വിധേയമാക്കപ്പെടുകയോ ചെയ്തിരുന്നില്ല . വരവിന്റെയും ചെലവിന്റെയും ബജറ്റിലെ കണക്കുകളും യഥാർത്ഥ കണക്കുകളുമായി വലിയ വ്യത്യാസമുണ്ടായിരുന്നു. പഞ്ചായത്ത് രാജ് സ്ഥാപനങ്ങൾ സാമ്പത്തിക വർഷത്തിന്റെ അവസാന മാസത്രയത്തിൽ 50 മുതൽ 100 ശതമാനം വരെ ചെലവ് ചെയ്തത് സാമ്പത്തിക നിയന്ത്രണത്തിലെ പോരായ്മ സൂചിപ്പിക്കുന്നു . പഞ്ചായത്ത് രാജ് സ്ഥാപനങ്ങൾ ആവശ്യത്തിന് വളരെ മുമ്പുതന്നെ വാങ്ങലിന് ചെലവ് നടത്തിയതായും, ഗുണഭോക്താക്കളെ കണ്ടുപിടിക്കുന്നതിനുമുമ്പുതന്നെ നടപ്പാക്കൽ ഏജൻസികൾക്ക് മുൻകൂർ തുക നൽകിയതായും കമ്പ്യൂട്ടർ സാക്ഷരത പരിപാടിയ്ക്ക്

സർക്കാർ നിശ്ചയിച്ചതിനേക്കാൾ കൂടുതൽ തുക നിക്ഷേപിച്ചതായും ഓഡിറ്റ് കണ്ടെത്തി. തൊഴിൽ നികുതി അടയ്ക്കേണ്ടതായിട്ടുള്ള എല്ലാ യോഗ്യരായ നികുതിദായകരുടെയും നിലവിലെ വിവരങ്ങളുള്ള ഡാറ്റാബേസ് സൂക്ഷിക്കാതിരുന്നതിനാൽ 53 സ്ഥാപനങ്ങളുടെയും 26 സ്ഥാപനങ്ങളിലെ ജീവനക്കാരുടെയും തൊഴിൽ നികുതി കണക്കാക്കിയിില്ല. പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ പ്രാഥമിക കണക്കുകളുടെ രേഖകൾ സൂക്ഷിക്കുന്നതിൽ പോരായ്മയുണ്ടായിരുന്നു.

### 3.2.12 ശുപാർശകൾ

- ഉപയോഗ സാക്ഷ്യപത്രങ്ങൾ സമയോചിതമായി സമർപ്പിക്കുന്നതിന് സർക്കാർ നടപടികൾ കൈക്കൊള്ളണം .
- ചെലവാക്കിയ തുക ഭാരത സർക്കാരിൽ നിന്നും തിരികെ ലഭിക്കുമ്പോൾ ആ തുകയുടെ കണക്കുവയ്ക്കുന്നതിനും വിനിയോഗത്തിനുമായി സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾ പുറത്തിറക്കണം .
- പഞ്ചായത്ത് രാജ് സ്ഥാപനങ്ങൾ ട്രഷറിയിൽ നിന്നും യഥാർത്ഥ ആവശ്യത്തിലധികം വികസന ചെലവ് ഫണ്ട് പിൻവലിക്കാതിരിക്കുന്നതിനും, ഫണ്ടുകൾ ലാപ്സായി പോകുന്നതൊഴിവാക്കാൻ വേണ്ടി ബാങ്ക് അക്കൗണ്ടുകളിലും മറ്റ ഏജൻസികളിലും സൂക്ഷിക്കുന്നതൊഴിവാക്കാനും വേണ്ടി സർക്കാർ നിയന്ത്രണവും മേൽ നിരീക്ഷണ സംവിധാനങ്ങളും ശക്തിപ്പെടുത്തണം
- ഗ്രാമപഞ്ചായത്തുകൾ തൊഴിൽ നികുതി അടയ്ക്കാൻ യോഗ്യരായ എല്ലാ നികുതിദായകരുടെയും ഒരു ഡാറ്റാബേസ് സൂക്ഷിക്കുന്നു എന്ന് സർക്കാർ ഉറപ്പാക്കണം.
- സഞ്ചിത നിധിയിലേയ്ക്ക് തിരിച്ചടയ്ക്കേണ്ട ഒരു തുകയും പഞ്ചായത്ത് ഫണ്ടിൽ സൂക്ഷിക്കുന്നില്ലെന്ന് പ്രവർത്തനക്ഷമതാ ഓഡിറ്റ് സംവിധാനം മുഖേന സർക്കാർ ഉറപ്പുവരുത്തണം.
- ട്രഷറിയിൽ നിന്നും കിട്ടുന്ന ഡിമാന്റ് ഡ്രാഫ്റ്റുകൾ കൃത്യസമയത്തുതന്നെ

വിതരണം ചെയ്യുന്നതിന് അനുയോജ്യമായ സംവിധാനം സർക്കാർ നിശ്ചയിക്കണം.

ഓഡിറ്റ് ഖണ്ഡികകൾക്കും സമിതി ആരാഞ്ഞ അധിക വിവരങ്ങൾക്കും സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം -II ആയി ചേർക്കുന്നു.

1. പഞ്ചായത്ത് രാജ് സ്ഥാപനങ്ങൾ അവരുടെ ബഡ്ജറ്റിൽ പ്രഖ്യാപിക്കുന്ന പദ്ധതികൾ അതതു സാമ്പത്തിക വർഷത്തിൽ നടപ്പാക്കുകയും പൂർത്തീകരിക്കുകയും ചെയ്യുന്നുണ്ടോയെന്ന് പരിശോധിക്കുന്നതിനുള്ള സംവിധാനങ്ങളെക്കുറിച്ച് സമിതി ആരാഞ്ഞതിന് അക്കാര്യം ഗ്രാമസഭകളിൽ ചർച്ച ചെയ്യണമെന്നും മുൻ സാമ്പത്തിക വർഷം എന്തെല്ലാം പദ്ധതികൾ നിർദ്ദേശിച്ചുവെന്നും ഗ്രാമസഭയുടെ തീരുമാനങ്ങൾ എന്തെല്ലാമായിരുന്നെന്നും അതിന്മേൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ എന്തെല്ലാം പദ്ധതികൾ നടപ്പിലാക്കിയെന്നുമുള്ള റിപ്പോർട്ടുകളും ഫിനാൻഷ്യൽ സ്റ്റേറ്റ്മെന്റും ഓഡിറ്റർ സർട്ടിഫൈ ചെയ്ത റിപ്പോർട്ടും ഗ്രാമസഭകളിൽ സമർപ്പിക്കണമെന്നുമാണ് നിയമം നിഷ്കർഷിക്കുന്നതെന്നും ഡെപ്യൂട്ടി അക്കൗണ്ടന്റ് ജനറൽ ഓഡിറ്റ് - I മറുപടി നൽകി.

2. ഉദ്യോഗസ്ഥർ ബഡ്ജറ്റിനെ ഗൗരവപൂർവ്വം കാണാറില്ലെന്നും മുൻ വർഷങ്ങളിലെ ബഡ്ജറ്റ് അതുപോലെ തന്നെ പകർത്തുന്ന രീതി കണ്ടുവരുന്നുണ്ടെന്നും ബഡ്ജറ്റിന്റെ പ്രാധാന്യം സംബന്ധിച്ച് ബോധവത്കരണം ആവശ്യമാണെന്നും പദ്ധതികൾ കൃത്യമായി നിർവ്വഹിക്കുന്നില്ലെന്ന് ഓഡിറ്റ് ഖണ്ഡികയിൽ പരാമർശമുണ്ടെന്നും ബഡ്ജറ്റും പദ്ധതികളും തയ്യാറാക്കുമ്പോൾ ഗ്രാമ-ബ്ലോക്ക്-ജില്ലാപഞ്ചായത്തുകൾ തമ്മിൽ കോ -ഓർഡിനേഷൻ ഉണ്ടാകണമെന്നും ഒരേ പദ്ധതിക്കുവേണ്ടി ബഡ്ജറ്റ് വിഹിതവും എം.എൽ.എ. ഫണ്ടും അനുവദിക്കുന്ന അവസ്ഥയുണ്ടാകരുതെന്നും ആയതു സംബന്ധിച്ച് കൃത്യമായ മാർഗ്ഗരേഖ ആവശ്യമാണെന്നും സമിതി ചൂണ്ടിക്കാട്ടി.

3. പദ്ധതി വിഹിതത്തിന്റെ വിനിയോഗം സംബന്ധിച്ച് കോ -ഓർഡിനേഷൻ കമ്മിറ്റി എല്ലാ മാസവും നടത്തുന്ന വിലയിരുത്തലിന്റെ അടിസ്ഥാനത്തിലാണ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നടപ്പ് സാമ്പത്തിക വർഷം മുതൽ ബഡ്ജറ്റ് രൂപീകരണം നടക്കുന്നതെന്നും നിലവിൽ സാമ്പത്തിക വർഷം ആരംഭിക്കുന്നതിന് മുൻപുതന്നെ പദ്ധതി രൂപീകരണം ആസൂത്രണം ചെയ്യുന്നതു മൂലം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ കൂടുതൽ ഫലപ്രദമായി പദ്ധതികൾ നടപ്പിലാക്കാൻ കഴിയുമെന്നും തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ സെക്രട്ടറി & സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസർ വ്യക്തമാക്കി.

4. വികസന ചെലവ്/പരിപാലന ചെലവ്/പൊതു ഉദ്ദേശ്യ ഫണ്ട് എന്നിവയിലെ കുറഞ്ഞ നിക്ഷേപം എന്ന ഓഡിറ്റ് പരാമർശം സംബന്ധിച്ച് 2005-06 മുതൽ 2009-10 വരെയുള്ള കാലയളവിൽ കൊല്ലം , കോട്ടയം, മലപ്പുറം, കോഴിക്കോട് എന്നീ ജില്ലകളെ സംബന്ധിച്ചാണ് പരാമർശമെന്നും ഓഡിറ്റ് പരാമർശിച്ച വിഷയങ്ങൾ പരിഹരിക്കാൻ വേണ്ട നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും കുറവുള്ള തുക അതത് പഞ്ചായത്തുകളുടെ അക്കൗണ്ടിൽ നിക്ഷേപിച്ചിട്ടുണ്ടെന്നും തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ സെക്രട്ടറി & സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസറും സിസ്റ്റം മാറിയതിനാൽ നിലവിൽ അത്തരം വിഷയങ്ങൾ ഇല്ലെന്നും എല്ലാം പൂർത്തീകരിക്കുന്ന മുറയ്ക്ക് ട്രഷറി ഡയറക്ടർക്കാണ് തുക അക്കൗണ്ട് ട്രാൻസ്ഫർ ചെയ്യുന്നതെന്ന് ധനകാര്യ വകുപ്പ് അഡീഷണൽ സെക്രട്ടറിയും ബോധിപ്പിച്ചു.

5. ഇടമുളയ്ക്കൽ ഗ്രാമപഞ്ചായത്ത് 2007-08 വർഷത്തെ രണ്ടാം ഗഡു ജനറൽ പർപ്പസ് ഗ്രാന്റ് തുകയായ ₹2,97,917/- ഗ്രാമപഞ്ചായത്തിന്റെ അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്തിട്ടില്ലെന്നും തുക അനുവദിക്കുന്നതിന് സർക്കാരിലേക്ക് അപേക്ഷ സമർപ്പിക്കാൻ 29.12.2021-ലെ സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസറുടെ

യോഗത്തിൽ നിർദ്ദേശിച്ചിരുന്നതായും സർക്കാർ മറുപടിയിൽ വിശദീകരിച്ചിരിക്കുന്നതായി ചെയർമാൻ ചൂണ്ടിക്കാട്ടി. പ്രസ്തുത തുക ലഭിക്കാൻ സർക്കാരിലേക്ക് കത്തയച്ചിരുന്നോയെന്ന് സമിതി ആരാഞ്ഞതിന് ഇതുവരെയും അത്തരത്തിൽ റെക്കമെന്റേഷൻ ലഭിച്ചിട്ടില്ലെന്ന് പഞ്ചായത്ത് ഡയറക്ടറേറ്റ് സീനിയർ ഫിനാൻസ് ഓഫീസർ അറിയിച്ചപ്പോൾ 03.01.2022 ൽ ഡി.ഡി.പി. മുഖേന പ്രിൻസിപ്പൽ സെക്രട്ടറിക്ക് കത്ത് കൊടുത്തിട്ടുണ്ടെന്ന് ഇടമുളയ്ക്കൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറി വ്യക്തമാക്കി.

6. ഡി.ഡി.പി.യുടെ ഓഫീസിൽ വന്ന പെൻഡൻസിയാണ് തുക ലഭ്യമാകാത്തതിന് കാരണമെന്ന് തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ സെക്രട്ടറി അറിയിച്ചപ്പോൾ പെൻഡിംഗ് ആയതിന് വിശദീകരണം ആരായണമെന്ന് സമിതി നിർദ്ദേശിച്ചു. പ്രിൻസിപ്പൽ സെക്രട്ടറിക്ക് കൊടുത്ത കത്തിന്റെ കോപ്പി ഡയറക്ടർക്ക് കൊടുത്തിരുന്നോ എന്ന് സമിതി ആരാഞ്ഞതിന് 11.01.2022-ൽ പഞ്ചായത്ത് ഡയറക്ടർക്കും പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർക്കും കത്ത് കൊടുത്തിട്ടുണ്ടെന്നും ആയതിന്റെ പകർപ്പ് കമ്മിറ്റി തീരുമാനവും അഭിപ്രായക്കുറിപ്പും ഉൾപ്പെടെ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിക്ക് നൽകിയിട്ടുണ്ടെന്നും ഇടമുളയ്ക്കൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറി വിശദമാക്കി. പഞ്ചായത്ത് സെക്രട്ടറി ലഭ്യമാക്കിയ റിപ്പോർട്ട് എവിടെയാണുള്ളതെന്ന് കണ്ടെത്താമെന്നും പരിശോധിക്കാമെന്നും സമിതി മുമ്പാകെ പഞ്ചായത്ത് ഡയറക്ടറേറ്റ് സീനിയർ ഫിനാൻസ് ഓഫീസർ മറുപടി നൽകി. വീഴ്ച പറ്റിയത് ആർക്കാണെന്ന് കണ്ടെത്തുകയും സംഭവത്തിന്റെ നിജസ്ഥിതി സംബന്ധിച്ച അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കുവാനും സമിതി നിർദ്ദേശിച്ചു.

7. കേന്ദ്രാവിഷ്കൃത പദ്ധതിയുമായി ബന്ധപ്പെട്ട് മദ്ധ്യകാല വിലയിരുത്തൽ നടത്തി ഫണ്ട് പൂർണ്ണമായി ലഭ്യമാക്കാനുള്ള നടപടി സ്വീകരിക്കുന്നുണ്ട് എന്ന സർക്കാർ മറുപടി സമിതി അംഗീകരിച്ചു.

8. ഫറോക്ക് മുനിസിപ്പാലിറ്റി, ഗ്രാമപഞ്ചായത്ത് ആയിരുന്ന സമയത്ത് അടയ്ക്കാനുണ്ടായിരുന്ന തുക സംബന്ധിച്ച വിശദീകരണം സമിതി ആരാഞ്ഞതിന്, ഫറോക്ക് മുനിസിപ്പാലിറ്റിയിൽ ഇതു സംബന്ധിച്ച ഫയലുകൾ ഒന്നും തന്നെ ലഭ്യമല്ലെന്ന് സെക്രട്ടറി മറുപടി നൽകി. പഞ്ചായത്തുകൾ മുൻസിപ്പാലിറ്റിയായി മാറിയ സ്ഥലത്തെല്ലാം റിക്കാർഡുകൾ കൃത്യമായി ലഭ്യമല്ലാത്ത അവസ്ഥയുണ്ടെന്നും ഇതൊരു ഗുരുതരമായ പൊതുപ്രശ്നമാണെന്നും ഒരു ഭരണസംവിധാനം മാറി പുതിയത് വരുമ്പോൾ ബന്ധപ്പെട്ട ഫയലുകൾ സൂക്ഷിക്കുകയും കൈമാറുകയും ചെയ്യേണ്ട ഉത്തരവാദിത്തം മുമ്പുണ്ടായിരുന്ന ഭരണസമിതിക്കുണ്ടെന്നും ആയത് സംബന്ധിച്ച് കൃത്യമായ മാർഗ്ഗരേഖകൾ ആവശ്യമാണെന്നും സമിതി ചൂണ്ടിക്കാട്ടി. എന്നാൽ മാർഗ്ഗരേഖകൾ നിലവിലുണ്ടെന്നും ഇത്തരം സാഹചര്യങ്ങളിൽ തദ്ദേശസ്വയംഭരണ വകുപ്പ് സ്വീകരിക്കേണ്ട നടപടിക്രമങ്ങളെക്കുറിച്ച് ധനകാര്യ വകുപ്പ് നോട്ട് കൊടുത്തിട്ടുണ്ടെന്നും ഭരണപരിഷ്കാരകമ്മീഷന്റെ ശിപാർശയിലും അത് സംബന്ധിച്ച് പരാമർശമുണ്ടെന്നും ധനകാര്യവകുപ്പ് അഡീഷണൽ സെക്രട്ടറി വ്യക്തമാക്കി . വകുപ്പുകളുടെ സംയോജനത്തെത്തുടർന്ന് രേഖകൾ കൈമാറുന്നത് സംബന്ധിച്ചുള്ള സർക്കാർ ഉത്തരവ് പാലിക്കുന്നില്ല എന്ന് മാത്രമല്ല പിന്നീട് അത് പരിഹരിക്കാൻ ശ്രമിക്കുന്നില്ല എന്നുമുള്ളത് ഗുരുതരമായ വീഴ്ചയാണെന്ന് സമിതി വിലയിരുത്തി.

9. ഫറോക്ക് പഞ്ചായത്ത് മുൻസിപ്പാലിറ്റിയായിട്ട് ആറ് വർഷമായിയെന്നും പഴയ ഫയലുകൾ കണ്ടെത്തി പരിശോധിക്കുന്നതിന് കുറച്ചുകൂടി സമയം ആവശ്യമാണെന്നും നിലവിൽ എല്ലാ കാര്യങ്ങളും കൃത്യമായാണ് ചെയ്യുന്നതെന്നും ഫറോക്ക് മുൻ സിപ്പാലിറ്റി സെക്രട്ടറി അറിയിച്ച അവസരത്തിൽ പല ഓഡിറ്റ് പരാമർശങ്ങൾക്കും അതേ മറുപടിയാണ് ഫറോക്ക് മുൻസിപ്പാലിറ്റിയിൽ നിന്നും ലഭിക്കുന്നതെന്നും ഫയലുകൾ കൃത്യമാണോയെന്ന കാര്യത്തിൽ സംശയമുണ്ടെന്നും സീനിയർ ഓഡിറ്റ് ഓഫീസർ ബോധിപ്പിച്ചു.

10. പഞ്ചായത്തുകൾ നഗരസഭകളായി മാറുമ്പോൾ ഫയലുകൾ രേഖാമൂലം കൈമാറേണ്ടതാണെന്നും ഫറോക്ക് പഞ്ചായത്ത്, മുൻസിപ്പാലിറ്റിയായ സമയത്ത്

അവിടെ ജോലിചെയ്തിരുന്ന നിലവിൽ സർവ്വീസിലുള്ളവരെ കണ്ടെത്തി വിഷയം ചർച്ച ചെയ്ത് പഞ്ചായത്തും മുൻസിപ്പാലിറ്റിയും സംയുക്തമായി പരിശോധന നടത്തി ഫയലുകൾ കണ്ടെത്തുന്നതിന് നടപടി സ്വീകരിക്കണമെന്ന് സീനിയർ ഫിനാൻസ് ഓഫീസർ അറിയിച്ചപ്പോൾ ഫറോക്ക് നഗരസഭ മുൻകൈയെടുത്ത് ഫയലുകൾ അടിയന്തരമായി കണ്ടെത്തുന്നതിന് നടപടി സ്വീകരിക്കണമെന്നും പഞ്ചായത്തിനും മുനിസിപ്പാലിറ്റിക്കും ഇക്കാര്യത്തിൽ ഉത്തരവാദിത്തമുണ്ടെന്നും സമിതി നിർദ്ദേശിക്കുകയും ചെയ്തു.

11. വികസന ഫണ്ടിൽ നിന്നും പിൻവലിച്ചതിൽ ഉപയോഗിക്കാത്ത മുഴുവൻ തുകയും തിരിച്ചടച്ചതായി സർക്കാർ മറുപടിയിലുണ്ടെന്ന് ധനകാര്യവകുപ്പ് അഡീഷണൽ സെക്രട്ടറി വ്യക്തമാക്കി. നന്നംമുക്ക് ഗ്രാമപഞ്ചായത്ത് നീക്കിയിരുപ്പ് തുക ട്രഷറിയിൽ തിരിച്ചടച്ചിട്ടുണ്ടെന്നും മറക്കര ഗ്രാമപഞ്ചായത്ത് 7.79 ലക്ഷത്തിന്റെ പ്രത്യേക പദ്ധതി തയ്യാറാക്കി ഭരണസമിതിയുടെയും ഡി.പി.സി.യുടെയും അംഗീകാരം ലഭ്യമാക്കി അത് ചെലവഴിക്കാമെന്ന് 14.12.2021 ലെ പഞ്ചായത്ത് മീറ്റിംഗിൽ തീരുമാനിച്ചിരുന്നെന്നും എന്നാൽ, ഡി.പി.സി.യുടെ അംഗീകാരം ലഭിക്കാതിരുന്നതിനാൽ പദ്ധതി നടപ്പാക്കാനായില്ലെന്നും തുടർന്ന് നീക്കിയിരുപ്പ് തുക ട്രഷറിയിൽ അടയ്ക്കണമെന്ന് നിർദ്ദേശം കൊടുത്തിട്ടുണ്ടെന്നും സീനിയർ ഫിനാൻസ് ഓഫീസർ, സമിതിയെ അറിയിക്കുകയും തുടർന്ന് മാർച്ച് 31-ന് മുമ്പ് ടി തുക തിരിച്ചടയ്ക്കണമെന്നും പ്രസ്തുത വിവരം പഞ്ചായത്ത് ഡയറക്ടറേറ്റിൽ റിപ്പോർട്ട് ചെയ്യണമെന്നും മറക്കര ഗ്രാമപഞ്ചായത്ത് സെക്രട്ടറിയോട് നിർദ്ദേശിക്കുകയും ചെയ്തു.

12. ഡിജിറ്റൽ എംപവർമെന്റ് പ്രോഗ്രാം സംബന്ധിച്ച് ബാലൻസ് തുക തിരിച്ചടച്ചതായി കാണിച്ച് അക്ഷയ ജില്ലാ കോ-ഓർഡിനേറ്റർ കത്ത് നൽകിയിട്ടുള്ളതായും പ്രസ്തുത മറുപടി എ.ജി.ക്ക് അയച്ചുകൊടുക്കാമെന്നും മേലിൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയും ബാലൻസ് തുക പഞ്ചായത്തിലേയ്ക്കില്ല ഗവൺ

മെന്റിലേക്ക് നേരിട്ട് അടയ്ക്കുകയാണ് ചെയ്തിട്ടുള്ളതെന്ന് പഞ്ചായത്ത് ഡയറക്ടറേറ്റ് സീനിയർ ഫിനാൻസ് ഓഫീസറും അറിയിച്ചു.

13. ഉപയോഗിക്കാതെ കിടക്കുന്ന വികസന ചെലവ് ഫണ്ട് എന്ന ഓഡിറ്റ് പരാമർശം സംബന്ധിച്ച് സർക്കാർ ലഭ്യമാക്കിയ മറുപടി സമിതി അംഗീകരിച്ചു.

14. ഗുണഭോക്താക്കളെ തിരഞ്ഞെടുക്കുന്നതിന് മുൻപാണോ ഐ .ടി.മിഷന് തുക നൽകിയതെന്ന കാര്യം അറിയില്ലെന്നും ഇ -വിദ്യാ കോഴ്സിനായി ചെലവഴിച്ച തുകയിൽ ബാക്കിയുള്ളത് ജില്ലാ കളക്ടറുടെ നിർദ്ദേശപ്രകാരം അതത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് തിരികെ നൽകിയിട്ടുണ്ടെന്ന് അക്ഷയ ഫിനാൻസ് ഓഫീസറും എക്സ്പെന്റിച്ചർ കാണിക്കാൻ മുൻകാലങ്ങളിൽ ഇപ്രകാരം ചെയ്തിരിക്കാമെന്നും നിലവിൽ അങ്ങനെയുള്ള സിസ്റ്റം ഇല്ലെന്നും ഇക്കാര്യം കർശനമായി പരിശോധിക്കുന്നുണ്ടെന്ന് ധനകാര്യ വകുപ്പ് അഡീഷണൽ സെക്രട്ടറിയും വിശദീകരിച്ചു. ഇത്തരം കാര്യങ്ങൾ ആവർത്തിക്കാതിരിക്കുന്നതിനായി വകുപ്പ് കൂടുതൽ ജാഗ്രത പുലർത്തണമെന്ന് സമിതി നിർദ്ദേശിച്ചു.

15. അക്ഷയ കമ്പ്യൂട്ടർ സാക്ഷരതാ പരിപാടിക്കുവേണ്ടി അധിക നിക്ഷേപം എന്ന ഓഡിറ്റ് പരാമർശത്തിന്മേൽ സർക്കാർ ലഭ്യമാക്കിയ മറുപടി സമിതി അംഗീകരിച്ചു.

16. വാട്ടർ അതോറിറ്റിയുടെ കൈവശം ബാക്കിയുള്ള ₹320.55 ലക്ഷം ജില്ലാ പഞ്ചായത്തിലേക്ക് തിരിച്ചടച്ചോ എന്ന് സമിതി ആരാഞ്ഞതിന് കോ-ഓർഡിനേഷൻ കമ്മിറ്റിയിൽ ചർച്ച ചെയ്തതിന്റെ അടിസ്ഥാനത്തിൽ തുക തിരികെ കൊടുക്കാമെന്നുള്ള നിലപാട് വാട്ടർ അതോറിറ്റി എം .ഡി. സ്വീകരിച്ചിട്ടുണ്ടെന്ന് ധനകാര്യ വകുപ്പ് അഡീഷണൽ സെക്രട്ടറി മറുപടി നൽകി . 145 പ്രവൃത്തികളിൽ 98 എണ്ണം പൂർത്തീകരിച്ചുവെന്നും 47 എണ്ണം ഫീസിബിളല്ലാത്തതിനാൽ ഉപേക്ഷിച്ചുവെന്നും പൂർത്തിയാക്കിയ പ്രവൃത്തികൾക്ക് യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് നിർബന്ധമായും കൊടുക്കുന്നുണ്ടെന്നും ₹21 ലക്ഷം തിരികെ അടച്ചശേഷം ബാക്കിയുണ്ടായിരുന്ന ₹2.79 കോടി ഉപയോഗിച്ച് മലപ്പുറത്ത് 22

പ്രവൃത്തികളും എടപ്പാളിൽ 21 പ്രവൃത്തികളും ചെയ്ത തുക പൂർണ്ണമായും വിനിയോഗിച്ചിട്ടുണ്ടെന്നും മലപ്പുറം ജില്ലാ പഞ്ചായത്തുമായി ബന്ധപ്പെട്ട് പരാമർശ വിഷയത്തിൽ ബാലൻസ് തുകയില്ലെന്നും കേരള വാട്ടർ അതോറിറ്റി അക്കൗണ്ട്സ് മെമ്പർ വിശദമാക്കി.

17. അംഗീകരിച്ച പ്രോജക്ടില്ലാതെ വാട്ടർ അതോറിറ്റി ഫണ്ട് സ്വീകരിക്കുന്നത് ശരിയല്ലെന്ന് സമിതി ചൂണ്ടിക്കാട്ടിയപ്പോൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ബാങ്ക് അക്കൗണ്ടിൽ നേരിട്ട് അടയ്ക്കുകയാണ് ചെയ്യുന്നതെന്നും ഫണ്ട് അക്കൗണ്ടിൽ വന്നതിനുശേഷമാണ് വാട്ടർ അതോറിറ്റി അത് അറിയാറുള്ളത് എന്നും കേരള വാട്ടർ അതോറിറ്റി അക്കൗണ്ട്സ് മെമ്പർ വ്യക്തമാക്കി.

18. വർക്ക് അവാർഡ് ചെയ്ത് എസ്റ്റിമേറ്റെടുത്തതിനുശേഷം ഫണ്ടിനായി ഉത്തരവിറക്കുമെന്നും അതിനുശേഷമാണ് തുക ഡെപ്പോസിറ്റ് ചെയ്യുന്നതെന്നും അക്കാലത്ത് ഫണ്ടിന്റെ യൂട്ടിലൈസേഷൻ കാണിക്കാൻ വേണ്ടി വർഷാവസാനത്തിൽ വാട്ടർ അതോറിറ്റിക്ക് ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ടെന്നും വർക്കെന്തെന്ന് വ്യക്തമാക്കാതെയും അതിന് ആവശ്യമായ ഓർഡർ ചെയ്യാതെയും തുക ഡെപ്പോസിറ്റ് ചെയ്യുന്നത് തെറ്റായ കീഴ്വഴക്കമാണെന്നും ഡെപ്പോസിറ്റ് വർക്കുകൾക്ക് യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റും എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റും നൽകി അക്കൗണ്ട്സ് സെറ്റിൽ ചെയ്യേണ്ടതുണ്ടെന്നും തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി ചെയർമാനായ യോഗത്തിൽ അക്കാര്യം ചർച്ച ചെയ്യുവെന്നും വാട്ടർ അതോറിറ്റി എം.ഡി. പ്രസ്തുത യോഗത്തിൽ പങ്കെടുത്തിരുന്നെന്നും തുക കണക്കാക്കുന്നതിന് വാട്ടർ അതോറിറ്റി സമയം ആവശ്യപ്പെട്ടിട്ടുണ്ടെന്നും ഡെപ്പോസിറ്റ് തുകയുടെ പലിശ കൂടി നൽകണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ടെന്നും ധനകാര്യ വകുപ്പ് അഡീഷണൽ സെക്രട്ടറി കൂട്ടിച്ചേർത്തു . വാട്ടർ അതോറിറ്റി ആവശ്യപ്പെട്ട് നിക്ഷേപിച്ച തുകയാണെങ്കിൽ പലിശ ചോദിക്കാവുന്നതാണെന്നും പദ്ധതി വ്യക്തമാക്കാതെ ഫണ്ട് പാസ്സാക്കില്ലെന്നും പരസ്പരധാരണയിൽ തന്നെയാണ് കാര്യങ്ങൾ നടക്കുന്നതെന്നും വാട്ടർ അതോറിറ്റി കൂടി അംഗീകരിച്ചാൽ മാത്രമേ

തുക അടയ്ക്കാൻ കഴിയുകയുള്ളൂവെന്നും സമിതി അഭിപ്രായപ്പെട്ടു. പിന്നീടുള്ള ഭരണസമിതിയുടെ കീഴിൽ വർക്ക് തീരുമാനിച്ച് അറിയിക്കാമെന്ന് പറഞ്ഞുകൊണ്ടാണ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ പണം നിക്ഷേപിക്കുന്നതെന്നും അതിനാൽ തന്നെ തുക നിക്ഷേപിക്കരുതെന്നോ വർക്ക് ചെയ്യാൻ സാധിക്കില്ലെന്നോ പറയാൻ കഴിയില്ലെന്നും കേരള വാട്ടർ അതോറിറ്റി ഫിനാൻസ് മാനേജർ അറിയിച്ചു. ചെലവഴിക്കാതെ നിക്ഷേപമായി കിടക്കുന്ന തുകയുടെ പലിശ വാട്ടർ അതോറിറ്റിക്ക് ലഭിക്കുന്നുണ്ടെന്നും അത് മെയിന്റനൻസ് ആവശ്യത്തിനായി ഉപയോഗിക്കുന്നുവെന്നും ഇതുസംബന്ധിച്ച സമിതിയുടെ ചോദ്യത്തിന് മറുപടിയായി കേരള വാട്ടർ അതോറിറ്റി ഫിനാൻസ് മാനേജർ വിശദീകരിച്ചു. ഉപയോഗിക്കാത്ത തുകയുടെ പലിശ കൂടി തിരിച്ചടയ്ക്കണമെന്ന് ധനകാര്യ വകുപ്പ് ആവശ്യപ്പെട്ടാൽ അത് നൽകേണ്ടിവരുമെന്ന് സമിതി ചൂണ്ടിക്കാട്ടിയപ്പോൾ ആയത് നൽകാമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

19. ജലനിധി പദ്ധതിയുടെ തുക മിക്കവാറും എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും ബാക്കിയുണ്ടെന്നും ടി തുക ജൽജീവൻ മിഷൻ പദ്ധതിയിൽ റോഡ് കട്ടിംഗിന്റെ മെയിന്റനൻസിനായി ഉപയോഗിക്കാമെന്നും ധനകാര്യ വകുപ്പ് അഡീഷണൽ സെക്രട്ടറി വ്യക്തമാക്കി. വാട്ടർ അതോറിറ്റിയുടെ ആവശ്യത്തിനായി റോഡ് മെയിന്റനൻസ് നടത്തേണ്ടിവരുമ്പോൾ അതിനുള്ള തുക വാട്ടർ അതോറിറ്റി പഞ്ചായത്തിന് കൊടുക്കുന്നുണ്ടോ എന്ന് സമിതി ആരാഞ്ഞതിന് റോഡ് മെയിന്റനൻസിനുള്ള തുക പി.ഡബ്ല്യു.ഡി.-യിൽ കെട്ടിവയ്ക്കാറുണ്ടെന്നും പഞ്ചായത്തുകൾക്ക് കൊടുക്കാറില്ലെന്നും നിലവിൽ റോഡ് കട്ട് ചെയ്താൽ വാട്ടർ അതോറിറ്റി തന്നെ അത് മെയിന്റനൻസ് നടത്തേണ്ടതുണ്ടെന്നും കേരള വാട്ടർ അതോറിറ്റി അക്കൗണ്ട്സ് മെമ്പർ മറുപടി നൽകി.

20. ജലനിധിയുടെ ഡെപ്പോസിറ്റ് തുക റോഡ് മെയിന്റനൻസിന് നൽകിയാൽ ഗ്രാമീണറോഡുകളുടെ മെയിന്റനൻസ് നടത്താൻ കഴിയുമെന്ന് സമിതി

അഭിപ്രായപ്പെട്ടു.

21. ജൽജീവൻ പദ്ധതിക്കുവേണ്ടിയുള്ള റോഡ് മെയിന്റനൻസിന് കേന്ദ്ര ഗവൺമെന്റ് ഫണ്ട് നൽകുന്നില്ലെന്നും ആ ചെലവ് സംസ്ഥാന സർക്കാർ വഹിക്കുമെന്നും ആയതിനാൽ റോഡ് മെയിന്റനൻസിന് പ്രസ്തുത ഡെപ്പോസിറ്റ് തുക ഉപയോഗിക്കുന്നതിന് നടപടി സ്വീകരിച്ചാൽ ഉചിതമായിരിക്കുമെന്നും തദ്ദേശസ്വയംഭരണ വകുപ്പും വാട്ടർ അതോറിറ്റിയും ചേർന്നാണ് ഇക്കാര്യത്തിൽ തീരുമാനമെടുക്കേണ്ടതെന്നും ധനകാര്യ വകുപ്പ് അഡീഷണൽ സെക്രട്ടറി വ്യക്തമാക്കി. നിലവിൽ 50:50 എന്ന അനുപാതത്തിലാണ് ജൽജീവൻ പദ്ധതിയിൽ കേന്ദ്ര -സംസ്ഥാന സർക്കാരുകളുടെ വിഹിതമെന്നും 25:15:10 എന്നതാണ് സംസ്ഥാന സർക്കാരും തദ്ദേശസ്വയംഭരണ സ്ഥാപനവും ഗുണഭോക്തൃ വിഹിതവും തമ്മിലുള്ള അനുപാതമെന്നും കേരള വാട്ടർ അതോറിറ്റി അക്കൗണ്ട്സ് മെമ്പർ ചൂണ്ടിക്കാട്ടി.

22. ജൽജീവൻ മിഷൻ സ്കീം മുൻപ് റൂറൽ ഏരിയയിൽ മാത്രമുണ്ടായിരുന്നതാണെന്നും അതിന്റെ ഗൈഡ്ലൈൻ പ്രകാരം ആവശ്യമായ ഭൂമിയും റോഡും മറ്റ് സൗകര്യങ്ങളും പഞ്ചായത്ത് ലഭ്യമാക്കണമെന്നും അതിന്റെ ചെലവ് കേന്ദ്ര സർക്കാർ വഹിക്കില്ലെന്നും അതിനാലാണ് ചെലവ് പഞ്ചായത്ത് വഹിക്കണമെന്ന മാനദണ്ഡം സ്വീകരിച്ചതെന്നും കേരള വാട്ടർ അതോറിറ്റി ഫിനാൻസ് മാനേജർ വിശദീകരിച്ചു.

23. കോളനി പോലുള്ള ദരിദ്ര മേഖലകളിൽ നിന്നും ഗുണഭോക്തൃ -വിഹിതം പിരിക്കുക എളുപ്പമല്ലെന്നും അക്കാര്യത്തിൽ ഫണ്ട് യൂട്ടിലൈസേഷൻ സംബന്ധിച്ച് എൽ.എസ്.ജി.ഡി.യും വാട്ടർ അതോറിറ്റിയും ചേർന്ന് തീരുമാനമെടുക്കണമെന്നും ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു. അതോടൊപ്പം തന്നെ ജലനിധി പദ്ധതിയിലെ ബാലൻസ് തുക ജൽജീവൻ മിഷന്റെ ഭാഗമായുള്ള റോഡ് മെയിന്റനൻസ് പ്രവൃത്തികളുടെ ഉപയോഗത്തിനായി ലഭ്യമാക്കുന്നതിനുവേണ്ട

നടപടികൾ ബന്ധപ്പെട്ട വകുപ്പുകൾ സ്വീകരിക്കണമെന്ന് നിർദ്ദേശിക്കാൻ സമിതി തീരുമാനിച്ചു.

24. ഗ്രാമപഞ്ചായത്തിൽ വെറുതെ കിടക്കുന്ന ജില്ലാ പഞ്ചായത്തിന്റെ വികസന ചെലവ് ഫണ്ട് എന്ന ഓഡിറ്റ് പരാമർശം സംബന്ധിച്ച് സർക്കാർ ലഭ്യമാക്കിയ മറുപടി സമിതി അംഗീകരിച്ചു.

25. സ്വയംസഹായ സംഘങ്ങൾക്ക് ബാങ്ക് ബാക്കി നൽകിയ തുകയിൽ സബ്സിഡി ഉൾപ്പെട്ടിരുന്നോയെന്ന് സമിതി ആരാഞ്ഞതിന് എസ്.ജി.എസ്.വൈ. പദ്ധതി പ്രകാരം ആറ് സ്വയം സഹായസംഘങ്ങൾക്ക് എസ്.ബി.ഐ. ബേപ്പൂർ ശാഖയിൽ നിന്ന് വായ്പയും സബ്സിഡിയും അനുവദിച്ചിരുന്നുവെന്നും പദ്ധതി ചെലവിന്റെ പകുതി തുക മാത്രമാണ് ബാങ്ക് ആദ്യം സംഘങ്ങൾക്ക് നൽകിയതെന്നും പിന്നീട് ബ്ലോക്ക് പഞ്ചായത്ത് ബാങ്കുമായി ബന്ധപ്പെട്ടതിനെ തുടർന്ന് സബ്സിഡിയുൾപ്പെടെ മുഴുവൻ തുകയും മാനദണ്ഡങ്ങൾക്കനുസൃതമായി 26.04.2011 ന് ആറ് സ്വയംസഹായ സംഘങ്ങൾക്കും ലഭ്യമാക്കുകയും ചെയ്തിട്ടുണ്ടെന്നും കോഴിക്കോട് എ.ഡി.സി. (ജനറൽ) അറിയിച്ചു. തുടർന്ന് ടി മറുപടി ഓഡിറ്റ് വകുപ്പിന് ലഭ്യമാക്കുന്നതിന് സമിതി നിർദ്ദേശിച്ചു.

26. വികസന ചെലവ് ഫണ്ടിന്റെയും പരിപാലന ചെലവ് ഫണ്ടിന്റെയും കുറഞ്ഞ ഉപയോഗം എന്ന ഓഡിറ്റ് പരാമർശം സംബന്ധിച്ച് സർക്കാർ ലഭ്യമാക്കിയ മറുപടി സമിതി അംഗീകരിച്ചു.

27. ബജറ്റിന്മേലുള്ള നിയന്ത്രണം എന്ന ഓഡിറ്റ് പരാമർശം സംബന്ധിച്ച് സർക്കാർ ലഭ്യമാക്കിയ മറുപടി സമിതി അംഗീകരിച്ചു.

28. ദൈനംദിന ചെലവുകളിലുള്ള അധിക ചെലവ് എന്ന ഓഡിറ്റ് പരാമർശം സംബന്ധിച്ച് പ്രസ്തുത വിഷയം സർക്കാർ പരിശോധിക്കുകയും ധനകാര്യ വകുപ്പുമായി കൂടിയാലോചിച്ച് തുടർനടപടി സ്വീകരിക്കുവാൻ തീരുമാനിക്കുകയും

ചെയ്തിട്ടുണ്ടെന്ന് തെളിവെടുപ്പിന് മുന്നോടിയായുള്ള യോഗത്തിൽ പറഞ്ഞതായി ഡി.എ.ജി. അറിയിച്ചു. പ്രസ്തുത വിഷയം ഗൗരവമായി പരിശോധിച്ച് വരികയാണെന്നും തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ സെക്രട്ടറി & സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസർ സമിതിയെ അറിയിച്ചു. പ്രസ്തുത വിഷയം സംബന്ധിച്ച് സർക്കാർ സ്വീകരിക്കുന്ന തുടർനടപടി സംബന്ധിച്ച റിപ്പോർട്ട് ലഭ്യമാക്കാൻ സമിതി നിർദ്ദേശിച്ചു.

29. തൊഴിൽ നികുതി ഈടാക്കുന്നതിൽ നിന്നും കക്കോടി ഗ്രാമപഞ്ചായത്തിനെതിരെ ബി.എസ്.എൻ.എൽ. നേടിയ സ്റ്റേ നീക്കം ചെയ്യുന്നത് സംബന്ധിച്ച് സ്റ്റേ വെക്കേറ്റ് ചെയ്യുന്നതിനായി ബി.എസ്.എൻ.എൽ.ന് കത്തയയ്ക്കുകയും സ്റ്റേ നീക്കം ചെയ്യാനാവശ്യമായ സ്റ്റേറ്റ്മെന്റ് കോടതി മുമ്പാകെ സമർപ്പിക്കാൻ നിർദ്ദേശിക്കുകയും ചെയ്തിട്ടുണ്ടെന്ന് തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ സെക്രട്ടറി & സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസർ മറുപടി നൽകി.

30. സ്റ്റേ നീക്കം ചെയ്ത് ബി .എസ്.എൻ.എൽ.-ൽ നിന്ന് തൊഴിൽ നികുതി ഈടാക്കാനുള്ള നടപടി സ്വീകരിച്ച് റിപ്പോർട്ട് നൽകണമെന്ന് പഞ്ചായത്ത് ഡയറക്ടറേറ്റ് സീനിയർ ഫിനാൻസ് ഓഫീസർ ആവശ്യപ്പെട്ടപ്പോൾ , അപ്രകാരം റിപ്പോർട്ട് നൽകാമെന്നും ബി.എസ്.എൻ.എൽ.-ൽ നിന്ന് മൂന്ന് വർഷമായി തൊഴിൽ നികുതി പൂർണ്ണമായും പിരിക്കുന്നുണ്ടെന്നും കക്കോടി ഗ്രാമപഞ്ചായത്ത് സെക്രട്ടറി വിശദമാക്കി.

31. അതിരമ്പുഴ ഗ്രാമപഞ്ചായത്തിനെ സംബന്ധിച്ച് ബി .എസ്.എൻ.എൽ.-ൽ നിന്നും മാവേലി സ്റ്റോറിൽ നിന്നും ഓഡിറ്റ് വർഷത്തെ തൊഴിൽ നികുതി ലഭ്യമായിട്ടുണ്ടെന്നും നിലവിൽ സിഡ്കോയിൽ നിന്ന് മാത്രമേ ഇത്തരത്തിൽ പ്രശ്നമുള്ളൂവെന്നും അതുസംബന്ധിച്ച് കോടതിയിൽ കേസ് നടക്കുകയാണെന്നും അതിരമ്പുഴ ഗ്രാമപഞ്ചായത്ത് സെക്രട്ടറി ഇതുസംബന്ധിച്ച സമിതിയുടെ ചോദ്യത്തിനുത്തരമായി അറിയിച്ചു. ഓഡിറ്റ് വർഷത്തെ തൊഴിൽ നികുതി

ലഭിച്ചിട്ടുണ്ടെന്ന് റിപ്പോർട്ട് ചെയ്തിട്ടുള്ളതായി സീനിയർ ഫിനാൻസ് ഓഫീസർ സമിതിയെ അറിയിച്ചു.

32. തൊഴിൽ നികുതി തിട്ടപ്പെടുത്താതിരിക്കൽ എന്ന ഓഡിറ്റ് പരാമർശം സംബന്ധിച്ച് അതിരമ്പുഴ ഗ്രാമപഞ്ചായത്ത് ലഭ്യമാക്കിയ മറുപടി സമിതി അംഗീകരിച്ചു.

33. കൊയ്ത്ത്-മെതി യന്ത്രം ലേലം ചെയ്യാനുള്ള തീരുമാനം സംബന്ധിച്ച് സമിതി ആരാഞ്ഞതിന്, 30.09.2021-ലെ തീരുമാനപ്രകാരം കൊയ്ത്ത്-മെതി യന്ത്രം ലേലം ചെയ്യുന്നതിന് വാല്യുവേഷൻ നടത്താൻ മാവേലിക്കര അസിസ്റ്റന്റ് എഞ്ചിനീയർ പി.ഡബ്ല്യു.ഡി.(മെക്കാനിക്കൽ വിഭാഗം ) കത്ത് കൊടുത്തിട്ടുണ്ടെന്നും മറ്റ് നടപടികളൊന്നും ആയിട്ടില്ലെന്നും വെള്ളൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറി വ്യക്തമാക്കി.

34. പി.ഡബ്ല്യു.ഡി. മെക്കാനിക്കൽ, ഇലക്ട്രിക്കൽ എന്നീ വിഭാഗങ്ങളിൽ ജീവനക്കാരുടെ എണ്ണം കുറവും വർക്ക് ലോഡ് കൂടുതലുമായതിനാൽ നിർദ്ദിഷ്ട സമയത്ത് വാല്യുവേഷൻ നടത്താൻ കഴിയുന്നില്ലെന്ന് സമിതി നിരീക്ഷിച്ചു. അതത് സ്ഥലത്തെ എഞ്ചിനീയറിംഗ് കോളേജിലെ മെക്കാനിക്കൽ വിഭാഗത്തെക്കൊണ്ട് പരിശോധിപ്പിച്ച് വാല്യുവേഷൻ നടത്തിയാൽ ഉചിതമായിരിക്കുമെന്ന് സമിതി ചൂണ്ടിക്കാട്ടി.

35. കെ.എസ്.ആർ.ടി.സി. എം.ഡി.യാണ് എൽ.എസ്.ജി.ഡി. അർബൻ അഫയേഴ്സിന്റെ നിലവിലെ സെക്രട്ടറിയെന്നും അദ്ദേഹം ഇടപെട്ട് കെ.എസ്.ആർ.ടി.സി.യുടെ മെക്കാനിക്കൽ വിഭാഗത്തിന്റെ സേവനം ഉപയോഗിക്കുന്നത് സംബന്ധിച്ച് ചർച്ച നടത്തിയിട്ടുണ്ടെന്നും എൽ.എസ്.ജി.ഡി.യുടെ വാഹനങ്ങളുടെ അറ്റകുറ്റപണിയും മറ്റും ചെയ്യുന്നതിന് കെ.എസ്.ആർ.ടി.സി.യുടെ മെക്കാനിക്കൽ വിംഗിന്റെയും വർക്ക് ഷോപ്പിന്റെയും സേവനം ഉപയോഗിക്കുന്നതിന് തീരുമാനമായിട്ടുണ്ടെന്നും ഇതു സംബന്ധിച്ച സർക്കാർ

ഉത്തരവ് ഉടനെ ഇറങ്ങുമെന്നും തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ സെക്രട്ടറി & സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസർ സമിതിയെ അറിയിച്ചു.

36. കണക്ക് സൂക്ഷിപ്പ് എന്ന ഓഡിറ്റ് പരാമർശം സംബന്ധിച്ച് സർക്കാർ ലഭ്യമാക്കിയ മറുപടി സമിതി അംഗീകരിച്ചു.

37. സർക്കാർ അക്കൗണ്ടിന് പുറത്ത് സൂക്ഷിച്ച സർക്കാർ ഫണ്ട് എന്ന ഓഡിറ്റ് പരാമർശം സംബന്ധിച്ച് സർക്കാർ ലഭ്യമാക്കിയ മറുപടി സമിതി അംഗീകരിച്ചു.

38. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ കൃത്യമായ ഇടവേളകളിൽ പെർഫോർമൻസ് ഓഡിറ്റ് കൃത്യമായി നടക്കുന്നുണ്ടോയെന്ന് ആരാഞ്ഞ സമിതി വർക്ക് നടക്കുമ്പോൾതന്നെ സൈറ്റിൽ പോയി പരിശോധിച്ച് പോരായ്മകൾ പരിഹരിക്കേണ്ടതാണെന്നും നിലവിൽ പ്രവൃത്തി കഴിഞ്ഞ ശേഷമാണ് പരിശോധിക്കുന്നതെന്നും ചൂണ്ടിക്കാട്ടി. പ്രവൃത്തി നടക്കുന്ന സമയത്ത് സൈറ്റിൽ പോയി ഓഡിറ്റ് നടത്തണമെന്നും റിപ്പോർട്ട് ചെയ്യണമെന്നും മൂന്ന് മാസത്തിന് മുമ്പ് കൂടിയ മീറ്റിംഗിൽ നിർദ്ദേശം കൊടുത്തിട്ടുണ്ടെന്നും എന്നാൽ ഇതുവരെ റിപ്പോർട്ട് ലഭിച്ചിട്ടില്ലെന്നും സീനിയർ ഫിനാൻസ് ഓഫീസർ , പഞ്ചായത്ത് ഡയറക്ടറേറ്റ് വിശദീകരിച്ചു.

39. 08.06.2015-ലെ സർക്കാർ ഉത്തരവ് പ്രകാരം, ഗ്രാമപഞ്ചായത്തുകളിലെ പെർഫോർമൻസ് ഓഡിറ്റ് സംവിധാനം നവീകരിക്കുന്നതിന് നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ടെന്നും അതിൻപ്രകാരം ഗ്രാമപഞ്ചായത്തുകളിൽ ത്രൈമാസമായി നടത്തിവരുന്ന ഓഡിറ്റ് മാസം തോറും നടത്താൻ ഉത്തരവായിരുന്നുവെന്ന് സർക്കാർ മറുപടിയിൽ പറഞ്ഞിട്ടുണ്ടെന്നും ചൂണ്ടിക്കാട്ടിയ സമിതി, ടി ഉത്തരവ് പ്രകാരം ഓഡിറ്റ് നടക്കുന്നുണ്ടോയെന്ന് ആരായുകയുണ്ടായി.

40. നിലവിൽ മാസം തോറും ഓഡിറ്റ് നടക്കുന്നുണ്ടെന്നും കോവിഡ് പ്രതിസന്ധിയുണ്ടായപ്പോൾ ചില തടസ്സങ്ങളുണ്ടായെങ്കിലും നിലവിൽ സംസ്ഥാന അതോറിറ്റി അക്കാര്യം പ്രത്യേകം റിവ്യൂ ചെയ്യുന്നുണ്ടെന്നും പഞ്ചായത്ത് രാജ്

സംവിധാനങ്ങളിലൂടെ നടപ്പാക്കുന്ന എല്ലാ കാര്യങ്ങൾക്കും , ദൈനംദിന അന്വേഷണം, മന്ത്രിയ്ക്ക് ലഭിക്കുന്ന നിവേദനങ്ങളിന്മേലുള്ള അന്വേഷണം എന്നിവയ്ക്കും പെർഫോർമൻസ് ഓഡിറ്റ് വിഭാഗത്തിന്റെ സേവനം വിനിയോഗിക്കുന്നുണ്ടെന്നും തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ സെക്രട്ടറി & സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസർ സമിതിയെ അറിയിച്ചു.

41. എം.എൽ.എ. ഫണ്ടിന്റെ വിനിയോഗം വിലയിരുത്താൻ സംവിധാനം നിലവിലുണ്ടോയെന്ന് സമിതി ആരാഞ്ഞതിന് ഗ്രാമ/ബ്ലോക്ക് പഞ്ചായത്തുകളിലെ എം.എൽ.എ./എം.പി. ഫണ്ടുൾപ്പെടെയുള്ള ഫണ്ടിന്റെ വിനിയോഗം സംബന്ധിച്ച് പരാതിയുണ്ടെങ്കിൽ ധനകാര്യ വകുപ്പിന്റെ ടെക്ക്നിക്കൽ വിംഗ് (ഇൻസ്പെക്ഷൻ)ന് പരാതി കൊടുക്കണമെന്നും അവർ അത് പരിശോധിക്കുമെന്നും നിലവിൽ പെർഫോർമൻസ് ഓഡിറ്റ് പഞ്ചായത്തുകളിൽ മാത്രമേയുള്ളുവെന്നും ധനകാര്യ വകുപ്പ് അഡീഷണൽ സെക്രട്ടറി മറുപടി നൽകി . എം.എൽ.എ/എം.പി.ഫണ്ടുകൾ ബഡ്ജറ്ററി അലൊക്കേഷനാണെങ്കിലും എൽ.എസ്.ജി.ഡി.ക്ക് കൊടുക്കുന്ന ഫണ്ടിന്റെ ചീഫ് കൺട്രോളിംഗ് ഓഫീസർ ചീഫ് എഞ്ചിനീയറാണെന്നും അവർക്ക് പ്രതിവർഷം ₹400-500 കോടിയോളം പ്രസ്തുത ഇനത്തിൽ കൊടുക്കുന്നുണ്ടെന്നും അതുപോലെ ഓരോ വകുപ്പിനും തുക അനുവദിക്കുന്നുണ്ടെന്നും ആ തുക വിനിയോഗിച്ച് നടത്തുന്ന പ്രവൃത്തികളുടെ ഗുണനിലവാരം ഉറപ്പാക്കുകയെന്നത് അവരവരുടെ ഉത്തരവാദിത്തമാണെന്നും അഡീഷണൽ സെക്രട്ടറി കൂട്ടിച്ചേർത്തു. സമിതി നിർദ്ദേശിക്കുകയാണെങ്കിൽ പെർഫോർമൻസ് ഓഡിറ്റിന്റെ പരിധി വിപുലപ്പെടുത്താമെന്ന് തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ സെക്രട്ടറി & സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസർ വ്യക്തമാക്കി.

## നിഗമനങ്ങൾ/ ശിപാർശകൾ

**42. ഇടമുളയ്ക്കൽ ഗ്രാമപഞ്ചായത്ത് 2007-08 വർഷത്തെ രണ്ടാം ഗസ്തു ജനറൽ പർപ്പസ് ഗ്രാന്റ് തുക ഗ്രാമപഞ്ചായത്തിന്റെ അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്യാത്തതുമായി ബന്ധപ്പെട്ട്**

അന്വേഷണം നടത്തണമെന്നും ഇക്കാര്യത്തിൽ സ്വീകരിച്ച നടപടി സംബന്ധിച്ച് റിപ്പോർട്ട് ലഭ്യമാക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

43. കേന്ദ്രാവിഷ്കൃത പദ്ധതിയുമായി ബന്ധപ്പെട്ട് മദ്ധ്യകാല വിലയിരുത്തൽ നടത്തി ഫണ്ട് പൂർണ്ണമായി ലഭ്യമാക്കാനുള്ള നടപടി സ്വീകരിക്കുന്നുണ്ട് എന്ന സർക്കാർ മറുപടി സമിതി അംഗീകരിക്കുന്നു. പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.

44. ഫാറോക്ക് മുനിസിപ്പാലിറ്റി, പഞ്ചായത്ത് ആയിരുന്ന സമയത്ത് തിരിച്ചടയ്ക്കാനുണ്ടായിരുന്ന തുക സംബന്ധിച്ച് ബന്ധപ്പെട്ട ഫയലുകൾ കണ്ടെത്തി നടപടി സ്വീകരിച്ച് റിപ്പോർട്ട് ലഭ്യമാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

45. ഉപയോഗിക്കാതെ കിടക്കുന്ന വികസന ചെലവ് ഫണ്ട് എന്ന ഓഡിറ്റ് പരാമർശം സംബന്ധിച്ച് സർക്കാർ ലഭ്യമാക്കിയ മറുപടി സമിതി അംഗീകരിക്കുന്നു. പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.

46. മാറാക്കര ഗ്രാമപഞ്ചായത്ത് വികസന ഫണ്ടിൽ നിന്നും പിൻവലിച്ചതിൽ ഉപയോഗിക്കാത്ത ₹7.79 ലക്ഷം ട്രഷറിയിൽ തിരിച്ചടച്ച് ആയത് സംബന്ധിച്ച റിപ്പോർട്ട് ലഭ്യമാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

47. അക്ഷയ കമ്പ്യൂട്ടർ സാക്ഷരതാ പരിപാടിക്കുവേണ്ടി അധിക നിക്ഷേപം എന്ന ഓഡിറ്റ് പരാമർശത്തിന്മേൽ സർക്കാർ ലഭ്യമാക്കിയ മറുപടി സമിതി അംഗീകരിക്കുന്നു. പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.

48. കോളനി പോലുള്ള ദരിദ്ര മേഖലകളിൽ നിന്നുള്ള ഗുണഭോക്തൃ വിഹിതത്തിന്റെ കാര്യത്തിൽ എൽ.എസ്.ജി.ഡി.യും വാട്ടർ അതോറിറ്റിയും ചേർന്ന് തീരുമാനമെടുത്ത് ആയതു സംബന്ധിച്ചും ജലനിധി പദ്ധതിയിലെ ബാലൻസ് തുക ജൽജീവൻ മിഷന്റെ ഭാഗമായുള്ള റോഡ് മെയിന്റനൻസ് പ്രവൃത്തികളുടെ ഉപയോഗത്തിനായി ലഭ്യമാക്കുന്നതിന് നടപടി സ്വീകരിച്ച് ആയതു സംബന്ധിച്ചും റിപ്പോർട്ട്

ലഭ്യമാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

49. ഗ്രാമപഞ്ചായത്തിൽ വെറുതെ കിടക്കുന്ന ജില്ലാ പഞ്ചായത്തിന്റെ വികസന ചെലവ് ഫണ്ട് എന്ന ഓഡിറ്റ് പരാമർശം സംബന്ധിച്ച് സർക്കാർ ലഭ്യമാക്കിയ മറുപടി സമിതി അംഗീകരിക്കുന്നു. പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.

50. എസ്.ജി.എസ്.വൈ. പദ്ധതി പ്രകാരം സ്വയംസഹായസംഘങ്ങൾക്ക് എസ്.ബി.ഐ. ബേപ്പൂർ ശാഖയിൽ നിന്ന് അനുവദിച്ച തുകയിൽ സബ്സിഡി ഉൾപ്പെട്ടിരുന്നോയെന്നും ആയത് ലഭ്യമാക്കിയോ എന്നതും സംബന്ധിച്ച റിപ്പോർട്ട് ലഭ്യമാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.

51. വികസന ചെലവ് ഫണ്ടിന്റെയും പരിപാലന ചെലവ് ഫണ്ടിന്റെയും കുറഞ്ഞ നിക്ഷേപം എന്ന ഓഡിറ്റ് പരാമർശം സംബന്ധിച്ച് സർക്കാർ ലഭ്യമാക്കിയ മറുപടി സമിതി അംഗീകരിക്കുന്നു. പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.

52. ദൈനംദിന ചെലവുകളിലുള്ള അധിക ചെലവ് എന്ന ഓഡിറ്റ് പരാമർശം സംബന്ധിച്ച് നടപടി സ്വീകരിച്ച് റിപ്പോർട്ട് ലഭ്യമാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

53. ബജറ്റിന്മേലുള്ള നിയന്ത്രണം എന്ന ഓഡിറ്റ് പരാമർശം സംബന്ധിച്ച് സർക്കാർ ലഭ്യമാക്കിയ മറുപടി സമിതി അംഗീകരിക്കുന്നു. പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.

54. തൊഴിൽ നികുതി ഈടാക്കുന്നതിൽ നിന്നും കക്കോടി ഗ്രാമപഞ്ചായത്തിനെതിരെ ബി.എസ്.എൻ.എൽ. നേടിയ സ്റ്റേ നീക്കം ചെയ്ത് തൊഴിൽ നികുതി ഈടാക്കുന്നതിന് നടപടി സ്വീകരിച്ച് റിപ്പോർട്ട് ലഭ്യമാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

55. തൊഴിൽ നികുതി തിട്ടപ്പെടുത്താതിരിക്കൽ എന്ന ഓഡിറ്റ് പരാമർശം സംബന്ധിച്ച് സർക്കാർ ലഭ്യമാക്കിയ മറുപടി സമിതി അംഗീകരിക്കുന്നു. പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.

56. കണക്ക് സൂക്ഷിപ്പ് എന്ന ഓഡിറ്റ് പരാമർശം സംബന്ധിച്ച് സർക്കാർ ലഭ്യമാക്കിയ മറുപടി സമിതി അംഗീകരിക്കുന്നു. പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.

57. സർക്കാർ അക്കൗണ്ടിന് പുറത്ത് സൂക്ഷിച്ച സർക്കാർ ഫണ്ട് എന്ന ഓഡിറ്റ് പരാമർശം സംബന്ധിച്ച് സർക്കാർ ലഭ്യമാക്കിയ മറുപടി സമിതി അംഗീകരിക്കുന്നു. പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.

അൻവർ സാദത്ത്,
*ചെയർപേഴ്സൺ,*
*ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി.*

തിരുവനന്തപുരം,
2026 ഒക്ടോബർ 28

# അനുബന്ധം I
# പ്രധാനപ്പെട്ട നിഗമനങ്ങളും ശിപാർശകളും

| ക്രമ നം. | ഖണ്ഡിക നം. | വകുപ്പ് | നിഗമനങ്ങൾ/ ശിപാർശകൾ |
|---|---|---|---|
| 1 | 42 | തദ്ദേശ സ്വയംഭരണ വകുപ്പ് | ഇടമുളയ്ക്കൽ ഗ്രാമപഞ്ചായത്ത് 2007-08 വർഷത്തെ രണ്ടാം ഗസ്തു ജനറൽ പർപ്പസ് ഗ്രാന്റ് തുക ഗ്രാമപഞ്ചായത്തിന്റെ അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്യാത്തതുമായി ബന്ധപ്പെട്ട് അന്വേഷണം നടത്തണമെന്നും ഇക്കാര്യത്തിൽ സ്വീകരിച്ച നടപടി സംബന്ധിച്ച് റിപ്പോർട്ട് ലഭ്യമാക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു. |
| 2 | 43 | തദ്ദേശ സ്വയംഭരണ വകുപ്പ് | കേന്ദ്രാവിഷ്കൃത പദ്ധതിയുമായി ബന്ധപ്പെട്ട് മദ്ധ്യകാല വിലയിരുത്തൽ നടത്തി ഫണ്ട് പൂർണ്ണമായി ലഭ്യമാക്കാനുള്ള നടപടി സ്വീകരിക്കുന്നുണ്ട് എന്ന സർക്കാർ മറുപടി സമിതി അംഗീകരിക്കുന്നു. പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു. |
| 3 | 44 | തദ്ദേശ സ്വയംഭരണ വകുപ്പ് | ഫാറോക്ക് മുനിസിപ്പാലിറ്റി, പഞ്ചായത്ത് ആയിരുന്ന സമയത്ത് തിരിച്ചടയ്ക്കാനുണ്ടായിരുന്ന തുക സംബന്ധിച്ച് ബന്ധപ്പെട്ട ഫയലുകൾ കണ്ടെത്തി നടപടി സ്വീകരിച്ച് റിപ്പോർട്ട് ലഭ്യമാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. |
| 4 | 45 | തദ്ദേശ സ്വയംഭരണ വകുപ്പ് | ഉപയോഗിക്കാതെ കിടക്കുന്ന വികസന ചെലവ് ഫണ്ട് എന്ന ഓഡിറ്റ് പരാമർശം സംബന്ധിച്ച് സർക്കാർ ലഭ്യമാക്കിയ മറുപടി സമിതി അംഗീകരിക്കുന്നു. പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു. |
| 5 | 46 | തദ്ദേശ സ്വയംഭരണ വകുപ്പ് | മാറാക്കര ഗ്രാമപഞ്ചായത്ത് വികസന ഫണ്ടിൽ നിന്നും പിൻവലിച്ചതിൽ ഉപയോഗിക്കാത്ത ₹7.79 ലക്ഷം ട്രഷറിയിൽ തിരിച്ചടച്ച് ആയത് സംബന്ധിച്ച റിപ്പോർട്ട് ലഭ്യമാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. |
| 6 | 47 | തദ്ദേശ സ്വയംഭരണ വകുപ്പ് | അക്ഷയ കമ്പ്യൂട്ടർ സാക്ഷരതാ പരിപാടിക്കുവേണ്ടി അധിക നിക്ഷേപം എന്ന ഓഡിറ്റ് പരാമർശത്തിന്മേൽ സർക്കാർ ലഭ്യമാക്കിയ മറുപടി സമിതി അംഗീകരിക്കുന്നു. പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു. |
| 7 | 48 | തദ്ദേശ സ്വയംഭരണ വകുപ്പ് | കോളനി പോലുള്ള ദരിദ്ര മേഖലകളിൽ നിന്നുള്ള ഗുണഭോക്തൃ വിഹിതത്തിന്റെ കാര്യത്തിൽ എൽ.എസ്.ജി.ഡി.യും വാട്ടർ അതോറിറ്റിയും ചേർന്ന് തീരുമാനമെടുത്ത് ആയതു സംബന്ധിച്ചും ജലനിധി പദ്ധതിയിലെ ബാലൻസ് തുക ജൽജീവൻ മിഷന്റെ ഭാഗമായുള്ള റോഡ് മെയിന്റനൻസ് പ്രവൃത്തികളുടെ ഉപയോഗത്തിനായി |

| | | | |
|---|---|---|---|
| | | | ലഭ്യമാക്കുന്നതിന് നടപടി സ്വീകരിച്ച് ആയതു് സംബന്ധിച്ചും റിപ്പോർട്ട് ലഭ്യമാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. |
| 8 | 49 | തദ്ദേശ സ്വയംഭരണ വകുപ്പ് | ഗ്രാമപഞ്ചായത്തിൽ വെറുതെ കിടക്കുന്ന ജില്ലാ പഞ്ചായത്തിന്റെ വികസന ചെലവ് ഫണ്ട് എന്ന ഓഡിറ്റ് പരാമർശം സംബന്ധിച്ച് സർക്കാർ<br>ലഭ്യമാക്കിയ മറുപടി സമിതി അംഗീകരിക്കുന്നു. പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു. |
| 9 | 50 | തദ്ദേശ സ്വയംഭരണ വകുപ്പ് | എസ്.ജി.എസ്.വൈ. പദ്ധതി പ്രകാരം സ്വയംസഹായസംഘങ്ങൾക്ക് എസ്.ബി.ഐ. ബേപ്പൂർ ശാഖയിൽ നിന്ന് അനുവദിച്ച തുകയിൽ സബ്സിഡി ഉൾപ്പെട്ടിരുന്നോയെന്നും ആയത് ലഭ്യമാക്കിയോ എന്നതും സംബന്ധിച്ച റിപ്പോർട്ട് ലഭ്യമാക്കാൻ സമിതി ശിപാർശ ചെയ്യുന്നു. |
| 10 | 51 | തദ്ദേശ സ്വയംഭരണ വകുപ്പ് | വികസന ചെലവ് ഫണ്ടിന്റെയും പരിപാലന ചെലവ് ഫണ്ടിന്റെയും കുറഞ്ഞ നിക്ഷേപം എന്ന ഓഡിറ്റ് പരാമർശം സംബന്ധിച്ച് സർക്കാർ ലഭ്യമാക്കിയ മറുപടി സമിതി അംഗീകരിക്കുന്നു. പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു. |
| 11 | 52 | തദ്ദേശ സ്വയംഭരണ വകുപ്പ് | ദൈനംദിന ചെലവുകളിലുള്ള അധിക ചെലവ് എന്ന ഓഡിറ്റ് പരാമർശം സംബന്ധിച്ച് നടപടി സ്വീകരിച്ച് റിപ്പോർട്ട് ലഭ്യമാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. |
| 12 | 53 | തദ്ദേശ സ്വയംഭരണ വകുപ്പ് | ബജറ്റിന്മേലുള്ള നിയന്ത്രണം എന്ന ഓഡിറ്റ് പരാമർശം സംബന്ധിച്ച് സർക്കാർ ലഭ്യമാക്കിയ മറുപടി സമിതി അംഗീകരിക്കുന്നു. പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു. |
| 13 | 54 | തദ്ദേശ സ്വയംഭരണ വകുപ്പ് | തൊഴിൽ നികുതി ഈടാക്കുന്നതിൽ നിന്നും കക്കോടി ഗ്രാമപഞ്ചായത്തിനെതിരെ ബി.എസ്.എൻ.എൽ. നേടിയ സ്റ്റേ നീക്കം ചെയ്ത് തൊഴിൽ നികുതി ഈടാക്കുന്നതിന് നടപടി സ്വീകരിച്ച് റിപ്പോർട്ട് ലഭ്യമാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. |
| 14 | 55 | തദ്ദേശ സ്വയംഭരണ വകുപ്പ് | തൊഴിൽ നികുതി തിട്ടപ്പെടുത്താതിരിക്കൽ എന്ന ഓഡിറ്റ് പരാമർശം സംബന്ധിച്ച് സർക്കാർ ലഭ്യമാക്കിയ മറുപടി സമിതി അംഗീകരിക്കുന്നു. പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു. |
| 15 | 56 | തദ്ദേശ സ്വയംഭരണ വകുപ്പ് | കണക്ക് സൂക്ഷിപ്പ് എന്ന ഓഡിറ്റ് പരാമർശം സംബന്ധിച്ച് സർക്കാർ ലഭ്യമാക്കിയ മറുപടി സമിതി അംഗീകരിക്കുന്നു. പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു. |
| 16 | 57 | തദ്ദേശ സ്വയംഭരണ വകുപ്പ് | സർക്കാർ അക്കൗണ്ടിന് പുറത്ത് സൂക്ഷിച്ച സർക്കാർ ഫണ്ട് എന്ന ഓഡിറ്റ് പരാമർശം സംബന്ധിച്ച് സർക്കാർ ലഭ്യമാക്കിയ മറുപടി സമിതി അംഗീകരിക്കുന്നു. പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു. |

അനുബന്ധം II

**കംപ് ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ ഓഫ് ഇന്ത്യയുടെ 2010 മാർച്ച് മാസത്തിൽ അവസാനിച്ച വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - ഖണ്ഡിക 3.2-മേലുള്ള നൂനതാ പരിഹാര പത്രിക**

| ക്രമ നം | ഖണ്ഡിക | പരാമർശം | മറുപടി |
|---|---|---|---|
| 1 | 3.2 | **പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ സാമ്പത്തിക പരിപാലനം**<br>**മുഖ്യസാരം**<br>പഞ്ചായത്ത് രാജ് സ്ഥാപനങ്ങൾക്ക് അവരുടെ അധികാര മേഖലകളിൽ വിവിധ പ്രവർത്തനങ്ങൾ ഏറ്റെടുക്കുന്നതിന് മതിയായ സാമ്പത്തിക സഹായം സംസ്ഥാന കേന്ദ്ര സർക്കാരുകൾ നൽകുന്നുണ്ട്. തങ്ങളുടെ അധികാരപരിധിക്കുള്ളിലെ വ്യക്തികളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും കെട്ടിട നികുതി, തൊഴിൽ നികുതി, വിനോദ നികുതി തുടങ്ങിയ തദ്ദേശ നികുതികൾ. വ്യാപാര സ്ഥാപനങ്ങളുടെ മേലുള്ള ലൈസൻസ് ഫീസ്, കെട്ടിട നിർമ്മാണത്തിനുള്ള പെർമിറ്റ് ഫീസ് തുടങ്ങിയവ ചുമത്തുന്നതിനും പിരിച്ചെടുക്കുന്നതിനും ഗ്രാമ പഞ്ചായത്തുകളെ അധികാരപ്പെടുത്തിയിരിക്കുന്നു. ഇങ്ങനെ സമ്പാദിച്ചെടുക്കുന്ന വരുമാനം ആ പ്രദേശത്തിന്റെ വികസന പ്രവർത്തനങ്ങൾക്കും പ്രാദേശിക ഭരണത്തിനുമായി ഉപയോഗിക്കുന്നു. പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ സാമ്പത്തിക പരിപാലനത്തെക്കുറിച്ചുള്ള പ്രവർത്തനക്ഷമതാ ഓഡിറ്റ് നൽകുന്നത് ആശാവഹമായ ചിത്രമല്ല. ട്രഷറിയിൽ നിന്നും കിട്ടുന്ന ഇടപാടുകളുടെ സ്റ്റേറ്റ്മെന്റുകൾ ഓഫീസ് രേഖകളുമായി ഒത്തുനോക്കുന്നതിൽ പഞ്ചായത്ത് രാജ് സ്ഥാപനങ്ങൾ വീഴ്ച വരുത്തിയതിനാൽ വികസന ചെലവ് ഫണ്ടിലും പരിപാലന ചെലവ് ഫണ്ടിലും പൊതു ഉദ്ദേശ്യ ഫണ്ടിലും കുറവുണ്ടായി. 2006-07 മുതൽ 2008-09 വരെയുള്ള കാലയളവിൽ വികസന ചെലവ് ഫണ്ടിലും പരിപാലന ചെലവ് ഫണ്ടിലും പൊതു ഉദ്ദേശ്യ ഫണ്ടിലും കുറവുണ്ടായി. 2006-07 മുതൽ 2008-09 വരെയുള്ള കാലയളവിൽ വികസന ചെലവ് ഫണ്ടിലും പരിപാലന ചെലവ് ഫണ്ടിലും ഉപയോഗത്തിൽ കുറവുണ്ടായിരുന്നു. ഇത് 2008-09 മുതൽ 2010-11 വരെയുള്ള കാലയളവിൽ പഞ്ചായത്ത് രാജ് സ്ഥാപനങ്ങൾക്കു സർക്കാരിന്റെ കുറഞ്ഞ ഫണ്ട് വകയിരുത്തലിന് കാരണമായി. സംയോജിത തരിശുഭൂമി | പ്രത്യേക പരാമർശമില്ല |

| | | | |
|---|---|---|---|
| | | വികസന പദ്ധതിയുടെ മദ്ധ്യകാല വിലയിരുത്തൽ സംസ്ഥാന സർക്കാർ നടത്താതിരുന്നതിനാൽ കൊല്ലം, കോട്ടയം, മലപ്പുറം ജില്ലകളിലെ ഏഴു ബ്ലോക്കുകൾക്ക് കേന്ദ്ര ഫണ്ടിന്റെ മൂന്നാമത്തേതും തുടർന്നുള്ള ഗഡുക്കളും കിട്ടാതിരിക്കുന്നതിനിടയാക്കി. പഞ്ചായത്ത് രാജ് സ്ഥാപനങ്ങൾ അനധികൃതമായി വികസന ചെലവ് ഫണ്ടും പരിപാലന ചെലവ് ഫണ്ടും ബാങ്ക് അക്കൗണ്ടുകളിൽ സൂക്ഷിച്ചിരുന്നു. ആവശ്യങ്ങൾ കണക്കാക്കാതെ അക്ഷയ ജില്ലാ കോ-ഓർഡിനേറ്റർമാർ, കേരള ജല അതോറിറ്റി തുടങ്ങിയ ഏജൻസികളിൽ നിക്ഷേപിച്ച ഫണ്ടുകൾ ഉപയോഗിക്കപ്പെടാതെ കിടന്നിരുന്നു. ഓരോ വർഷവും മാർച്ച് അവസാനത്തിൽ ബജറ്റ് അവതരിപ്പിക്കുകയും പാസ്സാക്കുകയും ചെയ്യുന്നതിനാൽ പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ബജറ്റ് നിർദ്ദേശങ്ങൾ മതിയാംവണ്ണം ചർച്ച ചെയ്യപ്പെടുകയോ വിശദമായ ചർച്ചകൾക്ക് വിധേയമാക്കപ്പെടുകയോ ചെയ്തിരുന്നില്ല. | |
| 2 | .3.2.1 | **<u>അവതാരിക</u>**<br><br>പൊതുപരിപാടികൾക്കും സേവനങ്ങൾക്കും വേണ്ടിയുള്ള പൊതുവായ സ്രോതസ്സുകൾ പഞ്ചായത്ത് രാജ് സ്ഥാപനങ്ങളെ ഏൽപ്പിച്ചിരിക്കുകയാണ്. മിതവ്യയം, കാര്യക്ഷമം, ഫലപ്രദം എന്നിവയ്ക്ക് മതിയായ പ്രാധാന്യം നൽകികൊണ്ട് വിവേകപൂർണ്ണവും കുറ്റരഹിതവുമായി ഈ സ്രോതസ്സുകൾ പരിപാലിക്കാനുള്ള ഉത്തരവാദിത്വവും അവർക്കാണ്. ഈ സ്രോതസ്സുകളുടെ ഉപയോഗത്തെകുറിച്ചുള്ള ശരിയായ രീതിയിലുള്ള കണക്കുകളും അവർ സൂക്ഷിക്കേണ്ടതായിട്ടുണ്ട്. പഞ്ചായത്ത് രാജ് സ്ഥാപനങ്ങൾക്ക് ഉത്തരവാദിത്വമുള്ള പ്രധാനപ്പെട്ട സേവനങ്ങളിലും സൗകര്യങ്ങളിലും കുടിവെള്ള വിതരണം, ഗ്രാമീണ ആവാസം, വിദ്യാഭ്യാസം, ദാരിദ്ര്യ നിർമ്മാർജ്ജന പരിപാടികൾ, ഖരമാലിന്യ ശേഖരണവും നിർമ്മാർജ്ജനവും, ആരോഗ്യവും ശുചിത്വവും തെരുവ് വിളക്ക് പ്രകാശിപ്പിക്കുക തുടങ്ങിയവ ഉൾപ്പെട്ടിരിക്കുന്നു. പഞ്ചായത്ത് രാജ് സ്ഥാപനങ്ങൾക്ക് അവരുടെ അധികാര പരിധിയിൽ ഇത്തരം പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടത്തുന്നതിന് വലിയൊരളവിലുള്ള സാമ്പത്തിക സഹായവും സംസ്ഥാന സർക്കാരും കേന്ദ്ര സർക്കാരും നൽകുന്നു. ഗ്രാമ പഞ്ചായത്തുകളെ അവരുടെ അധികാരപരിധിയ്ക്കുള്ളിലെ വ്യക്തികളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും കെട്ടിട നികുതി, തൊഴിൽ നികുതി, വിനോദ നികുതി തുടങ്ങിയ തദ്ദേശ നികുതികൾ വ്യാപാര സ്ഥാപനങ്ങളുടെ മേലുള്ള ലൈസൻസ് ഫീസ്, കെട്ടിട നിർമ്മാണത്തിനുള്ള പെർമിറ്റ് ഫീസ് എന്നിങ്ങനെയുള്ള | പ്രത്യേക പരാമർശമില്ല |

| | | | |
|---|---|---|---|
| | | ഫീസുകൾ ഉടങ്ങിയവ ചുമത്തുന്നതിനും പിരിച്ചെടുക്കുന്നതിനും അധികാരപ്പെടുത്തിയിരിക്കുന്നു. ഇങ്ങനെ സ്വരൂപിച്ചെടുക്കുന്ന വരുമാനം ഈ പ്രദേശത്തിന്റെ വികസന പ്രവർത്തനങ്ങൾക്കും പ്രാദേശിക ഭരണത്തിനുമായി ഉപയോഗിക്കുന്നു. | |
| 3 | 3.2.2 | **3.2.2 ഘടനാനില**<br>സംസ്ഥാനത്തിലെ ത്രിതല പഞ്ചായത്ത് രാജ് സംവിധാനത്തിൽ (ജില്ലാ പഞ്ചായത്ത് (ഡിപി), ബ്ലോക്ക് പഞ്ചായത്ത് ( ബിപി), ഗ്രാമ പഞ്ചായത്ത് (ജിപി), ഓരോ തലവും സ്വതന്ത്രമായി പ്രവർത്തിക്കുന്നു. 2010 ജൂണിൽ സംസ്ഥാനത്ത് 1165 പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുണ്ട്. പ്രസിഡന്റ് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ ഭരണ തലവും 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിൻ (കെ.പി.ആർ നിയമം) കീഴിലോ അല്ലെങ്കിൽ നിയമമനുസരിച്ചോ അതാത് പഞ്ചായത്ത് രാജ് സ്ഥാപനങ്ങളിൽ ഏല്പിക്കപ്പെട്ടിട്ടുള്ള ചുമതലകളുടെ പൂർത്തീകരണത്തിന് നേരിട്ടുള്ള ഉത്തരവാദിയുമാകുന്നു. എല്ലാ പഞ്ചായത്ത രാജ് സ്ഥാപനങ്ങളുടെയും ഭരണ നിയന്ത്രണം സംസ്ഥാന സർക്കാരിന്റെ തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയിൽ നിക്ഷിപ്തമാണ്. പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ പ്രസിഡജന്റ് എല്ലാ സ്റ്റാന്റിംഗ് കമ്മിറ്റിളിലും അനൗദ്യോഗിക അംഗവും വൈസ് പ്രസിജന്റ് സാമ്പത്തിക കാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ അനൗദ്യോഗിക അംഗവും ചെയർമാനുമാകുന്നു. ഓരോ പഞ്ചായത്തിനും ഒരു സെക്രട്ടറിയും മറ്റു സഹജീവനക്കാരുമുണ്ട്. എക്സിക്യൂട്ടീവ് ഓഫീസറായ സെക്രട്ടറി പഞ്ചായത്തിന്റെ തീരുമാനങ്ങൾ നടപ്പിലാക്കുകയും പഞ്ചായത്ത് ഫണ്ടിന്റെ സുരക്ഷിതമായി സൂക്ഷിപ്പിന് ഉത്തരവാദിയുമാകുന്നു. | പ്രത്യേക പരാമർശമില്ല |
| 4 | .3.2.3 | **ഓഡിറ്റ് ലക്ഷ്യങ്ങൾ**<br>ഓഡിറ്റിന്റെ ലക്ഷ്യങ്ങൾ താഴെ പറയുന്നവ വിലിയിരുത്തുന്നതിനായിരുന്നു.<br>● ഫണ്ടിന്റെ ഒഴുക്ക് നിയന്ത്രിച്ചിരുന്നത് സർക്കാർ പുറത്തിറക്കിയ മാർഗ്ഗനിർദ്ദേശങ്ങൾക്കനുസരണമായിരുന്നോ;<br>● ചെലവ് നിയന്ത്രണ സംവിധാനം ഫലപ്രദമായിരുന്നോ;<br>● അതാതു നിയമങ്ങളുടേയും ചട്ടങ്ങളുടേയും വ്യവസ്ഥകൾക്ക് അനുസൃതമായാണോ ഗ്രാമ പഞ്ചായത്തുകൾ വസ്തു നികുതി, തൊഴിൽ നികുതി, വിനോദ നികുതി എന്നിവ കണക്കാക്കിയിരുന്നതും പിരിച്ചെടുത്തിരുന്നതും | പ്രത്യേക പരാമർശമില്ല |

| | | | |
|---|---|---|---|
| | | • ഫണ്ടുകൾ ആസൂത്രണം ചെയ്യുന്നതിനും ചെലവാക്കുന്നതിനുമുള്ള ആന്തരിക നിയന്ത്രണ സംവിധാനം ഫലപ്രദമായിരുന്നോ ; | |
| 5 | .3.2.4 | **ഓഡിറ്റ് മാനദണ്ഡങ്ങൾ**<br><br>1994- ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ വ്യവസ്ഥകൾ, രണ്ടാമത്തേയും മൂന്നാമത്തെയും സംസ്ഥാന ധനകാര്യ കമ്മീഷനുകളുടെ നിർദ്ദേശങ്ങളും, ആ നിർദ്ദേശങ്ങളുടെ മേലുള്ള നടപടിക്രമങ്ങളും, 1997- ലെ കേരള പഞ്ചായത്ത് രാജ് (പൊതുമരാമത്ത് ജോലികൾ നടപ്പാക്കൽ) ചട്ടങ്ങളിലെ വ്യവസ്ഥകൾ, ബജറ്റുകൾ, പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ കണക്കുകളും, ആസൂത്രണ രേഖകളും/ ഭരണ റിപ്പോർട്ടുകളും, സംസ്ഥാന വികസന കൗൺസിൽ, സംസ്ഥാന ഗ്രാമ വികസന ബോർഡ്, സംസ്ഥാന ആസൂത്രണ ബോർഡ് എന്നിവയുടെ റിപ്പോർട്ടുകൾ ഇവയായിരുന്നു. പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ സാമ്പത്തിക പരിപാലനത്തിന്റെ ഫലപ്രാപ്തി അളക്കുന്നതിനായി സ്വീകരിച്ച ഓഡിറ്റ് മാനദണ്ഡങ്ങൾ | പ്രത്യേക പരാമർശമില്ല |
| 6 | .3.2.5 | **ഓഡിറ്റിന്റ പരിധിയും അവലംബിച്ച രീതിയും**<br><br>2010 ഏപ്രിൽ മുതൽ 2010 ആഗസ്റ്റ് വരെ നടത്തിയ പ്രവർത്തനക്ഷമതാ ഓഡിറ്റിൽ 2005-06 മുതൽ 2009-10 വരെയുള്ള കാലയളവാണ് പരിഗണിച്ചത്. സംസ്ഥാനത്തെ 14 ജില്ലാ പഞ്ചായത്തുകളിൽ നാലെണ്ണം പ്രോബബിലിറ്റി പ്രൊപ്പോർഷണൽ ടു സൈസ് വിത്ത് ഔട്ട് റീപ്ലെയ്സ്മെന്റ് (പിപിഎസ്ഡബ്ല്യുഒആർ) എന്ന സ്റ്റാറ്റിസ്റ്റിക്കൽ സാംബ്ലിംഗ് രീതി ഉപയോഗിച്ചാണ് തെരഞ്ഞെടുത്തത്. ഓരോ ജില്ലാ പഞ്ചായത്തുകളിൽ മൂന്ന് ബ്ലോക്ക് പഞ്ചായത്തുകളും ഓരോ ബ്ലോക്ക് പഞ്ചായത്തിൽ നിന്നും ഒരു ഗ്രാമ പഞ്ചായത്തും പിപിഎസ്ഡബ്ല്യുഒആർ ഉപയോഗിച്ച് തെരഞ്ഞെടുത്തു. തെരഞ്ഞെടുത്ത പഞ്ചായത്ത് രാജ് സ്ഥാപനങ്ങളിലെ ഫയലുകൾ, രേഖകൾ എന്നിവയുടെ സൂക്ഷ്മ പരിശോധന പഞ്ചായത്ത് രാജ് സ്ഥാപനങ്ങളിലെ ഉദ്യോഗസ്ഥരുമായുള്ള ആശയവിനിമയം, ആസ്തികൾ പരിശോധിക്കുന്നതിനായി പദ്ധതി പ്രദേശങ്ങളിലുള്ള സന്ദർശനം, തെളിവു ശേഖരണം തുടങ്ങിയവയാണ് ഓഡിറ്റ് അവലംബിച്ച രീതിയിൽ ഉൾപ്പെട്ടിരുന്നത്. 2010 ജൂണിൽ | പ്രത്യേക പരാമർശമില്ല |

| | | | |
|---|---|---|---|
| | | പ്രിൻസിപ്പൽ സെക്രട്ടറി (തദ്ദേശ സ്വയംഭരണ വകുപ്പ്)യുമായി പ്രാരംഭ കൂടിക്കാഴ്ച നടത്തി. ഈ കൂടിക്കാഴ്ചയിൽ ഓഡിറ്റ് രീതി , ഉൾപ്പെട്ടിരിക്കുന്ന കാര്യങ്ങൾ, ഓഡിറ്റിലെ മറ്റു പ്രധാന പ്രത്യേകതകൾ എന്നിവ വിശദീകരിച്ചു. ഓഡിറ്റിന്റെ കണ്ടെത്തലുകളും നിർദ്ദേശങ്ങളും സർക്കാരിന്റെ അഡീഷണൽ ചീഫ് സെക്രട്ടറിയുമായി 2011 ഫെബ്രുവരിയിൽനടത്തിയ അന്തിമ കൂടിക്കാഴ്ചയിൽ ചർച്ച ചെയ്തു. | |
| 7 | | **3.2.6 സാമ്പത്തികം**<br>കേന്ദ്ര സർക്കാരിൽ (ജിഒഐ) നിന്നും സംസ്ഥാന സർക്കാരിൽ നിന്നും നിർദ്ദിഷ്ട പദ്ധതികൾ നടപ്പിലാക്കുന്നതിനായി ലഭിക്കുന്ന ഫണ്ടുകൾ സർക്കാർ പുറത്തിറക്കിയിട്ടുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ അനുസരിച്ച് ചെലവാക്കേണ്ടതായിട്ടുണ്ട്. പഞ്ചായത്ത് രാജ് സ്ഥാപനങ്ങൾ ഏറ്റെടുത്ത് നടപ്പിലാക്കുന്ന പദ്ധതികൾ അതാത് പഞ്ചായത്ത് രാജ് സ്ഥാപനങ്ങൾ രൂപീകരിച്ചിട്ടുള്ള മേൽ നിരീക്ഷണ കമ്മിറ്റികൾ മേൽ നിരീക്ഷണം നടത്തേണ്ടതായിട്ടുണ്ട്. ജില്ലാതലത്തിൽ പഞ്ചായത്ത് രാജ് സ്ഥാപനങ്ങൾ ഏറ്റെടുത്തു നടത്തുന്ന കേന്ദ്രാവിഷ്കൃത/ സംസ്ഥാനാവിഷ്കൃത പദ്ധതിയുൾപ്പെടെയുള്ള പദ്ധതി നടത്തിപ്പിന്റെ പുരോഗതി ജില്ലാ ആസൂത്രണ കമ്മിറ്റി (ഡിപിസി) യുടെ ചെയർമാന്റെ അദ്ധ്യക്ഷതയിൽ മെമ്പർ സെക്രട്ടറി കൂടിയായ ജില്ലാ കളക്ടറുടെ സാന്നിദ്ധ്യത്തിൽ എല്ലാ മാസവും കൂടുന്ന ഡിപിസിയുടെ മീറ്റിംഗിൽ പുനരവലോകനം നടത്തേണ്ടതായിട്ടുണ്ട്. ജില്ലാ കളക്ടർ ഈ മീറ്റിംഗിനെപ്പറ്റി ഒരു വിശദമായ റിപ്പോർട്ട് ചീഫ് സെക്രട്ടറിയ്ക്ക് നൽകേണ്ടതായിട്ടുണ്ട്. വിവിധ മേഖലകളിലുള്ള പദ്ധതികളുടെ പുരോഗതി അതാത് വകുപ്പ് തലവൻമാരും പുനവലോകനം നടത്തുകയും അതിന്റെ റിപ്പോർട്ട് തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിക്ക് സംസ്ഥാന തലത്തിൽ എല്ലാ മാസവും തദ്ദേശ സ്വയംഭരണ വകുപ്പ്, പ്രിൻസിപ്പൽ സെക്രട്ടറി/ ആസൂത്രണ സാമ്പത്തിക കാര്യ വകുപ്പ് സെക്രട്ടറി വിളിച്ചു ചേർക്കുന്ന യോഗത്തിൽ കൈമാറേണ്ടതാണ്. വിവിധ തലങ്ങളിലുള്ള പുനരവലോകന ചർച്ചകളിൽ തിരിച്ചറിയപ്പെട്ടിട്ടുള്ള പ്രശ്നങ്ങൾ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ എല്ലാ മാസവുമുള്ള കൂടിക്കാഴ്ചകളിൽ ചർച്ച ചെയ്യേണ്ടതാണ്. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി/ ആസൂത്രണ സാമ്പത്തിക കാര്യ വകുപ്പ് സെക്രട്ടറി പദ്ധതി നടത്തിപ്പിന്റെ പുരോഗതി മൂന്ന് മാസത്തിലൊരിക്കൽ കൂടുന്ന കൂടിക്കാഴ്ചയിൽ മുഖ്യമന്ത്രിയെ അറിയിക്കേണ്ടതാണ്. | പ്രത്യേക പരാമർശമില്ല |

പഞ്ചായത്ത രാജ് സ്ഥാപനങ്ങളുടെ പ്രധാന വരുമാന സ്രോതസ്സ് സംസ്ഥാന ധനകാര്യ കമ്മീഷന്റെ നിർദ്ദേശങ്ങളെ അടിസ്ഥാനമാക്കി സംസ്ഥാന സർക്കാരിൽ നിന്നും കിട്ടുന്ന ഫണ്ടുകൾ (കാറ്റഗറി എ  വികസന ചെലവ് ഫണ്ട്, കാറ്റഗറി സി- പരിപാലന ചെലവ് ഫണ്ട്, കാറ്റഗറി ഡി - പൊതു ഉദ്ദേശ്യ ഫണ്ട്) , നിർദ്ദിഷ്ട കാര്യങ്ങൾക്ക് വിവിധ വകുപ്പുകൾ മുഖേന കിട്ടുന്ന ഫണ്ടുകൾ ( കാറ്റഗറി ബി), കേന്ദ്രാവിഷ്കൃത പദ്ധതികൾക്കായി ജിഒഐയിൽ നിന്നും കിട്ടുന്ന ഫണ്ടുകൾ (കാറ്റഗറി ഇ), തനത് ഫണ്ടുകൾ, വായ്പകൾ ഇവയാണ് . പട്ടിക 3.9 ൽ ലാക്ഷണിക പരിശോധന നടത്തിയ പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ വരുമാനവും ചാർട്ട് 3.1ൽ 1005-06 മുതൽ 2009-10 വരെയുള്ള കാലയളവിലെ വരുമാനത്തിന്റെ ഗതിയും കാണിച്ചിരിക്കുന്നു.

8

**പട്ടിക 3.9 : ലാക്ഷണിക പരിശോധന നടത്തിയ പഞ്ചായത്ത് രാജ് സ്ഥാപനങ്ങളിൽ 2005-06 മുതൽ 2009-10 വരെയുള്ള വരവുകൾ ( ` ലക്ഷത്തിൽ)**

| പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ വരവുകൾ | 2005-06 | 2006-07 | 2007-08 | 2008-09 | 2009-10 | ആകെ |
|---|---|---|---|---|---|---|
| വികസന ചെലവ് ഫണ്ട് (എ വിഭാഗം) | | | | | | |
| ഗ്രാമ പഞ്ചായത്തുകൾ | 848.75 | 919.11 | 1022.61 | 1099.15 | 1217.21 | 5106.83 |
| ബ്ലോക്ക് പഞ്ചായത്തുകൾ | 1383.01 | 1703.98 | 1891.64 | 2166.35 | 2281.17 | 9426.15 |
| ജില്ലാ പഞ്ചായത്തുകൾ | 4639.59 | 6286.32 | 7000.4 | 7171.6 | 8017.61 | 33115.43 |
| **സംസ്ഥാനാവിഷ്കൃത പദ്ധതികളും കേന്ദ്രാവിഷ്കൃത പദ്ധതികളുടെ സംസ്ഥാന വിഹിതവും ( ബി വിഭാഗം)** | | | | | | |
| ഗ്രാമ പഞ്ചായത്തുകൾ | 414.3 | 452.62 | 541.13 | 607.84 | 665.08 | 2653.87 |
| ബ്ലോക്ക് പഞ്ചായത്തുകൾ | 56.8 | 41.61 | 58.94 | 76.67 | 38.06 | 272.08 |

| | | | | | | |
|---|---|---|---|---|---|---|
| ജില്ലാ പഞ്ചായത്തുകൾ | 725.54 | 912.14 | 1259.36 | 2478.75 | 2575.5 | 7951.29 |
| **പരിപാലന ചെലവ് ഫണ്ട് (സി വിഭാഗം)** | | | | | | |
| ഗ്രാമ പഞ്ചായത്തുകൾ | 240.75 | 257.13 | 289.68 | 282.05 | 295.29 | 1364.9 |
| ബ്ലോക്ക് പഞ്ചായത്തുകൾ | 186.56 | 200.63 | 220.93 | 225.75 | 233.02 | 1066.89 |
| ജില്ലാ പഞ്ചായത്തുകൾ | 1413.96 | 1395.86 | 2093.67 | 1558.22 | 2176.51 | 8638.22 |
| **പൊതു ഉദ്ദേശ്യ ഫണ്ടും (ഡി വിഭാഗം) തനത് ഫണ്ടും (എഫ് വിഭാഗം)** | | | | | | |
| ഗ്രാമ പഞ്ചായത്തുകൾ | 944.31 | 919.27 | 943.09 | 1114.66 | 1286.23 | 5207.56 |
| ബ്ലോക്ക് പഞ്ചായത്തുകൾ | 158.48 | 149.3 | 411.49 | 299.87 | 439.41 | 1458.55 |
| ജില്ലാ പഞ്ചായത്തുകൾ | 1366.96 | 1377.33 | 1861.57 | 1550.7 | 1071.18 | 7227.74 |
| **കേന്ദ്രാവിഷ്കൃത പദ്ധതികളുടെ കേന്ദ്ര വിഹിതം ( ഇ വിഭാഗം)** | | | | | | |
| ഗ്രാമ പഞ്ചായത്തുകൾ | 156.18 | 116.26 | 147.72 | 177 | 344.08 | 941.24 |
| ബ്ലോക്ക് പഞ്ചായത്തുകൾ | 966.77 | 1047.23 | 1624.42 | 2525.15 | 3593,77 | 9757.34 |
| ജില്ലാ പഞ്ചായത്തുകൾ | 629.45 | 1233.84 | 2806.37 | 1683.9 | 3047.8 | 9401.36 |
| **ആകെ വരുമാനം** | | | | | | |
| ഗ്രാമ പഞ്ചായത്തുകൾ | 2604.29 | 2637.39 | 2944.23 | 3280.7 | 3807.89 | 15274.5 |
| ബ്ലോക്ക് പഞ്ചായത്തുകൾ | 2751.62 | 3142.75 | 4207.42 | 5293,79 | 6585,43 | 21981.01 |

| | | | | | | |
|---|---|---|---|---|---|---|
| ജില്ലാ പഞ്ചായത്തുകൾ | 8775.41 | 11205.49 | 15021.37 | 14443.17 | 16888.6 | 66334.04 |

**പട്ടിക 3.10 : ലാക്ഷണിക പരിശോധന നടത്തിയ പഞ്ചായത്ത് രാജ് സ്ഥാപനങ്ങളിൽ 2005-06 മുതൽ 2009-10 വരെയുള്ള കാലയളവിൽ മേഖല തിരിച്ചുള്ള ചെലവ് ( `ലക്ഷത്തിൽ)**

| ചെലവ് | 2005-06 | 2006-07 | 2007-08 | 2008-09 | 2009-10 | ആകെ |
|---|---|---|---|---|---|---|
| **ഉത്പാദന മേഖല** | | | | | | |
| ഗ്രാമ പഞ്ചായത്തുകൾ | 312.35 | 327.93 | 380.45 | 307.99 | 381.11 | 1709.83 |
| ബ്ലോക്ക് പഞ്ചായത്തുകൾ | 219.79 | 453.72 | 572.27 | 618.26 | 680.67 | 2544.71 |
| ജില്ലാ പഞ്ചായത്തുകൾ | 586 | 1068.16 | 1631.54 | 1665.99 | 2257.47 | 7209.16 |
| **സേവന മേഖല** | | | | | | |
| ഗ്രാമ പഞ്ചായത്തുകൾ | 749.48 | 579.1 | 854.82 | 1045.37 | 1121.85 | 4350.62 |
| ബ്ലോക്ക് പഞ്ചായത്തുകൾ | 1350 | 1649.79 | 1745.19 | 2243.34 | 2654,15 | 9642.48 |
| ജില്ലാ പഞ്ചായത്തുകൾ | 2292.89 | 3635.38 | 5564.52 | 4790.91 | 7548.56 | 23832.26 |
| **അടിസ്ഥാന സൗകര്യ മേഖല** | | | | | | |
| ഗ്രാമ | 432.22 | 266.09 | 431.2 | 510.19 | 713.75 | 2353.45 |

| | | | | | | |
|---|---|---|---|---|---|---|
| പഞ്ചായത്തുകൾ | | | | | | |
| ബ്ലോക്ക് പഞ്ചായത്തുകൾ | 359.17 | 423.62 | 367.08 | 383.53 | 419.12 | 1952.52 |
| ജില്ലാ പഞ്ചായത്തുകൾ | 1400.57 | 866.47 | 1425.03 | 1081.11 | 1571.67 | 6344.85 |
| **മറ്റ ചെലവുകൾ** | | | | | | |
| ഗ്രാമ പഞ്ചായത്തുകൾ | 864.68 | 980.22 | 934.33 | 1111.94 | 1604.02 | 5495.19 |
| ബ്ലോക്ക് പഞ്ചായത്തുകൾ | 908.32 | 598.86 | 1101.36 | 1222.51 | 2915.69 | 6746.74 |
| ജില്ലാ പഞ്ചായത്തുകൾ | 2513.42 | 3994.77 | 4484.51 | 4648.13 | 5617.35 | 21258.18 |
| **ആകെ ചെലവ്** | | | | | | |
| ഗ്രാമ പഞ്ചായത്തുകൾ | 2358.73 | 2153.34 | 2600.8 | 2975.49 | 3820.73 | 13909.09 |
| ബ്ലോക്ക് പഞ്ചായത്തുകൾ | 2837.29 | 3125.99 | 3785.9 | 4467.64 | 6669.63 | 20886.45 |
| ജില്ലാ പഞ്ചായത്തുകൾ | 6792.88 | 9564.78 | 13105.6 | 12186.14 | 16995.05 | 58644.45 |

| | | | |
|---|---|---|---|
| 9 | 3.2.7.1 | **3.2.7 ഫണ്ട് ഗതിയുടെ പരിപാലനം**<br><br>**3.2.7.1 വികസന ചെലവ്/ പരിപാലന ചെലവ്/ പൊതു ഉദ്ദേശ്യ ഫണ്ട് എന്നിവയിലെ കുറഞ്ഞ നിക്ഷേപം**<br><br>സംസ്ഥാന ബജറ്റിൽ പഞ്ചായത്ത് രാജ് സ്ഥാപനങ്ങൾക്കായി നീക്കിവച്ചിരിക്കുന്ന ഫണ്ടുകൾ സംസ്ഥാന പബ്ളിക് അക്കൗണ്ടിലെ ശീർഷകങ്ങളിലേക്ക് മാറ്റുന്നത് ധനകാര്യ വകുപ്പ് തിരുവനന്തപുരം ജില്ല ട്രഷറിയിൽ ബില്ലുകൾ അവതരിപ്പിച്ച് ഗഡുക്കളായിട്ടാണ്. പഞ്ചായത്ത് രാജ് സ്ഥാപനങ്ങൾക്ക് ഫണ്ടുകൾ വകയിരുത്തുന്നതിന് ഉത്തരവാദപ്പെട്ട നിയന്ത്രണ അധികാരികൾ ലെറ്റർ ഓഫ് അതോറിറ്റിയുടെ ഒരു പകർപ്പ് തിരുവനന്തപുരം ജില്ലാ ട്രഷറി ഓഫീസർക്കും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഇടപാട് നടത്തുന്ന അതാത് ട്രഷറികൾക്കും നൽകുന്നു. ലെറ്റർ ഓഫ് അതോറിറ്റി കിട്ടുമ്പോൾ തിരുവനന്തപുരം ജില്ലാ ട്രഷറി ഓഫീസർ പഞ്ചായത്ത് രാജ് സ്ഥാപനങ്ങൾക്കായി പബ്ളിക്ക് അക്കൗണ്ടിൽ തുറന്നിട്ടുള്ള അക്കൗണ്ട് ശീർഷകത്തിനെതിരെയുള്ള വകയിരുത്തലിൽ ഇതിനകമുള്ള മൊത്തമായ കുറവ് വരുത്തുകയും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഇടപാടുകൾ നടത്തുന്ന ട്രഷറി ഓഫീസർമാർ ഇതിനു തത്തുല്യമായ ഫണ്ടുകൾ അതാത് | **മലപ്പുറം ജില്ലാ പഞ്ചായത്ത്**<br>സി ആന്റ് എജിയുടെ പ്രസ്തുത ഓഡിറ്റ് പരാമർശത്തെ തുടർന്ന്, 70.98 ലക്ഷം രൂപയുള്ള അഡീഷണൽ അലോട്ട്മെന്റ് അനുവദിക്കുകയും ഈ തുക 07.03.12 തീയതിയിൽ ട്രഷറിയിൽ ജില്ലാ പഞ്ചായത്തിന്റെ അക്കൗണ്ടിൽ വരവ് വെക്കുകയും ചെയ്തിട്ടുണ്ട്. ടി കാലയളവിൽ ട്രഷറിയിൽ നിന്ന് ഓരോ മാസത്തേയും അക്കൗണ്ട് വിവരങ്ങൾ മേൽ കാലയളവിൽ യഥാസമയം ലഭിക്കുമായിരുന്നില്ല. എന്നാൽ നിലവിൽ ഓരോ മാസവും യഥാസമയം എല്ലാ അക്കൗണ്ടുകളിലും റികൺസിലിയേഷൻ കൃത്യമായി ചെയ്തുവരുന്നുണ്ട്.<br>**അഞ്ചൽ ബ്ലോക്ക് പഞ്ചായത്ത്**<br>2008-09 വർഷത്തെ പൊതു ആവശ്യ ഫണ്ടില് അഞ്ചല് ബ്ലോക്ക് പഞ്ചായത്തിന് അനുവദിച്ച 25.68 ലക്ഷം രൂപ അതേ സാമ്പത്തികവർഷം അഞ്ചൽ ബ്ലോക്ക് പഞ്ചായത്തിന്റെ അഞ്ചൽ സബ് ട്രഷറിയിലെ BPFA1 ല് യഥാസമയം ക്രെഡിറ്റായിരുന്നില്ല. ട്രഷറി സ്റ്റേറ്റ്മെന്റ് റിക്കൺസിലിയേഷന് സമയത്ത് ടി കുറവ് കണ്ടെത്തിയിരുന്നു. ടി വിവരം നിയന്ത്രണ അധികാരിയെയും അഞ്ചലൽ സബ് ട്രഷറി ഓഫീസറേയും അറിയിക്കുകയുണ്ടായി. ടി 25.68 ലക്ഷം രൂപ അഞ്ചൽ ബ്ലോക്ക് പഞ്ചായത്ത് പ്ലാൻ ഫണ്ട് അക്കൗണ്ടിൽ 2011 ഫെബ്രുവരിയിൽ നിക്ഷേപിക്കുകയുണ്ടായി.<br>**പെരുമ്പടപ്പ ബ്ലോക്ക് പഞ്ചായത്ത്**<br>2007-08, 2008-09 സാമ്പത്തിക വർഷങ്ങളിൽ പൊതു ആവശ്യ ഫണ്ടിൽ അനുവദിച്ചിരുന്ന തുകകളായ യഥാക്രമം 73,668/- രൂപ 81,000/- രൂപ എന്നിവ അതാത് സാമ്പത്തിക വർഷങ്ങളിൽ |

| | | | |
|---|---|---|---|
| | | പഞ്ചായത്ത് രാജ് സ്ഥാപനങ്ങൾക്കായുള്ള അക്കൗണ്ട് ശീർഷകങ്ങളിൽ വകയിരുത്തുകയും ചെയ്തു. 2006 ഏപ്രിലിൽ ഇറക്കിയ സർക്കാർ ഉത്തരവ് നിഷ്കർഷിക്കുന്നത് ട്രഷറി എല്ലാ മാസവും അഞ്ചാം തീയതിയോ അതിനുമുമ്പോ തൊട്ടു മുമ്പിലത്തെ മാസത്തിൽ ഓരോ ഡെപ്പോസിറ്റ് ശീർഷകങ്ങളിലുണ്ടായ ഇടപാടുകളെ കുറിച്ച് കമ്പ്യൂട്ടറിൽ തയ്യാർ ചെയ്ത സ്റ്റേറ്റ്മെന്റ് പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ സെക്രട്ടറിക്ക് നൽകണമെന്നാണ്. സെക്രട്ടറി ഓരോ മാസവും പത്താം തീയതിയോ അതിനുമുമ്പോ തന്റെ ഓഫീസിലെ രേഖകളുമായി സ്റ്റേറ്റ്മെന്റിന്റെ കൃത്യത പരിശോധിച്ച് അതിനുശേഷം വ്യത്യാസമുണ്ടെങ്കിൽ അത് ട്രഷറിയെ അറിയിക്കണം. അക്കൗണ്ടിൽ കുറവ് രേഖപ്പെടുത്തിയിട്ടുണ്ടെങ്കിൽ അത് ഈ റിപ്പോർട്ട് കിട്ടുമ്പോൾ ട്രഷറി ക്രമീകരിക്കേണ്ടതാണ്. 2006-07 മുതൽ 2008-09 വരെ നാലു പഞ്ചായത്ത് രാജ് സ്ഥാപനഹ്ങളുടെ (മലപ്പുറം ഡിപി, അഞ്ചൽ ബിപി, പെരമ്പടപ്പ ബിപി, ഇടമുളയ്ക്കൽ ജിപി) ഇടപാട് ട്രഷറികൾ പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ അക്കൗണ്ടിൽ 1.14 കോടിയുടെ വകയിരുത്തലിനെതിരെ നിക്ഷേപം നടത്തിയിട്ടില്ലായിരുന്നു. പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ സെക്രട്ടറിമാർ ഈ വീഴ്ചകൾ ട്രഷറി ഓഫീസർമാരെ അനുവദിച്ച സമയത്തിനുള്ളിൽ അറിയിച്ചിട്ടില്ലായിരുന്നു. കണക്കിൽ കുറഞ്ഞ നിക്ഷേപം കണ്ടുപിടിക്കുന്നതിന് സമയോചിതമായ നടപടി | പൊന്നാനി സബ് ട്രഷറി, ബ്ലോക്ക് പഞ്ചായത്തിന്റെ BPFA 1 അക്കൗണ്ടിൽ ഈ കാലയളവുകളിൽ യഥാസമയം ക്രെഡിറ്റ് ചെയ്തിരുന്നില്ല. കൂടാതെ 2008-09 വർഷത്തെ വികസന ഫണ്ടിലെ രണ്ടു ഗഡു തുകയായ 1943200/- രൂപയും ബന്ധപ്പെട്ട BPFA II അക്കൗണ്ടിൽ ക്രഡിറ്റ് ചെയ്തിരുന്നില്ല. ട്രഷറി റീകൺസിലിയേഷനിൽ ഈ പിഴവ് കണ്ടെത്തിയതിനാലും, എ.ജി യുടെ ആഡിറ്റ് പരാമർശമുണ്ടായിരുന്നതിനാലും അതാത് സാമ്പത്തിക വർഷം കഴിഞ്ഞതിനാൽ ഈ പിഴവ് പരിഹരിക്കുന്നതിന് ധനകാര്യ പ്രിൻസിപ്പൽ സെക്രട്ടറിയെ രേഖാമൂലം അറിയിക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ 25.1.2014 ന് ധനകാര്യ കമ്മീഷനിലെ അണ്ടർ സെക്രട്ടറിയുടെ നേതൃത്വത്തിൽ ഈ ഓഫീസിലെ അക്കൗണ്ടും പൊന്നാനി ട്രഷറിയിലെ അക്കൗണ്ടും നേരിട്ട് പരിശോധിച്ചതിൽ പിഴവ് കണ്ടെത്തിയതിനാൽ ആയത് പരിഹരിക്കാൻ ട്രഷറിക്ക് നിർദ്ദേശം നൽകിയതിന്റെ അടിസ്ഥാനത്തിൽ 17.05.2014 ലെ പൊന്നാനി സബ് ട്രഷറി ഓഫീസറുടെ എ 6-26/14- ാം നമ്പർ കത്ത് പ്രകാരം 2014 മാർച്ചിൽ ടി തുകകൾ ബന്ധപ്പെട്ട അക്കൗണ്ടിൽ നിക്ഷേപിച്ച സ്റ്റേറ്റ്മെന്റ് നൽകിയിട്ടുണ്ട്. ആയതിനാൽ ടി തുകകൾ നഷ്ടം സംഭവിക്കാതെ തിരികെ ലഭിച്ചിട്ടുണ്ട്.<br>**<u>ഇടമുളയ്ക്കൽ ഗ്രാമപഞ്ചായത്ത്</u>**<br>2007- 08 വർഷത്തെ രണ്ടാം ഗഡു ജനറൽ പർപ്പസ് ഗ്രാന്റ് തുകയായ 297917/- രൂപ ഗ്രാമപഞ്ചായത്തിന്റെ അക്കൗണ്ടിൽ ക്രഡിറ്റ് ചെയ്തിട്ടില്ല. രണ്ടാം ഗഡു ജനറൽ പർപ്പസ് ഗ്രാന്റ് തുകയായ 297917/- രൂപ അനുവദിക്കുന്നതിന് സർക്കാരിലേക്ക് |

| | | | |
|---|---|---|---|
| | | എടുക്കുന്നതിൽ പഞ്ചായത്ത് രാജ് സ്ഥാപനങ്ങൾക്കുണ്ടായ വീഴ്ച സംസ്ഥാന സർക്കാർ നീക്കിവച്ച 1.14 കോടി കിട്ടാതിരിക്കുന്നതിനിടയായി. അഞ്ചൽ ബിപി ഫണ്ട് കിട്ടിയില്ല എന്ന വസ്തുത 2009 ജൂണിൽ നിയന്ത്രണ അധികാരിയെ അറിയിച്ചിരുന്നെങ്കിലും അവരുടെ അക്കൗണ്ടിൽ തുക ഇതുവരെ നിക്ഷേപിച്ചിട്ടില്ല. ( 2010 ജൂൺ). പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഭാഗത്ത് കണക്കുകൾ ഒത്തുനോക്കുന്നതിൽ വീഴ്ചയുണ്ടായതായിട്ടുണ്ടെന്ന് സർക്കാർ പ്രസ്താവിച്ചു. ( 2011 ഫെബ്രുവരി). കുറഞ്ഞ നിക്ഷേപം നടത്തിയ തുക സംസ്ഥാനത്തിന്റെ പബ്ളിക് അക്കൗണ്ടിൽ കിടക്കുന്നുണ്ടെന്നും സർക്കാരിന്റെ അനുവാദത്തോടെ പഞ്ചായത്ത് രാജ് സ്ഥാപനഹ്ങൾക്ക്ഈ തുക നൽകാവുന്നതാണെന്നും സർക്കാർ കൂട്ടിചേർത്തു. | അപേക്ഷ സമർപ്പിക്കാൻ 29/12/2021 ലെ സ്റ്റേറ്റ് പെർഫോമൻസ് ആഡിറ്റ് ആഫീസറുടെ യോഗത്തിൽ വച്ച് നിർദ്ദേശം നൽകിയിട്ടുണ്ട്. |
| 10 | 3.2.7.2 | **3.2.7.2 ഐഡബ്ളുഡിപി പദ്ധതിയുടെ നടത്തിപ്പിലുണ്ടായ നിഷ്ക്രിയത്വം കേന്ദ്ര സഹായം കിട്ടാതിരിക്കുന്നതിന് കാരണമായി.**<br><br>കൊല്ലം, കോട്ടയം, മലപ്പുറം, കോഴിക്കോട് ജില്ലകളിലെ എട്ട് ബ്ളോക്കുകളിൽ നടപ്പിലാക്കുന്നതിനായി സംയോജിത തിരിപ്രഭൂമി വികസന പരിപാടി (ഐഡബ്ളുഡിപി)-യിൽ കീഴിൽ എട്ട് പദ്ധതികൾക്ക് ( പദ്ധതി ചെലവ് 25.11 കോടി) ഭാരത സർക്കാരിന്റെ ഗ്രാമ വികസന മന്ത്രാലയം (എംഒആർഡി) അനുമതി | **കൊല്ലം - അഞ്ചല് ബ്ലോക്ക് പഞ്ചായത്ത്**<br>മനുഷ്യന്-കരഭൂമി ജലം സസ്യങ്ങള് മൃഗങ്ങള് എന്നിവയുടെ സുസ്ഥിരമായ സംരക്ഷണം ലക്ഷ്യമാക്കിക്കൊണ്ടുള്ള നീര്ത്തടാധിഷ്ഠിത വികസന പദ്ധതി IWDP പ്രകാരം കൃഷിയോഗ്യമല്ലാത്ത ഭൂപ്രദേശങ്ങളെ സംരക്ഷിച്ച് അവിടുത്തെ മണ്ണ്,ജല ജൈവ വൈവിദ്ധ്യങ്ങളുടെ സംരക്ഷണം ലക്ഷ്യമാക്കി അഞ്ചല് ബ്ലോക്ക് പഞ്ചായത്തിലെ വിഭിന്ന ഭൂപ്രകൃതിയിലുള്ള 3047 ഹെക്ടർ വേസ്റ്റ് ലാൻഡിൽ സമഗ്രമായ നീർത്തടാധിഷ്ഠിത വികസന പ്രവർത്തനങ്ങൾ നടപ്പിലാക്കുവാനാണ് ലക്ഷ്യം വച്ചത്. 182.82 ലക്ഷം രൂപയുടെ പ്രതീക്ഷിത ചെലവ് വകയിരുത്തിയ |

| | | | |
|---|---|---|---|
| | | നൽകിയിരുന്നു. ( 2005- ലും 2006 ലും) ഈ പദ്ധതികൾ ഹരിയാലി മാർഗ്ഗ നിർദ്ദേശങ്ങൾ അനുസരിച്ച് ജില്ലാ പഞ്ചായത്തുകളുടെ ദാരിദ്ര്യ നിർമ്മാർജ്ജന യൂണിറ്റുകളിലൂടെ ( പിഎയും) നടപ്പാക്കണമായിരുന്നു. കേന്ദ്ര സംസ്ഥാന വിഹിതങ്ങൾ യഥാക്രമം ഒരു ഹെക്ടറിന് 5500 ഉം 500 ഉം ആയിരുന്നു. പദ്ധതി നടത്തിപ്പു തുക ഓരോ പദ്ധതിയ്ക്കും അനുമതി ലഭിച്ച തീയതി മുതൽ അഞ്ചു വർഷക്കാലയളവിൽ ചെലവാക്കേണ്ടതായിരുന്നു. കേന്ദ്ര ഫണ്ടിന്റെ ആദ്യ ഗഡു നിബന്ധനകൾ ഒന്നുമില്ലാതെ പദ്ധതി അനുമതിയ്ക്കൊപ്പം നൽകണമായിരുന്നുള്ളു. ഹരിയാലി മാർഗ്ഗനിർദ്ദേശങ്ങൾ അനുസരിച്ച് തദ്ദേശ സ്വയംഭരണ വകുപ്പ് സെക്രട്ടറി പദ്ധതിയുടെ ക്രമമായ മേൽ നിരീക്ഷണത്തിന് ഉത്തരവാദിയും പദ്ധതി ഫണ്ടിന്റെ 45 ശതമാനം ലഭിച്ച ശേഷം ഗ്രാമ വികസന മന്ത്രാലയത്തിലെ ഭൂപരിഷ്കരണ വകുപ്പിന്റെ അനുമതിയോടെ സ്വതന്ത്ര വലിയിരുത്തലുകൾ മുഖേന പദ്ധതിയുടെ മദ്ധ്യകാല വിലയിരുത്തൽ നടത്തുകയും ചെയ്യണം . മൂന്നാമത്തേതും തുടർന്നുമുള്ള ഗഡുക്കൾ പദ്ധതികളുടെ തൃപ്തികരമായ മദ്ധ്യകാല വിലയിരുത്തലുകൾ സമർപ്പിച്ചതിനുശേഷം മാത്രമേ നൽകാമായിരുന്നുള്ളു.<br>10.33 കോടിയുടെ കേന്ദ്ര സംസ്ഥാന വിഹിതങ്ങൾ അതാത് ദാരിദ്ര്യ നിർമ്മാർജ്ജന യൂണിറ്റുകൾക്ക് ആദ്യത്തേതും രണ്ടാമത്തേതും ഗഡുക്കളായി നൽകുകയുണ്ടായി ( 2005 ജൂലൈ മുതൽ 2010 മാർച്ച് | പ്രസ്തുത പദ്ധതിയ്ക്ക് 167.59 ലക്ഷം രൂപ കേന്ദ്ര സഹായമായി വകയിരുത്തിയിരുന്നു. 2005 ജൂലൈയിൽ തുടങ്ങിയ പ്രസ്തുത പദ്ധതിയ്ക്ക് ആകെ 75.18 ലക്ഷം രൂപയാണ് ചെലവിനത്തിൽ 2010 ജൂലൈ വരെ ലഭിച്ചിട്ടുള്ളത്.ഭൂപ്രകൃതികൊണ്ട് ഏറെ വ്യത്യസ്തമായ ബ്ലോക്ക് പ്രദേശം സമതല പ്രദേശങ്ങളെക്കാൾ ഏറെ കുന്നും മലകളും ആണ്.അതുകൊണ്ട്തന്നെ അതാത് പ്രദേശങ്ങളില് നിലവിൽ കൃഷിയോഗ്യമായ ഭൂമി കൂടാതെ കൂടുതൽ വേസ്റ്റ് ലാൻഡുകൾ കൃഷിഭൂമിയാക്കി കണ്ടെത്തുകയും ആ പ്രദേശങ്ങൾക്കു വേണ്ട സമഗ്രമായ നീർത്തടാധിഷ്ഠിത പ്ലാൻ തയ്യാറാക്കുക എന്നുള്ളത് ഏറെ സമയമെടുത്ത പ്രവർത്തനങ്ങൾ ആയിരുന്നു. തേനീച്ച വളർത്തൽ, തേൻ സംസ്കരണം, നാളീകേര കൃഷി, വാഴ കൃഷി, മത്സ്യകൃഷി, കോഴി വളർത്തൽ എന്നിങ്ങനെ മനുഷ്യന് അടിസ്ഥാന പരമായ വരുമാന വർദ്ധനവിനെ ലക്ഷ്യം വയ്ക്കുന്ന പദ്ധതികളാണ് വിഭാവനം ചെയ്ത് നടപ്പിലാക്കിയത്. മുന് പരിചയകുറവ് സമയബന്ധിതമായ പദ്ധതികളെയും പദ്ധതി പ്രദേശങ്ങളെയും കണ്ടെത്തുന്നതിന് വൈതരണി സൃഷ്ടിച്ചിട്ടുണ്ട്. എന്നിരുന്നാൽ തന്നെ നടപ്പിലാക്കിയ പ്രദേശങ്ങളിൽ കുടിവെള്ളം ജലസംരക്ഷണം ഇതര കൃഷികൾക്കാവശ്യമായ ജലസേചനം ഉറപ്പിക്കാൻ പ്രസ്തുത പദ്ധതിയ്ക്ക് കഴിഞ്ഞിട്ടുണ്ട്. പദ്ധതിപ്രദേശത്തെ ജനങ്ങളുടെ വരുമാന വർദ്ധനവിനും തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും ടി പദ്ധതിയെ ഉപയോഗപ്പെടുത്തിയിട്ടുണ്ട്. മൃഗസംരക്ഷണം മത്സ്യ സമ്പത്തിന്റെ വർദ്ധനവ് ജലസംരക്ഷണം എന്നിവയ്ക്ക് ഉപയോഗപ്രദമായ രീതിയിൽ ടി പദ്ധതിയെ പ്രയോജനപ്പെടുത്തിയ സാഹചര്യത്തിലും പ്രകൃതിപരമായ ബുദ്ധിമുട്ടുകൾ ഏറിയതുകൊണ്ട് മാത്രമാണ് കൂടുതൽ |

| | | | |
|---|---|---|---|
| | | വരെ) 2010 മാർച്ച് വരെ ഈ പദ്ധതികൾക്ക് 5.30 കോടി ചെലവായി. പുരോഗതി റിപ്പോർട്ട്/ ഉപയോഗപ്രമാണ പത്രം സംസ്ഥാന സർക്കാർ മുഖേന ഭൂപരിഷ്കരണ വകുപ്പിന് നൽകികൊണ്ടിരിക്കുകയായിരുന്നു. ഹരിയാലി മാർഗ്ഗനിർദ്ദേശങ്ങളിൽ നിഷ്കർഷിച്ചിരിക്കുന്നതുപോലെ ആസൂത്രണം ചെയ്ത പദ്ധതികൾ അഞ്ചു വർഷക്കാലയളവിനുള്ളിൽ നടപ്പാക്കുന്നതിൽ ബ്ലോക്ക് പഞ്ചായത്തുകൾ പരാജയപ്പെട്ടതായി ഓഡിറ്റിൽ കാണാൻ കഴിഞ്ഞു. മൂന്ന് പദ്ധതികളുടെ പദ്ധതി കാലയളവ് 2010 ജൂലൈയോടെ തീരുകയും ബാക്കിയുള്ള പദ്ധതികളുടെ കാലയളവ് 2010 നവംബറിനും 2011 ജൂലൈയ്ക്കും ഇടയിൽ തീരുകയും ചെയ്യുന്നു. ഇതുകൂടാതെ 2007 ഡിസംബറിനും 2009 ഏപ്രിലിനും ഇടയിൽ ഏഴു ബ്ലോക്ക് പഞ്ചായത്തുകൾക്ക് പദ്ധതി ഫണ്ടിന്റെ 45 ശതമാനം കിട്ടിയിരുന്നെങ്കിലും, സംസ്ഥാന സർക്കാർ മദ്ധ്യകാല വിലയിരുത്തൽ നടത്തുന്നതിനുള്ള നടപടികളൊന്നും ആരംഭിച്ചിരുന്നില്ല. 45 ശതമാനം ഫണ്ട് ലഭിക്കുകയും അതിൽ 50 ശതമാനം ഉപയോഗിക്കുകയും ചെയ്തതിനുശേഷവും മദ്ധ്യകാല വിലയിരുത്തൽ നടത്തുന്നതിൽ സംസ്ഥാന സർക്കാർ കാണിച്ച നിഷ്ക്രിയത്വം 42000 ഹെക്ടർ തരിശുഭൂമിയുടെ സംയോജിത വികസനത്തിനായി ബാക്കിയുണ്ടായിരുന്ന 11.92 കോടിയുടെ കേന്ദ്ര ധനസഹായം ലഭിക്കാതിരിക്കുന്നതിനിടയാക്കി. ഏറ്റെടുത്ത പദ്ധതികൾ, | മേഖലകളിലേക്ക് ടി പദ്ധതിയെ കൂടുതൽ പ്രദേശങ്ങളിലേക്ക് വ്യാപിപ്പിക്കുവാൻ കഴിയാതെ വന്നത്.<br>**<u>മലപ്പുറം- തിരുരങ്ങാടി</u>**<br>**കേന്ദ്ര സർക്കാർ ഗ്രാമവികസന മന്ത്രാലയം തിരുരങ്ങാടി ബ്ലോക്കിൽ അനുവദിച്ച ഹരിയാലി പദ്ധതി 2005 നവംബർ മാസം ആരംഭിച്ച് 5 വർഷം കൊണ്ട് പൂർത്തീകരിക്കേണ്ടതായിരുന്നു. പദ്ധതി നടത്തിപ്പിനായി കേന്ദ്ര വിഹിതവും സംസ്ഥാന വിഹിതവും രണ്ട് ഗഡുക്കൾ വീതം ലഭിക്കുകയുണ്ടായി. ഹരിയാലി പദ്ധതിയുടെ നടത്തിപ്പിനായി 98.98 ലക്ഷം രൂപയാണ് തിരുരങ്ങാടി ബ്ലോക്കിൽ ലഭിച്ചിട്ടുള്ളത്. ആയതിൽ നിന്നും 96.58 ലക്ഷം രൂപ ചിലവഴിച്ച് വിശദമായ പ്രൊജക്ട് റിപ്പോർട്ടിൽ ഉൾപ്പെട്ട നീർത്തടവികസന പ്രവൃത്തികൾ നടപ്പാക്കിയതായി റിപ്പോർട്ട് ചെയ്യുകൊള്ളുന്നു. പ്രൊജക്ടിന്റെ മധ്യകാല വിലയിരുത്തൽ നടത്തിയിട്ടുണ്ട്. ബ്ലോക്കിൽ ലഭ്യമായ തുകയുടെ 97.58% തുക ചെലവഴിച്ചിട്ടുണ്ട്. ജില്ലാതലത്തിൽ ഈ പ്രൊജക്ടിന് ലഭ്യമായ വിഹിതത്തിന്റെ 74.14% ചെലവഴിക്കപ്പെട്ടിട്ടുണ്ട്. ഫണ്ട് ഒരു തരത്തിലും ദുർവിനിയോഗം നടത്തിയിട്ടില്ല. 2012-13 വർഷത്തിൽ കേന്ദ്ര സർക്കാർ നീർത്തട വികസനത്തിനായി സംയോജിത നീർത്തട പരിപാലന പരിപാടി (ഐ.ഡബ്ല്യു.എം.പി) നടപ്പാക്കിയതോടെ ഹരിയാലി ഉൾപ്പെടെയുള്ള നീർത്തടവികസന/ തരിശുഭൂമി വികസന പദ്ധതികൾ എല്ലാം തന്നെ നിർത്തിവെക്കുകയുണ്ടായി. ലഭ്യമായ ഫണ്ട് കാര്യക്ഷമമായി ചെലവഴിച്ച് സാമൂഹ്യ ആസ്തികൾ സൃഷ്ടിച്ചിട്ടുണ്ട്.** |

| | | | |
|---|---|---|---|
| | | ഇതുവരെ ലഭിച്ച ഫണ്ടുകൾ, പദ്ധതി നടപ്പാക്കലിന്റെ തലങ്ങൾ, കിട്ടാതിരുന്ന തുകകൾ എന്നിവയുടെ വിശദവിവരങ്ങൾ അനുബന്ധം X- ൽ കൊടുത്തിരിക്കുന്നു. 2012 ജൂണോടെ എല്ലാ പദ്ധതികളും പൂർത്തിയാക്കുന്നതിനുള്ള നടപടികൾ എടുത്തിട്ടുണ്ടെന്ന് സർക്കാർ പ്രസ്താവിച്ചു ( 2011 ഫെബ്രുവരി). | |
| 11 | 3.2.7.3(1) | **3.2.7.3 പഞ്ചായത്ത് ഫണ്ട്/ ബാങ്ക് അക്കൗണ്ടിൽ വികസന ചെലവിനുള്ള ഫണ്ടിന്റെ അനധികൃത നിലനിർത്തൽ**<br><br>(1) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ&ക്ക് ഫണ്ട് പിൻവലിക്കുന്നതിനുള്ള പുതുക്കിയ മാർഗ്ഗ നിർദ്ദേശങ്ങൾക്കായുള്ള സർക്കാർ ഉത്തരവനുസരിച്ച് ( 2006 ഏപ്രിൽ) ആവശ്യത്തിലും അധികമായി പിൻവലിച്ച/ പിൻവലിച്ച ശേഷം മുൻ വർഷത്തിൽ ഉപയോഗിക്കാതെ കിടക്കുന്ന വികസന ചെലവിനായുള്ള ഫണ്ടുകൾ സർക്കാരിന്റെ സഞ്ചിത നിധിയിലേക്ക് തിരിച്ചടക്കേണ്ടതാണ്. മുൻ വർഷത്തിൽ പിൻവലിക്കുകയും എന്നാൽ ഉപയോഗിക്കാതിരിക്കുകയും ചെയ്ത തുകയായ 26.97 ലക്ഷത്തിന്റെ വികസന ചെലവ് ഫണ്ട് നാലു പഞ്ചായത്ത് രാജ് സ്ഥാപനങ്ങൾ സഞ്ചിത നിധിയിലേക്ക് തിരിച്ചടയ്ക്കുന്നതിനു പകരം പഞ്ചായത്ത് ഫണ്ടിൽ നിലനിർത്തിയതായി ഓഡിറ്റിൽ | **മലപ്പുറം ജില്ലാ പഞ്ചായത്ത്**<br>മുൻ വർഷങ്ങളിലെ വിനിയോഗിക്കാതിരുന്ന പദ്ധതി വിഹിതം തനത് ഫണ്ടിലും പദ്ധതി അക്കൌണ്ടിലും സൂക്ഷിച്ചിരുന്നതായി ഓഡിറ്റ് റിപ്പോർട്ടുകളിൽ അപാകതയായി സൂചിപ്പിച്ചിരുന്നു. 11,94,520/- രൂപ 30.03.2011 തീയതിയിലെ 315 നമ്പർ ചെലാൻ പ്രകാരം സഞ്ചിത നിധിയിലേക്ക് ട്രാൻസ്ഫർ ക്രഡിറ്റ് ചെയ്തിട്ടുണ്ട്. അതുപോലെ തനത് ഫണ്ടിൽ സൂക്ഷിച്ചിരുന്ന 11,17,664/- രൂപ 23.02.2011 തീയതിയിലെ 40 നമ്പർ ചെലാൻ പ്രകാരം സഞ്ചിത നിധിയിലേക്ക് ട്രാൻസ്ഫർ ക്രഡിറ്റ് ചെയ്തിട്ടുണ്ടെന്ന വിവരവും സമർപ്പിക്കുന്നു. നിലവിൽ ഇത്തരം ഫണ്ടുകൾ ജില്ലാ പഞ്ചായത്തിന്റെ അക്കൗണ്ടിൽ സൂക്ഷിച്ചിട്ടില്ല.<br>**നന്നംമുക്ക് ഗ്രാമപഞ്ചായത്ത്**-ചങ്ങരംകുളം സബ് ട്രഷറിയിൽ 31.10.2015 തിയതിയിൽ ചലാൻ നമ്പർ 27 പ്രകാരം 3604-00-911 ശീർഷകത്തിൽ 2,40,000/-രൂപ അടവാക്കിയിട്ടുണ്ട്.<br>**മേലില ഗ്രാമപഞ്ചായത്ത്-** 29/12/2021 ലെ സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസറുടെ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിലെ നിർദ്ദേശ പ്രകാരം, മേലില ഗ്രാമപഞ്ചായത്ത്, വികസനഫണ്ടിൽ നിന്നും പിൻവലിച്ച് തനതു ഫണ്ടിൽ |

| | | | |
|---|---|---|---|
| | | കാണപ്പെട്ടു. സഞ്ചിത നിധിയിലേക്ക് തിരിച്ചടക്കുന്നതിന് പഞ്ചായത്ത് രാജ് സ്ഥാപനങ്ങൾക്ക് നിർദ്ദേശ നൽകുന്നതാണെന്നന് സർക്കാർ പ്രസ്താവിച്ചു ( 2011 ഫെബ്രുവരി). | നിക്ഷേപിച്ചിട്ടുള്ള 61000/- രൂപ കൊട്ടാരക്കര സബ് ട്രഷറിയിൽ 31/12/2021 ലെ KL020415105262122M നമ്പർ ചെല്ലാൻ പ്രകാരം തിരിച്ച് അടച്ചിട്ടുണ്ട്.<br><br>**<u>ഫറോക്ക് മുനിസിപ്പാലിറ്റി</u>**<br><br>നിലവിൽ വികസന ഫണ്ട് തിരിച്ചടവാക്കുന്നതിന് ബാലൻസ് ഇല്ലാത്തതിനാൽ ഉക മുൻപ് തിരിച്ചടവാക്കിയതായി കണക്കാക്കുന്നതായും 2020-21 സാമ്പത്തിക വർഷത്തിൽ 109% പദ്ധതി നിർവ്വഹണം നഗരസഭയിൽ പൂർത്തീകരിച്ചിട്ടുള്ളതായും നഗരകാര്യ ഡയറക്ടർ സർക്കാരിനെ അറിയിച്ചിട്ടുണ്ട്. . |
| 12 | 3.2.7.3. (2) | നോൺ ബാങ്കിംഗ് ട്രഷറികളിൽ നിന്നും ഫണ്ട് പിൻവലിക്കുന്ന പഞ്ചായത്ത് രാജ് സ്ഥാപനങ്ങളെ ഒരു ബാങ്ക് അക്കൗണ്ട് ഉറന്ന വികസന ചെലവ്/ പരിപാലന ചെലവ് ഫണ്ടുകൾ നിക്ഷേപിക്കുന്നതിനും 1000- ന് മുകളിലുള്ള ചെലവുകൾ ഡിമാന്റ് ഡ്രാഫ്റ്റ് ആയി നൽകുന്നതിനും നിക്ഷേപ തീയതി മുതൽ 30 ദിവസത്തിനുമേൽ ഉപയോഗിക്കാതെ ബാക്കി നിൽക്കുന്ന ഉകകൾ ട്രഷറികളിൽ തിരിച്ചടക്കേണ്ടഉണ്ട് എന്ന വ്യവസ്ഥയിൻമേൽ സർക്കാർ അനുവദിച്ചിരുന്നു. ( 2006 S ഏപ്രിൽ). | **<u>നന്നംമുക്ക് ഗ്രാമപഞ്ചായത്ത്</u>**<br><br>നന്നംമുക്ക് പഞ്ചായത്തിലെ വിവിധ വർഷങ്ങളിലെ വാർഷിക പദ്ധതികളുടെ ഭാഗമായി വികസനഫണ്ടിൽ നിന്നും പിൻവലിച്ച ഉക നിക്ഷേപിച്ചിരുന്ന എസ് ബി റ്റി പ്ലാൻ അക്കൗണ്ടിൽ 2011/12 സാമ്പത്തിക വർഷത്തിൽ 2,78,141/- രൂപയാണ് മുൻ ബാക്കിയായി ഉണ്ടായിരുന്നത്. 2011/12 വർഷത്തെ പലിശ 44,411/- രൂപ ചേർത്ത് 3,22,552/- രൂപ 2012/13 സാമ്പത്തിക വർഷത്തിലേക്ക് ക്യാരി ഓവർ ചെയ്യുകയും 2012/13 ലെ പലിശയായ 9,967/- രൂപ ചേർത്ത് 3,32,519/- രൂപയാണ് 06/09/2012 ൽ അക്കൗണ്ട് ക്ലോസ് ചെയ്യുമ്പോൾ അക്കൗണ്ടിൽ ഉണ്ടായിരുന്നത് . പ്രസ്തുത അക്കൗണ്ട് എ ജി ഓഡിറ്റ് പരാമർശ പ്രകാരം ക്ലോസ് ചെയ്യുകയും ഉക തനത് ഫണ്ടിൽ |

| | | | |
|---|---|---|---|
| | | യഥാക്രമം വാളാഞ്ചേരി, ചങ്ങരകുളം എന്നീ നോൺ ബാങ്കിംഗ് സബ് ട്രഷറികളിൽ ഇടപാടു നടത്തുന്ന മറക്കര, നന്നാംമുക്ക് ഗ്രാമ പഞ്ചായത്തുകൾ 1000/- കൂടുതലുള്ള ചെലവുകൾ ഡിമാന്റ് ഡ്രാഫ്റ്റായി നടത്തുനനതിന് വേണ്ടി മൂന്ന് ബാങ്ക് അക്കൗണ്ടുകൾ പ്രവർത്തിച്ചിരുന്നു. മറക്കര ഗ്രാമ പഞ്ചായത്ത് പ്രവർത്തിച്ചിരുന്നു.. ഒരു ബാങ്ക് അക്കൗണ്ടിൽ 2.78 ലക്ഷവും 2010 ഏപ്രിൽവരെ നീക്കിയിരിപ്പായിട്ടുണ്ടായിരുന്നു. 2009 ഒക്ടോബർ മുതൽ രണ്ടു ട്രഷറികളും ബാങ്കിംഗ് ട്രഷറികളായി പ്രവർത്തിച്ചു വരുന്നു. എന്നാൽ രണ്ടു ഗ്രാമ പഞ്ചായത്തുകളും അക്കൗണ്ടുകൾ നിർത്തലാക്കി അവയിലുള്ള നീക്കിയിരിപ്പ് തുകകൾ സഞ്ചിത നിധിയിലേക്ക് തിരിച്ചടച്ചിട്ടില്ല ( 2010 ഏപ്രിൽ). | നിക്ഷേപിക്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത തുകയിൽ നിന്നും ഓഡിറ്റ് പരാമർശം 3.2.7.3 (1) പ്രകാരം 31.10.2012 തിയ്യതി ചലാൻ നം 27 പ്രകാരം 2,40,000/- രൂപ ചങ്ങരംകുളം സബ്ട്രഷറിയിലേക്ക് അടവാക്കിയിട്ടുണ്ട്.<br>**<u>മാറാക്കര ഗ്രാമപഞ്ചായത്ത്</u>**<br><br>മാറാക്കര ഗ്രാമപഞ്ചായത്തിൽ കംപ്രോളർ ആന്റ് ഓഡിറ്റർ ജനറൽ ഓഫ് ഇന്ത്യയുടെ 2010 ലെ ഓഡിറ്റ് റിപ്പോർട്ടിൽ ഖണ്ഡിക 3.2.7.3(2)ൽ ചെലവഴിക്കാത്ത തുക ട്രഷറിയിൽ തിരിച്ചടവാക്കാത്തത് സംബന്ധിച്ച് പരാമർശിച്ചിട്ടുള്ളതാണ്. ഓഡിറ്റ് പരാമർശ പ്രകാരം തിരിച്ചടവാക്കാത്ത മേൽ തുകയ്ക്ക് ആനുപാതികമായി തനത് ഫണ്ടിൽ ഉൾപ്പെടുത്തി പഞ്ചായത്ത് ഭരണ സമിതിയുടെ തീരുമാനത്തിന് വിധേയമായി പ്രൊജക്ട് രൂപീകരിക്കുന്നതിനും ആയതിന് അടുത്ത ഡിപിസി യിൽ അപ്രൂവൽ വാങ്ങിക്കുന്നതിനും 14.12.21 ലം 5(1) നമ്പർ പ്രകാരം ഭരണ സമിതി തീരുമാനിച്ചിട്ടുള്ളതാണ് എന്ന് സെക്രട്ടറി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |
| 13 | 3.2.7.3(3) | സർക്കാർ പുറത്തിറക്കിയ നിർദ്ദേശങ്ങൾ അനുസരിച്ച് സംയുക്ത സംരംഭങ്ങൾക്കായി മറ്റു പഞ്ചായത്തുകളിൽ നിന്നും ലഭിക്കുന്ന സംഭാവനകൾ ട്രഷറിയിലെ പബ്ളിക് അക്കൗണ്ടിൽ നിക്ഷേപിക്കേണ്ടതായിട്ടുണ്ട്. എട്ട് പഞ്ചായത്ത് രാജ് സ്ഥാപനങ്ങൾക്ക് മറ്റു പഞ്ചായത്തുകളിൽ നിന്നും 2007-08 മുതൽ 2009-10 വരെയുള്ള കാലയളവിൽ സംയുക്ത സംരംഭങ്ങൾക്ക് | **<u>കോട്ടയം ജില്ലാ പഞ്ചായത്ത്</u>**<br><br>2007-08 മുതൽ 2009-10 വരെയുള്ള കാലയളവിൽ സംയുക്ത സംരംഭങ്ങൾക്ക് സംഭാവനയായി ലഭിച്ച 23.92 ലക്ഷം രൂപാ കോട്ടയം ജില്ലാ പഞ്ചായത്തിന്റെ സ്വന്തം ഫണ്ടിൽ നിലനിർത്തിയിട്ടുള്ളതായി ഓഡിറ്റിൽ പരാമർശിച്ചിരിക്കുന്നു. തുടർന്നു വരുന്ന വർഷത്തെ സാംഖ്യാ കണക്കുകൾ, സാംഖ്യ ലെഡ്ജറുകൾ, ചെക്ക് ഇഷ്യു രജിസ്റ്റർ, ക്യാഷ് ബുക്ക് എന്നിവ |

| | | | |
|---|---|---|---|
| | | സംഭാവനയായി ലഭിച്ച 2.12 കോടിയിൽ 1.23 കോടി മാത്രമാണ് ഉപയോഗിച്ചതെന്ന് ഓഡിറ്റിൽ കാണപ്പെട്ടു. ബാക്കി തുക ( 89.47 ലക്ഷം) പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ സ്വന്തം ഫണ്ടുകളിൽ നിലനിർത്തിയിരിക്കുകയാണ്. | പരിശോധിച്ചു. ടി കാലയളവിൽ ലഭിച്ചിട്ടുള്ള മുഴുവൻ തുകയും സംയുക്ത പദ്ധതികളുടെ നിർവ്വഹണത്തിനായി തന്നെ ചെലവഴിച്ചിട്ടുള്ളതാണ്. ടി കാലയളവിന് ശേഷം മറ്റ് സ്ഥാപനങ്ങളിൽ നിന്നും സംയുക്ത പദ്ധതികൾക്കായി ലഭിക്കുന്ന ഫണ്ട് ട്രഷറിയിലെ STSB A/c/LGTSB/A/c മുഖേനയാണ് കൈകാര്യം ചെയ്തുവന്നിരുന്നത്. 2020-21 സാമ്പത്തികവർഷം മുതൽ സംയുക്ത പ്രോജക്ടുകളുടെ ഫണ്ട് മുൻകൂറായി നിർവ്വഹണം നടത്തുന്ന തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ അക്കൗണ്ടിലേയ്ക്ക് നൽകുന്നില്ല. പകരം നിർവ്വഹണം പൂർത്തിയായ ശേഷം ജി.ഒ(പി) നമ്പർ 100/2018 ഫിൻ തീയതി 03.07.2018 പ്രകാരം ഏൺഡ് ബെനിഫിഷറിയുടെ അക്കൗണ്ടിലേയ്ക്ക് തുക നേരിട്ട് കൈമാറ്റം ചെയ്യുന്ന രീതിയാണ് തുടർന്നു വരുന്നത്. ഇതുമൂലം ജില്ലാ പഞ്ചായത്ത് മുൻകൂറായി തുകകൾ സ്വീകരിക്കുകയോ, നൽകുകയോ ചെയ്യുന്നില്ല.<br>**വെള്ളൂർ ഗ്രാമപഞ്ചായത്ത്**<br>2007-08 മുതൽ 2009-10 വരെ മറ്റു തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും ലഭിച്ചിരുന്ന തുക തനത് ഫണ്ടിൽ നിക്ഷേപിച്ചിരുന്നത് താഴെപ്പറയുന്ന പദ്ധതികൾക്കായി നടപ്പാക്കിയിട്ടുണ്ട്.<br>1) നീർപ്പാറ-ഇളങ്ങുളം പൈപ്പ് ലൈൻ നീട്ടലിനായി കടുത്തുരുത്തി ബ്ലോക്ക് പഞ്ചായത്ത് വിഹിതമായി ലഭിച്ച 3 ലക്ഷം രൂപ 2009-10 ൽ പ്രോജക്ട് നമ്പർ 157/2009-10 പ്രകാരം ചെലവ് ചെയ്തിട്ടുണ്ട്.<br>2) ശ്രാങ്കുഴി-കോട്ടപ്പുറം റോഡിന്റെ വികസനത്തിനായി കടുത്തുരുത്തി ബ്ലോക്ക് പഞ്ചായത്ത് വിഹിതമായി ലഭിച്ച 129056/- |

| | | | |
|---|---|---|---|
| | | | രൂപ 2009-10 ൽ പ്രോജക്ട് നമ്പർ 117/2009-10 പ്രകാരം ചെലവ് ചെയ്തിട്ടുണ്ട്.<br>3) 2008-09 സാമ്പത്തിക വർഷം വൃദ്ധർക്കും വികലാംഗർക്കുമായുള്ള കെട്ടിട നിർമ്മാണത്തിനായി കടുത്തുരുത്തി ബ്ലോക്ക് പഞ്ചായത്ത് വിഹിതമായി ലഭിച്ച 702900/-രൂപ പ്രോജക്ട് നമ്പർ 99/2009-10 പ്രകാരം 516861/-രൂപ 30.07.2009 ലും 271502/-രൂപ 24.10.2009 തീയതിയിലും ചെലവഴിച്ചിട്ടുണ്ട്.<br>കൂടുതലായി ചെലവഴിച്ച 85463/-രൂപ പഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്നും ചെലവഴിച്ചിട്ടുള്ളതാണ്. 2007-08 മുതൽ 2009-10 വരെ മറ്റ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും ലഭിച്ചിരുന്ന ഉക തനത് ഫണ്ടിൽ നിക്ഷേപിച്ചിരുന്നത് അനുവദിച്ച പദ്ധതികൾക്കായി തന്നെ ചെലവഴിച്ചിട്ടുണ്ടെന്നും മറ്റ പ്രവൃത്തികൾക്കായി വകമാറ്റി ചെലവഴിച്ചിട്ടില്ലായെന്നും സെക്രട്ടറി റിപ്പോർട്ട് ചെയ്തിരിക്കുന്നു.<br>**<u>കുടരഞ്ഞി ഗ്രാമപഞ്ചായത്ത്</u>**<br>മേൽ ഖണ്ഡിക പ്രകാരം കുടരഞ്ഞി ഗ്രാമപഞ്ചായത്തിന് 2007-08, 2008-09, 2009-10 വർഷങ്ങളിൽ വിവിധ പദ്ധതികൾക്കായി ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകളിൽ നിന്നും ലഭിച്ച വിഹിതത്തിൽ 3.35 ലക്ഷം രൂപ വിനിയോഗിക്കാതെ കിടക്കുന്നതായി പരാമർശിച്ചിട്ടുണ്ട്. എന്നാൽ പ്രസ്തുത ഉക വിനിയോഗിച്ചിട്ടുണ്ട് എന്നും , കുടരഞ്ഞി ഗ്രാമപഞ്ചായത്തിന്റെ യാതൊരു അക്കൌണ്ടിലും മേൽ ഉക അവശേഷിക്കുന്നില്ലായെന്നും, . 01.04.2011 മുതൽ കുടരഞ്ഞി ഗ്രാമപഞ്ചായത്തിൽ നിലവിൽ വന്ന |

| | | | |
|---|---|---|---|
| | | | സാംഖ്യ റിപ്പോർട്ടിലും ബാധ്യതയിനത്തിൽ ബ്ലോക്ക്, ജില്ലാ പഞ്ചായത്ത് ഹെഡ്ഡുകളിലും മേൽ ഇക ഇല്ലായെന്നും, 2010 മാർച്ച് 31 ന് അവസാനിച്ച റിപ്പോർട്ടിൽ പരാമർശിച്ച 2007-08, 2008-09, 2009-10 വർഷങ്ങളിൽ സംയുക്ത പ്രോജക്ടുകൾക്കായി ലഭിച്ച ഇക ബാക്കിയുണ്ടെങ്കിൽ ആയത് 01.04.2011 ന് നിലവിൽ വന്ന സാംഖ്യ സോഫ്റ്റ് വെയറിൽ പ്രതിഫലിക്കേണ്ടതായിരുന്നുവെന്നും, മറ്റു മാന്വൽ രേഖകൾ മേൽ ഇക സംബന്ധിച്ച വിനിയോഗം കാണിക്കുന്നതിന് ലഭ്യമല്ലാത്തതാണെന്നും കൂടരഞ്ഞി ഗ്രാമപഞ്ചായത്ത് സെക്രട്ടറി റിപ്പോർട്ട് ചെയ്തിട്ടുണ്ട്.<br><br>**<u>ഇടമുളയൽ ഗ്രാമപഞ്ചായത്ത്</u>**<br><br>സംയുക്ത സംരംഭങ്ങൾക്കായി മറ്റ് പഞ്ചായത്തുകളിൽ നിന്നും ലഭിക്കുന്ന സംഭാവനകൾ ട്രഷറിയിലെ പബ്ലിക് അക്കൗണ്ടിൽ നിക്ഷേപിക്കുന്നതിന് പകരം തനത് ഫണ്ടിൽ നിക്ഷേപിച്ചു. 29/12/2021 ലെ സ്റ്റേറ്റ് പെർഫോമൻസ് ആഡിറ്റ് ആഫീസറുടെ യോഗത്തിലെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ടിൽ സൂക്ഷിച്ച 1 ലക്ഷം രൂപ ട്രഷറി അക്കൗണ്ടിലേക്ക് 1/1/2022 ലെ KL020493079202122M ചെല്ലാൻ പ്രകാരം ഒടുക്കുവരുത്തിയിട്ടുള്ളതാണ്.<br><br>**<u>കുറ്റിപ്പുറം ഗ്രാമപഞ്ചായത്ത്</u>**<br><br>കുറ്റിപ്പുറം ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 15/11/2013 ലെ എ-21559/2013 നമ്പർ നടപടിക്രമ പ്രകാരം അക്കൌണ്ടിൽ നിക്ഷേപിച്ചിരുന്ന വിവിധ ഫണ്ടുകൾ ഉൾപ്പെടെയുള്ള 15,23,711/- രൂപയും ആയതിന്റെ പലിശയും ഉൾപ്പെടെ 17,60,689/- രൂപ |

| | | | |
|---|---|---|---|
| | | | 21/11/2013 ലെ 82 നം. ചലാൻ പ്രകാരം ട്രഷറിയിൽ ഒടുക്കിയിട്ടുണ്ട്.<br><br>**<u>ഫറോക്ക് മുനിസിപ്പാലിറ്റി</u>**<br><br>നിലവിൽ വികസന ഫണ്ട് തിരിച്ചടവാക്കുന്നതിന് ബാലൻസ് ഇല്ലാത്തതിനാൽ തുക മുൻപ് തിരിച്ചടവാക്കിയതായി കണക്കാക്കുന്നതായും, 2020-21 സാമ്പത്തിക വർഷത്തിൽ 109% പദ്ധതി നിർവ്വഹണം നഗരസഭയിൽ പൂർത്തീകരിച്ചിട്ടുള്ളതാണെന്നും നഗരകാര്യ ഡയറക്ടർ സർക്കാരിനെ അറിയിച്ചിട്ടുണ്ട്.<br><br>**<u>ചേലന്നൂർ ബ്ലോക്ക് പഞ്ചായത്ത്</u>**<br><br>കേന്ദ്രാവിഷ്കൃത പദ്ധതിയായ ഇന്ദിരാ ആവാസ് യോജനയുടെ ജില്ലാ/ഗ്രാമ പഞ്ചായത്ത് വഴി ലഭിക്കുന്ന വിഹിതങ്ങൾ മാത്രമാണ് ഈ ഓഫീസ് മുഖേന വ്യക്തികളുടെ അക്കൗണ്ട് വഴി വിതരണം നടത്തുന്നത്. 12.04.2006 ലെ സ.ഉ നമ്പർ 177/2006/ഫിന് ഖണ്ഡിക 11.3 പ്രകാരമാണ് ഇത്തരത്തില് ഫണ്ട് കൈകാര്യം ചെയ്യുന്നത്. ഖണ്ഡികയിൽ പരാമർശിച്ച പ്രകാരം ഈ ഓഫീസുമായി ബന്ധപ്പെട്ട 22.25 ലക്ഷം രൂപ മുഴുവനും അർഹതപ്പെട്ട ഗുണഭോക്താക്കൾക്ക് വിതരണം ചെയ്ത് കഴിഞ്ഞിട്ടുണ്ടെന്ന കാര്യം ബോധിപ്പിക്കുന്നു.<br><br>**<u>മലപ്പുറം ജില്ലാ പഞ്ചായത്ത്</u>**<br><br>മലപ്പുറം ജില്ലാ പഞ്ചായത്തിന്റെ വാർഷിക ധനകാര്യപത്രികയിലെ ബാലൻസ് ഷീറ്റ് പരിശോധിച്ചതിൽ വിവിധ അക്കൌണ്ടുകളിലായി ഗ്രാമ പഞ്ചായത്ത്/ ബ്ലോക്ക് പഞ്ചായത്തുകളിൽ നിന്നും സംയുക്ത പദ്ധതികൾക്കായി വിവിധ വർഷങ്ങളിൽ ലഭിച്ച ഫണ്ടിൽ |

| | | | |
|---|---|---|---|
| | | | വിശദമായ പരിശോധന നടത്തിയ വേളയിൽ ഗ്രാമപഞ്ചായത്തുകളിൽ നിന്ന് ലഭിച്ച തുകയിൽ 36,78,314/- രൂപയും ബ്ലോക്ക് പഞ്ചായത്തുകളിൽ നിന്നും ലഭിച്ച തുകയിൽ 21,29,032 രൂപയും അടക്കം 58,07,346/- രൂപ സർക്കാരിലേക്ക് തിരിച്ചടക്കേണ്ടതായുണ്ടെന്ന് ഉറപ്പു വരുത്തുകയും ജില്ലാ പഞ്ചായത്ത് സെക്രട്ടറിയുടെ 22.06.2020 ലെ എഫ്.1145/2014 നമ്പർ ഉത്തരവ് പ്രകാരം 58,07,346/- രൂപ (അൻപത്തിയെട്ടു ലക്ഷത്തി ഏഴായിരത്തി മൂന്നൂറ്റി നാല്പത്തിയാറ് രൂപ മാത്രം) 3604-00-911-99-ROP ഹെഡിൽ സർക്കാരിലേക്ക് 07.07.2020 തീയതിയിൽ അടവാക്കുകയും ചെയ്തിട്ടുണ്ട് എന്ന വിവരം ബോധിപ്പിക്കുന്നു. |
| 14 | 3.2.7.4(1) | **3.2.7.4 പഞ്ചായത്ത് രാജ് സ്ഥാപനങ്ങളിലും മറ്റ് ഏജൻസികളിലും വെറുതെ കിടക്കുന്ന വികസന ചെലവ്/ പരിപാലന ചെലവ് ഫണ്ട്**<br><br>2006 ഏപ്രിലിലെ സർക്കാർ ഉത്തരവ് നിഷ്കർഷിച്ചിരിക്കുന്നതെന്തെന്നാൽ വികസന ചെലവ് ഫണ്ടിലും പരിപാലന ചെലവ് ഫണ്ടിലും ഉപയോഗിക്കാത്തമിച്ചം 2006-07 മുതൽ 2009-10 വരെയുള്ള വർഷങ്ങളിൽ അനുവദിച്ച ഫണ്ടിന്റെ 20 ശതമാനത്തിൽ കൂടുതലാണെങ്കിൽ ( 2007-08 വർഷത്തിൽ ഈ പരിധി 30 ശതമാനമായിരുന്നു). തുടർന്നുള്ള വർഷങ്ങളിൽ അനുവദിക്കുന്ന തുകയിൽ നിന്ന് നിർദ്ദിഷ്ട പരിധി കവിയുന്ന തുക കുറയ്ക്കുന്നതായിരിക്കും. | **കൊല്ലം ജില്ലാ പഞ്ചായത്ത്**<br>കൊല്ലം ജില്ലാ പഞ്ചായത്തിൽ നിന്നും 2004-05 മുതൽ 2007-08 വർഷം വരെ ആകെ 55,59,230/- രൂപ മെമ്പർ സെക്രട്ടറി, ജില്ലാ പ്ലാനിംഗ് സമിതി, കൊല്ലം എന്ന പേരിൽ റ്റി.എസ്.ബി 6677 അക്കൗണ്ടിൽ നിക്ഷേപിച്ചിട്ടുള്ളതാകുന്നു.<br>അക്ഷയ ഒന്നാം ഘട്ട ഇ-സാക്ഷരത പദ്ധതി പ്രകാരം 2006-07 ൽ 11,07,420/- രൂപയും 2007-08 ൽ 5,40,730/- രൂപയും 2008-09 ൽ 4,00,950/- രൂപയും 2009-10 ൽ 1,08,585/- രൂപയും 2010-11 ൽ 2,31,530/- രൂപയും ഉൾപ്പെടെ 23,89,315/- രൂപ (ഇരുപത്തിമൂന്ന് ലക്ഷത്തി എൺപത്തിയൊൻപതിനായിരത്തി മൂന്നൂറ്റി പതിനഞ്ച് രൂപ) കൊല്ലം ജില്ലയിലെ വിവിധ പഞ്ചായത്തുകളിലെയും മുനിസിപ്പാലിറ്റികളിലെയും കോർപ്പറേഷനിലേയും അക്ഷയ സംരംഭകർ |

| | | | |
|---|---|---|---|
| | | ഈ സർക്കാർ ഉത്തരവ് മറികടക്കുന്നതിനായി പഞ്ചായത്ത് രാജ് സ്ഥാപനങ്ങൾ യഥാർത്ഥ ആവശ്യത്തിലധികം/ ആവശ്യത്തിനും വളരെ മുമ്പെ ഫണ്ട് പ്രോജക്ട് കോ-ഓർഡിനേറ്റർമാർക്ക്/ മറ്റ ഏജൻസികൾക്ക് കൈമാറുകയും ഈ ഫണ്ടുകൾ അവരുടെ പക്കൽ വെറുതെ കിടക്കുകയും ചെയ്യുന്നു. ഇത്തരം സംഭവങ്ങളുടെ വിശദവിവരം താഴെകൊടുക്കുന്നു.<br><br>(1) <u>അക്ഷയ ജില്ലാ പ്രോജക്ട് കോ-ഓർഡിനേറ്റർമാരുടെ പക്കൽ ഉപയോഗിക്കാതെ കിടക്കുന്ന വികസന ചെലവ് ഫണ്ട്</u><br><br>2002-ൽ സംസ്ഥാന സർക്കാർ അക്ഷയ എന്ന പേരിൽ ഒരു കമ്പ്യൂട്ടർ സാക്ഷരതാ പരിപാടി ആരംഭിച്ചു. ഒരു കുടുംബത്തിലെ ഒരാൾക്കെങ്കിലും കമ്പ്യൂട്ടർ സാക്ഷരതാ പരിശീലനം നൽകുന്ന ഈ പദ്ധതി ഗ്രാമ പഞ്ചായത്തുകളാണ് നടപ്പാക്കി വരുന്നത്. ഗ്രാമ പ്രദേശങ്ങളിലെ ഗുണഭോക്തതാക്കളുടെ പരിശീലന ചെലവായ 120/- രൂപ ഗ്രാമ പഞ്ചായത്ത്, ബ്ലോക്ക് പഞ്ചായത്ത്, ജില്ലാ പഞ്ചായത്ത്, ഗുണഭോക്തതാക്കൾ എന്നിവർ പങ്കിടണം. സർക്കാർ പുറപ്പെടുവിച്ച ( 2004 ജൂൺ) നിർദ്ദേശങ്ങളനുസരിച്ച് പഞ്ചായത്ത് രാജ് സ്ഥാപനങ്ങൾ അക്ഷയ പദ്ധതിയുടെ ജില്ലാ പ്രോജക്ട് | കൈപ്പറ്റിയിരിക്കുന്നതായും ബാക്കി തുകയായ 31,69,915/- (മുപ്പത്തിയൊന്ന് ലക്ഷത്തി അറുപത്തിയൊൻപതിനായിരത്തി തൊള്ളായിരത്തി പതിനഞ്ച് രൂപ) അക്ഷയ ചീഫ് കോർഡിനേറ്റർ കൂടിയായ ബഹു. ജില്ലാ കളക്ടറുടെ പലിശ രഹിത റ്റി.എസ്.ബി അക്കൗണ്ടിൽ നിക്ഷേപിച്ചിട്ടുള്ളതായും ടി തുക ഉൾപ്പെടെ ഇ-സാക്ഷരതാ പദ്ധതിയ്ക്കു വേണ്ടി വിവിധ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും ലഭിച്ച തുകകളുടെ ബാലൻസ് തുകയായ 2,68,52,351/- (രണ്ട് കോടി അറുപത്തിയെട്ട് ലക്ഷത്തി അൻപത്തിരണ്ടായിരത്തി മുന്നൂറ്റി അൻപത്തിയൊന്ന് രൂപ) രൂപയിൽ നിന്ന് 1,55,64,285/- രൂപ സംസ്ഥാന സർക്കാരിന്റെ 01.01.2018 ലെ Finance( Streamlining) Department ന്റെ G.O(P)No.02/2018/Fin എന്ന ഉത്തരവ് പ്രകാരം ജില്ലാ ട്രഷറിയിൽ നിന്ന് ഗവൺമെന്റിലേക്ക് അടവാക്കിയിട്ടുള്ളതും ബാക്കിയുണ്ടായിരുന്ന 1,12,88,063/- രൂപ 18/12/2017 ലെ GO(Rt)No.307/2017/ITD നമ്പർ ഉത്തരവ് പ്രകാരം '2075-00-911-99-Deduct Recovery of over payments എന്ന Head of Account ലേക്ക് തിരിച്ചടച്ചിട്ടുള്ളതായും കൊല്ലം അക്ഷയ പ്രോജക്ട് ഓഫീസ് ജില്ലാ പ്രോജക്ട് മാനേജർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.<br><br>**<u>കോട്ടയം ജില്ലാ പഞ്ചായത്ത്</u>**<br>കോട്ടയം ജില്ലാ പഞ്ചായത്തിൽ നിന്നും അക്ഷയാ കമ്പ്യൂട്ടർ സാക്ഷരതാ പദ്ധതി നടപ്പിലാക്കുന്നതിനു വേണ്ടി നൽകിയ 47,79,170/- രൂപയിൽ 3,69,810/- രൂപ ചെലവഴിക്കുകയും ബാലൻസ് തുകയായ 44,09,360/- രൂപ ഉൾപ്പെടെ കോട്ടയം ജില്ലയിലെ വിവിധ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഈ |

| | | | |
|---|---|---|---|
| | | കോ-ഓർഡിനേറ്റർ കൂടിയായ ജില്ലാ ആസൂത്രണ സമിതിയുടെ മെമ്പർ സെക്രട്ടറിയുടെ പേരിൽ ഈ ആവശ്യത്തിനായി തുറന്ന ട്രഷറി സേവിംഗ്സ് ബാങ്ക് ( ടിഎസ്ബി) അക്കൗണ്ടിൽ ആവശ്യമായ ഫണ്ട് നിക്ഷേപിക്കണം.<br><br>2004-05 മുതൽ 2009-10 വരെ, 21 പഞ്ചായത്ത് രാജ് സ്ഥാപനങ്ങൾ കമ്പ്യൂട്ടർ പരിശീലനം ആവശ്യമുള്ള ആളുകളുടെ യഥാർത്ഥ എണ്ണത്തിനു പകരം 2001- ലെ കാനേഷുമാരിയനുസരിച്ചുള്ള ആകെയുള്ള കുടുംബങ്ങളുടെ എണ്ണം അടിസ്ഥാനമാക്കി പ്രത്യേക ടിഎസ്ബി അക്കൗണ്ടിൽ 2.55 കോടി നിക്ഷേപിച്ചു. ജില്ലാ പ്രോജക്ട് കോ-ഓർഡിനേറ്റർ 86.23 ലക്ഷം മാത്രം വിനിയോഗിക്കുകയും ഉപയോഗിക്കാതെ മിച്ചമായ 1.69 കോടി കൈവശം വയ്ക്കുകയും ചെയ്തു. പഞ്ചായത്ത് രാജ് സ്ഥാപനങ്ങൾ യഥാർത്ഥത്തിൽ വികസന ചെലവ് ഫണ്ടിൽ നിന്നും പിൻവലിച്ച തുകയായതിനാൽ തുക തിരിച്ചു വാങ്ങാനും സർക്കാരിലേക്ക് തിരിച്ചടക്കുന്നതിനുമുള്ള നടപടികൾ പഞ്ചായത്ത് രാജ് സ്ഥാപനങ്ങൾ കൈകൊണ്ടിട്ടില്ല. പഞ്ചായത്ത് രാജ് സ്ഥാപനങ്ങൾ നിക്ഷേപിച്ച തുകയുടെയും അക്ഷയ കമ്പ്യൂട്ടർ സാക്ഷരതാ പരിപാടിയ്ക്ക് വിനിയോഗിച്ച തുകയുടെയും വിശദവിവരങ്ങൾ അനുബന്ധം XI- ൽ നൽകിയിരിക്കുന്നു. പഞ്ചായത്ത് രാജ് സ്ഥാപനങ്ങൾ ആകെയുള്ള കുടുംബങ്ങളുടെ എണ്ണത്തിനുപകരം കമ്പ്യൂട്ടർ സാക്ഷരതയില്ലാത്ത | വിധത്തിൽ അവശേഷിക്കുന്ന തുകയും കൂടി ആകെ തുക ചേർത്തുള്ള 3,57,43,438/- രൂപ 18/12/2007 ലെ സ.ഉ(ആർ.റ്റി) നമ്പർ 307/2017/ വി സ.വ. പ്രകാരം 2075-00-91-99 എന്ന ഹെഡ്ഡ് ഓഫ് അക്കൗണ്ടിലേയ്ക്ക് KL011335715201718 M നമ്പർ ചെല്ലാൻ മുഖാന്തിരം 02/03/2018- ൽ തിരിച്ചടച്ചതായി 03.11.2021 ലെ അക്ഷയാ/25/08/കെ.റ്റി.എം 138 നമ്പർ കത്ത് പ്രകാരം അക്ഷയാ ജില്ലാ പ്രോജക്ട് മാനേജർ അറിയിച്ചിട്ടുണ്ട്.<br><br>**<u>കോഴിക്കോട് ജില്ലാ പഞ്ചായത്ത്</u>**<br>കോഴിക്കോട് ജില്ലയിൽ കമ്പ്യൂട്ടർ ഇ-സാക്ഷരത പദ്ധതി നടപ്പിലാക്കുന്നതിനായി ജില്ലാ പഞ്ചായത്ത് 64,89,540/- രൂപ അക്ഷയ പ്രോജക്ട് ജില്ലാ കോ-ഓർജിനേറ്റർക്ക് അനുവദിച്ചിരുന്നു.<br><br>പദ്ധതിക്കുവേണ്ടി അനുവദിച്ച 64,89,540/- രൂപയുടെ വിനിയോഗ വിവരം താഴെപറയും പ്രകാരമാണ്.<br>ആകെ അനുവദിച്ചത് - 64,89,540/-<br>പദ്ധതിക്കുവേണ്ടി വിനിയോഗിച്ചത് - 34,74,980/-<br>30,14,560/-<br>ബാക്കിയുള്ള 30,14,560/- രൂപയിൽ 30,01,580/-രൂപ സർക്കാരിലേക്ക് തിരിച്ചടച്ചിട്ടുണ്ട്. ശേഷിക്കുന്ന 12,980/- രൂപ ഏറാമല പഞ്ചായത്തിലെ കുന്നുമ്മൽ അക്ഷയ കേന്ദ്രത്തിലെ സംരംഭകന് നൽകാനുള്ളതാണെന്നും കോഴിക്കോട് ജില്ലാ അക്ഷയ കോർഡിനേറ്റർ അറിയിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | കുടുംബങ്ങളുടെ എണ്ണത്തെ അടിസ്ഥാനമാക്കി ഫണ്ട് നിക്ഷേപിച്ചിരുന്നെങ്കിൽ അക്ഷയ ജില്ലാ പ്രോജക്ട് കോ-ഓർഡിനേറ്റർമാരുടെ പക്കൽ തടയപ്പെട്ടുകിടന്നിരുന്ന 1.69 കോടി മറ്റ് വികസന പ്രവർത്തനങ്ങൾക്ക് വിനിയോഗിക്കാമായിരുന്നു. വിനിയോഗിക്കാത്ത ഇക അതാത് പഞ്ചായത്ത് രാജ് സ്ഥാപനങ്ങൾക്ക് തിരിച്ചു നൽകാൻ അക്ഷയ ജില്ലാ പ്രോജക്ട് ഓഫീസർമാർക്ക് നിർദ്ദേശം നൽകിയതായി സർക്കാർ പ്രസ്താവിച്ചു ( 2011 ഫെബ്രുവരി). | **പ്രസ്തുത ഓഡിറ്റ് ഖണ്ഡികയ്ക്ക് ഗ്രാമവികസന കമ്മിഷണർ ലഭ്യമാക്കിയ മറുപടി ചുവടെ ചേർക്കുന്നു.**<br>**കൊല്ലം ജില്ല- അഞ്ചൽ, ഇത്തിക്കര, വെട്ടിക്കവല ബ്ലോക്ക് പഞ്ചായത്തുകൾ**<br>ഇ-സാക്ഷരത പദ്ധതി നടത്തിപ്പിനായി ഇക അഞ്ചൽ(5.98 ലക്ഷം രൂപ) ഇത്തിക്കര, (5 ലക്ഷം രൂപ) വെട്ടിക്കവല ബ്ലോക്ക് പഞ്ചായത്തുകളിൽ പി.ആർ.ഐ. ആയ അക്ഷയ ജില്ലാ പ്രോജക്ട് ഓഫീസിന് കൈമാറിയിരുന്നു. സംയുക്ത പദ്ധതിയായതിനാൽ ബ്ലോക്ക് പഞ്ചായത്തുകൾ സെലക്ട് ചെയ്ത് കൊടുക്കുന്ന ആൾക്കാർക്ക് പരിശീലനം നൽകുക എന്നതാണ് ലക്ഷ്യം വച്ചത്. ഈ ഇനത്തിൽ പരിശീലന ചെലവിനായി അഞ്ചൽ ബ്ലോക്ക് പഞ്ചായത്ത് 1.73 ലക്ഷം രൂപയും ഇത്തിക്കര ബ്ലോക്ക് പഞ്ചായത്ത് 2.25 ലക്ഷം രൂപയും ടിയിനത്തിൽ വിനിയോഗിച്ചിട്ടുണ്ട്. അഞ്ചൽ ബ്ലോക്കിൻറെ ശേഷിച്ച 4.25 ലക്ഷം രൂപയും ഇത്തിക്കര ബ്ലോക്കിൻറെ 2.75 ലക്ഷം രൂപയും വെട്ടിക്കവല ബ്ലോക്ക് പഞ്ചായത്തിൻറെ നീക്കിയിരിപ്പ് ഇകയായ 2,83,690 രൂപയും കൊല്ലം ജില്ലാകളക്ടറുടെ പലിശ രഹിത ടി.എസ്.ബി. അക്കൗണ്ടിലേക്ക് മാറ്റി നിക്ഷേപിച്ചിട്ടുണ്ടെന്ന് ജില്ലാകോ-ഓർഡിനേറ്റർ അറിയിച്ചിട്ടുണ്ട്. ടി ഇക ലഭിക്കുന്നതിനു വേണ്ടി ജില്ലാകളക്ടർക്ക് കത്ത് നൽകിയിരുന്നു. സഞ്ചിത നിധിയിൽ നിക്ഷേപിച്ചിട്ടുള്ള പ്രസ്തുത ഇക സർക്കാരിലേക്ക് തന്നെ ഒടുക്കുമെന്നാണ് വിവരം ലഭിച്ചിട്ടുള്ളത്.<br>**<u>ഏറ്റുമാനൂർ ബ്ലോക്ക് പഞ്ചായത്ത്</u>**<br>2009-10 സാമ്പത്തിക വർഷം അക്ഷയ കമ്പ്യൂട്ടർ സാക്ഷരത പദ്ധതിയ്ക്കു വേണ്ടി അക്ഷയ മിഷനിൽ നിന്നും 4.79 ലക്ഷം രൂപ |

| | | | |
|---|---|---|---|
| | | | നൽകിയിട്ടുണ്ട്. ടി തുകയിൽ 0.36 ലക്ഷം രൂപ മാത്രമാണ് വിനിയോഗിച്ചിട്ടുള്ളത്. ബാക്കി തുകയായ 4.43 ലക്ഷം രൂപ ജില്ലാ കളക്ടറുടെ പലിശ രഹിത അക്കൗണ്ടിൽ നിക്ഷേപിച്ചിരിക്കുകയാണ്.<br>**കടുത്തുരുത്തി ബ്ലോക്ക്**<br>കടുത്തുരുത്തി ബ്ലോക്ക് പഞ്ചായത്തില് നിന്നും അക്ഷയ കമ്പ്യൂട്ടർ സാക്ഷരതാ പദ്ധതിക്കായി കൈമാറിയ 338320/- രൂപയിൽ 2173 പേരുടെ ഇ-ലിറ്ററസി ക്ലെയിം ഇനത്തില് 25420/- രൂപ ഇതുവരെ നല്കിയിട്ടുണ്ടെന്നും അവശേഷിക്കുന്ന 372900/- രൂപ ഡിജിറ്റല് എംപവർമെന്റ് കാമ്പയ്ൻ സ്കീമിലേക്ക് 18/12/20217 ൽ ലെ ജി.ഇ.ഒ (ആർ.റ്റി) നം 307/2017/ഐ.റ്റി.ഡി നമ്പർ ഉത്തരവ് പ്രകാരം അടവാക്കികഴിഞ്ഞിട്ടുള്ളതാണെന്നും പദ്ധതിയുടെ നിർവ്വഹണ ഉദ്യോഗസ്ഥനായ അക്ഷയ കോട്ടയം ജില്ലാ പ്രോജക്ട് മാനേജർ രേഖാമൂലം അറിയിച്ചിട്ടുണ്ട്.<br>**പള്ളം ബ്ലോക്ക് പഞ്ചായത്ത്**<br>2006-07-ല് 180000/- രൂപ നിര്വ്വഹണ ഏജന്സിയായ ജില്ലാ ആസൂത്രണസമിതി മെമ്പർ സെക്രട്ടിക്ക് നല്കുകയുണ്ടായി. ചെലവഴിച്ച തുകയുടെ ബാക്കി തുക ജില്ലാ കളക്ടറുടെ പേരിലുള്ള പലിശരഹിത റ്റി.എസ്.ബി. അക്കൗണ്ടില് നിക്ഷേപിച്ചിരിക്കുകയാണ്.<br>**ചേളന്നൂർ ബ്ലോക്ക് പഞ്ചായത്ത്**<br>ചേളന്നൂർ ബ്ലോക്ക് പഞ്ചായത്ത് അക്ഷയ കമ്പ്യൂട്ടർ സാക്ഷരത പരിപാടിക്കായി ജില്ലാ പ്രോജക്ട് കോ-ഓർഡിനേറ്റർക്ക് 429610/- രൂപ അനുവദിച്ചിരുന്നു. ഇതില് 371790/- രൂപ ചെലവഴിച്ചിട്ടുണ്ട് ബാക്കി 57820/- രൂപ 18.06.2011 ന് കേരള സർക്കാരിന്റെ |

| | | | |
|---|---|---|---|
| | | | കണ്സോളിഡേറ്റഡ് ഫണ്ടിലേക്ക് തിരിച്ചടവാക്കുകയും ചെയ്തിട്ടുണ്ട്.<br>**കൊട്ടവള്ളി ബ്ലോക്ക് പഞ്ചായത്ത്**<br>അക്ഷയ കമ്പ്യൂട്ടര് സാക്ഷരതാ പരിപാടിക്കായി അനുവദിച്ചിരുന്ന തുകയില് ചെലവഴിക്കാതെ അവശേഷിച്ച തുകയായ 72,620/- രൂപ 27.04.2011 ലെ 066088-ാം നമ്പര് ഡി.ഡി. യായി ഈ ഓഫീസില് അടവാക്കുകയും 30.01.2012 ലെ 58-ാം നമ്പര് ചലാന് പ്രകാരം സർക്കാറിലേക്ക് തിരിച്ചടവാക്കുകയും ചെയ്തിട്ടുണ്ട്.<br>**കോഴിക്കോട് ബ്ലോക്ക് പഞ്ചായത്ത്**<br>അക്ഷയ ജില്ലാ പ്രോജക്ട് കോ-ഓര്ഡിനേറ്റര്മാരുടെ പക്കല് ഉപയോഗിക്കാതെ കിടക്കുന്ന വികസന ഫണ്ട് തുകയായ 1,42,460/- രൂപ തിരികെ ലഭിക്കുകയും ടി തുക 22.03.2012 തീയതിയിൽ സർക്കാരിലേയ്ക്ക് തിരിച്ചടവാക്കുകയും ചെയ്തിട്ടുണ്ട്.<br><br>**പ്രസ്തുത ഓഡിറ്റ് ഖണ്ഡികയ്ക്ക് പഞ്ചായത്ത് ഡയറക്ടർ ലഭ്യമാക്കിയ മറുപടി ചുവടെ ചേർക്കുന്നു**<br>സംസ്ഥാന ഐ റ്റി മിഷന് മുഖേന "Digital Empowerment Campaign" എന്ന പദ്ധതി നടപ്പിലാക്കുവാൻ അക്ഷയ ജില്ലാ പ്രോജക്ട് കോ-ഓര്ഡിനേറ്റര്മാരുടെ പക്കൽ ഉപയോഗിക്കാതെ കിടന്ന വികസന ചെലവ് ഫണ്ട് ഉപയോഗപ്പടുത്തുവാന് 307/2017/ITD തീയതി 18.12.2017 പ്രകാരം സർക്കാർ ഉത്തരവായിട്ടുണ്ട്.<br>**ചാത്തന്നൂർ, ഇടമുളയ്ക്കൽ ഗ്രാമപഞ്ചായത്തുകൾ**<br>വികസന ഫണ്ടിൽ നിന്നും അടവാക്കിയ തുകയിൽ അവശേഷിക്കുന്ന തുക ഉൾപ്പെടെയുള്ള തുക ബഹു.സർക്കാരിന്റെ 18/12/2017 ലെ ജി ഒ ആർടി 307/2017/ഐറ്റിഡി, 01/01/2018 ലെ |

| | | | |
|---|---|---|---|
| | | | GOP No 2820/18 fin ഉത്തരവുകൾ പ്രകാരം സർക്കാരിലേക്ക് തിരികെ അടച്ചിട്ടുള്ളതാണെന്ന് അക്ഷയ ജില്ലാപ്രോജക്ട് കോ-ഓർഡിനേറ്റർ അറിയിച്ചു.<br>**മേലില**<br>ഡിജിറ്റൽ എംപവർമെന്റ് പ്രോഗ്രാമിന് ചെലവഴിച്ച തുകയുടെ വിനിയോഗ സാക്ഷ്യപത്രം നല്കുന്നതിനും ചെലവാകാതെ അവശേഷിക്കുന്ന തുക അടിയന്തിരമായി തിരിച്ചടയ്ക്കുന്നതിനുമായി അക്ഷയ ജില്ലാ കോ- ഓർഡിനേറ്റർക്ക് 30/08/2021 ൽ കത്ത് നല്കിയിട്ടുണ്ട്. നാളിതുവരെ മേൽ രേഖകൾ ലഭ്യമായിട്ടില്ലാത്തതാണ്.<br>**അതിരമ്പുഴ ഗ്രാമപഞ്ചായത്ത്**<br>അതിരമ്പുഴ ഗ്രാമപഞ്ചായത്തിൽ ഡിജിറ്റൽ എംപവർമെന്റ് ക്യാമ്പ് പദ്ധതിക്കായി 31.03.2006 ൽ 4 ലക്ഷം, 05.03.2007 ൽ 50000/-, 07.01.2008 ൽ 219520/- രൂപ എന്നിങ്ങനെ ആകെ 669520/- രൂപ അക്ഷയ ജില്ലാ കോ-ഓർഡിനേറ്ററുടെ അക്കൌണ്ടിലേക്ക് നിക്ഷേപിച്ചതിൽ 47020/-രൂപ ചെലവഴിച്ചിട്ടുണ്ടെന്നും, ബാക്കി തുക 2075-00-91-99 എന്ന ഹെഡ് ഓഫ് അക്കൌണ്ടിലേക്ക് KL011335711520171 8M എന്ന ചെലാൻ പ്രകാരം സർക്കാരിലേക്ക് തിരിച്ചടച്ചിട്ടുണ്ടെന്ന് അക്ഷയ പ്രോജക്ട് കോട്ടയം ജില്ലാ പ്രോജക്ട് മാനേജർ മറുപടി നൽകിയിട്ടുള്ളതായി സെക്രട്ടറി റിപ്പോർട്ട് ചെയ്തിട്ടുണ്ട്.<br>**മണർകാട് ഗ്രാമപഞ്ചായത്ത്**-അക്ഷയ ജില്ലാ പ്രോജക്ട് ഓഫീസിൽ കത്ത് നൽകിയത് പ്രകാരം ഈ ഓഫീസിൽ നിന്നും ലഭിച്ച 3,84,780/-രൂപയിൽ 59,140/-രൂപ ചെലവഴിച്ചിട്ടുണ്ടെന്നും, |

| | | | |
|---|---|---|---|
| | | | ബാലൻസ് തുകയായ 3,25,640/-രൂപ KL011335715201718M നമ്പർ ചെലാൻ പ്രകാരം സർക്കാരിലേക്ക് തിരിച്ചടച്ചിട്ടുണ്ടെന്നും 08.10.2021 ലെ Akshaya/27/08/KTM/112 നമ്പർ കത്ത് പ്രകാരം അക്ഷയ പ്രോജക്ട് മാനേജർ അറിയിച്ചിട്ടുണ്ട്.<br><br>**വെള്ളൂർ ഗ്രാമപഞ്ചായത്ത്**<br><br>വെള്ളൂർ ഗ്രാമപഞ്ചായത്തിൽ നിന്നും അക്ഷയ കമ്പ്യൂട്ടർ സാക്ഷരത പദ്ധതി നടപ്പിലാക്കുന്നതിനായി അടവാക്കിയ 337960/-രൂപയുടെ വിനിയോഗ സാക്ഷ്യപത്രത്തിന്റെ പകർപ്പ് അക്ഷയ ജില്ലാ കോ-ഓർഡിനേറ്റർ ലഭ്യമാക്കിയിട്ടുണ്ട്.<br><br>**കക്കോടി-** 4,44,000/- രൂപ സാക്ഷരതയ്ക്ക് വേണ്ടി ജില്ലാ അക്ഷയ ഓഫീസിൽ നൽകിയതിൽ 2,91,600/- രൂപ ചെലവഴിച്ചു. ബാക്കി തുക 1,52,400/- രൂപ 9-5-2011 ന് അക്ഷയ ഓഫീസിൽ നിന്നും തിരികെ ലഭിച്ചത് 27/05/2011 ന് ചെലാൻ നമ്പർ 70 പ്രകാരം കോഴിക്കോട് സബ്ട്രഷറിയിൽ 2515-09-911 ROP ഹെഡിൽ തിരിച്ചടച്ചതായി പഞ്ചായത്ത് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.<br><br>**കൂടരഞ്ഞി**<br>അക്ഷയ പ്രൊജക്ടുകൾക്കായി കൂടരഞ്ഞി ഗ്രാമപഞ്ചായത്തിൽ നിന്നും നൽകിയ തുകകളുടെ വിനിയോഗ സാക്ഷ്യപത്രം അക്ഷയ പ്രോജക്ട് ഓഫീസർ ലഭ്യമാക്കിയിട്ടുള്ളതായി പഞ്ചായത്ത് സെക്രട്ടറി റിപ്പോർട്ട് ചെയ്തിട്ടുണ്ട്.<br><br>**ഫറോക്ക് മുനിസിപ്പാലിറ്റി** |

| | | | |
|---|---|---|---|
| | | | നഗരസഭയിൽ നിലവിൽ എല്ലാ പദ്ധതികളും കൃത്യമായ രീതിയിൽ നിർവ്വഹണം നടത്തി വരുന്നുണ്ട്. ബണ്ഡികയിൽ പ്രതിപാദിക്കുന്ന രീതിയിലുള്ള തുകകൾ നഗരസഭയുടെ ഇത്തരം നിക്ഷേപങ്ങളിൽ ഉള്ളതായി കാണുന്നില്ല. |
| 15 | 3.2.7.4. (2) | **വികസന ചെലവ് ഫണ്ടിൽ നിന്നും ആശ്രയ പദ്ധതിയ്ക്കായി പിൻവലിച്ച തുക ബാങ്ക് അക്കൗണ്ടിൽ ഉപയോഗിക്കാതെ കിടക്കുന്നു.**<br><br>നന്നംമുക്കു ഗ്രാമപഞ്ചായത്ത് 2007-08 ലും 2008-09 - ലും ഏറ്റെടുത്ത രണ്ട് ആശ്രയ പദ്ധതികൾ നടപ്പാക്കുന്നതിനുവേണ്ടി വികസന ചെലവ് ഫണ്ടിൽ നിന്നും 6 ലക്ഷം പിൻവലിക്കുകയും ( 2008/ മാർച്ച്/2009 മാർച്ച്) ആ തുക സ്റ്റേറ്റ് ബാങ്ക്ഓഫ് ട്രാവൻകൂറിന്റെ ഒരു പ്രത്യേക ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിക്കുകയും ചെയ്തു. നടപ്പാക്കേണ്ട പദ്ധതികളുടെ വിശദവിവരങ്ങൾ ഗ്രാമ പഞ്ചായത്ത് തയ്യാറാക്കാത്തതിനാൽ ഈ തുക വിനിയോഗിക്കാതെ ബാങ്കിൽ കിടക്കുകയാണ്. ഉപയോഗം മുൻകൂട്ടി കാണാതെ വികസന ചെലവ് ഫണ്ട് പിൻവലിക്കുന്നത് ഉത്തമ സാമ്പത്തിക പരിപാലന തത്വങ്ങൾക്കെതിരാണ്. | നന്നംമുക്ക് ഗ്രാമപഞ്ചായത്തിലെ 2007-08, 2008-09 വർഷങ്ങളിലെ വാർഷിക പദ്ധതിയിൽ ഉൾപ്പെട്ട ആശ്രയ പദ്ധതിയുടെ ഭാഗമായി ഭവനനിർമ്മാണത്തിന് ധനസഹായം നൽകുന്നതിനാണ് ആറ് ലക്ഷം രൂപ വികസന ഫണ്ടിൽ നിന്നും പിൻവലിച്ച് എസ്.ബി.റ്റി. അക്കൌണ്ടിൽ നിക്ഷേപിച്ചത്. മനോജ് വെട്ടശ്ശേരി പറമ്പിൽ, സരോജിനി പടിഞ്ഞാറേ പുരക്കൽ, ജാനകി പട്ടേരി വളപ്പിൽ എന്നീ ഗുണഭോക്താക്കൾക്ക് രണ്ട് ലക്ഷം രൂപ നൽകുന്നതിനാണ് പണം പിൻവലിച്ചത്. മേൽപറഞ്ഞ 3 ഗുണഭോക്താക്കൾക്കും തുക പൂർണ്ണമായും വിതരണം നടത്തിയിട്ടുള്ളതും പദ്ധതി പൂർത്തീകരിച്ചിട്ടുള്ളതുമാണെന്ന് പഞ്ചായത്ത് സെക്രട്ടറി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |
| 16 | 3.2.7.4(3) | **(3) ഗുണഭോക്താക്കളെ തിരിച്ചറിയുന്നതിനു മുമ്പ് ഐ.ടി. മിഷന് മുൻതൂർ നൽകിയത്.**<br><br>യോഗ്യരായ ബിപിഎൽ ഗുണഭോക്താക്കൾക്ക് അക്ഷയ | **കോഴിക്കോട് ജില്ലാ പഞ്ചായത്ത്**<br>കോഴിക്കോട് ജില്ലാ പഞ്ചായത്ത് 2007-08 വർഷത്തിൽ ഇ-വിദ്യാ പദ്ധതി നടപ്പാക്കുന്നതിനു 9,99,950/- രൂപ അക്ഷയ പ്രോജക്ട് ജില്ലാ കോ-ഓർഡിനേറ്റർക്ക് അനുവദിച്ചിരുന്നു. പദ്ധതി |

| | | | |
|---|---|---|---|
| | | കേന്ദ്രങ്ങൾ നടത്തുന്ന കമ്പ്യൂട്ടർ പരിശീലന കോഴ്സ് ( ഇ-വിദ്യ) നടപ്പാക്കുന്നതിനു പഞ്ചായത്ത് രാജ് സ്ഥാപനങ്ങളെ സർക്കാർ അനുവദിച്ചു ( ജൂലൈ 2005). 2007-08- ലും 2008-09 ലുമായി അഞ്ച് പഞ്ചായത്ത് രാജ് സ്ഥാപനങ്ങൾ ഇ-വിദ്യാ കോഴ്സിനായുള്ള പദ്ധതി ഏറ്റെടുക്കുകയും അതാത് അക്ഷയ ജില്ലാ പ്രോജക്ട് കോ-ഓർഡിനേറ്റർമാർക്ക് 12.61 ലക്ഷം രൂപ മുൻകൂറായി നൽകുകയും ചെയ്തു. പഞ്ചായത്ത് രാജ് സ്ഥാപനങ്ങൾ കോഴ്സിനു വേണ്ടിയുള്ള ഗുണഭോക്താക്കളുടെ ലിസ്റ്റ് തയ്യാറാക്കേണ്ടിയിരുന്നെങ്കിലും 2010 മേയ് വരെയും അത് തയ്യാറാക്കിയിരുന്നില്ല. ഗുണഭോക്താക്കളെ തീരുമാനിക്കുന്നതിനുമുമ്പ് അക്ഷയ പ്രോജക്ട് ഓഫീസർമാരുടെ പക്കൽ വികസന ചെലവ് ഫണ്ട് നിക്ഷേപിച്ചത് ശരിയായിരുന്നില്ല. | തയ്യാറാക്കുന്നതിന് മുൻപേ ഗുണഭോക്താക്കളെ തിരഞ്ഞെടുക്കുന്നത് തികച്ചും അപ്രായോഗികമായിരുന്നതിനാൽ തുക കൈമാറിയതിനു ശേഷമാണ് ജില്ലാ പഞ്ചായത്തിന്റെ നിർദ്ദേശപ്രകാരം ഗ്രാമപഞ്ചായത്തുൾ ജനറൽ/ പട്ടികജാതി ഗുണഭോക്താക്കളുടെ ലിസ്റ്റ് അക്ഷയ സെന്ററിന് കൈമാറിയിട്ടുള്ളത്.<br>എന്നാൽ പദ്ധതിക്ക് ആവശ്യത്തിന് അർഹരായ ഗുണഭോതക്താക്കളെ ലഭിക്കാത്ത സാഹചര്യത്തിൽ അനുവദിച്ച തുക പൂർണ്ണമായും വിനിയോഗിക്കാൻ സാധിച്ചിട്ടില്ലെന്ന് കോ-ഓർഡിനേറ്റർ അറിയിച്ചു. പദ്ധതിക്ക് അനുവദിച്ച 9,99,950/- രൂപയിൽ 3,79,850/- രൂപ മാത്രമേ വിനിയോഗിച്ചിട്ടുള്ളൂ. ബാക്കിയുള്ള 6,20,100/- രൂപ ഓഡിറ്റ് തടസ്സത്തെതുടർന്ന് സർക്കാരിലേക്ക് തിരിച്ചടവാക്കിയിട്ടുണ്ട്<br>**<u>ഫറോക്ക് മുനിസിപ്പാലിറ്റി</u>**<br>നഗരസഭയിൽ നിലവിൽ എല്ലാ പദ്ധതികളും കൃത്യമായ രീതിയിൽ നിർവ്വഹണം നടത്തി വരുന്നുണ്ട്. ഖണ്ഡികയിൽ പ്രതിപാദിക്കുന്ന രീതിയിലുള്ള തുകകൾ നഗരസഭയുടെ ഇത്തരം നിക്ഷേപങ്ങളിൽ ഉള്ളതായി കാണുന്നില്ല.<br><br>**<u>കക്കോടി ഗ്രാമപഞ്ചായത്ത്-</u>** കക്കോടി ഗ്രാമപഞ്ചായത്തിൽ 2007-08 സാമ്പത്തികവർഷം ബി.പി.എൽ വിഭാഗത്തിൽപെട്ട ആളുകൾക്കാണ് ടി പദ്ധതി മുഖേനെ കമ്പ്യൂട്ടർ സാക്ഷരത നൽകിയത്. ടി പദ്ധതി മൂലം പാവപ്പെട്ട നിരവധി ആളുകൾക്ക് ജീവിതമാർഗ്ഗം കണ്ടെത്തുന്നതിന് സാധിച്ചിട്ടുണ്ടെന്നും പദ്ധതി തുക പൂർണ്ണമായും പ്രസ്തുത കാലയളവിൽ ചെലവഴിക്കേണ്ടതിനാലാണ് |

| | | | |
|---|---|---|---|
| | | | തുക അടിയന്തിരമായി കൈമാറിയതെന്നും. ഫണ്ട് പൂർണ്ണമായും വിനിയോഗിച്ചിട്ടുണ്ടെന്നും കക്കോടി ഗ്രാമപഞ്ചായത്ത് സെക്രട്ടറി റിപ്പോർട്ട് ചെയ്തിട്ടുണ്ട്.<br>**<u>കുടരഞ്ഞി ഗ്രാമപഞ്ചായത്ത്</u>**-കുടരഞ്ഞി ഗ്രാമപഞ്ചായത്ത് 2007-08 വർഷം ബി.പി.എൽ വിഭാഗത്തിൽപ്പെട്ട ഗുണഭോക്താക്കൾക്ക് കമ്പ്യൂട്ടർ പരിശീലനം നൽകുന്നതിന്റെ ഭാഗമായി ഐ.ടി. മിഷനു മുൻകൂറായി 50000/- രൂപ നൽകിയിട്ടുണ്ട്. പരിശീലന പരിപാടി നടത്തുകയും തുക വിനിയോഗിക്കുകയും ചെയ്തിട്ടുണ്ടെന്ന് പഞ്ചായത്ത് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.<br>**<u>മേലില ഗ്രാമപഞ്ചായത്ത്</u>**-<br>മേലില ഗ്രാമപഞ്ചായത്തിൽ നിന്നും ഈ വിദ്യ പരിശീലന പരിപാടിയ്ക്ക് മുൻകൂറായി തുക നൽകിയിരുന്നു എങ്കിലും യഥാസമയം പരിശീലനാർത്ഥികളുടെ അംഗീകൃത ലിസ്റ്റ് നൽകാൻ കഴിഞ്ഞിരുന്നില്ല. എന്നാൽ അക്ഷയയ്ക്ക് പരിശീലനാർത്ഥികളുടെ അംഗീകൃത ലിസ്റ്റ് തുടർന്ന് ലഭ്യമാക്കി പരിശീലന പരിപാടി നടപ്പാക്കിട്ടുള്ളതുമാണ്. |
| 17 | 3.2.7.4(4) | **<u>(4) അക്ഷയ കമ്പ്യൂട്ടർ സാക്ഷരതാ പരിപാടിക്കു വേണ്ടി അധിക നിക്ഷേപം</u>**<br><br>അക്ഷയ കമ്പ്യൂട്ടർ സാക്ഷരതാ പരിപാടി നടപ്പിലാക്കുന്നതിനായി വെട്ടക്കവല ബ്ളോക്ക് പഞ്ചായത്തും അതിരമ്പുഴ ഗ്രാമ പഞ്ചായത്തും 2004-05 മുതൽ 2008-09 വരെ വികസന ചെലവ് ഫണ്ടിൽ നിന്നും ആകെ 15.91 ലക്ഷം പിൻവലിച്ച് അക്ഷയ ജില്ലാ | **<u>പ്രസ്തുത ഓഡിറ്റ് ഖണ്ഡികയ്ക്ക് അക്ഷയ സംസ്ഥാന പ്രോജക്ട് ഓഫീസിൽ നിന്നും ലഭ്യമാക്കിയ മറുപടി ചുവടെ ചേർക്കുന്നു</u>**<br>25.02.2016 ലെ സർക്കാർ ഉത്തരവ് നം. GO(Ms)No.13/2016/ITD പ്രകാരം Student Police Cadet വഴി സംസ്ഥാനത്ത് ഡിജിറ്റൽ എംപവർമെന്റ് ക്യാംപയിൻ ഒന്നാം ഘട്ടം നടപ്പിലാക്കാൻ സർക്കാർ തീരുമാനിച്ചു. ഇതിനായി വേണ്ടി വരുന്ന 17 കോടി രൂപ അക്ഷയ ജില്ലാ ഓഫീസുകൾ വഴി ഇ-ലിറ്ററസി ദൗത്യം നടപ്പിലാക്കാൻ വേണ്ടി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ |

| | | | |
|---|---|---|---|
| | | പ്രോജക്ട് ഓഫീസിൽ നിക്ഷേപിച്ചു. പരിപാടി നടപ്പിലാക്കുന്നതിനുള്ള ഓരോ തസ്വഭ സ്ഥാപനങ്ങളുടെയും വിഹിതം സർക്കാർ നിശ്ചയിച്ചിരുന്നു. വെട്ടക്കവല ബ്ലോക്ക് പഞ്ചായത്തും അതിരമ്പുഴ ഗ്രാമ പഞ്ചായത്തും സർക്കാർ നിശ്ചയിച്ചിരുന്നതിൽ നിന്നും അധികമായി 5.04 ലക്ഷം നിക്ഷേപിച്ചതായി ഓഡിറ്റിൽ കണ്ടു. അക്ഷയ ജില്ലാ പ്രോജക്ട് ഓഫീസിൽ അധികമായി നിക്ഷേപിച്ച 5.04 ലക്ഷം തിരിച്ചു വാങ്ങി സഞ്ചിത നിധിയിലേക്ക് തിരിച്ച് അടച്ചിട്ടില്ല | അതാത് ജില്ലാ കളക്ടർമാരുടെ TSB അക്കൗണ്ടിൽ അനുവദിച്ച തുകയിൽ ബാക്കി വന്നിട്ടുള്ള തുക resume ചെയ്ത് വിനിയോഗിക്കണമെന്നും GO(Rt)No.307/2017/ITD dated 18/12/2017 ഉത്തരവ് പ്രകാരം സർക്കാർ നിഷ്കർഷിച്ചു. ടി ഉത്തരവ് അനുസരിച്ച് ഇ-ലിറ്ററസി ക്യാംപയിൻ നടത്തുവാൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ അതാതു ജില്ലാ കളക്ടർമാരുടെ TSB അക്കൗണ്ടിൽ അനുവദിച്ച തുകയിൽ ചെലവഴിക്കാതെ അവശേഷിച്ച തുകയായ 17 കോടി രൂപ 2075-00-911-99 [ deduct recovery of over payment ] എന്ന ശീർഷകത്തിലേക്ക് ജില്ലാ കളക്ടർമാർ തന്നെ തിരിച്ചടച്ചിട്ടുണ്ട്.<br><br>പ്രസ്തുത ഓഡിറ്റ് ഖണ്ഡികയിൽ പരാമർശിച്ചിരിക്കുന്ന 168.74 ലക്ഷം രൂപ മേൽ പ്രസ്താവിച്ച 17 കോടി രൂപയിൽ ഉൾപ്പെട്ടിട്ടുണ്ട് എന്ന വിവരം അറിയിക്കുന്നു. പരാമർശത്തിലെ ഖണ്ഡിക 3.2.7.4 ആയി ബന്ധപ്പെട്ട അനുബന്ധം xi ൽ പറഞ്ഞിരിക്കുന്ന അക്ഷയ പ്രോജക്ട് ജില്ല ഓഫീസിൽ ബാക്കി നിൽക്കുന്ന തുകയായ 168.74 ലക്ഷം രൂപ കൊല്ലം, കോട്ടയം, കോഴിക്കോട് എന്നീ 3 അക്ഷയ ജില്ല ഓഫീസുകളിലേക്ക് അതാതു ജില്ലയിലെ തദ്ദേശ സ്വയംഭരണ സ്ഥാപന ഇ-ലിറ്ററസി ക്യാംപയിൻ നടത്താനായി നൽകിയ തുകയാണ്. കൊല്ലം (35.98 ലക്ഷം), കോട്ടയം (65.76) ലക്ഷം, കോഴിക്കോട് (35.98 ലക്ഷം) ടി തുകകൾ മേൽ പറഞ്ഞ ജില്ലാ ഓഫീസുകൾ തിരിച്ചടച്ചതിന്റെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.<br><br>**<u>കോട്ടയം</u>**<br>കോട്ടയം ജില്ല അക്ഷയ പ്രോജക്ട് മാനേജരുടെ റിപ്പോർട്ട് |

| | | | |
|---|---|---|---|
| | | | അനുസരിച്ച് കോട്ടയം ജില്ലയിലെ വിവിധ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും ഇ-ലിറ്ററസി ക്യാംപയിൻ നടത്താൻ ജില്ലയ്ക്ക് അനുവദിക്കപ്പെട്ടതിൽ മൊത്തം തുകയിൽ നിന്നും 369810/- രൂപ ചെലവഴിക്കുകയും ടി ഇനത്തിൽ ബാലൻസ് വന്ന തുകയായ 35743438/- രൂപ 18/12/2017 ലെ GO(Rt)No.307/2017/ITD അനുസരിച്ച് "2075-00-911-99 എന്ന ശീർഷകത്തിലേക്ക് KL 01335715201718 നമ്പർ ചെലാൻ പ്രകാരം സർക്കാരിലേക്ക് തിരിച്ചടക്കുകയും ചെയ്തിട്ടുണ്ട്. പരാമർശം ഖണ്ഡികയിലെ അനുബന്ധം XI അനുസരിച്ച് കോട്ടയം ജില്ലാ ഓഫീസിൽ ബാക്കി നിന്ന തുക (15.16 ലക്ഷം) മേൽ പ്രകാരം അടച്ച തുകയിൽ ഉൾപ്പെട്ടിട്ടുണ്ട്.<br>**കൊല്ലം**<br>കൊല്ലം ജില്ലയിലെ വിവിധ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും ഇ-ലിറ്ററസി പദ്ധതിക്കായി TSB6677 അക്കൗണ്ടിലേക്ക് മൊത്തം 47380013/- രൂപ ലഭിച്ചിരുന്നു. ടി തുകയിൽ നിന്നും ബാലൻസ് വന്ന 11288063/- രൂപ 18/12/2017 ലെ GO(Rt) No.307/2017/ITD അനുസരിച്ച് "2075-00-911-99 എന്ന ശീർഷകത്തിലേക്ക് തിരിച്ചടച്ചിട്ടുണ്ട്. പരാമർശ ഖണ്ഡികയിലെ അനുബന്ധം xi അനുസരിച്ച് കൊല്ലം ജില്ല ഓഫീസിൽ ബാക്കി നിന്ന തുക (66.57 ലക്ഷം) മേൽ പ്രകാരം തിരിച്ചടച്ച തുകയിൽ ഉൾപ്പെട്ടതാണ്.<br>**കോഴിക്കോട്**<br>കോഴിക്കോട് ജില്ലാ ഓഫീസിലെ ലഭ്യമായ വിവരങ്ങളുടെ അടിസ്ഥാനത്തിൽ ജില്ലയിലെ ഇ-ലിറ്ററസി ക്യാംപയിനുമായി ബന്ധപ്പെട്ട് ലഭ്യമായ തുകയിൽ ചെലവഴിച്ച ശേഷം ബാക്കി വന്ന |

| | | | |
|---|---|---|---|
| | | | തുക അതാതു തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കു 01/02/2011 - ലെ ജില്ലാ കളക്ടറുടെ ഉത്തരവ് No.Akshay/E1/10 അനുസരിച്ച് തിരികെ വിതരണം ചെയ്തിട്ടുണ്ട്.<br><br>**<u>ഇ-വിദ്യ</u>**<br>ഇ-വിദ്യ പദ്ധതിക്കു വേണ്ടി മൊത്തം 10 ജില്ലകൾക്ക് (കൊല്ലം, കോഴിക്കോട്, കോട്ടയം, ഇടുക്കി, വയനാട്, എറണാകുളം, തൃശ്ശൂർ, പാലക്കാട്, കണ്ണൂർ, മലപ്പുറം) അതാതു ജില്ലയിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഫണ്ട് അനുവദിക്കുകയുണ്ടായി. ഇതിൽ ഇടുക്കി, വയനാട്, എറണാകുളം മലപ്പുറം എന്നീ ജില്ലകൾ, അനുവദിക്കപ്പെട്ട മുഴുവൻ തുകയും ചെലവഴിച്ചിട്ടുണ്ട്. ബാക്കി 6 ജില്ലകളിൽ ആയി ചെലവഴിച്ച തുക കിഴിച്ച് മൊത്തം 24,21,435/- രൂപ അക്കൗണ്ടിൽ തന്നെ നിലനിർത്തയിരുന്നതായി അതാതു ജില്ല ഓഫീസുകളിൽ നിന്നുള്ള വിശദാംശങ്ങൾ അനുസരിച്ച് അറിയിച്ചിട്ടുണ്ട്. പ്രസ്തുത തുക ഗവ.ഉത്തരവ് അനുസരിച്ച് ബന്ധപ്പെട്ട ശീർഷകത്തിലേക്ക് തിരിച്ചടക്കുവാൻ ഉള്ള നടപടികൾ എടുത്തു കഴിഞ്ഞു.<br><br>**<u>വെട്ടിക്കവല ബ്ലോക്ക് പഞ്ചായത്ത്</u>**<br>ഇ-സാക്ഷരതാ പരിപാടിക്കായി വിനിയോഗിച്ചതില് ശേഷിക്കുന്ന തുക കൊല്ലം ജില്ലാ കളക്ടറുടെ പലിശരഹിത റ്റി.എസ്.ബി അക്കൗണ്ടില് നിക്ഷേപിച്ചിട്ടുണ്ട്. നീക്കിയിരിപ്പ് തുകയായ 2,83,690/-രൂപ തിരികെ നല്കുന്നതിനുവേണ്ടി നടപടി സ്വീകരിക്കുന്നതിന് കൊല്ലം ജില്ലാ കളക്ടര്ക്ക് കത്ത് നല്കിയിട്ടുണ്ട്. സഞ്ചിത നിധിയില് നിക്ഷേപിച്ചിട്ടുള്ള പ്രസ്തുത തുക സര്ക്കാരിലേക്ക് തന്നെ ഒടുക്കുമെന്നാണ് വിവരം ലഭിച്ചിട്ടുള്ളത്. |

| | | | |
|---|---|---|---|
| | | | **അതിരമ്പുഴ ഗ്രാമപഞ്ചായത്ത്** -അതിരമ്പുഴ ഗ്രാമപഞ്ചായത്തിൽ കമ്പ്യൂട്ടർ സാക്ഷരതാ പരിപാടിക്കു വേണ്ടി അധികമായി അടച്ച 5.04 ലക്ഷം രൂപയുൾപ്പെടെയുള്ള തുക 18.12.2007 ലെ സ.ഉ. ആർ.ടി. നമ്പർ 307/2017/വി.സാ.വ. പ്രകാരം 2075-00-91-99 ഹെഡ് ഓഫ് അക്കൗണ്ടിലേക്ക് KL01135715201718M നമ്പർ ചെലാൻ മുഖാന്തിരം തിരിച്ചടച്ചിട്ടുള്ളതായി ജില്ലാ പ്രോജക്ട് മാനേജർ, അക്ഷയ പ്രോജക്ട്, കോട്ടയം റിപ്പോർട്ട് ചെയ്തിട്ടുള്ളതായി പഞ്ചായത്ത് ഡയറക്ടർ അറിയിച്ചിട്ടുണ്ട്. |
| 18 | 3.2.7.4(5) | **ഗുണഭോക്താക്കൾക്ക് പ്രയോജനമൊന്നും ഉണ്ടാക്കാതെ കേരള ജലഅതോറിറ്റിയിലുള്ള നിക്ഷേപം**<br><br>പഞ്ചായത്ത് രാജ് സ്ഥാപനങ്ങൾ അവരുടെ കുടിവെള്ള വിതരണ പദ്ധതികളുടെ ഭൂരിഭാഗവും കേരള ജല അതോറിറ്റിയെ ഏൽപ്പിക്കുകയും ഇതിനായി അവർ വികസന ചെലവ് ഫണ്ടിൽ നിന്നും കേരള ജല അതോറിറ്റിയുടെ പക്കൽ ഫണ്ട് നിക്ഷേപിക്കുകയും ചെയ്യുന്നു. കേരള ജല അതോറിറ്റി ജോലികൾ നിർവ്വഹിക്കുകയും പഞ്ചായത്ത് രാജ് സ്ഥാപനങ്ങൾക്ക് ഇത് സംബന്ധിച്ച റിപ്പോർട്ട് നൽകുകയും ചെയ്യുന്നു. അങ്ങനെ വികസന ചെലവ് ഫണ്ടിൽ നിന്നുള്ള ചെലവിന്റെ പ്രയോജനം ഗുണഭോക്താക്കൾക്ക് ലഭ്യമാക്കപ്പെടുന്നു. മലപ്പുറം ജില്ലാ പഞ്ചായത്ത് നിക്ഷേപിച്ചതിൽ വലിയൊരു തുക താഴെ പറയുന്ന പ്രകാരം കേരള ജല അതോറിറ്റിയിൽ തടയപ്പെട്ട് | **മലപ്പുറം ജില്ലാ പഞ്ചായത്ത്**<br>കേരള വാട്ടർ അതോറിറ്റി മുഖേന ജില്ലയിലെ വിവിധ പ്രദേശങ്ങളിൽ 2007-08 മുതൽ നടത്തിയ ഡെപ്പോസിറ്റ് പ്രവർത്തികളുടെ റിപ്പോർട്ട് ലഭ്യമാക്കുന്നതിന് കേരള വാട്ടർ അതോറിറ്റിയുടെ എടപ്പാൾ, മലപ്പുറം പി.എച്ച്. ഡിവിഷനുകളോട് ആവശ്യപ്പെടുകയും റിപ്പോർട്ട് ലഭ്യമാക്കുകയും ചെയ്തിരുന്നു. റിപ്പോർട്ട് പ്രകാരം 2016-17 വരെ മലപ്പുറം പി.എച്ച്.ഡിവിഷനിൽ 90 പ്രവൃത്തികളും എടപ്പാൾ പി.എച്ച്.ഡിവിഷനിൽ 178 പ്രവൃത്തികളുടെയും എസ്റ്റിമേറ്റ് തുക ലഭിച്ചതായും ആയതിൽ മലപ്പുറം പി.എച്ച് ഡിവിഷൻ 53 പ്രവൃത്തികൾ പൂർത്തീകരിച്ചതായും 32,318,235/- രൂപ വാട്ടർ അതോറിറ്റിയിൽ നീക്കിയിരുപ്പുള്ളതായും, എടപ്പാൾ പി.എച്ച്.ഡിവിഷൻ മുഖേന നടപ്പിലാക്കിയ പ്രവൃത്തികളിൽ 103 പ്രവൃത്തികൾ പൂർത്തീകരിച്ചതായും 4,03,27,745 രൂപ വാട്ടർ അതോറിറ്റിയിൽ നീക്കിയിരുപ്പുള്ളതായും അറിയിച്ചിട്ടുണ്ട്. ബാക്കി പ്രവൃത്തികൾ നടന്നു വരുന്നതായും എടപ്പാൾ, മലപ്പുറം വാട്ടർ അതോറിറ്റി എക്സിക്യൂട്ടീവ് എഞ്ചിനീയർ അറിയിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | കിടക്കുന്നതായി ഓഡിറ്റിൽ കണ്ടു.<br><br>മലപ്പുറം ജില്ലാ പഞ്ചായത്ത് 147 ജല വിതരണ പദ്ധതികൾ നടപ്പാക്കുന്നതിനു വേണ്ടി 9.26 കോടി കേരള ജല അതോറിറ്റിയിൽ നിക്ഷേപിച്ചു ( 2008 മാർച്ച് 2009 മാർച്ച്, 2010 മാർച്ച്) 69 പദ്ധതികൾ നിർവ്വഹിക്കുന്നതിനായി കേരള ജലഅതോറിറ്റി 1.82 കോടി മാത്രം വിനിയോഗിക്കുകയും. ഇതിൽ 28 പദ്ധതികൾ മാത്രം പൂർത്തിയാക്കുകയും ചെയ്തു. ബാക്കിയുള്ള 78 പദ്ധതികളുടെ ജോലികൾ എസ്റ്റിമേറ്റുകൾ തയ്യാറാക്കാതിരിക്കുക. ദർഘാസുകൾക്ക് പ്രതികരണം ലഭിക്കാതിരിക്കുക, അടങ്കലുകൾ പുതുക്കുക, വെള്ളത്തിന്റെ ലഭ്യതയില്ലായ്മ, ശരിയായ സ്ഥലം കണ്ടുപിടിക്കാതിരിക്കുക തുടങ്ങിയ കാരണങ്ങളാൽ തുടങ്ങാതിരിക്കുകയോ ഉപേക്ഷിക്കുകയോ ചെയ്തു. ഉപേക്ഷിച്ച പദ്ധതികൾക്കായി നിക്ഷേപിച്ച തുക ( 1.29 കോടി) കേരള ജല അതോറിറ്റിയിൽ നിന്നും തിരിച്ചു വാങ്ങി മറ്റു വികസന പ്രവർത്തനങ്ങൾക്ക് ഉപയോഗിക്കേണ്ടതായിരുന്നു. കേരള ജല അതോറിറ്റിയെ ഏൽപ്പിച്ച ജോലികൾ പൂർത്തിയാക്കുന്നതിൽ ക്രമാതീതമായ കാലതാമസമുണ്ടായിരുന്നുവെന്ന് സർക്കാർ പ്രസ്താവിച്ചു (2011 ഫെബ്രുവരി). | **പ്രസ്തുത ഓഡിറ്റ് ഖണ്ഡികയ്ക്ക് കേരള ജല അതോറിറ്റി ലഭ്യമാക്കിയ മറുപടി ചുവടെ ചേർക്കുന്നു.**മലപ്പുറം ജില്ലയിൽ PH ഡിവിഷൻ, പ്രോജക്ട് ഡിവിഷൻ, PH ഡിവിഷൻ എടപ്പാൾ എന്നീ മൂന്നു വാട്ടർ അതോറിറ്റി ഡിവിഷൻ ഓഫീസുകൾക്ക് കീഴിൽ ജില്ലാ പഞ്ചായത്തിന്റെ വിവിധ നിക്ഷേപ പദ്ധതികൾ നടപ്പിലാക്കി വരുന്നുണ്ട്.<br>മലപ്പുറം പ്രോജക്ട് ഡിവിഷൻ 2018-19 വർഷം മുതലാണ് മലപ്പുറം ജില്ലാ പഞ്ചായത്ത് നിക്ഷേപ പ്രവർത്തികൾക്കായി തുക അടച്ചിട്ടുള്ളത്. ഈ മൂന്നു ഡിവിഷനുകളിലുമായി ഈ കാലയളവിൽ (2007-08 മുതൽ 2020-21) ലഭിച്ച നിക്ഷേപ തുകയും മുൻ കാലയളവിലെ നീക്കിയിരിപ്പ് തുകയും ഉൾപ്പെടെ 2980.60 ലക്ഷം രൂപയിൽ നിലവിൽ 320.55 ലക്ഷം രൂപ ആണ് ബാക്കി ഉള്ളത്. ഈ തുക ജില്ലാ പഞ്ചായത്തിലേക്ക് തിരികെ നൽകാനുള്ള നടപടികൾ കൈക്കൊള്ളാൻ എക്സിക്യൂട്ടിവ് എൻജിനീയർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.<br>പ്രവൃത്തികൾ പൂർത്തീകരിക്കുമ്പോൾ ബാക്കി വരുന്ന തുകയും നടപ്പിലാക്കാൻ സാധിക്കാതെ റദ്ദാകുന്ന പദ്ധതികളുടെ നിക്ഷേപത്തുകയും ജില്ലാ പഞ്ചായത്തിന്റെ നിർദ്ദേശപ്രകാരം യോഗം അംഗീകരിച്ച മറ്റ് പദ്ധതികളുടെ നടത്തിപ്പിനായി ഉപയോഗിച്ചുവരുന്നു. |
| **19** | **3.2.7.4 (6)** | **ഗ്രാമപഞ്ചായത്തിൽ വെറുതെ കിടക്കുന്ന ജില്ലാ പഞ്ചായത്തിന്റെ വികസന ചെലവ് ഫണ്ട്** | **കോഴിക്കോട് ജില്ലാ പഞ്ചായത്ത്**<br>കോഴിക്കോട് ജില്ലാ പഞ്ചായത്ത് തീവ്ര കന്നുകാലി വികസന പരിപാടിക്ക് വേണ്ടി തിരുവള്ളൂർ ഗ്രാമപഞ്ചായത്തിന് 25 ലക്ഷം |

| | | | |
|---|---|---|---|
| | | തീവ്ര കന്നുകാലി വികസന പരിപാടിക്ക വേണ്ടി നിർദ്ദേശങ്ങൾ സമർപ്പിക്കുന്ന അഞ്ച ഗ്രാമ പഞ്ചായത്തുകൾക്ക് അഞ്ചുലക്ഷം വീതം സഹായം വിതരണം ചെയ്യാൻ കോഴിക്കോട് ജില്ലാ പഞ്ചായത്ത് ഉദ്ദേശിച്ച ( 2008-09). തിരുവള്ളൂർ ഗ്രാമ പഞ്ചായത്തൊഴിച്ച് മറ്റ് ഗ്രാമ പഞ്ചായത്തുകളൊന്നും ഈ പരിപാടിക്കുവേണ്ടി നിർദ്ദേശങ്ങൾ സമർപ്പിച്ചില്ല. ജില്ലാ പഞ്ചായത്ത് 2009 മാർച്ചിൽ 25 ലക്ഷം പിൻവലിക്കുകയും ചെയ്തു. തിരുവള്ളൂർ ഗ്രാമ പഞ്ചായത്തിനും പദ്ധതിക്ക വേണ്ടി 2010 ജൂൺ വരെ ഗുണഭോക്താക്കളെ കണ്ടുപിടിക്കാൻ സാധിച്ചില്ല. ഒരു പഞ്ചായത്തിന് 25 ലക്ഷം നൽകിയത് അംഗീകരിച്ച പദ്ധതിക്ക് അനുസൃതമായിരുന്നില്ല. | രൂപ അനുവദിച്ചിരുന്നു. പദ്ധതിയുടെ നിർവ്വഹണം നടത്തിയത് കുടുംബശ്രീ ജില്ലാ മിഷൻ കോ-ഓർഡിനേറ്ററാണ്. എന്നാൽ പദ്ധതി യഥാസമയം നടപ്പിലാക്കാൻ സാധിക്കാതെ വന്നതിനാൽ പ്രസ്തുത തുക 12% പലിശ സഹിതം തിരിച്ചടക്കാൻ ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ തിരുവള്ളൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറി ബാങ്കിൽ നിന്നും ലഭ്യമായ പലിശയടക്കം 27,14,338/- രൂപ സർക്കാരിലേക്ക് തിരിച്ചടച്ചിട്ടുണ്ട്. |
| 20 | 3.2.7.5 | **3.2.7.5 അനുബന്ധ പോഷകാഹാര പരിപാടിയുടെ ചെലവിനത്തിൽ തിരികെ ലഭിച്ച തുക വിനിയോഗിച്ചില്ല.**<br>ആസൂത്രണ പ്രക്രിയയുടെ വികേന്ദ്രീകരണത്തെ തുടർന്ന് ഗ്രാമ പഞ്ചായത്തുകൾ അവരുടെ വികസന ചെലവ് ഫണ്ട്, തനത് ഫണ്ട്, അതാത് ബ്ലോക്ക് പഞ്ചായത്തുകളുടെ വികസന ചെലവ് ഫണ്ടിൽ നിന്നുമുള്ള സംഭാവന തുടങ്ങിയവ അംഗൻവാടികളിൽ അനുബന്ധ പോഷകാഹാര പരിപാടി (എസ്.എൻ.പി) നടപ്പിലാക്കുന്നതിന് ഉപയോഗിച്ചിരുന്നു. സംസ്ഥാന സർക്കാർ സമർപ്പിക്കുന്ന കണക്കുകളുടെ അടിസ്ഥാനത്തിൽ 2005-06 മുതൽ അനുവദനീയമായ | **ഫറോക്ക് മുനിസിപ്പാലിറ്റി**<br>അനുബന്ധ പോഷകാഹാര പരിപാടിയിൽ ലഭ്യമാകുന്ന ഫണ്ട് നിലവിൽ ടി പദ്ധതിക്ക് പൂർണ്ണമായും ഉപയോഗിച്ച് നിർവ്വഹണ ഉദ്യോഗസ്ഥൻ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കുന്നുണ്ട്. ആയത് പ്രകാരം ചെലവഴിക്കാത്ത ബാക്കി തുകകൾ നിലവിൽ കാണുന്നില്ല.<br>**വെള്ളൂർ ഗ്രാമപഞ്ചായത്ത്** - അനുബന്ധ പോഷകാഹാര പരിപാടിയുടെ ചെലവിനത്തിൽ തിരികെ ലഭിച്ച തുകയായ 10.79 ലക്ഷം രൂപയിൽ 932570/- രൂപ 2012-13 വർഷം അംഗനവാടി അനുപൂരക പോഷകാഹാര വിതരണത്തിനും 64480/- രൂപ 2012-13 വർഷം അംഗനവാടി ജീവനക്കാർക്ക് |

| | | | |
|---|---|---|---|
| | | ചെലവുകളുടെ 50 ശതമാനം തിരിച്ചു നൽകാൻ ഭാരത സർക്കാർ സമ്മതിച്ചിരുന്നു. ഓരോ വർഷവും കേന്ദ്ര സർക്കാർ തിരിച്ചു നൽകിയ തുകകൾ പഞ്ചായത്ത് രാജ് സ്ഥാപനങ്ങൾ അവരുടെ തനത്_ഫണ്ട്/ പ്രത്യേക ബാങ്ക് അക്കൗണ്ടിൽ സൂക്ഷിക്കുകയും അടുത്ത വർഷങ്ങളിൽ പരിപാടി നടത്തുന്നതിനുവേണ്ടി ഇതിലൊരുഭാഗം ചെലവാക്കുകയും ചെയതതായി 12 ഗ്രാമ പഞ്ചായത്തുകളുടെയും 12 ബ്ലോക്ക് പഞ്ചായത്തുകളുടെയും കണക്കുകൾ ലാക്ഷണിക പരിശോധന നടത്തിയതിൽ നിന്നും വെളിവാക്കപ്പെട്ടു. 2007-08 മുതൽ 2009-10 വരെയുള്ള കാലയളവിൽ ഭാരതസർക്കാർ തിരിച്ചു നൽകിയ 2005-06 മുതലുള്ള തുകകൾ ബാങ്ക് അക്കൗണ്ട്/ തനത് ഫണ്ടിൽ സൂക്ഷിച്ചത് 5.94 കോടിയുണ്ടായിരുന്നു. ഇതിൽ നിന്നും പഞ്ചായത്ത് രാജ് സ്ഥാപനങ്ങൾ 2.86 കോടി മാത്രം അടുത്ത വർഷങ്ങളിൽ എസ്.എൻ.പി നടപ്പിലാക്കാൻ വിനിയോഗിക്കുകയും ബാക്കി 3.08 കോടി കൈവശം വയ്ക്കുകയും ചെയ്തു. അക്കൗണ്ടിൽ നിലനിർത്തിയ ബാക്കി 3.08 കോടിയിൽ 3.06 കോടി ( തനത് ഫണ്ട് ഉപയോഗിച്ച് നാലു ഗ്രാമ പഞ്ചായത്തുകളുമായി ബന്ധപ്പെട്ട 2.03 ലക്ഷം കൂടാതെ) പഞ്ചായത്ത് രാജ് സ്ഥാപനങ്ങൾ ആദ്യം തന്നെ വികസന ചെലവ് ഫണ്ട് അക്കൗണ്ടിൽ നിന്നും പിൻവലിച്ചതായിരുന്നു. എസ്.എൻ.പി നടപ്പാക്കിയതിലുള്ള ചെലവിന്റെ 50 ശതമാനം ഭാരത സർക്കാരിൽ നിന്നും തിരിച്ചു കിട്ടുന്നത് അതാതത് | അധിക ഓണറേറിയം നൽകുന്നതിനും 4940/-രൂപ 2013-14 വർഷം അങ്കണവാടികൾക്ക് അഡീഷണൽ ഗ്യാസ് സിലിണ്ടറും പുതിയ ഗ്യാസ് കണക്ഷൻ ലഭ്യമാക്കുന്നതിനും 77010/-രൂപ 2013-14 വർഷം അങ്കണവാടി അനുപൂരക പോഷകാഹാരത്തിനും വേണ്ടി വിനിയോഗിച്ചിട്ടുള്ളതാണെന്ന് ഗ്രാമപഞ്ചായത്ത് സെക്രട്ടറി റിപ്പോർട്ട് ചെയ്തിട്ടുണ്ട്.<br>**മേലില ഗ്രാമപഞ്ചായത്ത്**- ടി ഇനത്തിൽ ലഭ്യമായ തുകയായ 4.12 ലക്ഷം രൂപ തുടർ വർഷങ്ങളിലായിട്ടാണ് ചെലവഴിച്ച് ക്രമീകരിച്ചത്. നിലവിൽ കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ ലഭ്യമായ തുകയിൽ നിന്നും ചെലവഴിക്കുന്ന സംഖ്യ മാത്രമേ കേന്ദ്രവിഹിത ഇനത്തിൽ അവശേഷിക്കുന്നുള്ളു.<br>**അതിരമ്പുഴ ഗ്രാമപഞ്ചായത്ത്**-അനുബന്ധ പോഷകാഹാര പദ്ധതിയിൽ അധികമായി തിരികെ ലഭിച്ച 7.84 ലക്ഷം രൂപ അനുബന്ധ പോഷകാഹാര പദ്ധതിയിൽ പൂർണ്ണമായി ചെലവഴിച്ചിട്ടുണ്ടെന്ന് ഗ്രാമപഞ്ചായത്ത് സെക്രട്ടറി റിപ്പോർട്ട് ചെയ്തിട്ടുണ്ട്.<br>**മാറാക്കര ഗ്രാമപഞ്ചായത്ത്** -അംഗനവാടികളിലെ പോഷകാഹാര വിതരണത്തിന്റെ ചെലവിന്റെ കേന്ദ്ര വിഹിതമായി 3/07 മുതൽ 3/09 വരെ ലഭിച്ചതും തനത് ഫണ്ട് അക്കൌണ്ടായ 7844 ൽ സൂക്ഷിച്ചിരുന്നതുമായ 10,50,335/- തുടർ വർഷങ്ങളിൽ അംഗനവാടി പോഷകാഹാര പരിപാടി ആവശ്യാർത്ഥം മാത്രമാണ് ചെലവഴിച്ചിട്ടുള്ളത്. 01.04.2012 മുതൽ വിന്യസിച്ചിട്ടുള്ള സാംഖ്യ സോഫ്റ്റ് വെയർ പ്രകാരം മേപ്പടി 7844 നമ്പർ അക്കൌണ്ടിൽ 01.04.2012 ന് 10,950/- മാത്രമാണ് നീക്കിയിരുപ്പുള്ളത് എന്നും ടി തുക വരും വർഷങ്ങളിലെ |

| | | | |
|---|---|---|---|
| | | കണക്കുകളിൽ വരവായി കാണിക്കേണ്ടതും വികസന പദ്ധതികൾക്ക് ഉപയോഗിക്കേണ്ടതുമായിരുന്നു. എസ്.എൻ.പി ചെലവ് തിരിച്ചു കിട്ടുന്ന വകയിലുള്ള തുക എങ്ങനെ വക കൊള്ളിക്കണമെന്നു മാർഗ്ഗനിർദ്ദേശങ്ങൾ പുറത്തിറക്കിയിട്ടില്ലെന്ന് സർക്കാർ പ്രസ്താവിച്ചു ( 2011 ഫെബ്രുവരി). | പ്രോജക്ടിൽ ഉൾപ്പെടുത്തി ചെലവഴിക്കുന്നതാണ് എന്നും മാറാക്കര ഗ്രാമപഞ്ചായത്ത് സെക്രട്ടറി റിപ്പോർട്ട് ചെയ്തിട്ടുണ്ട് .<br>**കുടരഞ്ഞി ഗ്രാമപഞ്ചായത്ത്**- 2005-06 സാമ്പത്തിക വർഷം മുതൽ 2010-11 സാമ്പത്തിക വർഷം വരെ അനുപൂരക പോഷകാഹാര പദ്ധതിയുടെ ഭാഗമായി ലഭിച്ച തുകയിൽ രണ്ടു ലക്ഷത്തി എൺപത്തി ഒമ്പതിനായിരം രൂപ (289000) പ്രസ്തുത വർഷം പൂർണ്ണമായും വിനിയോഗിക്കുവാൻ സാധിച്ചിട്ടില്ല എന്നും എന്നാൽ അടുത്ത സാമ്പത്തിക വർഷം ടി തുക മുഴുവനായും വിനിയോഗിച്ചിട്ടുണ്ട് എന്നും കുടരഞ്ഞി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയും ഐ.സി.ഡി.എസ് സൂപ്പർവൈസറും സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്.<br>**വെട്ടത്തൂർ ഗ്രാമപഞ്ചായത്ത്**<br>ഓഡിറ്റ് റിപ്പോർട്ടിനെ തുടർന്ന് വെട്ടത്തൂർ ഗ്രാമ പഞ്ചായത്തിലെ അനുപൂരക പോഷകാഹാര പരിപാടി നടപ്പിലാക്കുന്നതിന് കേന്ദ്ര സർക്കാർ തിരിച്ചു നൽകിയ തുക 5.27 ലക്ഷം രൂപ തൊട്ടടുത്ത സാമ്പത്തിക വർഷം തന്നെ അനുപൂരക പോഷകാഹാര പരിപാടിയിൽ ഉൾപ്പെടുത്തി ചെലവഴിച്ചിട്ടുണ്ടെന്നും ആയത് സംബന്ധിച്ച വിനിയോഗ സാക്ഷ്യപത്രം ICDS സൂപ്പർവൈസർ സമർപ്പിക്കുകയും ഈ പദ്ധതിയ്ക്കായി കേന്ദ്രവിഹിതമായി ലഭ്യമാകുന്ന മുഴുവൻ തുകയും തുടർവർഷങ്ങളിലെ പദ്ധതികളിൽ ഉൾപ്പെടുത്തി ചെലവഴിക്കുകയും ചെയ്തു വരുന്നുണ്ടെന്നും പഞ്ചായത്ത് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.<br>**ഇടമുളയ്ക്കൽ ഗ്രാമപഞ്ചായത്ത്**-കേന്ദ്രവിഹിതമായി ലഭിച്ച തുക വിനിയോഗിക്കാതെ പഞ്ചായത്ത് ഫണ്ടിൽ അവശേഷിക്കുന്നത് തുടർ വർഷങ്ങളിൽ അനുപൂരക പോഷക ആഹാര പരിപാടിയിൽ |

| | | | |
|---|---|---|---|
| | | | ഉൾപ്പെടുത്തി ചെലവഴിച്ചു വരുന്നു.<br>**ചാത്തന്നൂർ ഗ്രാമപഞ്ചായത്ത്**- ചാത്തന്നൂർ ഗ്രാമപഞ്ചായത്തിലെ പോഷകാഹാര പദ്ധതിക്കായി ലഭ്യമായിട്ടുള്ള തുക അനുപൂരക പോഷകാഹാര പരിപാടി നടപ്പിലാക്കുന്നതിന് വിനിയോഗിക്കുകയും ബാക്കി കൈവശം വച്ചിരുന്ന തുകയായ 7.03 ലക്ഷം രൂപ തുടർ വർഷങ്ങളിൽ അനുപൂരക പോഷകാഹാര പരിപാടിയിൽ ഉൾപ്പെടുത്തി ചെലവഴിച്ചിട്ടുള്ളതുമാണ്. 2007-08 മുതൽ 2011-12 വരെ ലഭിച്ച കേന്ദ്ര വിഹിതം അംഗൻവാടി പോഷകാഹാര പദ്ധതിയ്ക്കായി വിനിയോഗിച്ചിട്ടുണ്ട് എന്ന് പഞ്ചായത്ത് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.<br>**മണർക്കാട് ഗ്രാമപഞ്ചായത്ത്**-നിലവിൽ ഈ ഇനത്തിൽ ബാലൻസുണ്ടായിരുന്ന 5.15 ലക്ഷം രൂപ തുടർ വർഷങ്ങളിൽ പൂർണ്ണമായും ചെലവഴിച്ചിട്ടുണ്ട്. അനുബന്ധ പോഷകാഹാര പരിപാടിയുടെ ഇനത്തിൽ ലഭിച്ച തുക പൂർണ്ണമായും ചെലവഴിച്ചു വരുന്നുണ്ട്.<br>**കക്കോടി ഗ്രാമപഞ്ചായത്ത്**-2005-06 സാമ്പത്തിക വർഷങ്ങളിൽ അനുപൂരക പോഷകാഹാര പരിപാടി ഇനത്തിൽ ലഭിച്ച തുക 2.16 ലക്ഷം രൂപയിൽ മുഴുവൻ തുകയും 2006-07 വർഷത്തിൽ ചെലവഴിച്ചിട്ടുണ്ട്.<br>ഗ്രാമപഞ്ചായത്ത് അക്കൌണ്ടിംഗ് സോഫ്റ്റ് വെയർ പരിശോധിച്ചതിൽ 2020 ഡിസംബർ വരെ ലഭിച്ച തുകകൾ പൂർണ്ണമായും വിനിയോഗിച്ചിട്ടുണ്ട്. ശേഷം ലഭിച്ച തുകകൾക്ക് പ്രൊജക്ട് തയ്യാറാക്കി നിർവ്വഹണം നടന്നു വരികയുമാണ്. അനുവദിച്ച തുക നിലവിൽ ചെലവഴിക്കാതെ സർക്കാരിലേക്ക് |

| | | | |
|---|---|---|---|
| | | | തിരിച്ചടക്കേണ്ട അവസ്ഥയില്ല. ലഭിക്കുന്ന തുകകൾ യഥാസമയം വിനിയോഗിക്കുന്നുണ്ട്.<br>**നന്നംമുക്ക് ഗ്രാമപഞ്ചായത്ത്**-2007/08 മുതൽ 2009/10 വരെയുള്ള കാലയളവിൽ അനുബന്ധ പോഷകാഹാര പരിപാടിയുടെ ചെലവ് ഇനത്തിൽ തിരികെ ലഭിച്ച തുക പൂർണ്ണമായി വിനിയോഗിച്ചിട്ടുള്ളതാണ്.<br>**<u>വെട്ടിക്കവല ബ്ലോക്ക് പഞ്ചായത്ത്</u>**<br>അനുബന്ധ പോഷകാഹാര പരിപാടിയുടെ ചെലവിനത്തിന് തിരികെ ലഭിച്ച തുക വെട്ടിക്കവല ബ്ലോക്ക് പഞ്ചായത്ത് അനുപൂരക പോഷകാഹാര പരിപാടിയുടെ കേന്ദ്ര സർക്കാർ തരികെ നൽകിയ തുകയും, പദ്ധതി വിഹിതവും ചേർത്താണ് ഓരോ വർഷവും അനുപൂരക പോഷകാഹാര പരിപാടിയുടെ പ്രോജക്ട് തയ്യാറാക്കി തുക ചെലവഴിച്ചിട്ടുള്ളത്. ഭാരത സർക്കാരിൽ നിന്നും തിരിച്ചു കിട്ടിയ തുകയിൽ ഇപ്രകാരം ചെലവഴിച്ചതിന് ശേഷവും 14,48,478/-(പതിനാലു ലക്ഷത്തി നാല്പ്പത്തി എണ്ണായിരത്തി നാനൂറ്റി എഴുപത്തിയെട്ടു രൂപ) വെട്ടിക്കവല ബ്ലോക്ക് പഞ്ചായത്തൻറെ എസ്.ബി അക്കൗണ്ടിൽ അവശേഷിച്ചിരുന്നു. ഇപ്രകാരം 30/03/2014 ല് ബാക്കി നിന്ന 14,48,478/- രൂപയും 05/03/2014 ലെ ജി.ഒ.(ആർ.റ്റി) നമ്പർ 662/14/എല്.എസ്.ജി.ഡി. സർക്കാർ ഉത്തരവിൽ നിര്ദ്ദേശിച്ചിട്ടുള്ളതു പ്രകാരം 2012-13, 2013-14 വർഷങ്ങളിൽ അനുവദിച്ച ഐ.എ.വൈ. വീടുകളുടെ ഗുണഭോക്താക്കൾക്ക് നല്കേണ്ട സംസ്ഥാന സര്ക്കാര് വിഹിതത്തിനു വേണ്ടി ഐ.എ.വൈ. അക്കൗണ്ടിലേക്ക് മാറ്റുകയും പൂർണ്ണമായും ഗുണഭോക്താക്കൾക്ക് അനുവദിച്ചു നല്കുകയും ചെയ്തിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | **കട്ടുത്തുരുത്തി ബ്ലോക്ക് പഞ്ചായത്ത്**<br>കട്ടുത്തുരുത്തി ബ്ലോക്ക് പഞ്ചായത്തില് അന്നപൂരക പോഷകാഹാര പരിപാടി നടപ്പിലാക്കിയതില് കേന്ദ്രഗവണ്മെന്റില് നിന്നും ലഭിച്ച 10.08 ലക്ഷം രൂപ 2009-10 വര്ഷത്തെ പദ്ധതിയിൽ ഉൾപ്പെടുത്തി അന്നപൂരക പോഷകാഹാര പരിപാടിക്ക് തന്നെ വകയിരുത്തി ചെലവഴിച്ചിട്ടുണ്ട്.ഭാവിയില് ഇത്തരം അപാകതകൾ സംഭവിക്കാതിരിക്കാനും കേന്ദ്രഫണ്ട് ലഭിച്ചാലുടൻ ഫലപ്രദമായി ചെലവഴിക്കുന്നതിനും ബ്ലോക്ക് പഞ്ചായത്ത് സത്വര നടപടികള് സ്വീകരിക്കുന്നതാണ്.<br>**ഇത്തിക്കര ബ്ലോക്ക് പഞ്ചായത്ത്**<br>ഇത്തിക്കര ബ്ലോക്ക് പഞ്ചായത്തില് അധിക പോഷകാഹാര പരിപാടിക്ക വേണ്ടി കേന്ദ്ര സർക്കാര് റീ ഇംമ്പേഴ്സ് ചെയ്ത തന്ന 7.35 ലക്ഷം രൂപ തനത് ഫണ്ട് അക്കൗണ്ടില് നിക്ഷേപിച്ചിട്ടുണ്ട്. ബ്ലോക്ക് പഞ്ചായത്ത് സമിതിയുടെ തീരുമാനത്തിനു വിധേയമായി 14-ാം പഞ്ചവൽസര പദ്ധതി കാലയളവില് ഐ.സി.ഡി.എസ് വഴി പൂരക പോഷകാഹാര പരിപാടിക്ക വേണ്ടി തന്നെ ടി തുക വിനിയോഗിക്കുന്നതാണ്.<br>**പെരിന്തൽമണ്ണ ബ്ലോക്ക് പഞ്ചായത്ത്**<br>അനുബന്ധ പോഷകാഹാര പരിപാടിയുടെ ചെലവിന്റെ 50 % കേന്ദ്ര സർക്കാരിൽ നിന്നും തിരികെ ലഭിച്ച ഇനത്തിൽ 31.03.201 ന് പലിശ തുകയായ 286005/ രൂപയുള്പ്പെടെ ആകെ 2169107/ രൂപ നീക്കിയിരുപ്പായി പ്രത്യേക ബാങ്ക് അക്കൗണ്ടില് നിക്ഷേപിച്ചിരുന്നു.ടി തുകയില് 2160000/ രൂപ 04.06.2014 ലെ അന്നത്തെ ഭവന പദ്ധതിയായ ഇന്ദിര ആവാസ് യോജനയുടെ പ്ലാന് ഷെയര് ഇനത്തിലായി |

| | | | |
|---|---|---|---|
| | | | ചെലവഴിക്കുകയും ബാക്കിയുള്ള 1107/ രൂപയും പലിശയുമടക്കം 131079/ രൂപ ബ്ലോക്ക് പഞ്ചായത്തിന്റെ പെരിന്തല്മണ്ണ സബ് ട്രഷറിയിലുള്ള ടി.എസ്.ബി അക്കൗണ്ട്. നമ്പര് 20 ല് 20.01.2017 ല് നിക്ഷേപിക്കുകയും ചെയ്തിട്ടുണ്ട്<br><br>**കോഴിക്കോട് ബ്ലോക്ക് പഞ്ചായത്ത്**<br>അനുപൂരക പോഷകാഹാര പ്രോഗ്രാമിനോടനുബന്ധിച്ച് 2008-09 വർഷം 2727302/- രൂപയും 2009-10 വർഷം 3045834/- രൂപയും 2010-11 വർഷം 1191560/- രൂപയും 2011-12 വർഷം 739476/ രൂപയും ഉൾപ്പെടെ 7704172/- രൂപ CDPO യ്ക്ക് നൽകുകയും ,ബാക്കി തുകയായ 84073/- രൂപയും ,2012-13 വർഷം ലഭിച്ച തുകയും ഉൾപ്പെടെ 732177/-രൂപ BPFA II(A) യിൽ നിന്ന് നിക്ഷേപമായിട്ടുണ്ട്. ടി തുക മുഴുവനായി 2014-15 വർഷത്തെ ബ്ലോക്ക് പഞ്ചായത്തിൻറെ പദ്ധതിയിൽ ഉൾപ്പെടുത്തി പ്രൊജക്ട് നം 33/2014-15, തുമ്പ അംഗനവാടി, അടങ്കൽ 7,32,177 രൂപ വകയിരുത്തി അംഗനവാടി കെട്ടിടം നിർമ്മിച്ചിട്ടുണ്ട്.<br>**ചേലന്നൂർ ബ്ലോക്ക് പഞ്ചായത്ത്**<br>200910 സാമ്പത്തിക വർഷം വരെ ഭാരത സർക്കാർ തിരിച്ചു നല്കുന്ന അംഗൻവാടി അനുബന്ധ പൂരക പോഷകാഹാര പരിപാടിയുടെ (എസ്.എന്.പി.) ഫണ്ടിനത്തില് ആകെ ലഭ്യമായ 3520809/- രൂപയില് 31.03.2010 വരെ 2239988/- രൂപ ശിശു വികസന പദ്ധതി ഓഫീസറുടെ റിക്വിസിഷന് പ്രകാരം നല്കി ചെലവഴിക്കുകയും ബി.പി.എഫ്.എ അക്കൗണ്ടില് 31.03.2010 ന് നീക്കിയിരിപ്പുള്ള 1280821 രൂപ ചെലവഴിക്കുന്നതിനായി 2012-13 സാമ്പത്തിക വർഷം അംഗൻവാടി നിർമ്മാണത്തിനായി |

| | | | |
|---|---|---|---|
| | | | പ്രൊജക്ട് രൂപീകരിക്കുകയും 2013-14 വര്ഷത്തോടു കൂടി പൂർണ്ണമായും വിനിയോഗിക്കുകയും ചെയ്തിട്ടുണ്ട്.<br>**കുറ്റിപ്പുറം ബ്ലോക്ക് പഞ്ചായത്ത്**<br>2009 -10 വര്ഷത്തില് പൂരക പോഷകാഹാര ഫണ്ടിനത്തില് ബാലൻസ് ഉള്ള തുകയായ 12,76,000/- രൂപ കൂടി ഉപയോഗപ്പെടുത്തി 2014-15, 2015-16 സാമ്പത്തിക വർഷങ്ങളിൽ ഏറ്റെടുത്ത അങ്കണവാടി കെട്ടിട നിര്മ്മാണ പദ്ധതികള്ക്കായി 18,80,453/- രൂപ ചെലവഴിച്ചിട്ടുണ്ട്.<br>**കൊട്ടവള്ളി ബ്ലോക്ക് പഞ്ചായത്ത് -**<br>അംഗൻവാടികൾക്കുള്ള പ്രത്യേക പോഷകാഹാര പരിപാടിയിൽ 2007-08, 2008-09,2009-10 എന്നീ വർഷങ്ങളിൽ പ്ലാൻ ഫണ്ടിൽ നിന്നും ചെലവഴിച്ച തുകയുടെ 50% കേന്ദ്ര സര്ക്കാരില് നിന്നും തിരികെ ലഭിച്ചിരുന്നു. ആകെ ലഭിച്ച 51,37,996/- രൂപയിൽ 43,62,615/- രൂപ 2011-12 വർഷത്തിൽ 3 പ്രോജക്ടുകൾക്കായി വകയിരുത്തി ചെലവഴിച്ചിരുന്നു. 2012-13 വര്ഷത്തിൽ ലഭിച്ച 4,58,000/- രൂപയുമടക്കം നീക്കിയിരിപ്പുള്ള 12,33,381/- രൂപയിൽ 2012-13 വര്ഷത്തിൽ 10,21,881/- രൂപ 3 പദ്ധതികൾക്കായി വകയിരുത്തുകയും ആയതിൽ ബാക്കിയുള്ള 2,14,581/- രൂപ 2014-15 ൽ അഡീഷണൽ ഗ്യാസ് (പ്രോജക്ട് നമ്പർ 159/15) എന്ന പദ്ധതിയിൽ വകയിരുത്തുകയും മേൽ തുക പൂർണ്ണമായും ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്.<br>**പള്ളം ബ്ലോക്ക് പഞ്ചായത്ത്**<br>609135/-രൂപ അക്കൗണ്ടിൽ നിക്ഷേപിച്ചിട്ടുള്ളതാണ്. ടി തുക ഉള്പ്പെടുത്തി 2020-21 സാമ്പത്തിക വർഷത്തിൽ ശിശുവികസന ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി അംഗൻവാടി |

| | | | |
|---|---|---|---|
| | | | അടിസ്ഥാന സൗകര്യ വികസനത്തിനായി പദ്ധതി രൂപീകരിച്ചിരുന്നു. എന്നാൽ ടി പ്രവൃത്തി കരാറിലേർപ്പെട്ട് പൂർത്തീകരിക്കാൻ സാധിച്ചിരുന്നില്ല. നടപ്പ് സാമ്പത്തിക വർഷം പദ്ധതിയുക മുഴുവനായി ചെലവഴിച്ചുകൊള്ളാമെന്ന് റിപ്പോർട്ട് ചെയ്യുകൊള്ളുന്നു.<br>**അഞ്ചൽ ബ്ലോക്ക് പഞ്ചായത്ത്-**<br>2007-08 വർഷം മുതല് 2009-10 വർഷം വരെയുള്ള കാലയളവിൽ കേന്ദ്രസർക്കാർ അനുബന്ധ പോഷകാഹാര പദ്ധതിയുടെ ചെലവിനായി തിരികെ നല്കിയ 46.72 ലക്ഷം രൂപ 2009-10 ലെ പദ്ധതി രൂപീകരണം പൂര്ത്തിയായതിനാല് അതേ വര്ഷം പദ്ധതിയില് ഉള്ക്കൊള്ളിച്ച് നടപ്പിലാക്കാന് സാധിച്ചിരുന്നില്ല. 2010-11, 2011-12 വര്ഷങ്ങളില് അഞ്ചല് ബ്ലോക്ക് പഞ്ചായത്ത് ജനകീയാസൂത്രണ പദ്ധതികളില് അംഗനവാടികളുടെ മെയിന്റനന്സ്, അംഗനവാടിയിലെ കുട്ടികള്ക്ക് വേണ്ട അനുബന്ധ പോഷകാഹാര പരിപാടികൾക്ക് വേണ്ട വിഹിതം നല്കല്, മറ്റ് സാമൂഹ്യ സുരക്ഷാ പദ്ധതികള് എന്നിവയ്ക്കായി ടി തുക വിനിയോഗിച്ചിട്ടുണ്ട്. അവശേഷിച്ച തുകയുള്ള പദ്ധതി 2014-15-ല് ഉൾപ്പെടുത്തി ടി തുക പൂർണ്ണമായും വിനിയോഗിച്ചിരുന്നു. അനുബന്ധ പോഷകാഹാര പദ്ധതി ചെലവിനായി കേന്ദ്ര സർക്കാർ അനുവദിച്ച തുക പൂർണ്ണമായും ടി ആവശ്യങ്ങൾക്ക് തന്നെ ചെലവഴിച്ചിട്ടുണ്ട്.<br><br>**ഏറ്റുമാനൂർ ബ്ലോക്ക് പഞ്ചായത്ത്**<br>അനുപൂരക പോഷകാഹാരത്തിനു വേണ്ടി അനുവദിച്ച തുകയില് ബാലന്സ് ഉണ്ടായിരുന്ന 16,66,005/- രൂപ 5/3/2013 ലെ |

| | | | |
|---|---|---|---|
| | | | സ.ഉ.നമ്പര് 662/14 ത.സ്വ ഭ വ പ്രകാരം വക മാറ്റി നല്കുകയും ഐ എ വൈ പദ്ധതിയ്ക്ക വേണ്ടി 2013 - 14 വര്ഷം ചെലവഴിക്കുകയും ചെയ്തിട്ടുള്ളതാണ്.<br>**പെരുമ്പടപ്പ ബ്ലോക്ക് പഞ്ചായത്ത്**<br>21.11.2009 മുതല് 06.04.2011 വരെയുള്ള കാലയളവില് അനുബന്ധ പോഷകാഹാര പരിപാടിയുടെ ചെലവ് ഇനത്തില് കേന്ദ്രവിഹിതമായി തിരികെ ലഭിച്ച 2508873/- രൂപ പൂര്ണ്ണമായും 2010-11, 2011-12 വര്ഷങ്ങളില് അംഗനവാടി പൂരക പോഷകാഹാര പദ്ധതിക്കായി 5 ഗ്രാമപഞ്ചായത്തുകള്ക്കുമായി വിനിയോഗിച്ചിട്ടുള്ളതുമാണ്.<br>**Govt** |
| 21 | 3.2.7.6 | **3.2.7.6 സ്വയം സഹായ സംഘങ്ങൾക്ക് അധികമായി നൽകിയ സബ്സിഡി**<br><br>സ്വയം സഹായ സംഘങ്ങളുണ്ടാക്കി (എസ്.എച്ച്.ജി കൾ) പാവപ്പെട്ട ഗ്രാമീണരുടെ വ്യവസായ സംരംഭങ്ങളെ പ്രോത്സാഹിപ്പിച്ചുകൊണ്ട് അവരുടെ ശാക്തീകരണം ലക്ഷ്യം വച്ചിട്ടുള്ള ഒരു കേന്ദ്രാവിഷ്കൃത പദ്ധതിയാണ് സ്വർണ്ണജയന്തി ഗ്രാം സ്വറോസ്ഗാർ യോജന (എസ്.ജി.എസ്.വൈ) എസ്.ജി.എസ്.വൈ മാർഗ്ഗ നിർദ്ദേശങ്ങളനുസരിച്ച് പദ്ധതി ചെലവിനുള്ള മുഴുവൻ തുകയും എസ്.എച്ച്.ജികൾക്ക് ബാങ്കുകൾ വായ്പയായി അനുവദിക്കേണ്ടതും ഓരോ എസ്.എച്ച്.ജിയ്ക്കും പദ്ധതി ചെലവിന്റെ 50 ശതമാനം ( അതായത് ബാങ്കുകൾ അനുവദിച്ച വായ്പയുടെ 50 ശതമാനം) അല്ലെങ്കിൽ 1.25 | **കോഴിക്കോട് ബ്ലോക്ക് പഞ്ചായത്ത്**<br>2009-10 വര്ഷത്തില് എസ്.ജി.എസ്.വൈ. പദ്ധതി പ്രകാരം 6 സ്വയം സഹായ സംഘങ്ങള്ക്ക് എസ്.ബി.ഐ. ബേപ്പൂർ ശാഖയില് നിന്ന് വായ്പയും, സബ്സിഡിയും അനുവദിച്ചിരുന്നു. ബാങ്ക് പ്രോജക്ട് കോസ്റ്റായി അനുവദിച്ച മുഴുവന് തുകയും പാസ്സാക്കിയതിനാൽ സബ്സിഡി തുക മുഴുവനും പി.എ.യു. വിൽ നിന്നും ബാങ്കിന് നല്കി. ബാങ്ക് സംഘങ്ങൾക്ക് പ്രോജക്ട് കോസ്റ്റിന്റെ പകുതി തുക മാത്രമാണ് ആദ്യ ഗഡുവായി നല്കിയത്. ഇത്. ബ്ലോക്കിന്റെ ശ്രദ്ധയിൽപ്പെട്ടുകയും ബാങ്കിനെ വിവരം അറിയിക്കുകയും ചെയ്ത സാഹചര്യത്തില് 26.04.2011 ന് മാനദണ്ഡങ്ങൾക്ക് അനുസൃതമായി ബാക്കി തുക 6 സംഘങ്ങൾക്ക് ലഭ്യമാക്കുകയും, ആയത് ബ്ലോക്ക് പഞ്ചായത്ത് ഉറപ്പ് വരുത്തുകയും ചെയ്തിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | ലക്ഷം ഏതാണോ കുറവ് അതിൽ പരിമിതപ്പെടുത്തി ഭാരത സർക്കാർ സബ്സിഡിയും നൽകുന്നു. സബ്സിഡി ബാങ്കുകൾക്ക് നൽകുന്നതും വായ്പയുടെ അവസാന ഗഡുവിന്റെ തിരിച്ചടവിനെ ക്രമപ്പെടുത്തുന്നതിനായി ബാങ്ക് സബ്സിഡി തുക ഒരു പ്രത്യേക റിസർവ് അക്കൗണ്ടിൽ സൂക്ഷിക്കേണ്ടതുമാണ്. എല്ലാ മാസവും വിവിധ സ്വയം തൊഴിൽ സംരംഭങ്ങളെ ബ്ലോക്ക് എസ്.ജി.വൈ സമിതി മേൽ നിരീക്ഷണം നടത്തേണ്ടതാണ്.<br><br>കോഴിക്കോട് ബ്ലോക്ക് പഞ്ചായത്തിലെ ആറു എസ്.എച്ച്.ജികൾ തയ്യൽ നേരിട്ടുള്ള വിപണനം ഭക്ഷണ വിതരണം തുടങ്ങിയ വിവിധ പരിപാടികൾ 10.50 ലക്ഷ്ത്തിന്റെ മൊത്തം പദ്ധതി ചെലവിൽ ഏറ്റെടുത്തു. 2010 മാർച്ചിൽ ബാങ്ക് 5.50 ലക്ഷം വായ്പയായി എസ്.എച്ച്.ജികൾക്ക് അനുവദിച്ച പദ്ധതി ചെലവിന്റെ ബാക്കി തുകയായ അഞ്ചു ലക്ഷം ബാങ്ക് നൽകിയിട്ടില്ല. മുഴുവൻ പദ്ധതി ചെലവിന്റെ തുക വായ്പയായി നൽകാതിരുന്നതിന്റെ കാരണം ബാങ്കിൽ നിന്നും അറിയാൻ ബ്ലോക്ക് പഞ്ചായത്ത് ശ്രമിച്ചില്ല. എസ്.ജി.എസ്.വൈ.യുടെ മാർഗ്ഗ നിർദ്ദേശങ്ങളനുസരിച്ച് 2.75 ലക്ഷം ( വായ്പ അനുവദിച്ചതിന്റെ 60 ശതമാനം) ആണ്. സബ്സിഡിയായി അനുവദനീയമായിരുന്നത്. ഇതിനെതിരെ കോഴിക്കോട് ദാരിദ്ര്യ നിർമ്മാർജ്ജന യൂണിറ്റ് സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയുടെ ബേപ്പൂർ ശാഖയ്ക്ക് അഞ്ച് ലക്ഷം നൽകി. അധിക സബ്സിഡി നൽകിയത് | |

| | | | |
|---|---|---|---|
| | | 2.25 ലക്ഷമായിരുന്നു. ബ്ലോക്ക് പഞ്ചായത്തിന് ബാങ്കിൽ നിന്നും അധിക സബ്സിഡി തിരിച്ചു കിട്ടുകയോ പദ്ധതി ചെലവിന്റെ ബാക്കി തുക അനുവദിക്കുന്നതിന് ബാങ്കുമായി ഈ കാര്യം ഏറ്റെടുക്കുകയോ ചെയ്തിട്ടില്ല. | |
| 22 | 3.2.8.1 | **3.2.8 ചെലവിനെയുള്ള നിയന്ത്രണ സംവിധാനം**<br><br>**3.2.8.1 വികസന ചെലവ് ഫണ്ടിന്റെയും പരിപാലന ചെലവ് ഫണ്ടിന്റെയും കുറഞ്ഞ ഉപയോഗം**<br><br>പഞ്ചായത്ത് രാജ് സ്ഥാപനങ്ങൾ വികസന ചെലവ് ഫണ്ടിനും പരിപാലന ചെലവ് ഫണ്ടിനും കീഴിലുള്ള വകയിരുത്തലുകൾ അവ ലഭിക്കുന്ന വർഷത്തിൽ തന്നെ ഏതു കാര്യത്തിനാണോ നൽകിയത് അതിനുവേണ്ടി ഉപയോഗിക്കേണ്ടതായിട്ടുണ്ട്.<br><br>ലാക്ഷണിക പരിശോധന നടത്തിയ 28 പഞ്ചായത്ത് രാജ് സ്ഥാപനങ്ങളിൽ 12 എണ്ണത്തിൽ വികസന ചെലവ് ഫണ്ടിനു കീഴിൽ 2006-07 മുതൽ 2009-10 വരെയുള്ള വർഷങ്ങളിൽ ലഭ്യമായിരുന്ന 164.90 കോടിയിൽ 93.61 കോടി മാത്രമേ വിനിയോഗിച്ചിരുന്നുള്ളു. 2006-07 മുതൽ 2008-09 വരെയുള്ള വർഷങ്ങളിലെ ഫണ്ടിന്റെ കുറഞ്ഞ ഉപഭോഗത്താൽ 2008-09 മുതൽ 2010-11 വരെയുള്ള വർഷങ്ങളിൽ ബജറ്റ് വകയിരുത്തലിൽ നിന്നും കുറച്ച് | **കോട്ടയം ജില്ലാ പഞ്ചായത്ത്**<br>2006-07 വർഷം മുതൽ 2008-09 വർഷം വരെ കോട്ടയം ജില്ലാ പഞ്ചായത്തിന്റെ വികസന ഫണ്ട് ചെലവിൽ കുറവ് ഉണ്ടായതിന്റെ ഫലമായി 2008-09 മുതൽ 2010-11 വരെ പ്ലാൻ ഫണ്ടിലും മെയിന്റനൻസ് ഫണ്ടിലും കുറവ് ഉണ്ടായി. 2008-09 ൽ ഇനത്തിൽ മെയിന്റനൻസ് ഫണ്ടിൽ 12000/- രൂപയും 2009-10 ൽ മെയിന്റനൻസ് ഫണ്ടിൽ 84,15,000/- രൂപയും 2010-11 വർഷം പ്ലാൻ ഫണ്ടിൽ 4,60,70,000/- രൂപയും മെയിന്റനൻസ് ഫണ്ടിൽ 2,74,12,000/- രൂപയും ഷോർട്ട് ഫോൾ ഇനത്തിൽ ഐ.കെ.എം. കണക്ക് പ്രകാരം കുറവുണ്ടായി. തുടർന്നുള്ള വർഷങ്ങളിൽ ഇത്തരത്തിൽ സംഭവിക്കാതിരിക്കുന്നതിന് പരമാവധി ശ്രമിച്ചിട്ടുണ്ട്. നിലവിൽ ഷോർട്ട് ഫാൾ ഇനത്തിൽ തുക നഷ്ടപ്പെടുന്ന സാഹചര്യം ഇല്ലാത്തതാണ് എന്ന് കോട്ടയം ജില്ലാ പഞ്ചായത്ത് സെക്രട്ടറി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. എല്ലാ മാസവും ആദ്യവാരത്തിൽ തന്നെ ട്രഷറി സ്റ്റേറ്റ്മെന്റ് വാങ്ങി ഓഫീസ് രേഖകളുമായി ഒത്തുനോക്കി പണമിടപാടുകളുടെ കൃത്യത ഉറപ്പുവരുത്തുന്നുണ്ട്.<br>**മലപ്പുറം ജില്ലാ പഞ്ചായത്ത്**<br>പഞ്ചായത്ത് രാജ് സ്ഥാപനങ്ങൾക്ക് വാർഷിക പദ്ധതി തയ്യാറാക്കുന്നതിന് സർക്കാർ ഉത്തരവ് പ്രകാരം സമയക്രമം നിശ്ചയിച്ച് ഉത്തരവ് പുറപ്പെടുവിക്കാറുണ്ട്. ഈ ഉത്തരവ് |

| | | | |
|---|---|---|---|
| | | ആകെ തുക 11.06 കോടിയായിരുന്നു ( അനുബന്ധം XIII പ്രകാരം) ഇതിൽ 14 പഞ്ചായത്ത് രാജ് സ്ഥാപനങ്ങളിൽ 2007-08 മുതൽ 2009-10 വരെയുള്ള വർഷങ്ങളിൽ വിനിയോഗത്തിലുള്ള കുറവ് 50 ശതമാനത്തിൽ കൂടുതലായിരുന്നു.<br><br>25 പഞ്ചായത്ത് രാജ് സ്ഥാപനങ്ങളിൽ 2006-07 മുതൽ 2009-10 വരെയുള്ള കാലയളവിൽ പരിപാലന ചെലവ് ഫണ്ടിന്റെ കീഴിൽ ലഭ്യമായിരുന്നു. 100.08 കോടിയുടെ ആകെ ഫണ്ടിൽ ഉപയോഗിച്ച തുക 62.91 കോടി മാത്രമായിരുന്നു. ഉപയോഗം 62.88 ശതമാനം ഫണ്ടിന്റെ കുറഞ്ഞ ഉപയോഗത്താൽ 2008-09 മുതൽ 2010-11 വരെയുള്ള വർഷങ്ങളിൽ വകയിരുത്തലിൽ നിന്നും കുറച്ച ആകെ തുക 11.06 കോടിയായിരുന്നു. ( അനുബന്ധം XIII പ്രകാരം ). ഇതിൽ 14 പഞ്ചായത്ത് രാജ് സ്ഥാപനങ്ങളിൽ 2007-08 മുതൽ 2009-10 വരെയുള്ള വർഷങ്ങളിൽ വിനിയോഗത്തിലുള്ള കുറവ് 50 ശതമാനത്തിൽ കൂടുതലായിരുന്നു.<br>1994- ലെ കേരള പഞ്ചായത്ത് രാജ് നിയമം നിഷ്കർഷിക്കുന്നത് എല്ലാ തലത്തിലുമുള്ള പഞ്ചായത്തുകൾ ഒരു സാമ്പത്തിക വർഷാരംഭിക്കുന്നതിനു മുമ്പുതന്നെ ഓരോ സാമ്പത്തിക വർഷത്തേക്കുമുള്ള വികസന പദ്ധതി തയ്യാറാക്കണമെന്നാണ് എന്നാൽ പഞ്ചായത്ത് രാജ് സ്ഥാപനങ്ങൾ 2005-06 മുതൽ 2009-10 വരെയുള്ള | ലഭിക്കാറുള്ളത് സാമ്പത്തിക വർഷം തുടങ്ങി മാസങ്ങൾ പിന്നിട്ട ശേഷമായിരിക്കും. ആയതിനാൽ ഉത്തരവ് ലഭിച്ചതിനു ശേഷം പ്ലാൻ കോഡിനേറ്ററെ നിശ്ചയിക്കൽ, വർക്കിംഗ് ഗ്രൂപ്പ് രൂപീകരണം വർക്കിംഗ് ഗ്രൂപ്പ് ജനറൽ ബോഡി യോഗം , സംയുക്ത പ്രോജക്ടുകളെ സംബന്ധിച്ച ജില്ലാതല യോഗം, സ്റ്റോക്ക് ഹോൾഡർമാരുടെ യോഗം, ഗ്രാമസഭ, കരട് പദ്ധതിരേഖ തയ്യാറാക്കൽ, വികസന സെമിനാർ, സ്റ്റാൻഡിംഗ് കമ്മറ്റികളുടെ അംഗീകാരം, ജില്ലാ ആസൂത്രണസമിതിയ്ക്ക് അംഗീകാരം തുടങ്ങിയ എല്ലാ പ്രവർത്തവനങ്ങളും പാലിച്ച് പദ്ധതി അംഗീകാരം നേടുന്നതിന് മൂന്നോ നാലോ മാസങ്ങൾ എടുക്കേണ്ടി വരുന്നു. അപ്പോഴേക്കും സാമ്പത്തിക വർഷം പകുതിയേറെ പിന്നിട്ടിരിക്കും. ബാക്കിയുള്ള അവസാന 3 മാസക്കാലയളവിൽ തിരക്കിട്ട് പദ്ധതി നിർവ്വഹണം നടത്തേണ്ടി വരുന്നതിനാലാണ് ഫണ്ട് ചെലവഴിക്കുന്നതിൽ കുറവ് വന്നിരുന്നത്. പ്രൊജക്ടുകളുടെ ബാഹുല്യവും നിർവ്വഹണത്തിനായുള്ള സമയക്കുറവും ചെലവ് പുരോഗതിയെ ബാധിച്ചിരുന്നു. എന്നാൽ 13 പഞ്ചവത്സര പദ്ധതി കാലത്ത് ഈ അവസ്ഥയ്ക്ക് മാറ്റം വരുകയും സാമ്പത്തിക വർഷം ആരംഭിക്കുന്നതിനു മുമ്പ് തന്നെ പദ്ധതി അംഗീകാരം വാങ്ങുന്നതിനാൽ പദ്ധതി നിർവ്വഹണത്തിന് ഒരു വർഷക്കാലം പൂർണ്ണമായും ലഭിക്കുകയും ലഭ്യമാകുന്ന വികസന ഫണ്ടും പരിപാലന ഫണ്ടും നല്ല രീതിയിൽ ചിലവഴിക്കുന്നതിനു സാധിക്കുന്നുണ്ട്.<br>**കോഴിക്കോട് ജില്ലാ പഞ്ചായത്ത്**<br>കോഴിക്കോട് ജില്ലാ പഞ്ചായത്തിന്റെ 2008-09 വർഷത്തിലെ പരിപാലന ചെലവ് ഫണ്ടിന്റെ 20.11% വിനിയോഗിക്കാൻ |

| | | | |
|---|---|---|---|
| | | വർഷങ്ങളിലെ അവരുടെ വാർഷിക പദ്ധതികൾ തയ്യാറാക്കുകയോ സാമ്പത്തിക വർഷാരംഭത്തിനു മുമ്പ് ഡിപിസിയുടെ അംഗീകാരം നേടിയെടുക്കുകയോ ചെയ്തിട്ടില്ല. | സാധിക്കാതെ വന്നതിനാൽ 21.75% ലക്ഷം രൂപ തുടർന്നുള്ള വർഷത്തെ പദ്ധതി വിഹിതത്തിൽ സർക്കാർ കുറവു ചെയ്തിരുന്നു. 2008-09 വാർഷിക പദ്ധതിക്ക് അംഗീകാരം ലഭിക്കുന്നതിന് കാലതാമസം വന്നതും, സാമ്പത്തിക വർഷാവസാനത്തിൽ ലോക് സഭാ തെരഞ്ഞെടുപ്പ് പ്രഖ്യാപിച്ചതും നിർമ്മാണ സാമഗ്രികൾ ലഭിക്കുന്നതിൽ വന്ന കാലതാമസം മൂലവും പദ്ധതി പ്രവർത്തനത്തിൽ തടസ്സം നേരിട്ടിരുന്നു. ഇതുമൂലമാണ് പദ്ധതി തുക ചെലവഴിച്ചതിൽ കുറവു വരാൻ കാരണം<br>എന്നാൽ തുടർന്നുള്ള വർഷങ്ങളിൽ ഇത്തരമൊരു സാഹചര്യം ഒഴിവാക്കുന്നതിന് ജില്ലാ പഞ്ചായത്ത് കർശന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br>**<u>കൊല്ലം ജില്ലാ പഞ്ചായത്ത്</u>**<br>2006-07 സാമ്പത്തിക വർഷം മുതൽ 2008-09 സാമ്പത്തിക വർഷം വരെയുള്ള കാലയളവിൽ കൊല്ലം ജില്ലാ പഞ്ചായത്തിന്റെ മെയിന്റനൻസ് ഗ്രാന്റ് ചെലവിനത്തിൽ യഥാക്രമം 2006-07 ൽ 44.22, 2007-08 ൽ 45.90, 2008-09 ൽ 64.56 എന്നിങ്ങനെ കുറവ് രേഖപ്പെടുത്തിയത് തുടർ വർഷങ്ങളിൽ പരിഹരിച്ചിട്ടുണ്ട്.<br>**പ്രസ്തുത ഓഡിറ്റ് ഖണ്ഡികയ്ക്ക് ഗ്രാമവികസന കമ്മിഷണർ ലഭ്യമാക്കിയ മറുപടി ചുവടെ ചേർക്കുന്നു.**<br>**<u>വികസനഫണ്ട് ചെലവിന്റെ കുറഞ്ഞ ഉപയോഗം</u>**<br>**<u>ഏറ്റുമാനൂർ ബ്ലോക്ക് പഞ്ചായത്ത് -</u>**<br>വികസന ഫണ്ട് 2008-09 ല് 65 %, 2009 - 10 ല് 78% വും വിനിയോഗിച്ചിട്ടുണ്ട്. ഈ വര്ഷങ്ങളില് ഫണ്ട് 80% ചെലവഴിക്കാത്തതിനാൽ 5.03 ലക്ഷം രൂപ വീതം കുറച്ചിട്ടുണ്ട്.<br>2006 - 07 മുതല് 2009 - 10 വരെയുള്ള വർഷങ്ങളിൽ |

| | | | |
|---|---|---|---|
| | | | പദ്ധതികൾ നടപ്പാക്കിയത് ഗ്രണഭോക്തൃ സമിതി കൂടി കണ്വീനർമാർ വഴിയാണ്. കൂടാതെ ഈ വർഷങ്ങളിൽ മണൽ വാരുന്നതിനും കരിങ്കല്ല് ഉപയോഗിക്കുന്നതിനും പാസ്സ് ഏർപ്പെടുത്തിയതു മൂലം നിർമ്മാണ മേഖലയിലെ പ്രവർത്തനങ്ങൾ ഏതാണ്ട് സ്തംഭനാവസ്ഥയിലായി. ഇക്കാരണങ്ങളാൽ പ്രവൃത്തികൾ നിശ്ചിത സമയത്ത് പൂർത്തിയാക്കാനും കഴിഞ്ഞില്ല.<br><br>ഗ്രാമീണ മേഖലയിലെ തൊഴിൽ സംരംഭങ്ങൾക്കായി രൂപീകരിച്ച വനിത സൊസൈറ്റികൾക്ക് കെട്ടിടം പണിതു നൽകുന്ന പദ്ധതികൾക്കായി ഗ്രണഭോക്തൃ സമിതി കൂടുന്നതിനും ആവശ്യമുള്ള സ്ഥലം ലഭിക്കുന്നതിനും ഉണ്ടായ കാലതാമസം മൂലം ഈ തുക 2009-10 ലേയ്ക്ക് നീക്കിവയ്ക്കപ്പെട്ടു. 2009-10 കലയളവില് 6 കെട്ടിടങ്ങൾ പൂര്ത്തീകരിച്ചു. ഈ കെട്ടിടങ്ങൾ നിലവില് പ്രവർത്തിച്ചുവരുന്നുണ്ട് എന്ന് ഗ്രാമവികസന കമ്മിഷണർ അറിയിച്ചിട്ടുണ്ട്.<br>**കോഴിക്കോട് ബ്ലോക്ക് പഞ്ചായത്ത്**-2007-08 വരെയുള്ള വർഷങ്ങളിൽ വികസന ഫണ്ട് അതാത് വർഷം തന്നെ ചെലവാക്കാൻ സാധിച്ചിരുന്നില്ല. ആയതിനാൽ നീക്കിയിരുപ്പ് തുക വർദ്ധിച്ചു. 2008-09 വർഷത്തിൽ നിയമസഭാ തെരഞ്ഞെടുപ്പിനോടനുബന്ധിച്ച് പെരുമാറ്റചട്ടം നിലവിൽ വന്നതിനാൽ സാമ്പത്തിക വർഷത്തിന്റെ അവസാന ഘട്ടത്തിൽ വികസന ഫണ്ട് ചെലവാക്കാൻ സാധിച്ചിരുന്നില്ല. 2007-08 മുതൽ 2009-10 വർഷം വരെയുള്ള വർഷങ്ങളിലെ വികസന ഫണ്ടിന്റെ വരവിനു ആനുപാതികമായി ഏകദേശം ചെലവ് വന്നിട്ടുണ്ട്. മറ്റ് വർഷങ്ങളിലെ നീക്കിയിരിപ്പ് തുക ഉൾപ്പെടെ |

| | | | |
|---|---|---|---|
| | | | ചെലവ് കണക്കാക്കുമ്പോൾ മാത്രമാണ് ഫണ്ടിന്റെ വിനിയോഗത്തിലെ കുറവ് കാണപ്പെടുന്നത്. എങ്കിലും 2013-14 സാമ്പത്തിക വർഷത്തിൽ വികസന ഫണ്ടിന്റെ ബാക്കിവന്ന തുക 2014-15 സാമ്പത്തിക വർഷം മുഴുവനായി ചെലവഴിച്ചിട്ടുണ്ട്.<br>2018-19 സാമ്പത്തിക വർഷം ലഭിച്ച വികസന ഫണ്ട് 100% ചെലവഴിച്ചിട്ടുണ്ടെന്ന് ബ്ലോക്ക് പഞ്ചാത്ത് സെക്രട്ടറി റിപ്പോർട്ട് ചെയ്തിട്ടുണ്ട്.<br>**പരിപാലന ഫണ്ടിന്റെ കുറഞ്ഞ ഉപയോഗം**<br>വിട്ടുകിട്ടപ്പെട്ട ഘടകസ്ഥാപനങ്ങളുടെ പരിപാലനത്തിനാണ് ടി തുക ചെലവഴിക്കേണ്ടത്. ബ്ലോക്ക് പഞ്ചായത്തുകളെ സംബന്ധിച്ചടത്തോളം പരിപാലന തുക ചെലവഴിക്കേണ്ടിവരുന്ന സാഹചര്യമുള്ളത് സി.എച്ച്.സി.കളിലാണ്. മറ്റു ഘടകസ്ഥാപനങ്ങളിൽ മിക്കവയും ബ്ലോക്ക് പഞ്ചായത്ത് കോമ്പൗണ്ടിൽ തന്നെ സ്ഥിതി ചെയ്യുന്നതിനാൽ അനുബന്ധ അറ്റകുറ്റപണികൾ /വാങ്ങൽ പദ്ധതികൾ മാത്രമാണ് പദ്ധതിയിൽ ഉണ്ടാവുക. 2009-ലെ പാർലമെന്റ് ഇലക്ഷന് പെരുമാറ്റചട്ടങ്ങളും ടി വർഷത്തെ മെയിന്റനൻസ് ഗ്രാന്റ് ചെലവിനെ തടസപ്പെടുത്തിയിട്ടുണ്ട്. എങ്കിലും സി.എച്ച്.സി.കളിലെ മരുന്ന വാങ്ങൽ തുടങ്ങിയ അവശ്യ പ്രോജക്ടുകള് എല്ലാം തന്നെ പൂർത്തീകരിച്ചിട്ടുള്ളവയാണ്. ടി വർഷം പൂർത്തീകരിക്കാൻ കഴിയാത്ത പ്രധാന പദ്ധതികളെല്ലാം തന്നെ സ്പിൽ ഓവർ പ്രോജക്ടുകളായി പൂർത്തീകരിച്ചിട്ടുണ്ട്.<br><br>**പ്രസ്തുത ഓഡിറ്റ് ഖണ്ഡികയ്ക്ക് പഞ്ചായത്ത് ഡയറക്ടർ ലഭ്യമാക്കിയ മറുപടി ചുവടെ ചേർക്കുന്നു.** |

| | | | |
|---|---|---|---|
| | | | പതിമൂന്നാം പഞ്ചവൽസര പദ്ധതി മുതൽ സാമ്പത്തിക വർഷാരംഭത്തിൽ തന്നെ പദ്ധതി അംഗീകാരം ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുവാൻ എല്ലാ ഗ്രാമപഞ്ചായത്തുകൾക്കും സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്. നിലവിൽ എല്ലാ ഗ്രാമപഞ്ചായത്തുകളും സാമ്പത്തിക വർഷാരംഭത്തിനു മുമ്പ തന്നെ പദ്ധതി അംഗീകാരം നേടിയിട്ടുണ്ട്. ഇതു മൂലം മാർച്ച് മാസത്തിന് മുമ്പ് തന്നെ പദ്ധതികൾ പൂർത്തീകരിച്ച് പരമാവധി ഫണ്ട് ചെലവഴിക്കുവാൻ കഴിയുന്നുണ്ട്. നിലവിൽ പഞ്ചായത്തിന്റെ പദ്ധതി നിർവഹണ കാലതാമസമോ വീഴ്ചയോ കാരണം വികസന/പരിപാലന ഫണ്ട് നഷ്ടപ്പെടുന്ന സാഹചര്യം ഇല്ല.<br>**മേലില ഗ്രാമപഞ്ചായത്ത്**-മേലില ഗ്രാമപഞ്ചായത്ത് 2007-2008 സാമ്പത്തിക വർഷത്തിൽ 70 ശതമാനം തുക മാത്രമേ ചെലവഴിച്ചിരിന്നുള്ളു. എന്നാൽ 2008-2009 ൽ 73 ശതമാനവും 2008-2009 മുതൽ 2016-2017 വരെ 80 ശതമാനത്തിന് മുകളിലും 2017-2018 മുതൽ 90 ശതമാനത്തിന് മുകളിലും വികസനഫണ്ടും പരിപാലനഫണ്ടും ചെലവഴിച്ചിട്ടുണ്ട്.<br>**ചാത്തന്നൂർ ഗ്രാമപഞ്ചായത്ത്**- ചാത്തന്നൂർ ഗ്രാമപഞ്ചായത്തിൽ വികസന ഫണ്ടിന്റെയും, പരിപാലന ഫണ്ടിന്റെയും കുറഞ്ഞ ഉപയോഗം എന്ന പരാമർശത്തെ തുടർന്ന്, പിന്നീടുള്ള വർഷങ്ങളിൽ സ്പിൽ ഓവറായി തുക ഉൾപ്പെടുത്തി 80% ന് മേൽ ചെലവ് ചെയ്തിട്ടുള്ളതാണ്.<br>**വെള്ളാർ ഗ്രാമപഞ്ചായത്ത്**-വികസന ഫണ്ടിൻറേയും പരിപാലനഫണ്ടിൻറേയും കുറഞ്ഞ ഉപയോഗം മൂലം ബഡ്ജറ്റ് വിഹിതത്തിൽ 2009-10 നു ശേഷം കുറവുണ്ടായിട്ടില്ല. 2020-21 സാമ്പത്തിക വർഷത്തിൽ ലഭ്യമായ വികസനഫണ്ട് |

| | | | |
|---|---|---|---|
| | | | പരിപാലനഫണ്ട് ഇനത്തിൽ ലഭ്യമായ തന്നാണ്ട് വിഹിതവും സ്പിൽ ഓവർ വിഹിതവും പൂർണ്ണമായും ചെലവഴിച്ചിട്ടുണ്ട്.<br>**മണർകാട് ഗ്രാമപഞ്ചായത്ത്**-മുൻ വർഷങ്ങളിലെ വികസന ഫണ്ടിന്റെ വിനിയോഗത്തിലെ കുറവ്, ശ്രുചിത്വ പദ്ധതികൾ (ഉദാ: പൊതു ടോയിലെറ്റ്, മാലിന്യ സംസ്കരണം) സ്ഥാപിക്കുന്നതിൽ പൊതുജനങ്ങളുടെ എതിർപ്പ്, എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിലെ കാലതാമസം, ടെണ്ടർ എടുക്കുവാൻ കരാറുകാർ തയ്യാറാകാത്തതു മൂലം റീ-ടെണ്ടർ ചെയ്യേണ്ടി വരുന്നത് മുതലായ കാരണങ്ങളാലാണ്. എങ്കിലും, നിലവിൽ വികസന ഫണ്ട് 100% ചെലവഴിക്കാൻ നടപടി സ്വീകരിച്ചു വരുന്നുണ്ട്.<br>**വെട്ടുമ്മർ ഗ്രാമപഞ്ചായത്ത്**-ആഡിറ്റ് കാലയളവിനെ തുടർന്നുള്ള സാമ്പത്തിക വർഷങ്ങളിൽ വികസന ഫണ്ടിന്റെയും പരിപാലന ഫണ്ടിന്റെയും ചെലവ് ശതമാനം ഉയർന്നിട്ടുണ്ട്. 2017-18 സാമ്പത്തിക വർഷത്തിൽ 100 ശതമാനം ഫണ്ട് വിനിയോഗിച്ചിട്ടുണ്ട്. നിലവിൽ പഞ്ചായത്തിന്റെ പദ്ധതി നിർവഹണ കാലതാമസമോ വീഴ്ചയോ കാരണം വികസന ഫണ്ട് നഷ്ടപ്പെടുന്ന സാഹചര്യം ഇല്ല. പഞ്ചായത്ത് രാജ് നിയമത്തിന്റെയും ഗവ. ഉത്തരവുകളുടെയും അടിസ്ഥാനത്തിൽ, സാമ്പത്തിക വർഷം അവസാനിക്കുന്നതിന് മുമ്പ് തന്നെ വാർഷിക പദ്ധതി തയ്യാറാക്കി , ജില്ലാ ആസൂത്രണ സമിതി അംഗീകാരം വാങ്ങാറുണ്ട്. ഓഡിറ്റ് റിപ്പോർട്ടിന്റെ തുടർന്നുള്ള സാമ്പത്തിക വർഷങ്ങളിൽ വികസന ഫണ്ടിന്റെയും പരിപാലന ഫണ്ടിന്റെയും ചെലവ് ശതമാനം ഉയർന്നിട്ടുണ്ട്.<br>**മറക്കര ഗ്രാമപഞ്ചായത്ത്**-നിലവിൽ വികസനചെലവ് ഫണ്ടിന്റെയും പരിപാലന ചെലവ് ഫണ്ടിന്റെയും ലഭ്യമായ തുക |

| | | | |
|---|---|---|---|
| | | | പൂർണ്ണമായും ചെലവഴിക്കാറുണ്ട്.<br>**നന്നംമുക്ക് ഗ്രാമപഞ്ചായത്ത്**-നന്നംമുക്ക് ഗ്രാമപഞ്ചായത്തിന്റെ 2007/08 മുതൽ 2009/10 വരെയുള്ള വർഷങ്ങളിൽ പരിപാലന ചെലവ് ഫണ്ടിന്റെ കീഴിൽ ലഭ്യമായ തുകയുടെ വിനിയോഗത്തിലുള്ള കുറവ് 50 ശതമാനത്തിൽ കൂടുതലായിരുന്നു. എന്നാൽ തുടർന്നുള്ള വർഷങ്ങളിൽ നന്നമുക്ക് ഗ്രാമ പഞ്ചായത്ത് പരിപാലന ചെലവ് ഫണ്ട് നല്ല രീതിയിൽ ചെലവഴി ച്ചിട്ടുള്ളതും (2012-13 (74.5%), 2013-14 (76.6%) , 2014/15 (83.7%), 2015/16 (85%), 2016/17 (67%)) 2017/18, 2018/19 വർഷങ്ങളിൽ 100 ശതമാനം ചെലവ് കൈവരിച്ചിട്ടുള്ളതാണ്.<br>**ഫറോക്ക് മുനിസിപ്പാലിറ്റി**<br>ഫറോക്ക് പഞ്ചായത്തായിരുന്ന കാലയളവിൽ ചെലവ് ഫണ്ടിന്റെയും പരിപാലന ചെലവ് ഫണ്ടിന്റെയും ഉപയോഗം കുറവായിരുന്നതായി ഓഡിറ്റിൽ പരാമർശിക്കപ്പെട്ടിട്ടുണ്ട്. എന്നാൽ നഗരസഭയായി ഉയർത്തിയതിനു ശേഷം ഫണ്ടിന്റെ വിനിയോഗത്തിൽ ഗണ്യമായ വർദ്ധനവ് ഉണ്ടായിട്ടുണ്ട്. 2020-21 സാമ്പത്തിക വർഷത്തിൽ സ്പിൽ ഓവർ പദ്ധതികളുൾപ്പെടെ പൂർണ്ണമായും തുക ചെലവഴിച്ചിട്ടുള്ളതാണ്. നടപ്പു സാമ്പത്തിക വർഷത്തെ പദ്ധതി പ്രവർത്തനങ്ങൾ പുരോഗമിച്ചു വരുന്നുണ്ട്. |
| 23 | 3.2.8.2 | **3.2.8.2 ബജറ്റിന്മേലുള്ള നിയന്ത്രണം**<br><br>1994- ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ ഭാഗം 214(I എ) നിഷ്കർഷിക്കുന്നത് വരും | വിശദമായ എസ്റ്റിമേറ്റ് ഉൾക്കൊള്ളുന്ന ബജറ്റ് നിർദ്ദേശങ്ങൾ ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റികളിൽ നിന്നും നിർവ്വഹണോദ്യോഗസ്ഥരിൽ നിന്നും യഥാസമയം ലഭിക്കാത്തതു മൂലം മുൻകാലങ്ങളിൽ ബജറ്റ് അവതരണത്തിൽ അപാകതകൾ |

| | | | |
|---|---|---|---|
| | | വർഷത്തേക്ക് പ്രതീക്ഷിക്കുന്ന വരവുകളുടെയും ചെലവുകളുടെയും വിശദമായ എസ്റ്റിമേറ്റ് ഉൾക്കൊള്ളുന്ന ബജറ്റ് നിർദ്ദേശങ്ങൾ ഓരോ വർഷവും ജനുവരി 15- നു മുമ്പായി അതാത് സ്റ്റാന്റിംഗ് കമ്മിറ്റികൾ തയ്യാറാക്കുകയും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി (എസ്, സി.എഫ്) യ്ക്കു മുമ്പാകെ അവതരിപ്പിക്കുകയും ചെയ്യണമെന്നാണ് നിർദ്ദേശങ്ങൾ പരിഗണിച്ച ശേഷം വരും വർഷത്തേക്കുള്ള പഞ്ചായത്തിന്റെ വരുമാനവും ചെലവും കാണിക്കുന്ന ബജറ്റ് എസ്.സി.എഫ് തയ്യാറാക്കേണ്ടതും എസ്.സി.എഫിന്റെ ചെയർമാൻ ബജറ്റ് അംഗീകരിക്കുന്നതിനായി മാർച്ച് മാസത്തെ ആദ്യ ആഴ്ച കഴിയുന്നതിനു മുമ്പായി പ്രത്യേകം വിളിച്ചു ചേർക്കുന്ന പഞ്ചായത്തിന്റെ യോഗത്തിൽ അവതരിപ്പിക്കേണ്ടതുമാണ്. പഞ്ചായത്ത് ബന്ധപ്പെട്ട വർഷത്തിന്റെ ആരംഭത്തിനു മുമ്പായി ബജറ്റ് പാസ്സാക്കേണ്ടതാണ്.<br><br>**(1) ബജറ്റ് തയ്യാറാക്കുന്നതിലെ കാലതാമസം**<br><br>ലാക്ഷണിക പരിശോധന നടത്തിയ എല്ലാ പഞ്ചായത്ത് രാജ് സ്ഥാപനങ്ങളിലും എല്ലാ വർഷവും മാർച്ച് മാസത്തിന്റെ അവസാനത്തിൽ മാത്രമാണ് ബജറ്റ് അവതരിപ്പിച്ചതും പാസ്സാക്കിയതും. ഈ കാരണത്താൽ, പഞ്ചായത്ത് രാജ് സ്ഥാപനങ്ങൾക്ക് ബജറ്റ് നിർദ്ദേശങ്ങൾ ചർച്ച ചെയ്യുന്നതിനും പഞ്ചായത്തുകളിൽ വിശദമായ കൂടിയാലോചന നടത്തുന്നതിനും മതിയായ | സംഭവിച്ചിരുന്നു. എന്നാൽ തുടർന്നുള്ള വർഷങ്ങളിൽ അപാകതകൾ പരിഹരിച്ചിട്ടുണ്ട്. നിലവിൽ നിർദ്ദിഷ്ട മാതൃകയിൽ യഥാർത്ഥ ചെലവുകൾ, നടപ്പു വർഷത്തെ എസ്റ്റിമേറ്റുകൾ എന്നിവ ഉൾപ്പെടുത്തിയാണ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ബജറ്റുകൾ അവതരിപ്പിക്കുന്നത്.<br><br>നിലവിൽ എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും സാമ്പത്തിക വർഷാരംഭത്തിനു മുമ്പ് തന്നെ പദ്ധതി അംഗീകാരം നേടിയിട്ടുണ്ട്. ഇതു മൂലം മാർച്ച് മാസത്തിലെ തിരക്കൊഴിവാക്കുവാനും പദ്ധതികൾ പൂർത്തീകരിച്ച് ഫണ്ട് ചെലവഴിക്കുവാൻ കഴിയുന്നുണ്ട്.<br><br>ബജറ്റ് നിർദ്ദേശങ്ങൾ ഫെബ്രുവരി മാസത്തിലുള്ള ഒരു ഭരണ സമിതിയോഗത്തിൽ അവതരിപ്പിക്കുകയും തുടർന്ന് മറ്റൊരു കമ്മിറ്റി കൂടി ബജറ്റിന് അംഗീകാരം നൽകുകയുമാണ് ചെയ്യുന്നത്. തൻമൂലം ബജറ്റ് വിശദമായി പരിശോധിക്കുന്നതിന് മതിയായ സമയം ലഭിക്കുന്നതാണ്. അടുത്ത് വർഷത്തേക്കുള്ള പ്രതീക്ഷിത വരവുകളുടേയും ചെലവുകളുടേയും വിശദമായ സ്റ്റേറ്റ്മെന്റ് ആണ് ബജറ്റ് എന്നിരിക്കെ പ്രതീക്ഷിത വരവിലോ ചെലവിലോ ഏറ്റക്കുറച്ചിലുകൾ ഉണ്ടാകാറുണ്ട്. ഈ ഏറ്റക്കുറച്ചിലുകൾ പരമാവധി ലഘൂകരിക്കത്തക്ക രീതിയിൽ നിലവിൽ സപ്ലിമെന്ററി ബജറ്റ്/ റിവൈസ്ഡ് ബജറ്റ് തയ്യാറാക്കി വരുന്നുണ്ട്. ബജറ്റിൽ അധികരിക്കാതെ തുക ചെലവഴിക്കുന്നതിന് പരമാവധി ശ്രദ്ധിച്ചുപോരുന്നു. ഓരോ ഇനത്തിലും മതിയായ തുക നീക്കിവെച്ചിട്ടുണ്ട് എന്ന് ഉറപ്പ് വരുത്തുന്നതിനും ശ്രദ്ധിക്കുന്നുണ്ട്. നിലവിൽ, പദ്ധതി അംഗീകാരം ലഭിച്ചതിനുശേഷം ഭരണസമിതി |

| | | | |
|---|---|---|---|
| | | സമയം ലഭ്യമായിരുന്നില്ല. ഇത് നിർദ്ദേശങ്ങളുടെ വിശദമായ പരിശോധനയ്ക്ക് ബുദ്ധിമുട്ട് ഉണ്ടാക്കി.<br><br>**(2) ബജറ്റ് കണക്കുകളിൽ നിന്നും യഥാർത്ഥ വരവിലും ചെലവിലുമുള്ള വിത്യാസം**<br><br>ബജറ്റിൽ ഉൾക്കൊള്ളിച്ചിരിക്കുന്ന പ്രതീക്ഷിക്കുന്ന വരവും ചെലവും സാദ്ധ്യമാകും വണ്ണം കൃത്യമായിരിക്കണം. 2005-06 മുതൽ 2009-10 വരെ വരവിലും ചെലവിലും ബജറ്റ് കണക്കുകളും യഥാർത്ഥത്തിലുള്ളതുമായി വലിയ വിത്യാസം കാണുകയുണ്ടായി. 2005-06 മുതൽ 2009-10 വരെയുള്ള വർഷങ്ങളിൽ പാസ്സാക്കിയ 140 ബജറ്റുകളിൽ, 27 പഞ്ചായത്ത് രാജ് സ്ഥാപനങ്ങൾ പാസാക്കിയ 75 ബജറ്റുകളിൽ പ്രതീക്ഷിച്ച വരവും യഥാർത്ഥ വരവും തമ്മിൽ 25 മുതൽ 158 ശതമാനം വരെ വ്യത്യാസമുണ്ടായിരുന്നു. ഈ വിത്യാസം 35 കേസുകളിൽ 50 ശതമാനത്തിനു മുകളിലായിരുന്നു. അതുപോലെ തന്നെ 27 പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ 107 ബജറ്റുകളിൽ പ്രതീക്ഷിച്ച ചെലവിന് യഥാർത്ഥ ചെലവിൽ നിന്നുള്ള വിത്യാസം 25 ശതമാനം മുതൽ 113 ശതമാനം വരെയായിരുന്നു. ഇതിൽ തന്നെ 57 കേസുകളിൽ വിത്യാസം 50 ശതമാനത്തിനു മുകളിലായിരുന്നു.<br><br>**(3) സാമ്പത്തീക വർഷത്തിന്റെ അവസാന മാസത്രയത്തിലുള്ള ചെലവിന്റെ തിട്ടക്കം** | യോഗങ്ങളിൽ നിർവ്വഹണ ഉദ്യോഗസ്ഥർക്ക് പദ്ധതി പ്രവർത്തനങ്ങൾ വേഗത്തിലാക്കുന്നതിന് കർശന നിർദ്ദേശം നൽകി വരുന്നുണ്ട്. ഇതു കൂടാതെ സ്റ്റാന്റിംഗ് കമ്മിറ്റി യോഗങ്ങളിലും പദ്ധതി പ്രവർത്തനങ്ങൾ അവലോകനം നടത്തുന്നുണ്ട്. ഇതിനു പുറമേ നിർവ്വഹണ ഉദ്യോഗസ്ഥരുടെ പ്രത്യേക അവലോകനയോഗങ്ങൾ ഡി.പി.സി തലത്തിലും ചേരുന്നുണ്ട്. ഇതുമൂലം സാമ്പത്തിക വർഷത്തിന്റെ അവസാന മാസങ്ങളിലുള്ള ചെലവിന്റെ ഒഴുക്ക് കുറയ്ക്കാൻ സാധിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | സാമ്പത്തിക വർഷത്തിന്റെ അവസാനമാസത്തിലുള്ളചെലവിന്റെ തിട്ടുക്കം ഒഴിവാക്കണമെന്ന് സാമ്പത്തിക ചട്ടങ്ങൾ നിഷ്കർഷിക്കുന്നു. സർക്കാർ പഞ്ചായത്ത് രാജ് സ്ഥാപനങ്ങൾക്ക് വികസന ചെലവ് ഫണ്ടും പരിപാലന ചെലവ് ഫണ്ടും 10 തുല്യ മാസ ഗഡുക്കളായി നൽകുന്നത് അവർ രൂപവത്ക്കരിച്ച പദ്ധതികൾ ചിട്ടയോടും ഉചിതമായ ഗതിയിലും നടപ്പാക്കാൻ സഹായിക്കുന്നതിനു വേണ്ടിയാണ്. ലാക്ഷണിക പരിശോധന നടത്തിയ എല്ലാ പഞ്ചായത്ത് രാജ് സ്ഥാപനങ്ങളിലും 2005-10 വരെയുള്ള അഞ്ചുവർഷക്കാലയളവിൽ ചെലവിന്റെ 50 മുതൽ 100 ശതമാനം വരെ സാമ്പത്തിക വർഷത്തിന്റെ അവസാന മാസത്രയത്തിലാണ് നടത്തിയതെന്ന് കാണാൻ കഴിഞ്ഞു. ഇത് അപര്യാപ്തമായ സാമ്പത്തിക പരിപാലനത്തെ സൂചിപ്പിക്കുന്നു. സർക്കാരിന് വികസന ചെലവ് ഫണ്ടിന്റെയും പരിപാലന ചെലവ് ഫണ്ടിന്റെയും ചെലവിന്റെ മാസ പുരോഗതി നിരീക്ഷിക്കാൻ സംവിധാനം നിലവിലുണ്ടെങ്കിലും, ഫണ്ടുകൾ പാഴായി പോകുന്നതൊഴിവാക്കാൻ വേണ്ടി സാമ്പത്തിക വർഷത്തിന്റെ അവസാനത്തിലുള്ള ചെലവിന്റെ അനാവശ്യതിട്ടുക്കം സർക്കാരിന്റെ നിലവിലുള്ള അപര്യാപ്തമായ സാമ്പത്തിക നിയന്ത്രണ സംവിധാനത്തെ സൂചിപ്പിക്കുന്നു. വർഷാന്ത്യത്തിൽ ഉണ്ടാക്കുന്ന ചെലവിന്റെ തിട്ടുക്കം ഒഴിവാക്കുന്നതിനായി മാസത്രയ ചെലവിന്റെ | |

| | | | |
|---|---|---|---|
| | | ലക്ഷ്യം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ അറിയിക്കുന്നതാണെന്ന് സർക്കാർ പ്രസ്താവിച്ചു ( 2011 ഫെബ്രുവരി). | |
| 24 | 3.2.8.3 | **3.2.8.3 ദൈനംദിന ചെലവുകളിലുള്ള അധിക ചെലവ്** ഗ്രാമപഞ്ചായത്തുകൾ അവരുടെ ദൈനംദിന ചെലവുകൾ കണ്ടെത്തുന്നത് പൊതുഉദ്ദേശ്യ ഫണ്ട് / I തനത് ഫണ്ടിൽ നിന്നുമാണ്. ദൈനംദിന ചെലവുകളായ വൈദ്യുതി ചാർജ്ജ്, വാട്ടർ ചാർജ്ജ്, വാടക, മരുന്ന് വാങ്ങൽ, സ്കൂളുകൾക്ക് ഫർണിച്ചർ വാങ്ങൽ തുടങ്ങിയവയ്ക്കായി പരിപാലന ചെലവു ഫണ്ടിൽ ( റോഡും റേഡിതരവും) കീഴിലുള്ള ആകെ വകയിരുത്തലിന്റെ 10 ശതമാനമെന്ന പരമാവധി പരിധിക്ക് വിധേയമായി പരിപാലന ചെലവ് ഫണ്ടിൽ നിന്നുപയോഗിക്കാൻ സർക്കാർ അനുവദിച്ചിട്ടുണ്ട് ( 2004 ഡിസംബർ). 2006-07 മുതൽ 2009-10 വരെ ലാക്ഷണിക പരിശോധന നടത്തിയ 12 ഗ്രാമ പഞ്ചായത്തുകളിൽ ഒൻപത് എണ്ണത്തിലും ഗണ്യമായ തുകയിൽ ഈ പരിധി മറികടന്നിരുന്നു. ഗ്രാമ പഞ്ചായത്തുകളുടെ സെക്രട്ടറിമാരും ഡിപിസിയും പദ്ധതികൾ രൂപവത്ക്കരിക്കുമ്പോൾ/ അംഗീകരിക്കുമ്പോൾ സർക്കാർ പുറത്തിറക്കിയ. നിർദ്ദേശങ്ങൾ മാനിച്ചില്ല. നിത്യേനെയുള്ള ചെലവുകൾക്കു വേണ്ടി പരിപാലന ധനസഹായം അധികമായി ഉപയോഗിച്ചതിന്റെ ശതമാനം 27- നും 267 -നും ഇടയിലായിരുന്നു. അധികമായി ഉപയോഗിച്ച തുക പൊതു ഉദ്ദേശ്യ ഫണ്ടിൽ നിന്നും പരിപാലന ഫണ്ട് | **വെള്ളൂർ ഗ്രാമപഞ്ചായത്ത്-**വെള്ളൂർ ഗ്രാമപഞ്ചായത്തിൽ 2006-07 മുതൽ 2009-10 വരെയുള്ള കാലഘട്ടത്തിൽ ദൈനംദിന ചെലവുകൾക്കായി പരിപാലന ചെലവു ഫണ്ടിന്റെ ആകെ വകയിരുത്തലിന്റെ 10% എന്ന പരമാവധി പരിധിയിൽ അധികമായി ചെലവഴിച്ചതായി പരാമർശിച്ചിരിക്കുന്നു. ടി തുക അടിയന്തിര പ്രാധാന്യമുള്ള മരുന്നു വാങ്ങലിനായി മെഡിക്കൽ ഓഫീസർക്ക് (ആയുർവ്വേദം, അലോപ്പതി) റിക്വിസിഷൻ പ്രകാരം നൽകിയിട്ടുള്ളതാണ്.<br>**മേലില ഗ്രാമപഞ്ചായത്ത്-** മേലില ഗ്രാമപഞ്ചായത്തിന്റെ പൊതു ആവശ്യ ഫണ്ടിന്റെ അപര്യാപ്തത മൂലമാണ് ദൈനംദിന ചെലവുകൾക്കായി പരിപാലന ഫണ്ട് തുക ചെലവിട്ടത്. അധികരിച്ച് ചെവലഴിച്ച പരിപാലന ഫണ്ട് തുക പൊതു ഉദ്ദേശ്യ ഫണ്ടിൽ നിന്നും പരിപാലന ഫണ്ട് കണക്കിലേക്ക് പഞ്ചായത്തിന്റെ സാമ്പത്തിക സ്ഥിതിയുടെ അടിസ്ഥാനത്തിൽ മാറ്റുന്നതാണ്. അപാകത ശ്രദ്ധയിൽപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ തുടർന്നുള്ള വർഷങ്ങളിൽ ആവർത്തിക്കാതിരിക്കുന്നതിന് ശ്രദ്ധിച്ചിട്ടുണ്ട്..<br>**മണർകാട് ഗ്രാമപഞ്ചായത്ത്-** മെയിന്റനൻസ് ഗ്രാന്റിൽ നിന്നും ആരോഗ്യ സ്ഥാപനങ്ങളിലേക്ക് മരുന്ന് വാങ്ങുന്നതിനാണ് ടി തുക അധികമായി ചെലവഴിച്ചിരിക്കുന്നത്. |

| | | | |
|---|---|---|---|
| | | കണക്കിലേക്ക് മാറ്റുന്നതിന് പഞ്ചായത്ത് രാജ് സ്ഥാപനങ്ങൾക്ക് നിർദ്ദേശങ്ങൾ നൽകുകയാണെന്ന് സർക്കാർ പ്രസ്താവിച്ചു ( 2011 ഫെബ്രുവരി). | **നന്നംമുക്ക് ഗ്രാമപഞ്ചായത്ത്** - നന്നംമുക്ക് ഗ്രാമപഞ്ചായത്തിന്റെ 2006-07 മുതൽ 2009-10 വരെയുള്ള വർഷങ്ങളിൽ പഞ്ചായത്തിന്റെ ദൈനംദിന ചെലവ് കണ്ടെത്തുന്നതിനു പരിപാലന ചെലവു ഫണ്ടിന്റെ കീഴിലുള്ള ആകെ വകയിരുത്തലിന്റെ 10% പരിധിയ്ക്ക് അതീതമായി 2.71 ലക്ഷം രൂപ അധികമായി ചെലവഴിച്ചിട്ടുണ്ട്. മേൽ പറഞ്ഞ കാലയളവിൽ പഞ്ചായത്തിന്റെ തനത് ഫണ്ട് വരുമാനം വളരെ കുറവായതിനാലാണ് പദ്ധതി തയ്യാറാക്കി തുക ചെലവഴിച്ചത്. പഞ്ചായത്തിന്റെ അനിവാര്യ ചുമതലയിൽ ഉൾപ്പെട്ട ഒഴിവാക്കാൻ പറ്റാത്ത ചെലവുകൾ മാത്രമാണ് ഇത്തരത്തിൽ ചെലവഴിച്ചിട്ടുള്ളത്.<br>**അതിരമ്പുഴ ഗ്രാമപഞ്ചായത്ത്**-അതിരമ്പുഴ ഗ്രാമപഞ്ചായത്ത് 22 വാർഡുകളുള്ള നഗരസ്വഭാവമുള്ള പഞ്ചായത്താണ്. ദൈനംദിന പരിപാലന ചെലവ് അധികമായി ആവശ്യമായി വരുന്നു.<br><br>**വെട്ടത്തൂർ ഗ്രാമപഞ്ചായത്ത്**-വെട്ടത്തൂർ ഗ്രാമപഞ്ചായത്ത് തനത് ഫണ്ട് കുറവുള്ള പഞ്ചായത്താണ്. സാമ്പത്തികമായും ഭൗതിക സാഹചര്യങ്ങളിലും പിന്നോക്കം നിൽക്കുന്ന ഇവിടത്തെ ജനങ്ങളുടെ ആശ്രയമാണ് ആയുർവേദ ആശുപത്രി, പി.എച്ച്.സി, സ്കൂളുകളും അംഗനവാടികളും. ടി സ്ഥാപനങ്ങളിലേക്ക് മരുന്ന് വാങ്ങുന്നതിനും ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുന്നതിനും പരിമിതമായ തനത് ഫണ്ട് പര്യാപ്തമാവാതെ വന്ന സാഹചര്യത്തിലാണ് റോഡിതര ഫണ്ട് ടി ആവശ്യത്തിന് വിനിയോഗിക്കേണ്ടി വന്നത്. നിലവിൽ ഉത്തരവുകളും മാർഗ്ഗനിർദ്ദേശങ്ങളും അനുസരിച്ചാണ് മേൽ ഫണ്ടുകൾ |

| | | | |
|---|---|---|---|
| | | | വിനിയോഗിച്ച് വരുന്നത്. ഫണ്ടിന്റെ അപര്യാപ്തമൂലം 1.62 ലക്ഷം രൂപ റോഡിതര പരിപാലന ഫണ്ടിലേക്ക് തിരിച്ചടക്കാൻ സാധിച്ചില്ല.<br>**ചാത്തന്നൂർ ഗ്രാമപഞ്ചായത്ത്**-2009-10 വർഷം പരിപാലന ഫണ്ടിൽ നിന്നും പഞ്ചായത്തിന്റെ ദൈനംദിന ചെലവുകൾക്ക് അംഗീകൃത പരിധിയ്ക്ക് പുറമേ ചാത്തന്നൂർ ഗ്രാമപഞ്ചായത്തിന് ചെലവ് ചെയ്യേണ്ടതായി വന്നിട്ടുണ്ട്. ആയത് പഞ്ചായത്ത് ഭരണ സമിതിയും പദ്ധതി അംഗീകരിച്ച് നൽകിയ ജില്ലാ പ്ലാനിംഗ് കമ്മിറ്റിയുടെയും അംഗീകാരത്തോടു കൂടിയാണ് ചെലവഴിച്ചത്. മാത്രവുമല്ല പൊതു ഉദ്ദേശ്യഫണ്ടിൽ നിന്നും പദ്ധതിയിനത്തിൽ കൂടുതൽ തുക വകയിരുത്തിയ സാഹചര്യത്തിലാണ് പരിപാലന ഫണ്ട് അംഗീകരിച്ച് വിനിയോഗിക്കുവാൻ ഇടയായത്. എന്നാൽ തുടർന്നുള്ള വർഷങ്ങളിൽ പരിധിക്ക് വിധേയമായി മാത്രമേ ചെലവഴിച്ചിട്ടുള്ളൂ.<br>**കുമ്മിൾ ഗ്രാമപഞ്ചായത്ത്**- 2006-07 വർഷം മുതൽ 2009-10 വർഷം വരെയുള്ള കാലയളവിൽ തനത് ഫണ്ടിന്റെ അപര്യാപ്തത മൂലം എം.ജി നോൺ റോഡ് ഫണ്ട് ദൈനംദിന ആവശ്യങ്ങൾക്കായി ചെലവഴിക്കേണ്ടതായി വന്നിരുന്നു. ജനറൽ പർപസ് ഗ്രാന്റ് ജീവനക്കാരുടെ ശമ്പളം, ഓണറേറിയം എന്നീ ആവശ്യങ്ങൾക്കേ തികയുമായിരുന്നുള്ളൂ. ദൈനംദിന ചെലവുകൾ വഹിക്കുന്നതിന് മറ്റൊരു മാർഗ്ഗവും ഇല്ലാത്തതിനാലാണ് എം.ജി. നോൺ റോഡ് ഫണ്ട് അടിയന്തിര ആവശ്യങ്ങൾക്ക് ഉപയോഗിക്കേണ്ടതായി വന്നത്. നിലവിൽ ഗ്രാമപഞ്ചായത്തിൽ ദൈനംദിന ആവശ്യങ്ങൾക്ക് എം.ജി നോൺ റോഡ് ഫണ്ട് ഉപയോഗിക്കുന്നില്ല. പഞ്ചായത്തിന്റെ തനത് ഫണ്ട് |

| | | | |
|---|---|---|---|
| | | | ഉപയോഗിച്ചാണ് ഓഫീസിലേയും ഘടക സ്ഥാപനങ്ങിലേയും ദൈനംദിന ചെലവുകൾ വഹിക്കുന്നത്.<br>**ഫറോക്ക് മുനിസിപ്പാലിറ്റി**<br>ടി പരാമർശം ഫറോക്ക് പഞ്ചായത്തായിരുന്ന കാലത്ത് ഉണ്ടായിരുന്നതാണ് എന്നാൽ നഗരസഭ ആയതിനു ശേഷം നിലവിൽ അത്തരം അപാകതകൾ പരിഹരിച്ചുകൊണ്ടാണ് പദ്ധതി പ്രവർത്തനം നടത്തി വരുന്നത്.<br><br>തെളിവെടുപ്പിന് മുന്നോടിയായിട്ടുള്ള യോഗത്തിൽ മേൽ വിഷയം സർക്കാർ പരിശോധിക്കുകയും ധനകാര്യ വകുപ്പുമായി കൂടിയാലോചിച്ച് തുടർനടപടികൾ സ്വീകരിക്കാൻ തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്. |
| 25 | 3.2.9.1 | **3.2.9 ലഭ്യമായതും ലഭിക്കേണ്ടതുമായ വരവുകളുടെ പരിപാലനം**<br><br>**3.2.9.1 തൊഴിൽ നികുതി തിട്ടപ്പെടുത്താതിരിക്കൽ**<br><br>പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ പരിധിക്കുള്ളിൽ 60 ദിവസത്തിൽ കുറയാതെ വ്യാപാരം നടത്തുകയോ അല്ലെങ്കിൽ തൊഴിലിൽ ഏർപ്പെടുകയോ ചെയ്യുന്ന എല്ലാ കമ്പനികൾ/ വ്യക്തികളിൽ നിന്നും തൊഴിൽ നികുതി പിരിക്കേണ്ടത് നിയമത്തിലും അതിന്റെ കീഴിലുള്ള ചട്ടങ്ങളിലും നിഷ്കർഷിച്ചിരിക്കുന്നതനുസരിച്ച് വരുമാനത്തെ/ ആദായത്തെ അടിസ്ഥാനപ്പെടുത്തിയാണ്. | **കക്കോടി ഗ്രാമപഞ്ചായത്ത്**-ബി.എസ്.എൻ.എൽ, മാവേലി സ്റ്റോർ, കെ.എസ്.ഇ.ബി, മുത്തൂറ്റ് മർക്കന്റൈൻ, സ്റ്റാർ വീവേഴ്സ് വർക്കേഴ്സ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി എന്നീ സ്ഥാപനങ്ങളിൽ നിന്ന് 2005-06 മുതൽ 2009-10 വരെയുള്ള തൊഴിൽ നികുതി ഈടാക്കുന്നതിന് മേൽ സ്ഥാപനങ്ങൾക്ക് 01.06.2011 തീയ്യതി നോട്ടീസ് നൽകിയിട്ടുണ്ട്. ആയതിൽ മുത്തൂറ്റ് മർക്കന്റൈൻ 12500 രൂപയും മാവേലി സ്റ്റോർ 1.12.2011 ന് 12500 രൂപയും അടവാക്കിയിട്ടുണ്ട്. ബി.എസ്.എൻ.എൽ 22.08.2011 ലെ ബി.പി.ജി 337/2010 കത്ത് പ്രകാരം ഡബ്ലിയു.പി.സി 16670/06 എച്ച്-റിട്ട് ഫയൽ ചെയ്തിട്ടുണ്ടെന്നും സ്റ്റേ വാങ്ങിയിട്ടുണ്ടെന്നും അറിയിച്ചിട്ടുണ്ട്. സ്റ്റേ നീക്കം ചെയ്യുന്നതിനുള്ള തുടർ നടപടികൾ ആരംഭിച്ചിട്ടുണ്ട്. സ്റ്റാർ വീവേഴ്സ് വർക്കേഴ്സ് കോ ഓപ്പറേറ്റീവ് |

| | | | |
|---|---|---|---|
| | | നിയമപ്രകാരം തൊഴിൽ നികുതി അടക്കേണ്ടതായിട്ടുള്ള എല്ലാവരെയും തൊഴിൽ നികുതി വലയത്തിൽ കൊണ്ടുവരുന്നതിനായി യോഗ്യരായ എല്ലാ നികുതിദായകരുടെയും ഒരു ഡാറ്റാബേസ് ഗ്രാമ പഞ്ചായത്ത് സൂക്ഷിക്കേണ്ടതായിട്ടുണ്ട്. നികുതിദായകർ തൊഴിൽ നികുതി അടയ്ക്കുന്നതിൽ നിന്നും രക്ഷപ്പെടുവാനുള്ള സാധ്യത ഇല്ലാതാക്കാൻ നിയമത്തിൽ നിഷ്കർഷിക്കുന്ന അന്തരിക നിയന്ത്രണ സംവിധാനം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ പാലിക്കുന്നില്ലെന്ന് ഇന്ത്യയുടെ കംപ് ട്രോളർ ആന്റ് ഓഡിറ്റർ ജനറലിന്റെ 2006 മാർച്ച് 31- ന് അവസാനിച്ച വർഷത്തെ റിപ്പോർട്ടിലെ ഖണ്ഡിക 3.2- ൽ സൂചിപ്പിക്കുന്നുണ്ട്. ലാക്ഷണിക പരിശോധന നടത്തിയ മിക്ക പഞ്ചായത്ത് രാജ് സ്ഥാപനങ്ങളിലും ഇത്തരം വീഴ്ചകൾ ഇപ്പോഴും നിലനിൽക്കുന്നുവെന്ന് ഓഡിറ്റിൽ കാണപ്പെട്ടു. ലാക്ഷണിക പരിശോധന നടത്തിയ 12 പഞ്ചായത്ത് രാജ് സ്ഥാപനങ്ങളിൽ ഒൻപത് എണ്ണത്തിൽ 2005-06 മുതൽ 2009-10 വരെയുള്ള കാലയളവിൽ 53 സ്ഥാപനങ്ങളിലെ ജീവനക്കാരുടെ നികുതി കണക്കാക്കിയിരുന്നെങ്കിലും ഈ സ്ഥാപനങ്ങളുടെ തൊഴിൽ നികുതി കണക്കാക്കിയിരുന്നില്ല. ഈ സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി പിരിച്ചെടുക്കുന്നതിലുണ്ടായ കുറവ് അനുബന്ധം XIV- ൽ വിവരിച്ചിരിക്കുന്നതുപോലെ 5.45 ലക്ഷമായിരുന്നു. | സൊസൈറ്റി ടി കാലയളവിൽ പ്രവർത്തിക്കുന്നുണ്ടായിരുന്നില്ല.<br><br>**കുടരഞ്ഞി ഗ്രാമപഞ്ചായത്ത്**-കുടരഞ്ഞി ഗ്രാമ പഞ്ചായത്തിലെ 2010 വർഷത്തിലെ തൊഴിൽ നികുതി തിട്ടപ്പെടുത്തുകയും. ആയത് തുടർ വർഷങ്ങളിൽ പിരിച്ചെടുക്കുകയും ചെയ്തിട്ടുണ്ട്. ബി.എസ്.എൻ.എൽ കുമാറ 2005-06 വർഷത്തെ തൊഴിൽ നികുതി 41857/76 നമ്പർ രസീതായി 06.03.06 ന് അടവാക്കിയിട്ടുണ്ട്. ക്ഷീരോല്പാദക സഹകരണ സംഘം, കക്കാടംപൊയിൽ 2005-2006 വർഷത്തെ തൊഴിൽ നികുതി യഥാക്രമം 41877/53 രസീത് ആയി 21/03/2006 നും കുടരഞ്ഞി കോ-ഓപ്പറേറ്റീവ് റൂറൽ ഹൗസിങ്ങ് സൊസൈറ്റി 2005-06 വർഷത്തെ തൊഴിൽ നികുതി 41877/97 നമ്പർ രസീതായി 27/03/2006 നും മാവേലി സ്റ്റോർ കുടരഞ്ഞി 41877/97 നമ്പർ രസീതായി 27.03.2006 നും മാവേലി സ്റ്റോർ കുടരഞ്ഞി 41873/14 നമ്പർ രസീതായി 21.02.2006 നും കെ.എസ്.ഇ.ബി ഉറുമി 41877/73 നും രസീതായി 01.03.2006 നും അടവാക്കിയിട്ടുണ്ട് എന്നും കുടരഞ്ഞി ഗ്രാമ പഞ്ചായത്ത് സെക്രട്ടറി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. സ്റ്റെല്ലാ മേരീസ് ബോർഡിംഗ് സ്കൂൾ തൊഴിൽ നികുതി ഇനത്തിൽ 17.10.2013 ന് 11302100859 റസീപ്റ്റ് നമ്പരായി 7956/- രൂപയും 28.04.2014 ന് 94489100017 റസീപ്റ്റ് നമ്പരായി 8112 രൂപയും 31/03/2018 ന് 117020105380 റസീപ്റ്റ് നമ്പരായി 50435 രൂപയും ഫൈനോടു കൂടി അടവാക്കിയതായി കുടരഞ്ഞി ഗ്രാമ പഞ്ചായത്ത് സെക്രട്ടറി റിപ്പോർട്ട് ചെയ്തിട്ടുണ്ട്.<br>**മണർകാട് ഗ്രാമപഞ്ചായത്ത്**-റിപ്പോർട്ടിൽ സൂചിപ്പിച്ചിരിക്കുന്ന |

| | | | |
|---|---|---|---|
| | | നികുതി അടയ്ക്കാൻ ബാദ്ധ്യതയുള്ള എല്ലാ ജീവനക്കാരുടെയും പേരും അവരുടെ ശമ്പളമോ അല്ലെങ്കിൽ വരുമാനമോ കാണിക്കുന്ന സ്റ്റേറ്റ്മെന്റും നൽകണമെന്നുള്ള നോട്ടീസ് അതിരമ്പുഴ, കൂടരഞ്ഞി, മറക്കര എന്നീ ഗ്രാമ പഞ്ചായത്തുകൾ 26 തൊഴിലുടമകൾക്ക് നൽകിയിട്ടില്ലെന്ന് ശ്രദ്ധയിൽപ്പെട്ടു. ഈ കാരണത്താൽ ഈ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ നികുതി കണക്കാക്കിയിരുന്നില്ല. | സ്ഥാപനങ്ങളായ സെന്റ് മേരീസ് ഐ.ടിസി, സെന്റ് മേരീസ് ഇംഗ്ലീഷ് മീഡിയം സ്കൂൾ, മാവേലി സ്റ്റോർ, ബി.എസ്.എൻ.എൽ എന്നിവരിൽ നിന്നും സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടുണ്ട്. തുടർ വർഷങ്ങളിൽ ഈടാക്കിയും വരുന്നുണ്ടെന്നന വിവരം അറിയിച്ചുകൊള്ളുന്നു. കെ.ഡബ്ല്യു.എ ഓഫീസ് ഈ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്നില്ല എന്ന വിവരവും റിപ്പോർട്ട് ചെയ്തുകൊള്ളുന്നു.<br>**മാറാക്കര ഗ്രാമപഞ്ചായത്ത്**-മാറാക്കര ഗ്രാമപഞ്ചായത്ത് പരിധിയിലെ മുഴുവൻ സ്ഥാപനങ്ങളും തൊഴിൽ നികുതി അടവാക്കുന്നുണ്ട്. ഓഡിറ്റ് പരാമർശത്തിൽ പറയുന്ന മുഴുവൻ സ്ഥാപനങ്ങൾക്കും നോട്ടീസ് നൽകുകയും ഈ സ്ഥാപനങ്ങളെല്ലാം നിലവിൽ തൊഴിൽ നികുതി അടവാക്കി വരികയും ചെയ്യുന്നുണ്ട്.<br>**അതിരമ്പുഴ ഗ്രാമപഞ്ചായത്ത്** - അതിരമ്പുഴ ഗ്രാമപഞ്ചായത്തിന്റെ ഓഡിറ്റ് പരാമർശത്തിൽ കാണിച്ചിരിക്കുന്ന കെ.എസ്.ഇ.ബി., കെ.ഇ.ഇ.എച്ച്.എസ്.എസ്., ഏറ്റുമാനൂരപ്പൻ കോളേജ് എന്നീ സ്ഥാപനങ്ങളിലെ തൊഴിൽ നികുതി അടവാക്കിയിട്ടുള്ളതാണ്. നിലവിൽ തൊഴിൽ നികുതി ഡിമാന്റ് നോട്ടീസ് നൽകി ഈ സ്ഥാപനങ്ങളിൽ നിന്നും നികുതി ഈടാക്കി വരുന്നു.<br>**ഇടമുളയ്ൽ ഗ്രാമപഞ്ചായത്ത്**-2005-06 സാമ്പത്തിക വർഷത്തിൽ പരാമർശത്തിൽ പേരു വന്നിട്ടുള്ള അഞ്ച് സ്ഥാപനങ്ങളുടെ തൊഴിൽ നികുതി 2006 - 07 സാമ്പത്തിക വർഷം പലിശ സഹിതം ഈടാക്കിയിട്ടുണ്ട്.<br>**ചാത്തന്നൂർ ഗ്രാമപഞ്ചായത്ത്**- പരാമർശത്തിൽ വന്നിട്ടുള്ള |

| | | | |
|---|---|---|---|
| | | | ശ്രീനാരായണ സെൻട്രൽ സ്കൂൾ ചാത്തന്നൂർ ഗ്രാമപഞ്ചായത്ത് പരിധിയിൽ ഉൾപ്പെടുന്നതല്ല. പരാമർശത്തിലെ മറ്റ് സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടുള്ളതാണ്.<br>**മേലില ഗ്രാമപഞ്ചായത്ത്-** ഓഡിറ്റ് പരാമർശ പ്രകാരമുള്ള അപാകത പരിഹരിച്ചിട്ടുള്ളതാണ്. നിലവിൽ റിപ്പോർട്ടിൽ പരാമർശിക്കുന്ന സ്ഥാപനങ്ങൾ തൊഴിൽ നികുതി ഒടുക്കുന്നുണ്ട്.<br>**വെള്ളൂർ ഗ്രാമപഞ്ചായത്ത്** - ഈ സ്ഥാപനങ്ങളുടെ തൊഴിൽ നികുതി പിന്നീടുള്ള വർഷങ്ങളിൽ കുടിശ്ശിക സഹിതം ഈടാക്കിയിട്ടുള്ളതാണ്. നിലവിൽ മാവേലി സ്റ്റോർ (രസീത് നമ്പർ 121150101061,62 തീയതി 10.09.2021) ഭവൻസി ന്യൂസ് പ്രിന്റ് (രസീത് നമ്പർ 121150500006 തീയതി 27.08.2021) എന്നിവയുടെ തൊഴിൽ നികുതി 2021-22 ഒന്നാം അർദ്ധ വർഷം വരെ ഈടാക്കിയിട്ടുള്ളതാണ്. |
| 26 | 3.2.9.2 | **3.2.9.2 കൊയ്ത്ത് യന്ത്രത്തിന്റെ വാടകയിനത്തിലുള്ള വരുമാനം തനത് ഫണ്ട് കണക്കിൽ ഉൾക്കൊള്ളിക്കാതിരുന്നത്**<br>വെള്ളൂർ ഗ്രാമപഞ്ചായത്ത്, പഞ്ചായത്ത് പരിധിയിലുള്ള കർഷകർക്ക് വാടകയ്ക്ക് നൽകുന്നതിനായി 18.57 ലക്ഷത്തിന്റെ ഒരു സംയുക്ത കൊയ്ത്ത് യന്ത്രം 2010 ജനുവരിയിൽ വാങ്ങി. 2010 മേയ് വരെയുള്ള കാലയളവിൽ വാടകയിനത്തിലുള്ള വരുമാനം 3.05 ലക്ഷവും ഡീസലിനും മറ്റു നടത്തിപ്പുചെലവുകൾക്കുമായി 1.43 ലക്ഷവും ചെലവായി. കൊയ്ത്ത് യന്ത്രത്തിന്റെ വാടകയിനത്തിലുള്ള വരുമാനത്തിന്റെയും ചെലവിന്റെയും | **വെള്ളൂർ ഗ്രാമപഞ്ചായത്ത്**<br>2011-12 മുതൽ നാളിതുവരെ 150410103 എന്ന ഹയർ ചാർജസ് ഓഫ് ഹാർവെസ്റ്റിംഗ് മെഷീൻ എന്ന ഹെഡിൽ 583194/-രൂപ തനത് ഫണ്ടിൽ വരവ് വച്ചിട്ടുണ്ട്. നിലവിൽ 30.09.2021 തീയതിയിലെ 4(1) നമ്പർ തീരുമാന പ്രകാരം ഉപയോഗ ശൂന്യമായിത്തീർന്ന യന്ത്രോപകരണങ്ങൾ ലേലം ചെയ്ത് വിൽക്കുന്നത് സംബന്ധിച്ച പഞ്ചായത്ത് ഡയറക്ടറുടെ കാര്യാലയത്തിൽ നിന്നും ലഭിച്ച കത്ത് പ്രകാരം കൊയ്ത്ത് മെതി യന്ത്രം ലേലം ചെയ്യാൻ വെള്ളൂർ ഗ്രാമപഞ്ചായത്ത് കമ്മിറ്റി തീരുമാനിച്ചിട്ടുണ്ട്. ആയത് പ്രകാരം അസിസ്റ്റന്റ് എഞ്ചിനീയർ പി.ഡബ്ല്യു.ഡി. മെക്കാനിക്കൽ വിഭാഗം മാവേലിക്കരക്ക് കത്ത് |

| | | | |
|---|---|---|---|
| | | കണക്ക് പഞ്ചായത്ത് പ്രസിഡന്റിന്റെയും കൃഷി ഓഫീസറുടെയും പേരിൽ ഇറക്കിയ ഒരു പ്രത്യേക സംയുക്ത ബാങ്ക് അക്കൗണ്ടിലൂടെ നടത്തിയിരുന്നെങ്കിലും പഞ്ചായത്തിന്റെ തനത് ഫണ്ട് കണക്കിൽ ഉൾക്കൊള്ളിച്ചിരുന്നില്ല. ഇത് 1965-ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 30-ന് വിരുദ്ധമാണ്. അതിൽ നിഷ്കർഷിച്ചിരിക്കുന്നതെന്തെന്നാൽ പഞ്ചായത്തിനു ലഭിക്കുന്ന ഒരു പണവും ആദ്യം തന്നെ പഞ്ചായത്തിന്റെ കണക്കുകളുടെ ഭാഗമായി കൊണ്ടുവരാതെയോ പഞ്ചായത്ത് ഫണ്ട് നിക്ഷേപിച്ചിരിക്കുന്ന ട്രഷറിയിലോ ബാങ്കിലോ നിക്ഷേപിക്കാതെയോ ചെലവാക്കാൻ പാടുള്ളതല്ല. ഇത്തരത്തിൽ കൊയ്ത്ത് യന്ത്രം വാടകയ്ക്ക് നൽകുന്നതുമായി ബന്ധപ്പെട്ട 3.13 ലക്ഷത്തിന്റെ വരുമാനവും ഓടിക്കുന്നതിനും പരിപാലനത്തിനും ചെലവായ 1.73 ലക്ഷവും 2008 ഒക്ടോബർ 11 മുതൽ കട്ടുത്തുരുത്തി ബ്ലോക്ക് പഞ്ചായത്തിന്റെ കണക്കുകളിൽ ഉൾക്കൊള്ളിച്ചിരുന്നില്ല. | നൽകിയിട്ടുണ്ട്.<br><br>2011-12 മുതൽ നാളിതുവരെ 150410103 എന്ന ഹയർ ചാർജസ് ഓഫ് ഹാർവെസ്റ്റിംഗ് മെഷീൻ എന്ന ഹെഡിൽ 583194/-രൂപ തനത് ഫണ്ടിൽ വരവ് വച്ചിട്ടുണ്ട്<br><br>**കട്ടുത്തുരുത്തി ബ്ലോക്ക് പഞ്ചായത്ത്**<br><br>കട്ടുത്തുരുത്തി ബ്ലോക്ക് പഞ്ചായത്തിന്റെ കൊയ്ത്തുമെതിയന്ത്രത്തിന്റെ ചുമതല കൃഷി അസിസ്റ്റന്റ് ഡയറക്ടർക്ക് ആയിരുന്നു. ആയതിനാലാണ് ബ്ലോക്ക് പഞ്ചായത്തിന്റെ അക്കൗണ്ടിൽ ഈ തുകകൾ ഉൾക്കൊള്ളിക്കാതിരുന്നത്. ഓഡിറ്റ് നിർദ്ദേശ പ്രകാരം കൊയ്ത്തുമെതിയന്ത്രത്തിന്റെ വരവ് ചെലവുകൾ രേഖപ്പെടുത്തുന്നതിനായി എസ്.ബി.റ്റി. കട്ടുത്തുരുത്തിയിൽ പ്രത്യേകം അക്കൗണ്ട് ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. ഈ ഇനത്തിൽ കിട്ടുന്ന തുക പ്രസ്തുത അക്കൗണ്ടിൽ ക്രഡിറ്റ് ചെയ്തതിനു ശേഷം ബ്ലോക്ക് പഞ്ചായത്തിന്റെ അനുമതിയോടു കൂടി മാത്രം ചെലവഴിക്കുന്നതിനും തീരുമാനിച്ചിട്ടുണ്ട്. |
| 27 | 3.2.10.1 | **3.2.10 ആന്തരിക നിയന്ത്രണം**<br>ആന്തരിക നിയന്ത്രണ സംവിധാനത്തിന്റെ പ്രധാന ലക്ഷ്യം സ്ഥാപനത്തിലെ മേൽ നിരീക്ഷണ നിയന്ത്രണങ്ങളും പരിപാലന സംവിധാനങ്ങളും വർദ്ധിപ്പിക്കുകയും അതുവഴി സാമ്പത്തിക ക്രമക്കേടുകൾ, തട്ടിപ്പ് ഇവ കുറയ്ക്കുന്നതിനും വിവിധ പരിപാടികൾ നടപ്പിലാക്കുന്നതിൽ ശരിയായ നിയന്ത്രണം കൊണ്ടുവരുന്നതിനുമാണ്. | **പ്രസ്തുത ഓഡിറ്റ് ഖണ്ഡികയ്ക്ക് ഗ്രാമവികസന കമ്മിഷണർ ലഭ്യമാക്കിയ മറുപടി ചുവടെ ചേർക്കുന്നു.**<br>നിലവിൽ ബ്ലോക്ക് പഞ്ചായത്തുകളിൽ ക്യാഷ് ബുക്കില് രേഖപ്പെടുത്തലുകൾ കൃത്യമായി സൂക്ഷിച്ചിട്ടുള്ളതാണ്. ചെക്ക് ഇഷ്യൂ രജിസ്റ്റർ ബാലൻസും ക്യാഷ് ബുക്ക് രജിസ്റ്റർ ബാലൻസും പൊരുത്തപ്പെടുത്തി ഒപ്പ് വയ്ക്കുന്നുണ്ട്. മാർച്ച് 2012 മുതല് സാംഖ്യ അക്കൗണ്ടിംഗ് ഫോർമാറ്റ് സംവിധാനം എല്ലാ ബ്ലോക്കിലും നിലവില് |

| | | | |
|---|---|---|---|
| | | വ്യവസ്ഥയിലുള്ളതും മറ്റു പോരായ്മകളും ചൂണ്ടികാണിക്കുന്നതിനുള്ള ചിട്ടയായുള്ള അക്കൗണ്ടിംഗ്, ആന്തരിക ഓഡിറ്റ്, നിയമാനുസൃത ഓഡിറ്റ് എന്നിവ ഫലപ്രദമായ ആന്തരിക നിയന്ത്രണ ഉപകരണങ്ങളാണ്.<br><br>**3.2.10.1 കണക്ക് സൂക്ഷിപ്പ്**<br><br>**കണക്ക് സൂക്ഷിപ്പ്**<br><br>2004 ഏപ്രിൽ മുതൽ പുതുക്കിയ കണക്ക് സൂക്ഷിപ്പ് രീതികൾ സർക്കാർ നിഷ്കർഷിച്ചിട്ടുണ്ട്. കാഷ് ബുക്ക് സൂക്ഷിക്കുന്ന രീതിയും അത്പോലെ തന്നെ സർക്കാർ ഉത്തരവിൽ ( 2003 ജൂൺ) പറഞ്ഞിരിക്കുന്ന മറ്റു പല നിർദ്ദേശങ്ങളും ലാക്ഷണിക പരിശോധന നടത്തി അനവധി പഞ്ചായത്ത് രാജ് സ്ഥാപനങ്ങൾ കൃത്യമായി പാലിച്ചിരുന്നില്ല. രേഖകൾ സൂക്ഷിക്കുന്നതിൽ താഴെപ്പറയുന്ന പോരായ്മകൾ ശ്രദ്ധയിൽപ്പെട്ടു.<br><br>● കാഷ് ബുക്കിന്റെ ഉത്തരവാദിത്വമുള്ള ഓഫീസറുടെ കൈയോപ്പിൽ എല്ലാ ദിവസവും കാഷ് ബുക്ക് ക്ലോസ് ചെയ്യേണ്ടതായിട്ടുണ്ട്. കാഷ് ബുക്കിലെ രേഖപ്പെടുത്തലുകൾ കൂട്ടുന്നതിലെ കൃത്യത അദ്ദേഹം ഉറപ്പുവരുത്തുകയോ അല്ലെങ്കിൽ കാഷ് ബുക്ക് എഴുതിയ ആൾ അല്ലാതൊരാളെക്കൊണ്ട് ഇത് ഉറപ്പാക്കുകയും അതിനുശേഷം ശരിയെന്ന് | വന്നിട്ടുണ്ട്. നിലവിൽ മുൻകൂർ രജിസ്റ്ററും ഡെപ്പോസിറ്റ് രജിസ്റ്ററും കൃത്യമായി സൂക്ഷിക്കുന്നുണ്ട്. ക്യാഷ് ബുക്ക് വർഷാന്ത്യത്തിൽ ക്ലോസ്സ് ചെയ്ത് റീകൺസിലിയേഷന് നടത്തി നീക്കിയിരിപ്പ് വിശകലനം രേഖപ്പെടുത്തിവരുന്നു.<br><br>**പ്രസ്തുത ഓഡിറ്റ് ഖണ്ഡികയ്ക്ക് പഞ്ചായത്ത് ഡയറക്ടർ ലഭ്യമാക്കിയ മറുപടി ചുവടെ ചേർക്കുന്നു.**<br>2013 ൽ ഗ്രാമപഞ്ചായത്തുകളിലെ സാംഖ്യാ സോഫ്റ്റ് വെയർ നടപ്പിലാക്കിയ ശേഷം എല്ലാ ദിവസവും കാഷ് ബുക്ക് ക്ലോസ് ചെയ്ത് പ്രിന്റ് എടുത്ത് ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ ഒപ്പ് രേഖപ്പെടുത്തി സൂക്ഷിക്കുന്നുണ്ട്.<br>**ചാത്തന്നൂർ ഗ്രാമപഞ്ചായത്ത്**<br>പണത്തിന്റെ നീക്കിയിരിപ്പ് വിശകലനം ക്യാഷ് ബുക്കിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ക്യാഷ് ബുക്കിലെ നീക്കിയിരിപ്പ് പാസ് ബുക്കിലെയും ട്രഷറി രേഖയിലേതുമായി പൊരുത്തപ്പെടുത്തിയിട്ടുണ്ട്. നിക്ഷേപ രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചു വരുന്നു. റിപ്പോർട്ടിൽ പരാമർശിച്ചിരിക്കുന്ന അപാകതകൾ പരിഹരിച്ച്, വിവരങ്ങൾ പൂർണ്ണമാക്കി സൂക്ഷിച്ച് വരുന്നു.<br><br>**വെള്ളൂർ ഗ്രാമപഞ്ചായത്ത്**<br>നിലവിൽ ക്യാഷ് ബുക്ക് കൃത്യമായി ദിവസേന സെക്രട്ടറി സാക്ഷ്യപ്പെടുത്തി ഒപ്പു വയ്ക്കുന്നുണ്ട്.<br><br>നിലവിൽ മാസം തോറുമുള്ള ബാലൻസ് സെക്രട്ടറി |

| | | | |
|---|---|---|---|
| | | സാക്ഷ്യപ്പെടുത്തുകയും വേണം. വെട്ടക്കവല ബ്ലോക്ക് പഞ്ചായത്തിൽ 2005-06 മുതൽ 2008-09 വരെയുള്ള കാലയളവിൽ കാഷ് ബുക്ക് ദിവസേന ക്ലോസ് ചെയ്തിരുന്നില്ല. ചാത്തന്നൂർ ഗ്രാമപഞ്ചായത്തിൽ 2005-06 മുതൽ 2009-10 വരെയുള്ള കാലയളവിൽ കാഷ്ബുക്കിന്റെ ദിവസേനയുള്ള ക്ലോസിംഗ് സെക്രട്ടറി ഒപ്പുവച്ചിട്ടില്ലായിരുന്നു. മേലില ഗ്രാമ പഞ്ചായത്തിൽ ഒരു മാസത്തെ അവസാന ദിവസത്തെ ക്ലോസിംഗ് മാത്രമേ സെക്രട്ടറി ഒപ്പു വച്ചിരുന്നുള്ളൂ. കൊല്ലം ജില്ലാ പഞ്ചായത്ത്, കടുത്തുരുത്തി ബ്ലോക്ക് പഞ്ചായത്ത്, വെള്ളൂർ ഗ്രാമ പഞ്ചായത്ത് എന്നിവിടങ്ങളിൽ കാഷ്ബുക്കുകളുടെ ദിവസേനയുള്ള ക്ലോസിംഗ് യഥാക്രമം 2009 ഒക്ടോബർ 31, 2010 ജനുവരി 1 എന്നീ ദിവസങ്ങൾ വരെ മാത്രമേ ഉത്തരവാദപ്പെട്ട ഓഫീസർമാർ ഒപ്പുവച്ചിരുന്നുള്ളൂ.<br><br>● എല്ലാ മാസവസാനത്തിലും അന്തിമ നീക്കിയിരുപ്പിന്റെ വിശകലനം കാഷ്ബുക്കിന്റെ ഉത്തരവാദിത്വമുള്ള ഓഫീസറുടെ കൈയൊപ്പിൽ രേഖപ്പെടുത്തേണ്ടതായിട്ടുണ്ട്. കൊല്ലം ജില്ലാ പഞ്ചായത്ത്, ഏറ്റുമാനൂർ ബ്ലോക്ക് പഞ്ചായത്ത്, അഞ്ചൽ ബ്ലോക്ക് പഞ്ചായത്ത്, ചാത്തന്നൂർ ഗ്രാമ പഞ്ചായത്ത് എന്നിവിടങ്ങളിൽ 2005-06 | സാക്ഷ്യപ്പെടുത്തി ഒപ്പു വയ്ക്കുന്നുണ്ട്.<br><br>മെയിന്റനൻസ് ഗ്രാന്റിൽ നിന്നും ആരോഗ്യ സ്ഥാപനങ്ങളിലേക്ക് മരുന്ന് വാങ്ങുന്നതിനാണ് ടി തുക അധികമായി ചെലവഴിച്ചിരിക്കുന്നത്. ഇത്തരത്തിൽ അധികമായി ചെലവഴിച്ച തുക പൊതു ഉദ്ദേശ ഫണ്ടിൽ നിന്നും തിരികെ അടക്കുന്നതിന് സർക്കാർ നിർദ്ദേശം ലഭിച്ചിട്ടില്ല. ആയത് ലഭ്യമാകുന്ന മുറക്ക് തിരികെ അടക്കുന്നതാണ്. ആയത് പരിഗണിച്ച് പരാമർശം ഒഴിവാക്കണമെന്ന് അപേക്ഷിക്കുന്നു.<br><br>സാംഖ്യ അക്കൌണ്ടിംഗ് സമ്പ്രദായം നിലവിൽ വന്നപ്പോൾ പരാമർശിച്ചിട്ടുള്ള ന്യൂനത പരിഹരിച്ച് കൃത്യമായി പാസ് ബുക്കും ക്യാഷ് ബുക്കും പൊരുത്തപ്പെടുത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്.<br><br>നിലവിൽ വാർഷിക കണക്കുകൾ പ്രകാരം കരാറുകാർ, സാധനങ്ങൾ വിതരണം ചെയ്യുന്നവർ, ജീവനക്കാർ തുടങ്ങിയവർക്ക് നൽകുന്ന മുൻകൂർ രേഖപ്പെടുത്തി മുൻകൂർ രജിസ്റ്റർ കാലികമാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്.<br><br>നിലവിൽ വാർഷിക കണക്കുകൾ പ്രകാരം ലഭിച്ച നിക്ഷേപങ്ങളും, അവയുടെ തിരിച്ചു നൽകൽ, ക്രമപ്പെടുത്തൽ എന്നിവയും രേഖപ്പെടുത്തി നിക്ഷേപ രജിസ്റ്റർ കാലികമാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തുന്നുണ്ട് എന്നുള്ള വിവരം റിപ്പോർട്ട് ചെയ്തുകൊള്ളുന്നു. |

| | | | | |
|---|---|---|---|---|
| | | | മുതൽ 2009-10 വരെയുള്ള കാളയളവിൽ ഒരു മാസവും പണത്തിന്റെ നീക്കിയിരിപ്പിന്റെ വിശകലനം കാഷ് ബുക്കിൽ രേഖപ്പെടുത്തിയിട്ടില്ലായിരുന്നു. വെള്ളൂർ ഗ്രാമ പഞ്ചായത്ത് 2009 ജൂലൈ മുതൽ 2010 മാർച്ചവരെ മാസം തോറുമുള്ള കാഷ് നീക്കിയിരിപ്പിന്റെവിശകലനം രേഖപ്പെടുത്തിയിട്ടില്ല.<br><br>● അഞ്ച് പഞ്ചായത്ത് രാജ് സ്ഥാപനങ്ങളിൽ 2010 മാർച്ച് 31- ന്/ കാഷ് ബുക്ക് ക്ലോസ് ചെയ്ത ദിവസം വരെ/ ചെക്ക് ഇഷ്യു രജിസ്റ്റർ എഴുതിയ ദിവസം വരെ, കാഷ് ബുക്ക് ബാലൻസും ചെക്ക് ഇഷ്യു രജിസ്റ്റർ ബാലൻസും തമ്മിലുള്ള വിത്യാസം 16.07 കോടിയായിരുന്നു.<br><br>● എല്ലാ മാസവസാനവും കാഷ്ബുക്കിന്റെ ഉത്തരവാദിത്വമുള്ള ഓഫീസർ പണത്തിന്റെ നീക്കിയിരിപ്പ് പരിശോധിക്കുകയും പരിശോധിച്ചതിന്റെ അടയാളമായി അദ്ദേഹത്തിന്റെ തീയതിയോടു കൂടിയ കൈയ്യൊപ്പ് രേഖപ്പെടുത്തുകയും വേണം 2005-06 മുതൽ 2009-10 വരെയുള്ള കാലയളവിൽ കൊല്ലം ജില്ലാ പഞ്ചായത്ത്, കടുത്തുരുത്തി ബ്ലോക്ക് പഞ്ചായത്ത് എന്നിവിടങ്ങളിലെ സെക്രട്ടറിമാർ ഒരുമാസവും പണത്തിന്റെ നീക്കിയിരിപ്പിന്റെ | **നന്നംമുക്ക് ഗ്രാമപഞ്ചായത്ത്**<br><br>നന്നംമുക്ക് ഗ്രാമപഞ്ചായത്തിൽ 2012/13 വർഷം മുതല് സാംഖ്യ സോഫ്റ്റ് വെയറിൽ വരവ് ചെലവ് കണക്കുകള് കൃത്യമായി രേഖപ്പെടുത്തി വരുന്നതും എല്ലാ മാസവും ട്രഷറി ബാങ്ക് റീ കണ്സിലിയേഷന് നടത്തി വരുന്നതുമാണ്. മുന്കാലങ്ങളിലെ വരവ് ചെലവ് കണക്കുകളും വാര്ഷിക ധനകാര്യ പത്രികയും പഞ്ചായത്ത് കമ്മിറ്റി അംഗീകരിച്ചിട്ടുള്ളതുമാണ്. നന്നംമുക്ക് ഗ്രാമ പഞ്ചായത്തിന്റെ 2011/12 വര്ഷം മുതലുള്ള മുന്കൂര് രജിസ്റ്റര് കൃത്യമായി എഴുതി സൂക്ഷിച്ചുവരുന്നുണ്ട്. 2011/12 വർഷത്തിന് മുമ്പുള്ള കാലയളവില് നല്കിയ എല്ലാ മുൻകൂർ തുകകളും ഭരണസമിതി അംഗീകരിച്ചിട്ടുള്ളതാണ്.<br><br>നന്നംമുക്ക് ഗ്രാമപഞ്ചായത്തിന്റെ 2011/12 വർഷം മുതലുള്ള മുൻകൂർ രജിസ്റ്റര് കൃത്യമായി എഴുതി സൂക്ഷിച്ചുവരുന്നുണ്ട്. 2011/12 വർഷത്തിന് മുമ്പുള്ള കാലയളവില് നല്കിയ എല്ലാ മുൻകൂർ തുകകളും ഭരണ സമിതി അംഗീകരിച്ചിട്ടുള്ളതാണ്.<br><br>നന്നംമുക്ക് ഗ്രാമപഞ്ചായത്തിൽ 2016-17 സാമ്പത്തിക വർഷം മുതല് നാളിതുവരെയുള്ള നിക്ഷേപങ്ങൾ കാലികമാക്കി രജിസ്റ്റർ കൃത്യമായി എഴുതി സൂക്ഷിച്ചിട്ടുണ്ട്. മുൻകാലയളവിലെ നിക്ഷേപങ്ങൾ എല്ലാം ഭരണസമിതി അംഗീകരിച്ചിട്ടുള്ളതാണ്.<br><br>**മേലില ഗ്രാമപഞ്ചായത്ത്** - ആഡിറ്റിൽ ചൂണ്ടികാണിച്ചിരിക്കുന്ന അപാകതകൾ പരിഹരിച്ച് രജിസ്റ്ററുകൾ കാലികമാക്കി സൂക്ഷിച്ചിട്ടുണ്ട്. തുടർന്നുള്ള വർഷങ്ങളിലെ രജിസ്റ്ററുകൾ കൃത്യമായി |

| | | | |
|---|---|---|---|
| | | ഭൗതിക പരിശോധന നടത്തി ഇതുമായി ബന്ധപ്പെട്ട സാക്ഷ്യപത്രം രേഖപ്പെടുത്തിയിരുന്നില്ല.<br><br>● എല്ലാ മാസാവസാനവും കാഷ് ബുക്കിലെ നീക്കിയിരിപ്പ് പാസ് ബുക്കിലെയും/ ട്രഷറി രേഖകളിലെയും/ ബാങ്ക് അക്കൗണ്ടുകളിലെയും നീക്കിയിരുപ്പുമായി പൊരുത്തപ്പെടുത്തണം. ഒൻപത് പഞ്ചായത്ത് രാജ് സ്ഥാപനങ്ങളിൽ 2005-06 മുതൽ 2009-10 വരെയുള്ള കാളയളവിൽ ഓരോ മാസവസാനവും കാഷ് ബുക്കിലെ നീക്കിയിരിപ്പ് പാസ്സ് ബുക്കിലേയോ അല്ലെങ്കിൽ ട്രഷറി സ്റ്റോളുകളിലെയോ/ ബാങ്ക് അക്കൗണ്ടിലെയോ നീക്കിയിരിപ്പുമായി പൊരുത്തപ്പെടൽ നടത്തിയിരുന്നില്ല. മറക്കര, വെള്ളൂർ ഗ്രാമ പഞ്ചായത്തുകളിൽ യഥാക്രമം 2005-06 മുതൽ 2009 നവംബർ വരെയും 2009 ആഗസ്റ്റ് മുതൽ 2010 മാർച്ച് വരെയും പൊരുത്തപ്പെടുത്തൽ നടത്തിയില്ല. ഇതിൽ 2010 മാർച്ച് 31 വരെ പൊരുത്തപ്പെടുത്തൽ നടത്താത്ത ഉക മൂന്ന് പഞ്ചായത്ത് രാജ് സ്ഥാപനങ്ങളിൽ 8.35 കോടിയായിരുന്നു.<br><br>● പഞ്ചായത്ത് രാജ് സ്ഥാപനങ്ങൾ കരാറുകാർ, സാധനങ്ങൾ വിതരണം ചെയ്യുന്നവർ, ജീവനക്കാർ, ഉടങ്ങിയവർക്കു നൽകുന്ന മുൻകൂർ | എഴുതി സൂക്ഷിച്ച് വരുന്നു.<br><br>ആഡിറ്റിൽ ചൂണ്ടികാണിച്ചിരിക്കുന്ന അപാകതകൾ പരിഹരിച്ച് രജിസ്റ്ററുകൾ കാലികമാക്കി സൂക്ഷിച്ചിട്ടുണ്ട്. ഇടർന്നുള്ള വർഷങ്ങളിലെ രജിസ്റ്ററുകൾ കൃത്യമായി എഴുതി സൂക്ഷിച്ച് വരുന്നു. |

| | | | |
|---|---|---|---|
| | | ക്രമപ്പെടുത്തുന്നത് നീരീക്ഷിക്കുന്നതിന് മൂൻക്കൂർ രജിസ്റ്റർ വയ്ക്കേണ്ടതാണ്. ആറ് പഞ്ചായത്ത് രാജ് സ്ഥാപനങ്ങൾ 2005-06 മുതൽ 2009-10 വരെയുള്ള കാലയളവിൽ മുൻക്കൂർ രജിസ്റ്റർ സൂക്ഷിച്ചിരുന്നില്ല. പള്ളം ബ്ലോക്ക് പഞ്ചായ്ത്ത്, മേലില, വെള്ളൂർ ഗ്രാമ പഞ്ചായത്തുകൾ എന്നിവിടങ്ങളിൽ സൂക്ഷിച്ചിരുന്ന രജിസ്റ്ററിൽ ജോലിയുടെ കൺവീനർമാർക്കുള്ള മൊബിലൈസേഷൻ മുൻക്കൂർ, നടപ്പാക്കൽ ഏജൻസികൾക്കുള്ള മുൻക്കൂർ തുടങ്ങിവയുടെ വിശദവിവരങ്ങൾ ഉൾക്കൊള്ളിച്ചിരുന്നില്ല.<br><br>● പഞ്ചായത്ത് രാജ് സ്ഥാപനങ്ങൾ നിക്ഷേപങ്ങൾ ലഭിച്ചതും അവയുടെ തിരിച്ചുനൽകൽ/ ക്രമപ്പെടുത്തൽ എന്നിവയും രേഖപ്പെടുത്തുന്നതിന് നിക്ഷേപ രജിസ്റ്റർ സൂക്ഷിക്കേണ്ടതുണ്ട്. കൊല്ലം ജില്ലാ പഞ്ചായത്ത്, അഞ്ചൽ പള്ളം, വെട്ടക്കവല ബ്ലോക്ക് പഞ്ചായത്തുകൾ, നന്നംമുക്ക് ഗ്രാമ പഞ്ചായത്ത് എന്നിവ 200506 മുതൽ 2009-10 വരെ നിക്ഷേപ രജിസ്റ്റർ സൂക്ഷിച്ചിരുന്നില്ല്. ചാത്തന്നൂർ, മേലില, വെള്ളൂർ ഗ്രാമ പഞ്ചായത്തുകൾ സൂക്ഷിച്ചിരുന്ന രജിസ്റ്ററുകൾ സെസ്സ്, വർക്ക് ബില്ലിൽ നിന്നും തിരിച്ചുപിടുത്തം തുടങ്ങിയവ ഉൾപ്പെട്ടിരുന്നില്ല്. | |

| | | | |
|---|---|---|---|
| 28 | 3.2.10.2 | **3.2.10.2 സർക്കാർ അക്കൗണ്ടിനു പുറത്ത് സൂക്ഷിച്ച സർക്കാർ ഫണ്ട്**<br><br>തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ സംസ്ഥാനത്തിന്റെ സഞ്ചിത നിധിയിൽ നിന്നും പബ്ലിക് അക്കൗണ്ടിൽ നിന്നും ഫണ്ട് പിൻവലിക്കുന്നതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ അനുസരിച്ച് ഓരോ മാസത്തിന്റെ അവസാനവും, പിൻവലിച്ച തീയതി മുതൽ 30 ദിവസത്തിൽ കൂടുതൽ വിതരണം ചെയ്യാതിരിക്കുന്ന ഡിമാന്റ് ഡ്രാഫ്റ്റുകൾ ചെലാൻ ഉപയോഗിച്ച് ട്രഷറിയിലേക്ക് തിരിച്ചടക്കണം. എന്നാൽ ട്രഷറിയിൽ നിന്നും കിട്ടിയ എല്ലാ ഡിമാന്റ് ഡ്രാഫ്റ്റുകളുടെയും സമയ നിഷ്ഠയോടെയുള്ള വിതരണം നിരീക്ഷിക്കുന്നതിന് സർക്കാർ രജിസ്റ്ററുകളൊന്നും നിഷ്കർഷിച്ചിട്ടില്ല. ഉചിതമായ രജിസ്റ്ററുകളിലൂടെ ഡിമാന്റ് ഡ്രാഫ്റ്റുകളുടെ കൃത്യമായ വിതരണം ഉറപ്പാക്കുന്നതിൽ കോഴിക്കോട് ജില്ലാ പഞ്ചായത്ത് സെക്രട്ടറിയുടെ ഭാഗത്തുണ്ടായ വീഴ്ച രണ്ടുമുതൽ മൂന്നുവർഷം വരെ 62.68 ലക്ഷത്തിന്റെ പദ്ധതി ഫണ്ട് സർക്കാർ കണക്കിനു പുറത്ത് നിലനിർത്തുന്നതിനിടയാക്കുകയും ഇതിനെ തുടർന്ന് 14.13 ലക്ഷം പലിശ നഷ്ടം വരികയും ചെയ്തു. വിശദവിവരങ്ങൾ താഴെകൊടുത്തിരിക്കുന്നു. | **കോഴിക്കോട് ജില്ലാ പഞ്ചായത്ത്**<br><br>● കോഴിക്കോട് ജില്ലാ പഞ്ചായത്ത് 2006-07 വർഷത്തെ പദ്ധതിയുടെ ഭാഗമായി ചക്കിട്ടപ്പാറ ഗ്രാമപഞ്ചായത്തിലെ മുതുകാട് നാല് സെന്റ് കോളനി വൈദ്യുതീകരണത്തിനായി പേരാമ്പ്ര ഇലക്ട്രിക്കൽ ഡിവിഷന് നൽകുന്നതിന് 25,36,650/- രൂപയുടെ ഡി.ഡി എടുത്തിരുന്നു. എന്നാൽ പിന്നീട് പ്രസ്തുത പദ്ധതിക്ക് പട്ടികജാതി വികസന വകുപ്പ് തുക അനുവദിച്ചിരുന്നുവെന്ന് മനസ്സിലാക്കിയതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത തുകയ്ക്കുള്ള ഡിമാന്റ് ഡ്രാഫ്റ്റ് കാൻസൽ ചെയ്ത് തിരിച്ചടക്കുന്നതിന് 31/10/2007 ന് ഉത്തരവായിരുന്നു. എന്നാൽ അക്കൗണ്ട്സ് സെക്ഷൻ കൈകാര്യം ചെയ്തിരുന്ന ക്ലാർക്ക് ഡിഡി യഥാസമയം കാൻസൽ ചെയ്ത് ട്രഷറിയിൽ അടവാക്കിയിരുന്നില്ല. ഈ വിഷയം ശ്രദ്ധയിൽപ്പെട്ടതിന്റെ ഉടൻ തന്നെ സർക്കാരിലേക്ക് തിരിച്ചടവാക്കിയിട്ടുണ്ട്.<br><br>● കോഴിക്കോട് ജില്ലാ പഞ്ചായത്ത് 2006-07 വർഷത്തിൽ കമ്പ്യൂട്ടർ സാക്ഷരതാ പദ്ധതിക്ക് വേണ്ടി അക്ഷയ കോ-ഓർഡിനേറ്റർക്ക് നൽകുന്നതിന് 37,31,040/- രൂപയുടെ ഡിമാന്റ് ഡ്രാഫ്റ്റ് എടുത്തിരുന്നു. എന്നാൽ ഡി.ഡി |

| | | | |
|---|---|---|---|
| | | (i) ചക്കിട്ടപ്പാറ പഞ്ചായത്തിലെ മുതുകാട് 4-ാം ബ്ലോക്ക് കോളനിയിലെ വൈദ്യുതീകരണം എന്ന പദ്ധതി നടപ്പിലാക്കാൻ വേണ്ടി പേരാമ്പ്ര കെ.എസ്.ഇ.ബി എക്സിക്യൂട്ടീവ് എൻജിനീയറുടെ പേരിൽ 25.37 ലക്ഷം ഡിമാന്റ് ഡ്രാഫ്റ്റായി പദ്ധതി ഫണ്ടിൽ നിന്നും കോഴിക്കോട് ജില്ലാ പഞ്ചായത്ത് പിൻവലിച്ചു ( 2006 നവംബർ). എന്നാൽ മറ്റു സ്രോതസ്സുകൾ ഉപയോഗിച്ചു നേരത്തെ തന്നെ പദ്ധതി നടപ്പിലാക്കിയതിനാൽ ഈ ഡിമാന്റ് ഡ്രാഫ്റ്റ് പേരാമ്പ്ര കെ.എസ്.ഇ.ബി എക്സിക്യൂട്ടീവ് എൻജിനീയർക്ക് നൽകുകയുണ്ടായില്ല. ജില്ലാ പഞ്ചായത്ത് ഈ ഡിമാന്റ് ഡ്രാഫ്റ്റ് രണ്ടരവർഷത്തിൽ കൂടുതൽ കൈവശം വച്ചിരുന്നു. 2009 മാർച്ചിൽ മാത്രമാണ് ഡിമാന്റ് ഡ്രാഫ്റ്റ് റദ്ദു ചെയ്തതും ഇതിൽ നിന്നുള്ള വരുമാനം സർക്കാരിലേക്ക് തിരിച്ചടച്ചതും, അങ്ങനെ വികസന പ്രവർത്തനങ്ങൾക്ക് ഉപയോഗിക്കാമായിരുന്ന 25.37 ലക്ഷത്തിന്റെ പദ്ധതി ഫണ്ട് ഒരു പ്രത്യേക ഉദ്ദേശ്യവുമില്ലാതെ രണ്ടരവർഷത്തിൽ കൂടുതൽ സർക്കാർ അക്കൗണ്ടിനു പുറത്തു നില നിർത്തി. ജില്ലാ പഞ്ചായത്തിന് ഈ തുകയ്മേൽ പലിശയിനത്തിൽ വന്ന നഷ്ടം 6.27 ലക്ഷമാണ് ( വർഷം 11 ശതമാനം എന്ന നിരക്കിൽ കണക്കാക്കിയത്). | യഥാസമയം പ്രോജക്ട് ഓഫീസർക്ക് കൈമാറിയിരുന്നില്ല. ഈ വിഷയം പിന്നീട് അക്ഷയ കോ-ഓർഡിനേറ്റർ ചെലവ് വിവരം സംബന്ധിച്ച സ്റ്റേറ്റ്മെന്റ് സമർപ്പിച്ചപ്പോഴാണ് ശ്രദ്ധയിൽപ്പെട്ടിരുന്നത്. ഉടൻതന്നെ പ്രസ്തുത ഡി.ഡി റദ്ദ് ചെയ്ത് പുതിയ ഡി.ഡി പ്രോജക്ട് ഓഫീസർക്ക് കൈമാറുകയും ചെയ്തു.<br>● മേൽ വിഷയം കൈകാര്യം ചെയ്തതിൽ വന്ന വീഴ്ചയ്ക്ക് സെക്ഷൻ കൈകാര്യം ചെയ്ത ഉദ്യോഗസ്ഥർക്കെതിരെ തദ്ദേശ സ്വയംഭരണ വകുപ്പ് (EPB) സെക്രട്ടറിയുടെ 05/04/2011 ലെ സ.ഉ (സാധാ)നം.969/11/തസ്വഭവ ഉത്തരവ് പ്രകാരം ശിക്ഷാ നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. ഇത്തരം വീഴ്ചകൾ തുടർന്ന് സംഭവിക്കാതിരിക്കാൻ ജില്ലാ പഞ്ചായത്ത് പ്രത്യേകം ശ്രദ്ധ ചെലുത്തുന്നുണ്ട്. |

| | | | |
|---|---|---|---|
| | | (ii) അക്ഷയ കമ്പ്യൂട്ടർ സാക്ഷരതാ പരിപാടി നടപ്പിലാക്കുന്നതിനായി കോഴിക്കോട് ജില്ലാ പഞ്ചായത്ത് 2007 മാർച്ചിൽ ആകെ 37.31 ലക്ഷം പദ്ധതി ഫണ്ടിൽ നിന്നും നാല് ഡിമാന്റ് ഡ്രാഫ്റ്റുകളായി പിൻവലിച്ച് അക്ഷയ ജില്ലാ പ്രോജക്ട് ഓഫീസർക്ക് ഡിമാന്റ് ഡ്രാഫ്റ്റുകൾ നൽകിയില്ല. രണ്ട വർഷത്തിനുശേഷം, ജില്ലാ പഞ്ചായത്ത് ഈ ഡിമാന്റ് ഡ്രാഫ്റ്റുകൾ റദ്ദ ചെയ്യുകയും 2009 മാർച്ചിൽ ഈ തുകയ്ക്ക് പുതിയ ഡിമാന്റ് ഡ്രാഫ്റ്റ് എടുത്ത്, ജില്ലാ പ്രോജക്ട് ഓഫീസർക്ക് നൽകുകയും ചെയ്ത. അപകമായി കാശ് കൈകാര്യം ചെയ്തത് വഴി പ്രോജക്ട് ഓഫീസർക്ക് കാശ് നൽകുന്നതിൽ കാലതാമസം ഉണ്ടായെന്ന് മാത്രമല്ല രണ്ട വർഷക്കാലം സർക്കാർ ഫണ്ട് സർക്കാർ അക്കൗണ്ടുകൾക്ക് പുറത്ത് നിർത്തുന്നതിനിടയാക്കുകയും ചെയ്ത. ഇതിന്റെ ഫലമായി പലിശ നഷ്ടം 11 ശതമാന നിരക്കിൽ കണക്കുകൂട്ടിയാൽ 7.86 ലക്ഷമാണ്. ജില്ലാ പഞ്ചായത്തിലെ ജീവനക്കാരുടെ ഭാഗത്തുണ്ടായ വീഴ്ചയാണ് ഇതിനിടയാക്കിയതെന്നും ഉചിതമായ നടപടിയെടുക്കുന്നതിന് ഈ കാര്യം പരിശോധിച്ചുവരികയാണെന്നും പ്രസ്താവിച്ചു ( 2011 ഫെബ്രുവരി). | |

| | | | |
|---|---|---|---|
| 29 | 3.2.10.3 | **3.2.10.3 ആന്തരിക ഓഡിറ്റ്**<br>പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ആന്തരിക ഓഡിറ്റ് സംസ്ഥാനത്തെ പ്രവർത്തനക്ഷമതാ ഓഡിറ്റ് വിഭാഗമാണ് നടത്തുന്നത്. തദ്ദേശ സ്വയംഭരണ വകുപ്പിന്റെ അധികാരമുള്ള പ്രിൻസിപ്പൽ സെക്രട്ടറിയെ സംസ്ഥാന പ്രവർത്തനക്ഷമതാ ഓഡിറ്റ് അതോറിറ്റിയായി നിയുക്തനാക്കുകയും അതിന് ഒരു സംസ്ഥാന പ്രവർത്തനക്ഷമതാ ഓഡിറ്റും ഉണ്ട്. 1997-ലെ കേരള പഞ്ചായത്ത് രാജ് ( പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളനുസരിച്ച് എല്ലാ പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെയും പ്രവർത്തനക്ഷമതാ ഓഡിറ്റ് മൂന്നു മാസത്തിലൊരിക്കൽ നടത്തുകയും വാർഷിക റിപ്പോർട്ടുകൾ തയ്യാറാക്കി സർക്കാരിനു സമർപ്പിക്കുകയും ചെയ്യേണ്ടതാണ്.തട്ടിപ്പുകളും തെറ്റുകളും തടയുന്നതിലേക്കായി സംഘടനാ സംവിധാനവും പ്രവർത്തനങ്ങളും തിട്ടപ്പെടുത്തുന്നതിനും കൂടാതെ പ്രശ്നങ്ങൾ ഉണ്ടാവുമ്പോൾ തന്നെ ാ കണ്ടുപിടിക്കുന്നതിനും പരിഹരിക്കുന്നതിനും പ്രവർത്തനക്ഷമാത ഓഡിറ്റ് സഹായിക്കുന്നു. നിലവിൽ പ്രവർത്തനക്ഷമതാ ഓഡിറ്റ് ഗ്രാമ പഞ്ചായത്തുകളിൽ മാത്രം മൂന്ന് മാസത്തിലൊരിക്കൽ നടത്തുന്നു. ബ്ലോക്ക് പഞ്ചായത്തുകളിലും ജില്ലാ പഞ്ചായത്തുകളിലും അർദ്ധവാർഷികമായും വാർഷികമായും മാത്രമാണ് പ്രവർത്തനക്ഷമതാ ഓഡിറ്റ് നടത്തുന്നത്. നിഷ്കർഷിച്ചിരിക്കുന്ന ഇടവേളകളിൽ പ്രവർത്തനക്ഷമതാ | അധികാര വികേന്ദ്രീകരണം ശക്തിപ്പെടുത്തിയതിന്റെ ഭാഗമായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിക്ഷിപ്തമായ ചുമതലകളും അവയെ ഭരമേൽപ്പിച്ച സാമ്പത്തികവും നിയന്ത്രണപരവുമായ അധികാരങ്ങളും നിയമങ്ങൾക്കും ചട്ടങ്ങൾക്കും മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസൃതമായി കാര്യക്ഷമമായും ഫലപ്രദമായും നിർവ്വഹിക്കുകയും ചെയ്യുന്നുണ്ടോ എന്ന് വിലയിരുത്തുന്നതിനും, പാകപ്പിഴകൾ ഉണ്ടെങ്കിൽ അവ പരിഹരിക്കാൻ യഥാസമയം നിർദ്ദേശങ്ങൾ നൽകുന്നതിനുമാണ് ഒരു പുതിയ ആഡിറ്റ് സംവിധാനത്തിന് 1997-ലെ പഞ്ചായത്ത് രാജ് (പരിശോധനാരീതിയും ആഡിറ്റ് സംവിധാവും) ചട്ടങ്ങളിലൂടെ രൂപം നൽകിയത് പ്രസ്തുത ചട്ടങ്ങളിലൂടെയാണ് സംസ്ഥാനതലത്തിൽ പെർഫോമൻസ് ഓഡിറ്റ് സംവിധാനം നിലവിൽ വന്നത്.<br>08/06/2015 ലെ G.O(Ms)188/15/ത.സ്വ,ഭ.വ പ്രകാരം ഗ്രാമപഞ്ചായത്തുകളിലെ പെർഫോമൻസ് ഓഡിറ്റ് സംവിധാനം നവീകരിക്കുന്നതിന് വിശദമായ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിരുന്നു. ആയത് പ്രകാരം ഗ്രാമപഞ്ചായത്തുകളിൽ ത്രൈമാസമായി നടത്തി വരുന്ന പെർഫോമൻസ് ഓഡിറ്റ് മാസം തോറും നടത്താൻ ഉത്തരവായിരുന്നു.<br>ത.സ്വഭ. സ്ഥാപനങ്ങൾ ഏറ്റെടുത്തു വരുന്ന പദ്ധതികളുടെ എണ്ണവും പരിധിയും വർദ്ധിപ്പിച്ചു വരുന്ന സാഹചര്യത്തിലും അവയുടെ സാമൂഹ്യ ഇടപെടലിന്റെ പരിധി കാലക്രമത്തിൽ വികസിച്ചു വരുന്നതിനാലും പെർഫോമൻസ് ഓഡിറ്റ് കൂടുതൽ സമകാലവർത്തിയാക്കേണ്ടതും രണ്ട് ഓഡിറ്റുകൾ തമ്മിലുള്ള ഇടവേള കുറച്ചുകൊണ്ടുവരുന്നതും ആവശ്യമായ സാഹചര്യത്തിൽ |

| | | | |
|---|---|---|---|
| | | ഓഡിറ്റ് നടത്തുന്നില്ലെന്നുള്ള വസ്തുത ബ്ലോക്ക് പഞ്ചായത്തുകളിലും ജില്ലാ പഞ്ചായത്തുകളിലും പ്രശ്നങ്ങൾ സമയോചിതമായി കണ്ടെത്താതിരിക്കുക വഴിയുള്ള അപകടം വർദ്ധിപ്പിക്കുന്നു. | 21/01/2017 ലെ സ.ഉ.(എം.എസ്) 20/2017 പ്രകാരം കോർപ്പറേഷനുകഴിലും ജില്ലാ പഞ്ചായത്തുകളിലും ബ്ലോക്ക് പഞ്ചായത്തുകളിലും അർദ്ധവാർഷികമായി നടന്നുവന്നിരുന്ന പെർഫോമൻസ് ഓഡിറ്റ് ത്രൈമാസികമായി നടത്തുവാൻ ഉത്തരവായിരുന്നു.<br>14/03/2017-ലെ G.O(Ms) 55/17/ത.സ്വ,ഭ.വ പ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ വാർഷിക പദ്ധതിയും പ്രൊജക്ടുകളും സമയബന്ധിതമായി നിർവ്വഹിക്കുന്നതിനും നിരന്തര പരിശോധനാ പ്രക്രിയയിലൂടെ വികേന്ദ്രീകൃതാസൂത്രണ പ്രവർത്തനങ്ങളുടെ കാര്യക്ഷമതയും ഗുണപരതയും ഉറപ്പ് വരുത്തുന്നതിനും, ഗ്രാമ/ബ്ലോക്ക്/ജില്ലാ പഞ്ചായത്തുകളുടെയും നഗരകാര്യ സ്ഥാപനങ്ങളുടെയും പദ്ധതി രൂപീകരണം, നിർവ്വഹണം എന്നിവയുടെ പുരോഗതി സംബന്ധിച്ച് സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തി പരിഹാരം കാണേണ്ട വിഷയങ്ങളുടെ അടിസ്ഥാനതല റിപ്പോർട്ടിംഗ് യൂണിറ്റുകളായി പെർഫോമൻസ് ഓഡിറ്റുകളെ ചുമതലപ്പെടുത്തിയിരിക്കുന്നു. കൂടാതെ അധികാര വികേന്ദ്രീകരണവുമായി ബന്ധപ്പെട്ട വിവിധ വകുപ്പുകളുടെ ഏകോപനം, സംയുക്ത പ്രൊജക്ടുകളുടെ നിർവ്വഹണം, തർക്ക പ്രശ്നങ്ങളുടെ പരിഹാരം എന്നിവ സംബന്ധിച്ച് ജില്ലാ/മേഖലാ പെർഫോമൻസ് ഓഡിറ്റ് ഓഫീസർ ആവശ്യമായ ഘട്ടങ്ങളിൽ ബന്ധപ്പെട്ടവരുടെ യോഗം വിളിച്ചു ചേർത്ത് തുടർനടപടികൾ സ്വീകരിക്കുവാനും ചുമതലപ്പെടുത്തിയിട്ടുണ്ട്.<br>പെർഫോമൻസ് ഓഡിറ്റ് ഉദ്യോഗസ്ഥർക്ക് ശരിയായ പരിശീലനത്തിന്റെ അഭാവം ഉണ്ടെന്നും ഓഡിറ്റിനായി നിഷ്കർഷിച്ചിട്ടുള്ള പെർഫോമ കാലികമല്ലെന്നും |

| | | | |
|---|---|---|---|
| | | | ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന് ഉദ്യോഗസ്ഥർക്ക് പരിശീലനം നല്കുന്നതിനും പെർഫോമ പരിഷ്കരിക്കുന്നതിനും കിലയ്ക്ക് ആവശ്യമായ<br>നിർദ്ദേശം നൽകി.<br>സർക്കാരിൽ ലഭ്യമാകുന്ന പരാതികളിന്മേലും സർക്കാർ തലത്തിൽ അന്വേഷിക്കേണ്ടതായി കണ്ടെത്തുന്ന വിഷയങ്ങളിലും ഹെഡ് ക്വാർട്ടേഴ്സ് തലത്തിലും അന്വേഷണം നടത്താറുണ്ട്. |
| 30 | 3.2.11 | **3.2.11 <u>നിഗമനം</u>**<br><br>ഓഫീസ് രേഖകളുമായി ട്രഷറിയിൽ നിന്നും കിട്ടുന്ന ഇടപാടുകളുടെ സ്റ്റേറ്റ്മെന്റ് ഒത്ത് നോക്കുന്നതിൽ പഞ്ചായത്ത് രാജ് സ്ഥാപനങ്ങൾ വീഴ്ചവരുത്തിയത് ഫണ്ടുകളുടെ കുറഞ്ഞ നിക്ഷേപത്തിന് ഇടയാക്കി. സംസ്ഥാന സർക്കാർ പദ്ധതിയുടെ മദ്ധ്യകാല വിലയിരുത്തൽ നടത്താത്തതിനാൽ കൊല്ലം, കോട്ടയം, മലപ്പുറം ജില്ലകളിൽ സംയോജിത തരിശുഭൂമി വികസന പരിപാടി നടപ്പാക്കുന്നതിന് വകയിരുത്തിയ 11.92 കോടിയുടെ കേന്ദ്ര ധനസഹായം ലഭ്യമാക്കിയില്ല. 2006-07 മുതൽ 2008-09 വരെയുള്ള കാലയളവിൽ വികസന ചെലവ് ഫണ്ടിലും പരിപാലന ചെലവ് ഫണ്ടിലും ഉപയോഗപ്പെടുത്തിയിലുണ്ടായ കുറവ് 25 പഞ്ചായത്ത് രാജ് സ്ഥാപനങ്ങൾക്ക് 2008-09 മുതൽ 2010-11 വരെയുള്ള ഫണ്ടുകളുടെ വകയിരുത്തലിൽ 25.29 കോടി | ട്രഷറി, ബാങ്ക് തുടങ്ങിയ സ്ഥാപനങ്ങളിൽ നിന്നും ലഭിക്കുന്ന സ്റ്റേറ്റ്മെന്റുകൾ ഓഫീസ് രേഖകളുമായി ഒത്തുനോക്കി സാക്ഷ്യപ്പെടുത്തുന്നുണ്ട്. തൊഴിൽ നികുതി അടയ്ക്കേണ്ടതായിട്ടുള്ള എല്ലാ യോഗ്യരായ നികുതിദായകരുടെയും വിവരങ്ങൾ സൂക്ഷിക്കുകയും, തൊഴിൽ നികുതി കണക്കാക്കി യഥാസമയം ഒടുക്ക് വരുത്തുകയും ചെയ്യുന്നുണ്ട്. ബഡ്ജറ്റ് നിയന്ത്രണങ്ങളും സർക്കാർ ഉത്തരവുകളും ഇപ്പോൾ കൃത്യമായി പാലിക്കപ്പെടുന്നുണ്ട്. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി യഥാസമയം വരവ് ചെലവുകളും നികുതി-നികുതിയേതര വരുമാനങ്ങളും പരിശോധിക്കുന്നുണ്ട്. ബജറ്റ് തയ്യാറാക്കുന്നതുമായി ബന്ധപ്പെട്ട് ഖണ്ഡികയിലെ നിർദ്ദേശങ്ങൾ കർശനമായി പാലിക്കുന്നതാണ്.<br>പ്രവൃത്തികൾക്ക് ഇപ്പോൾ അഡ്വാന്സായി തുകകൾ അനുവദിക്കുന്നില്ല. പ്രവൃത്തികൾ പൂർത്തീകരിച്ച ശേഷം മാത്രം പേയ്മെന്റ് നല്കുന്നതുകൊണ്ടാണ് സാമ്പത്തികവർഷത്തിന്റെ അവസാന മാസത്രയത്തില് ചെലവ് കൂടുതലായി വന്നിട്ടുള്ളത്. ഈ പോരായ്മ പരിഹരിക്കുന്നതിന് കൂടുതല് ശ്രദ്ധിക്കുന്നുണ്ട്. |

| | | | |
|---|---|---|---|
| | | കുറയുന്നതിനിടയാക്കി. പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ബജറ്റ് നിയന്ത്രണങ്ങൾ ഫലപ്രദമായിരുന്നില്ല. പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ബജറ്റ് നിയന്ത്രണങ്ങൾ ഫലപ്രദമായിരുന്നില്ല. പഞ്ചായത്ത് രാജ് സ്ഥാപനങ്ങൾ എല്ലാ വർഷവും മാർച്ച് മാസം അവസാനത്തിൽ ബജറ്റ് അവതരിപ്പിച്ചിരുന്നതിനാൽ അവ മതിയാംവണ്ണം ചർച്ചചെയ്യപ്പെടുകയോ പഞ്ചായത്തുകളിൽ വിശദമായചർച്ചയ്ക്ക് വിധേയമാക്കപ്പെടുകയോ ചെയ്തിരുന്നില്ല. വരവിന്റെയും ചെലവിന്റെയും ബജറ്റിലെ കണക്കുകളുംയഥാർത്ഥ കണക്കുകളുമായി വലിയവിത്യാസമുണ്ടായിരുന്നു. പഞ്ചായത്ത് രാജ് സ്ഥാപനങ്ങൾ സാമ്പത്തിക വർഷത്തിന്റെ അവസാന മാസത്രയത്തിൽ 50 മുതൽ 100 ശതമാനം വരെ ചെലവ് ചെയ്ത് സാമ്പത്തിക നിയന്ത്രണത്തിലെ പോരായ്മ സൂചിപ്പിക്കുന്നു. പഞ്ചായത്ത് രാജ് സ്ഥാപനങ്ങൾ ആവശ്യത്തിനു വളരെ മുമ്പുതന്നെ വാങ്ങലിനു ചെലവ് നടത്തിയതായും, ഉണഭോക്താക്കളെ കണ്ടുപിടിക്കുന്നതിനുമുമ്പുതന്നെ നടപ്പാക്കൽ ഏജൻസികൾക്ക് മുൻകൂർ തുക നൽകിയതായും കമ്പ്യൂട്ടർ സാക്ഷരതാ പരിപാടിയ്ക്ക് സർക്കാർ നിശ്ചയിച്ചതിനേക്കാൾ കൂടുതൽ തുക നിക്ഷേപിച്ചതായും ഓഡിറ്റ് കണ്ടെത്തി. തൊഴിൽ നികുതി അടയ്ക്കേണ്ടതായിട്ടുള്ള എല്ലാ യോഗ്യരായ നികുതിദായകരുടെയും നിലവിലെ വിവരങ്ങളുള്ള ഡേറ്റാബേസ് സൂക്ഷിക്കാതിരുന്നതിനാൽ | 2010-11 സാമ്പത്തികവർഷം മുതല് ക്യാഷ് ബുക്ക് വർഷാന്ത്യത്തിൽ ക്ലോസ്സ് ചെയ്ത് റീകണ്സിലിയേഷന് നടത്തി നീക്കിയിരിപ്പ് വിശകലനം രേഖപ്പെടുത്തിയിട്ടുണ്ട്. നിലവിൽ, പദ്ധതി അംഗീകാരം ലഭിച്ചതിനു ശേഷം ഭരണസമിതി യോഗങ്ങളിൽ നിർവ്വഹണ ഉദ്യോഗസ്ഥർക്ക് പദ്ധതി പ്രവർത്തനങ്ങൾ വേഗത്തിലാക്കുന്നതിന് കർശന നിർദ്ദേശം നൽകി വരുന്നുണ്ട്. ഇതു കൂടാതെ സ്റ്റാന്റിംഗ് കമ്മറ്റി യോഗങ്ങളിലും പദ്ധതി പ്രവർത്തനങ്ങൾ അവലോകനം നടത്തുന്നുണ്ട്. ഇതിനു പുറമേ നിർവ്വഹണ ഉദ്യോഗസ്ഥരുടെ പ്രത്യേക അവലോകനയോഗങ്ങൾ ഡി.പി.സി തലത്തിലും ചേരുന്നുണ്ട്. ഇതുമൂലം സാമ്പത്തിക വർഷത്തിന്റെ അവസാന മാസങ്ങളിലുള്ള ചെലവിന്റെ ഒഴുക്ക് കുറയ്ക്കുവാൻ സാധിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | 53 സ്ഥാപനങ്ങളുടെയും 26 സ്ഥാപനങ്ങളിലെ ജീവനക്കാരുടെയും തൊഴിൽ നികുതി കണക്കാക്കിയില്ല. പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ പ്രാഥമിക കണക്കുകളുടെ രേഖകൾ സൂക്ഷിക്കുന്നതിൽ പോരായ്മയുണ്ടായിരുന്നു. | |
| 31 | 3.2.12 | **3.2.12.ശുപാർശകൾ**<br><br>● ഉപയോഗ സാക്ഷ്യപത്രങ്ങൾ സമയോചിതമായി സമർപ്പിക്കുന്നതിന് സർക്കാർ നടപടികൾ കൈക്കൊള്ളണം.<br><br>● ചെലവാക്കിയ തുക ഭാരത സർക്കാരിൽ നിന്നും തിരികെ ലഭിക്കുമ്പോൾ ആ തുകയുടെ കണക്കുവയ്ക്കുന്നതിനും വിനിയോഗത്തിനുമായി സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾ പുറത്തിറക്കണം.<br><br>● പഞ്ചായത്ത് രാജ് സ്ഥാപനങ്ങൾ ട്രഷറിയിൽ നിന്നും യഥാർത്ഥ ആവശ്യത്തിലധികം വികസന ചെലവ് ഫണ്ട് പിൻവലിക്കാതിരിക്കുന്നതിനും ഫണ്ടുകൾ ലാപ്സായി പോകുന്നതൊഴിവാക്കാൻ വേണ്ടി ബാങ്ക് അക്കൗണ്ടുകളിലും മറ്റ് ഏജൻസികളിലും സൂക്ഷിക്കുന്നതൊഴിവാക്കാനും വേണ്ടി സർക്കാർ നിയന്ത്രണവും മേൽ നിരീക്ഷണ | ● ഉപയോഗസാക്ഷ്യപത്രങ്ങൾ കൃത്യമായി സമർപ്പിക്കുന്നതിന് ധനകാര്യ വകുപ്പിൽ നിന്ന് കാലാ കാലങ്ങളായി നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചുവരുന്നു.<br>● ഇക്കാര്യത്തിൽ ധനകാര്യ വകുപ്പ് മാർഗ്ഗനിർദ്ദേങ്ങൾ പുറത്തിറക്കിയിട്ടുണ്ട്.<br>● ഇപ്പോൾ ഇക്കാര്യത്തിൽ സർക്കാർ നിയന്ത്രണം ഉണ്ട്.<br>● നികുതിദായകരുടെ ഡേറ്റാബേസ് തയ്യാറാക്കി വരുന്നുണ്ട്.<br>● പ്രവർത്തനക്ഷമതാ ഓഡിറ്റ് സംവിധാനം ഇപ്പോൾ കാര്യക്ഷമമായി പ്രവർത്തിച്ചു വരുന്നു.<br>● ഓൺലൈൻ ട്രാൻസ് ആക്ഷൻ ഇപ്പോൾ നടന്നുവരുന്നതിനാൽ ഇക്കാര്യം പരിഹരിക്കപ്പെട്ടിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | സംവിധാനങ്ങളും ശക്തിപ്പെടുത്തണം.<br><br>● ഗ്രാമപഞ്ചായത്തുകൾ തൊഴിൽ നികുതി അടയ്ക്കാൻ യോഗ്യരായ എല്ലാ നികുതിദായകരുടെയും ഒരു ഡാറ്റാബേസ് സൂക്ഷിക്കുന്നു എന്ന് സർക്കാർ ഉറപ്പാക്കണം<br><br>● സഞ്ചിതനിധിയിലേയ്ക്ക് തിരിച്ചടയ്ക്കേണ്ട ഒരു തുകയും പഞ്ചായത്ത് ഫണ്ടിൽ സൂക്ഷിക്കുന്നില്ലെന്ന് പ്രവർത്തനക്ഷമതാ ഓഡിറ്റ് സംവിധാനം മുഖേന സർക്കാർ ഉറപ്പുവരുത്തണം.<br>● ട്രഷറിയിൽ നിന്നും കിട്ടുന്ന ഡിമാന്റ് ഡ്രാഫ്റ്റുകൾ കൃത്യസമയത്തുതന്നെ വിതരണം ചെയ്യുന്നതിനു അനുയോജ്യമായ സംവിധാനം സർക്കാർ നിശ്ചയിക്കണം. | |

M.S. BIJUKUTTAN
Additional Secretary to Govt.
Local Self Government Dept.
Govt. Secretariat, Tvpm.
PEN. 101250